


# ജന്മഭൂമി




2019 ജൂൺ 26 ബുധൻ
1194 മിഥുനം 11
Janmabhumi, The National Daily in Malayalam Since 1975
കൊച്ചി • കോഴിക്കോട് • കോട്ടയം • തിരുവനന്തപുരം • കണ്ണൂർ • തൃശൂർ • ബെംഗളൂരു • കൊല്ലം
www.janmabhumidaily.com
വില • ₹ 7.50 • 12 പേജ്
കൊച്ചി

# ചോക്സിയെ ഇന്ത്യക്ക് കൈമാറും

## ആന്റിഗ്വ പൗരത്വം റദ്ദാക്കി

## മോദി സർക്കാരിന്റെ നയതന്ത്ര വിജയം

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്കിലെ വായ്പാ തട്ടിപ്പ് കേസിൽ ഇന്ത്യക്ക് നയതന്ത്ര വിജയം. 13,500 കോടി രൂപയുടെ തട്ടിപ്പ് നടത്തി രാജ്യം വിട്ട രത്നവ്യാപാരിയും ഗീതാഞ്ജലി ഗ്രൂപ്പ് പ്രമോട്ടറുമായ മെഹുൽ ചോക്സിയെ ഇന്ത്യക്ക് കൈമാറുമെന്ന് ആന്റിഗ്വ വ്യക്തമാക്കി. "ചോക്സിയുടെ പൗരത്വം റദ്ദാക്കും. കുറ്റവാളികൾക്കും മൗലികാവകാശങ്ങളുണ്ട്. അതിനാൽ ചോക്സിക്ക് തന്റെ വാദം കോടതിയിൽ ഉന്നയിക്കാൻ അവസരം നൽകും. ഇത്തരം നിയമപരമായ നടപടികൾ പൂർത്തിയാക്കി ഇന്ത്യക്ക് കൈമാറും. ഇക്കാര്യം ഇന്ത്യയെ അറിയിച്ചിട്ടുണ്ട്. കുറ്റവാളികളുടെ സുരക്ഷിത താവളമായി ആന്റിഗ്വയെ മാറ്റാൻ അനുവദിക്കില്ല". പ്രധാനമന്ത്രി ഗാസ്റ്റൺ ബ്രൗൺ പറഞ്ഞു.

കഴിഞ്ഞ വർഷം ജനവരിയിലാണ് ചോക്സി ഇന്ത്യ വിട്ടത്. 2017 നവംബറിൽ ആന്റിഗ്വ പൗരത്വം നേടി. ഇയാളെ തിരിച്ചെത്തിക്കാൻ ഇന്ത്യ നിരന്തര സമ്മർദ്ദം ചെലുത്തി വരികയായിരുന്നു. 2019 ജനവരിയിൽ ചോക്സി ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചത് വിട്ടുകിട്ടാനുള്ള നടപടിക്രമങ്ങളെ സങ്കീർണമാക്കി. സിബിഐയുടെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെയും ശ്രമഫലമായി കഴിഞ്ഞ ഡിസംബറിൽ ഇന്റർപോൾ റെഡ്കോർണർ നോട്ടീസ് പുറപ്പെടുവിച്ചു. ഇയാളെ തിരിച്ചെത്തിക്കുന്നതിനായി ഇന്ത്യൻ സംഘം ആന്റിഗ്വയിലെത്തി നിയമനടപടികൾ വേഗത്തിലാക്കിയിരുന്നു. മോദി സർക്കാർ വൻ ജനപിന്തുണയോടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതും ആന്റിഗ്വയുടെ പെട്ടെന്നുള്ള തീരുമാനത്തിന് കാരണമായി.



മെഹുൽ ചോക്സി

### തട്ടിപ്പ് 2011 മുതൽ

2011 മുതലാണ് വായ്പാ തട്ടിപ്പ് നടന്നത്. വ്യവസായി നീരവ് മോദി, ഭാര്യ അമി, സഹോദരൻ നിരാൽ, വ്യവസായ പങ്കാളിയും ബന്ധുവുമായ മെഹുൽ ചോക്സി എന്നിവർ ജീവനക്കാരുടെ സഹായത്തോടെ 280 കോടി രൂപ തട്ടിയെടുത്തെന്നായിരുന്നു ആദ്യ പരാതി. തുടർന്നുള്ള അന്വേഷണത്തിലാണ് കൂടുതൽ തുകയുടെ തട്ടിപ്പ് പുറത്തുവന്നത്. 2018 ഫെബ്രുവരിയിൽ 13,500 കോടി രൂപയുടെ തട്ടിപ്പ് നടന്നതായി ബാങ്ക് വ്യക്തമാക്കി. മുൻ പിഎൻബി ഡെപ്യൂട്ടി ജനറൽ മാനേജർ ഗോകുൽ നാഥ് ഷെട്ടിയും പ്രതിയാണ്. സിബിഐ കേസെടുത്തതോടെ നീരവ് മോദിയും ചോക്സിയും രാജ്യം വിട്ടു. ചോക്സി ദ്വീപ് രാജ്യമായ ആന്റിഗ്വയിൽ അഭയം തേടിയപ്പോൾ നീരവ് ലണ്ടനിലെത്തി. നീരവ് അടുത്തിടെ അറസ്റ്റ് ചെയ്യപ്പെട്ട് റിമാൻഡിലായിരുന്നു. ഇരുവരുടെയും സ്വത്തുവകകൾ ലേലം ചെയ്യുന്നത് കേന്ദ്ര സർക്കാർ തുടരുകയാണ്. 2012–14 യുപിഎ സർക്കാരിന്റെ കാലത്ത് ചോക്സിയുടെ സമ്പാദ്യം വൻതോതിൽ വർധിച്ചതിന്റെ തെളിവുകളും പുറത്തുവന്നിരുന്നു.

# അഴിമതിക്കെതിരായ പോരാട്ടം തുടരും: പ്രധാനമന്ത്രി

സ്വന്തം ലേഖകൻ

**ന്യൂദൽഹി:** അഴിമതിക്കെതിരായ പോരാട്ടം തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം.

അഞ്ച് വർഷത്തെ ഭരണം വിലയിരുത്തിയാണ് ജനങ്ങൾ കൂടുതൽ സീറ്റുകൾ നൽകി വീണ്ടും അധികാരത്തിലേറ്റിയത്. ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളെ വോട്ടർമാർ അംഗീകരിച്ചു. ജീവിതത്തിൽ ജനങ്ങളുടെ അംഗീകാരത്തേക്കാൾ വലിയ സംതൃപ്തിയില്ല. തെരഞ്ഞെടുപ്പിനെ ജയിച്ചവരും തോറ്റവരും എന്ന അർത്ഥത്തിലല്ല കാണുന്നത്. 130 കോടി ജനങ്ങളെ സേവിക്കാൻ അവസരം ലഭിക്കുന്നതും അവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുന്നതും എന്നെ സംബന്ധിച്ച് ശ്രേഷ്ഠമായ കാര്യമാണ്.

ദരിദ്രരുടെ സർക്കാരാണിത്. ഈ മനോഭാവത്തോടെയാണ് കഴിഞ്ഞ അഞ്ച് വർഷം ജനങ്ങളെ സേവിച്ചത്. തെരഞ്ഞെടുപ്പിന് ശേഷം വിശ്രമിക്കുകയെന്നത് ഞങ്ങളുടെ രീതിയല്ല. കഴിഞ്ഞ മൂന്നാഴ്ചയ്ക്കുള്ളിൽ പ്രധാനപ്പെട്ട പല തീരുമാനങ്ങളും എടുത്തു. കോൺഗ്രസ്സിന് ഏക സിവിൽ കോഡ് നടപ്പാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അവർ അതിനെ ഹിന്ദു കോഡെന്ന് പ്രചരിപ്പിച്ചു. ഈ സർക്കാർ ബിൽ അവതരിപ്പിക്കുമ്പോൾ അവർക്ക് പിന്തുണയ്ക്കാൻ ഇനിയും അവസരമുണ്ട്. എല്ലാ വീടുകളിലും കുടിവെള്ളമെന്നത് എന്റെ സ്വപ്നമാണെന്നും മോദി പറഞ്ഞു.



### മൻമോഹനെയും റാവുവിനെയും കോൺഗ്രസ് അവഗണിച്ചു

നെഹ്റു കുടുംബത്തെ മാത്രം പ്രശംസിച്ച് കഴിയുന്ന കോൺഗ്രസ് ഒരിക്കലും അതിന് പുറത്തുള്ളവരെ അംഗീകരിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വന്തം പാർട്ടിയിലുള്ളവരെപ്പോലും അവർ മറന്നു. പത്ത് വർഷത്തെ യുപിഎ ഭരണകാലത്ത് ഒരിക്കൽപ്പോലും വാജ്പേയിയെ പ്രശംസിച്ചിട്ടില്ല. പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിങ്ങിനെയും നരസിംഹ റാവുവിനെയും പോലും അവർ അവഗണിച്ചു. പ്രണബ് മുഖർജിക്ക് ഭാരതരത്ന നൽകിയത് തന്റെ സർക്കാരാണ്. ജലസംരക്ഷണത്തിനുള്ള തീരുമാനങ്ങൾക്ക് ഡോ. അംബേദ്കർ കാരണമായിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സംഭാവനകളെ അവഗണിച്ചു. രാജ്യവികസനത്തിന്റെ നേട്ടം ഒരു കുടുംബം മാത്രം ഏറ്റെടുത്തു. എല്ലാ സർക്കാരും രാജ്യത്തെ മുന്നോട്ടു നയിക്കുന്നതിന് സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഞാൻ ചെങ്കോട്ടയിലും പാർലമെന്റിലും പറഞ്ഞിട്ടുണ്ട്. രാജ്യത്തിന് വേണ്ടി ചെയ്ത സംഭാവനകളാണ് ഞങ്ങൾക്ക് വിഷയം. അവരുടെ രാഷ്ട്രീയ ബന്ധങ്ങളല്ല. മുൻ സർക്കാരുകളുടെ സംഭാവനകളെ മോദി അംഗീകരിക്കുന്നില്ലെന്ന വിമർശനത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

### അടിയന്തരാവസ്ഥ ഒരിക്കലും മറക്കരുത്

അടിയന്തരാവസ്ഥയെക്കുറിച്ച് പറയുന്നത് ആരെയെങ്കിലും വിമർശിക്കുന്നതിനല്ലെന്നും സംഭവിച്ചത് ഒരിക്കലും മറക്കാതിരിക്കാനാണെന്നും പ്രധാനമന്ത്രി. രാജ്യത്തിന്റെ ആത്മാവാണ് അന്ന് തകർക്കപ്പെട്ടത്. നിയമങ്ങളും ഭരണഘടനയും ഇല്ലാതായി. ഇന്ത്യ ഒരു ജയിലായി ചുരുങ്ങി. ജനാധിപത്യത്തിനേറ്റ ഈ കളങ്കം എക്കാലവും ഉണ്ടാവും. ഞങ്ങൾ അടിയന്തരാവസ്ഥ പിന്തുടരുന്നില്ല. ആരെയും ജയിലിലേക്ക് വലിച്ചെറിയുന്നില്ല. സർക്കാർ നിയമത്തിന്റെ വഴിയാണ് പിന്തുടരുന്നത്. പ്രതിപക്ഷ വിമർശനങ്ങൾക്ക് മറുപടിയായി പ്രധാനമന്ത്രി വിശദീകരിച്ചു. അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിന്റെ വാർഷിക ദിനം കൂടിയായിരുന്നു ഇന്നലെ.

# സിപിഎമ്മിലെ പോരിന് പുതിയ മുഖം

സ്വന്തം ലേഖകൻ

**കണ്ണൂർ:** സി.ഒ.ടി. നസീർ വധശ്രമം, ആന്തൂരിലെ പ്രവാസിയുടെ ആത്മഹത്യ, ബിനോയ് കോടിയേരിക്കെതിരായ ലൈംഗികാരോപണം തുടങ്ങിയ വിഷയങ്ങളിൽ പല തട്ടിലായ സിപിഎമ്മിൽ വിഭാഗീയത രൂക്ഷമാവുന്നു. കണ്ണൂർ മുൻ ജില്ലാ സെക്രട്ടറി പി. ജയരാജൻ ഒരു വശത്തും മുഖ്യമന്ത്രി പിണറായി വിജയനും പാർട്ടി സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ അടക്കമുള്ള നേതാക്കൾ മറുവശത്തും നിലയുറപ്പിച്ച അവസ്ഥയാണിപ്പോൾ. പിണറായി–പി. ജയരാജൻ വിഭാഗീയത എന്ന മട്ടിലേക്കാണ് കാര്യങ്ങളുടെ പോക്ക്. വ്യവസായി സാജന്റെ ആത്മഹത്യയിൽ ആന്തൂർ നഗരസഭാ ചെയർപേഴ്സൺ പി.കെ. ശ്യാമളയ്ക്കു തെറ്റു പറ്റിയെന്നു പി. ജയരാജൻ പറഞ്ഞത് പിണറായിയും കോടിയേരിയും തള്ളി.

ഇതിനു തൊട്ടു പിന്നാലെ ഫേസ്ബുക്കിൽ കുറിച്ച പോസ്റ്റിൽ കോടിയേരിയുടെ മകൻ ബിനോയ് തെറ്റു ചെയ്തു എന്ന് പി. ജയരാജൻ സംശയത്തിന് ഇടനൽകാതെ പറയുന്നു. മക്കൾ ചെയ്ത കുറ്റത്തിന് അച്ഛനേയും അച്ഛൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയേയും പഴിക്കരുത് എന്നാണ് ജയരാജൻ പറയുന്നത്. പി ജെ എന്ന ചുരുക്കപ്പേരിലുള്ള സൈബർ ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച നിർദേശം അറിയിക്കാൻ എന്ന മട്ടിൽ തുടങ്ങുന്ന പോസ്റ്റിൽ പിന്നീട് ബിനോയ് പ്രശ്നം പരാമർശിക്കുകയായിരുന്നു. സിപിഎമ്മിലെ നേതാക്കളുടെ മക്കൾ വ്യത്യസ്ത ജീവിത രീതിയുള്ളവരാണെന്നും ജയരാജൻ സൂചിപ്പിക്കുന്നു. തന്റെ മക്കൾ ചുമടെടുത്തതും ഹോട്ടലിൽ പണിയെടുത്തതും എടുത്തുകാട്ടി നേതാക്കൾ പല തട്ടിലെന്നു പ്രചരിപ്പിക്കരുത് എന്നാണ് ജയരാജൻ പറയുന്നതെങ്കിലും കോടിയേരി അടക്കമുള്ള ചില നേതാക്കളുടെ മക്കളുടെ ആഡംബര ജീവിതത്തെ പരോക്ഷമായി വിമർശിക്കലാണ് ഇത്.

### തുറന്ന പോരിന് തുടക്കം

പിണറായിയും പി.ജയരാജനും തുറന്ന പോരിലേക്കെന്ന സൂചനയാണ് കഴിഞ്ഞ ദിവസങ്ങളിൽ കാണുന്നത്. നിയമസഭയിലെ പ്രസംഗത്തിലെ പിണറായിയുടെ ബിംബ പരാമർശം ജയരാജനെ ലക്ഷ്യമിട്ടാണെന്ന് പാർട്ടിക്കകത്ത് തന്നെ ചൂടേറിയ ചർച്ച നടക്കുന്നതിനിടെയാണ് തന്റെ ഭാഗം ന്യായീകരിച്ച് ജയരാജന്റെ ഫേസ്ബുക്ക് പോസ്റ്റ് വന്നത്. ഒരേ സമയം സ്വയം ന്യായീകരണവും ചില നേതാക്കൾക്കുള്ള മറുപടിയുമാണ് ജയരാജന്റെ പോസ്റ്റ്. മുഖ്യമന്ത്രി പിണറായി വിജയന്റെയും കോടിയേരിയുടേതുമുൾപ്പെടെയുള്ള നേതാക്കളുടെ മക്കളുടെ ഉയർന്ന ജോലിയും ആഡംബര ജീവിതവും ചൂണ്ടിക്കാട്ടി ഒരു വിഭാഗം നേതാക്കളോട് പരസ്യമായി ഏറ്റുമുട്ടാൻ തന്നെയാണ് ജയരാജന്റെ പുറപ്പാടെന്നാണ് ഇത് വ്യക്തമാക്കുന്നത്. വ്യക്തിപൂജ പാർട്ടി വിലക്കിയിട്ടുണ്ടെങ്കിലും ഇത് ഇപ്പോഴും നിർബാധം തുടരുന്നത് ജയരാജന്റെ മൗനാനുവാദത്തോടെയാണെന്ന് എതിർ പക്ഷം ആരോപിക്കുന്നു.

ജയരാജനെ പാർട്ടി ചുമതലയിൽ നിന്ന് പൂർണ്ണമായും മാറ്റി നിർത്തുന്നതിന് വേണ്ടിയാണ് തീരെ വിജയസാധ്യതയില്ലാത്ത വടകരയിൽ സ്ഥാനാർത്ഥിയാക്കിയതെന്ന ആരോപണം നേരത്തെതന്നെ ഉയർന്നിരുന്നു. ഇത് ശരിവെക്കുന്ന തരത്തിലുള്ള നീക്കങ്ങളായിരുന്നു ഫല പ്രഖ്യാപനത്തിന് ശേഷവും. ജയരാജനെ ജില്ലാ സെക്രട്ടറി സ്ഥാനത്ത് തിരികെയെടുത്തില്ല. പാർട്ടി പരിപാടികളിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തു. എന്നാൽ കണ്ണൂർ ജില്ലയിൽ പാർട്ടിയുടെ കെട്ടുറപ്പിനെ ബാധിക്കുന്ന തരത്തിൽ നിരവധി പ്രശ്നങ്ങൾ ഉയർന്നതോടെ പി.ജയരാജൻ രക്ഷകവേഷമണിഞ്ഞ് രംഗത്തിറങ്ങിയത് നേതൃത്വത്തെ പ്രതിരോധത്തിലാക്കി. സി.ഒ.ടി. നസീർ വധശ്രമക്കേസിൽ പാർട്ടിതല അന്വേഷണം ആവശ്യപ്പെട്ട് പി.ജയരാജൻ സംസ്ഥാന ഘടകത്തിന് നേരിട്ട് കത്ത് നൽകിയത് ജില്ലാ നേതൃത്വത്തെ പോലും ഞെട്ടിച്ചു.

### ചേരി തിരിഞ്ഞ് സൈബർ സഖാക്കളും

ആന്തൂർ വിഷയത്തിൽ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിൽ നഗരസഭാ ഭരണ സമിതിക്ക് വീഴ്ച പറ്റിയെന്നും തെറ്റ് ചെയ്തവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും പൊതുസമ്മേളനത്തിൽ ജയരാജൻ പറഞ്ഞിരുന്നു.

പാർട്ടി കീഴ്ഘടകങ്ങളുടെ നിലപാടിനനുസൃതമായാണ് ജയരാജൻ നിലപാട് വ്യക്തമാക്കിയത്. എന്നാൽ ഇതിന് കടകവിരുദ്ധമായി പി.കെ.ശ്യാമളയെ ന്യായീകരിക്കുന്ന നിലപാടാണ് പിണറായിയും പാർട്ടി സംസ്ഥാന സമിതിയും സ്വീകരിച്ചത്. ഇത് അണികളിൽ ആശയക്കുഴപ്പമുണ്ടാക്കിയതോടൊപ്പം കീഴ്ഘടകങ്ങളിലും വിഭാഗീയത ശക്തമാക്കി. സമൂഹമാധ്യമങ്ങളിൽ കൂടി സൈബർ സഖാക്കൾ ചേരി തിരിഞ്ഞ് ഏറ്റുമുട്ടുന്നത് നിയന്ത്രിക്കാൻ സംഘടനാ സംവിധാനത്തിന് സാധിക്കുന്നില്ല.

പിണറായിയും പി.ജയരാജനും വിരുദ്ധ ധ്രുവങ്ങളിലാണെന്ന് വ്യക്തമാക്കുന്നതാണ് ഇരുവരുടെയും നിലപാടുകൾ. പിണറായി–വിഎസ് പോരിന് സമാനമായ പരസ്യ പ്രതികരണങ്ങൾക്കും പ്രവർത്തനങ്ങൾക്കും പാർട്ടി സാക്ഷ്യം വഹിക്കുമെന്നാണ് ഇപ്പോഴത്തെ നിലപാടുകൾ വ്യക്തമാക്കുന്നത്.




## ബിനോയ് കോടിയേരിയെ ഇസ്ലാമിലേക്ക് ക്ഷണിച്ച് ഒ. അബ്ദുള്ള

വാർത്ത പേജ് 9

# യുഡിഎഫ് എംപിമാരുടെ ധർണ പങ്കെടുക്കാതെ രാഹുൽ

**ന്യൂദൽഹി:** കേരളത്തിൽനിന്നുള്ള യുഡിഎഫ് എംപിമാർ പാർലമെന്റിന് മുന്നിൽ നടത്തിയ ധർണയിൽ പങ്കെടുക്കാതെ വയനാട് എംപി രാഹുൽ.

കാർഷിക വായ്പാ മൊറട്ടോറിയത്തിൽ റിസർവ് ബാങ്കിന്റെ നിലപാട് തിരുത്തണമെന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. രാഹുൽ ഒഴികെയുള്ള 18 യുഡിഎഫ് എംപിമാരും പങ്കെടുത്തു. കേരളത്തിന്റെ ആവശ്യങ്ങൾക്ക് എപ്പോഴും മുന്നിലുണ്ടാകുമെന്ന് രാഹുൽ നേരത്തെ പറഞ്ഞിരുന്നു.

**രാഹുൽ ഒഴികെയുള്ള 18 യുഡിഎഫ് എംപിമാരും പങ്കെടുത്തു**

അമേഠിയെ നിരന്തരം അവഗണിച്ചതിനാലാണ് ഇത്തവണ രാഹുൽ അവിടെ പരാജയപ്പെട്ടത്. അതേ നിലപാടാണ് കേരളത്തിന്റെ കാര്യത്തിലും രാഹുൽ പിന്തുടരുന്നത്.

അതേസമയം, ധർണയിൽ തന്നെ പങ്കെടുപ്പിക്കാതിരുന്ന കോൺഗ്രസ്സിന്റെ നിലപാട് ശരിയായില്ലെന്ന് സിപിഎം എംപി എ.എം. ആരിഫ് കുറ്റപ്പെടുത്തി. പ്രതിഷേധങ്ങൾ സംഘടിപ്പിക്കുമ്പോൾ ഇനിയെങ്കിലും കൂടിയാലോചിക്കുമെന്ന് പ്രതീക്ഷിക്കുന്നു. യുഡിഎഫ് സമരത്തിന് പിന്തുണ നൽകുന്നു, ആരിഫ് പറഞ്ഞു. വയനാട് മണ്ഡലത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ രാഹുൽ വെള്ളിയാഴ്ച ദൽഹിയിൽ യോഗം വിളിച്ചിട്ടുണ്ട്.

കോൺഗ്രസ്സിന്റെ മണ്ഡലം ഭാരവാഹികളേയും മുസ്ലിം ലീഗിന്റെ മുതിർന്ന നേതാക്കളെയുമാണ് വിളിപ്പിച്ചത്. രാഹുൽ സ്വന്തം മണ്ഡലമായ വയനാട്ടിലേക്ക് വരുന്നതിന് പകരം എല്ലാ നേതാക്കളെയും ദൽഹിക്ക് വിളിപ്പിച്ച് ചർച്ച നടത്തുന്നതിലെ അനൗചിത്യം ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു.

# കശ്മീരിൽ കൊന്നത് 733 ഭീകരരെ

**ന്യൂദൽഹി:** ജമ്മു കശ്മീരിൽ മൂന്നരവർഷത്തിനിടെ 733 ഭീകരരെ സൈന്യം കൊലപ്പെടുത്തിയതായി കേന്ദ്ര ആഭ്യന്തര സഹമന്ത്രി കിഷൻ റെഡ്ഡി ലോക്സഭയെ അറിയിച്ചു. 2018ലാണ് ഏറ്റവുമധികം ഭീകരരെ വധിച്ചത്–257. ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട 614 സംഭവങ്ങളും അതേ വർഷം അരങ്ങേറി. പതിനെട്ടു സാധാരണക്കാർക്ക് ജീവൻ നഷ്ടപ്പെട്ടു. ഈ വർഷം ജൂൺ 16 വരെ 113 ഭീകരർ കൊല്ലപ്പെട്ടു.


SPECIAL SUPPLEMENT

EMERGENCY DECLARED
JP, Morarji, Advani, Asoka Mehta & Vajpayee arrested

- ഇനി വരാതിരിക്കട്ടെ ആ കറുത്ത ദിനങ്ങൾ
- രാജ്യം മറക്കാത്ത ഭീകര ദിനങ്ങൾ

പേജ് 6

# ബിനോയ് കോടിയേരി: യുവതിയുടെ രഹസ്യമൊഴി രേഖപ്പെടുത്തും

**മുംബൈ:** സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനോയ് കോടിയേരിക്കെതിരെ മുംബൈയിലെ യുവതി നൽകിയ പീഡന പരാതിയിൽ അറസ്റ്റ് വൈകുമെന്ന് സൂചന. മുൻകൂർ ജാമ്യാപേക്ഷയിൽ തീരുമാനമാകുന്നത് വരെ ബിനോയിയെ അറസ്റ്റ് ചെയ്യില്ലെന്നറിയുന്നു. നാളെയാണ് ബിനോയ് നൽകിയ മുൻകൂർ ജാമ്യാപേക്ഷ മുംബൈ ദിൻദോഷി കോടതി പരിഗണിക്കുന്നത്. കഴിഞ്ഞ തിങ്കളാഴ്ച ജാമ്യാപേക്ഷ പരിഗണിക്കേണ്ടതായിരുന്നെങ്കിലും ജഡ്ജി അവധിയായിരുന്നതിനാൽ കേസ് വ്യാഴാഴ്ചത്തേക്ക് മാറ്റുകയായിരുന്നു.

അതേസമയം ബിനോയ് കോടിയേരിക്കെതിരെ പീഡന പരാതി നൽകിയ യുവതിയുടെ രഹസ്യമൊഴി അടുത്ത ദിവസം രേഖപ്പെടുത്തും. വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചുവെന്നാണ് യുവതി ബിനോയിക്കെതിരെ നൽകിയ പരാതി. അതിനാലാണ് മജിസ്ട്രേറ്റിന് മുമ്പാകെ യുവതിയുടെ രഹസ്യ മൊഴി രേഖപ്പെടുത്തുന്നത്.

### അറസ്റ്റ് വൈകുമെന്ന് സൂചന

ഒരാഴ്ചയിലേറെ കേരളത്തിൽ പരിശോധന നടത്തിയിട്ടും ഒളിവിൽപോയ ബിനോയിയെ മുംബൈയിൽ നിന്ന് വന്ന പോലീസ് സംഘത്തിന് കണ്ടെത്താനായിരുന്നില്ല. ബിനോയിയുടെ തലശ്ശേരിയിലെ വീട്ടിൽ നോട്ടീസ് നൽകിയും കണ്ണൂരിൽ നിന്നും തിരുവനന്തപുരത്തു നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്ത ശേഷം സംഘം മടങ്ങുകയായിരുന്നു. ഒളിവിലുള്ള ബിനോയിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്താൽ മാത്രമേ കേസന്വേഷണം മുന്നോട്ടു പോകൂ. നാളെ കോടതി ജാമ്യം നിഷേധിച്ചാൽ ബിനോയിയെ കണ്ടെത്താൻ സാധിക്കാതെ വന്നാൽ ലുക്കൗട്ട് നോട്ടീസ് ഇറക്കും. കോടതി വിധി എതിരായി വന്നാൽ ബിനോയി കീഴടങ്ങുമെന്ന വിശ്വാസത്തിലാണ് മുംബൈ പോലീസ്.

# കാശിമഠാധിപതിക്ക് കൊച്ചിയില്‍ വന്‍ വരവേല്‍പ്

**മട്ടാഞ്ചേരി:** കാശിമഠാധിപതി സ്വാമി സംയമീന്ദ്ര തീര്‍ത്ഥയ്ക്ക് കൊച്ചി തിരുമല ക്ഷേത്രത്തില്‍ വരവേല്‍പ് നലല്‍കി. ക്ഷേത്രക വാടത്തില്‍ ദേവസ്വം പ്രസിഡന്റ് ബി.ജഗന്നാഥ ഷേണായി ഹ രാര്‍പ്പണം ചെയ്ത് സ്വീകരിച്ചു.

ക്ഷേത്ര ആചാര്യന്‍ എല്‍. മങ്കേഷ് ഭട്ട്, തന്ത്രി ആര്‍. ഗോവിന്ദ് ഭട്ട് എന്നിവര്‍ ചേര്‍ ന്ന് പുര്‍ണ്ണ കുംഭം നല്‍കി. തുടര്‍ന്ന് സ്വാമി സംയമീന്ദ്ര തീര്‍ത്ഥ ക്ഷേത്ര ദര്‍ശനവും ഉപ കോവില്‍ ദര്‍ശനവും അനുഗ്രഹ ഭാഷണവും നടത്തി.

ദേവസ്വം ഭരണസമിതിയംഗങ്ങളായ വി. ശിവകുമാര്‍ കമ്മത്ത്, വി.ഹരിപൈ, എസ്. ദേവാനന്ദ കമ്മത്ത്, ആര്‍. വെങ്കടേശ്വര പൈ, സോമനാഥപ്രഭു, മോഹന്‍ ഷേണായ് എന്നിവര്‍ നേതൃത്വം നല്‍കി.

ഇന്ന് രാവിലെ പള്ളിപ്പുറം കാശിമഠത്തില്‍ നടക്കുന്ന സമര്‍പ്പണചടങ്ങില്‍ സ്വാമി പങ്കെടുക്കും.

ഒരു വര്‍ഷം നീണ്ടു നില്‍ക്കുന്ന കൊച്ചി തിരുമല ക്ഷേത്ര ദ്വിതീയ പ്രതിഷ്ഠയുടെ 300-ാം വാര്‍ഷികാഘോഷ ചടങ്ങിന് തുടക്കം കുറിക്കാനാണ് സ്വാമി സംയമീന്ദ്ര തീര്‍ത്ഥ കൊച്ചിയിലെത്തിയത്. ജൂലായ് രണ്ടിന് സ്വാമി ചെറായിശ്രീവരാഹ ദേവസ്വത്തിലേയ്ക്ക് എത്തും.

## ശ്രീശങ്കര പാലത്തില്‍ കുഴി

**കാലടി:** ശ്രീശങ്കര പാലവും അപ്രോച്ച് റോഡും കൂടിച്ചേരുന്ന ഭാഗത്ത് ടാര്‍ പൊളിഞ്ഞിളകുന്നു. എല്ലാ മഴക്കാലത്തും പാലത്തിന്റെ ഈ ഭാഗങ്ങളില്‍ ടാര്‍ പൊളിഞ്ഞിളകി കുഴി രൂപപ്പെടുന്നതും അപകടങ്ങള്‍ ഉണ്ടാകുന്നതും പതിവാണ്. പൊതുമരാമത്ത് വകുപ്പ് ഈ കുഴികള്‍ താല്‍ക്കാലികമായി അടച്ചാലും രണ്ട് ദിവസം കഴിയുമ്പോള്‍ വീണ്ടും രൂപപ്പെടും. രാത്രിയില്‍ ഇരുചക്ര വാഹനങ്ങള്‍ കുഴിയില്‍ വീണ് അപകടം ഉണ്ടാകുന്നുണ്ട്. പാലത്തില്‍ വേണ്ട വിധത്തില്‍ വഴിവിളക്ക് ഇല്ലാത്തത് അപകടങ്ങള്‍ വര്‍ധിക്കാന്‍ കാരണമാകുന്നു.



പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ മഹാശിവപുരാണ സമീക്ഷയോടനുബന്ധിച്ചു യജ്ഞാചാര്യന്‍ സി.ജെ.ആര്‍ പിള്ളയുടെ നേതൃത്വത്തില്‍ നടന്ന പാര്‍വതി സ്വയംവരം

## സീറ്റൊഴിവ്

**പള്ളുരുത്തി:** എസ്ഡിപിവൈ കോളേജ് ഓഫ് കോമേഴ്‌സില്‍ ബികോം ടാക്‌സേഷന്‍, കേ-ഓപ്പറേഷന്‍ കോഴ്‌സുസുകളില്‍ ഏതാനും സീറ്റുകള്‍ ഒഴിവുണ്ട്. വിവരങ്ങള്‍ക്ക്: 0484- 2231095.

## അപേക്ഷ ക്ഷണിച്ചു

**പള്ളുരുത്തി:** എസ്ഡിപിവൈ ഐടിഐയില്‍ ഡിഎല്‍എഡ് (ടിടിസി) കോഴ്‌സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാര്‍ക്കോടെ പ്ലസ്ടു പാസായവര്‍ക്ക് അപേക്ഷിക്കാം. വിവരങ്ങള്‍ക്ക്: 9895654265.



എറണാകുളം ടൗണ്‍ഹാളില്‍ നടന്ന ചടങ്ങില്‍ കഥകളി കലാകാരി രാധിക വര്‍മ്മയെ കുച്ചിപ്പുടി നര്‍ത്തകി അനുപമ മോഹന്‍ ആദരിക്കുന്നു. എം.കെ സാനു സമീപം

# പരസ്യം നിയന്ത്രിക്കല്‍ ശപഥത്തിനെളുപ്പം, സാധ്യമാകുമോ?

അശ്വതി ബാബു

**കൊച്ചി:** അനുമതിയും അംഗീകാരവുമില്ലാത്ത പരസ്യങ്ങള്‍ നീക്കാനുള്ള കോര്‍പ്പറേഷന്‍ തീരുമാനം സാധ്യമാക്കുക എളുപ്പ മോ എന്ന ചര്‍ച്ച സജീവമാകുന്നു. മാലിന്യ നിര്‍മാര്‍ജനം പോലുള്ള അനേക വിഷയങ്ങളിലെ ശപഥവും തീരുമാനങ്ങളും പോലെയാകുമോ ഇക്കാര്യവും എന്നാണ് പലരും ആശങ്ക പ്രകടിപ്പിക്കുന്നത്.

ടെലിഫോണ്‍ പോസ്റ്റില്‍ ഒട്ടിക്കുന്ന കടലാസു പരസ്യങ്ങളല്ല വിഷയം. വമ്പന്‍ ഹോര്‍ഡിങ്ങുകള്‍ ഉള്‍പ്പെടെ എണ്ണമറ്റ പലതരം പരസ്യങ്ങളുണ്ട്. ഇവ പലതും സ്ഥാപിക്കുന്നതും വിന്യസിക്കുന്നതും കോര്‍പ്പറേറ്റ് സ്വഭാവത്തില്‍ പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളാണ്.

ഈ സ്ഥാപനങ്ങള്‍ നയിക്കുന്നതും നിയന്ത്രിക്കുന്നതും വന്‍ ശക്തികളാണ്. ഈ രംഗത്ത് പതിവായി പരിശോധനയ്‌ക്കോ റിപ്പോര്‍ട്ട് തയാറാക്കലിനോ നഗരസഭയ്ക്ക് സംവിധാനവുമില്ല.

പല സ്ഥാപനങ്ങളും കമ്പനികളും നടത്തുന്നതില്‍ രാഷ്ട്രീയ നേതാക്കള്‍ക്കും ഉയര്‍ന്ന തലത്തിലുള്ള ഉദ്യോഗസ്ഥര്‍ക്കും സാമ്പത്തിക കുത്തകകള്‍ക്കും പങ്കാളിത്തമുണ്ട്. ഇവരുടെയെല്ലാം പ്രതിരോധം മറികടക്കാന്‍ കോര്‍പ്പറേഷന് കഴിയുമെന്ന് കരുതാനാവില്ലെന്ന് ക്ലീന്‍ സിറ്റി കാമ്പയിന്‍ പ്രവര്‍ത്തനം ഏറെനാള്‍ നടത്തി മടുത്ത് പിന്‍മാറിയ സാമൂഹ്യ പ്രവര്‍ത്തകന്‍ പറയുന്നു. നഗരത്തില്‍ റോഡപകടമുണ്ടാക്കുന്ന തരത്തില്‍ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങള്‍ മാറ്റാന്‍ കോടതി നിര്‍ദേശിച്ചതാണ്. എന്തോ ചെയ്തുവെന്നല്ലാതെ അനധികൃത ബോര്‍ഡുകള്‍ പോലും മാറ്റാന്‍ കഴിഞ്ഞിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കോര്‍പ്പറേഷന്റെ തീരുമാനം സ്വാഗതം ചെയ്യുന്നവരും എങ്ങനെ നടപ്പാക്കുമെന്നതില്‍ ആശങ്കയുള്ളവരാണ്

### കോടികളുടെ നഷ്ടം

പരസ്യബോര്‍ഡുകള്‍ അനധികൃതമായി സ്ഥാപിക്കുന്നത് കോടികളുടെ നഷ്ടമാണ് നഗരസഭയക്ക് ഉണ്ടാക്കുന്നത്. നിലവില്‍ പരസ്യബോര്‍ഡുകള്‍ വയക്കുന്നതിന് പെര്‍മിറ്റ് എടുക്കണം. ഹോര്‍ഡിങ്‌സുകള്‍ സ്ഥാപിക്കുന്നതിനുള്ള പെര്‍മിറ്റ് ഫീസ് മാത്രമാണ് നഗരസഭ ഈടാക്കുന്നത്. പരസ്യങ്ങളും ഹോര്‍ഡിങ്‌സുകളും സ്ഥാപിക്കുമ്പോള്‍ അവയില്‍ പെര്‍മിറ്റ് നമ്പര്‍, പെര്‍മിറ്റ് ആരുടെ പേരിലാണ്, അളവ് എന്നിവയെല്ലാം രേഖപ്പെടുത്തണം.

എന്നാല്‍ പെര്‍മിറ്റ് നല്‍കുന്നതിനേക്കാള്‍ പതിന്മടങ്ങ് വലുപ്പത്തിലും ഒരേ പെര്‍മിറ്റില്‍ നിരവധി ബോര്‍ഡുകള്‍ സ്ഥാപിക്കുന്നതായും ധനകാര്യ സ്റ്റാന്റ്റിങ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇനഗരത്തില്‍ 17 സ്ഥലങ്ങളില്‍ മാത്രമാണ് പരസ്യബോര്‍ഡുകള്‍ക്ക് അനുമതിയുള്ളൂ. എന്നാല്‍ 274 ഇടങ്ങളില്‍ പരസ്യബോര്‍ഡുകള്‍ സ്ഥാപിച്ചിട്ടുണ്ട്. മിക്കവയും ഒരിക്കല്‍ പെര്‍മിറ്റ് വാങ്ങി പീന്നിട് പുതുക്കാത്തവയാണ്. ഭൂരിഭാഗം പരസ്യക്കാരും 2017ന് ശേഷം അനുമതി പുതുക്കിയിട്ടില്ല.

### സെക്രട്ടറി പഠിക്കട്ടെയെന്ന്

അനധികൃത ബോര്‍ഡുകളെക്കുറിച്ച് പഠനം നടത്തി അടുത്ത കൗണ്‍സിലില്‍ റിപ്പോര്‍ട്ട് നല്‍കാന്‍ സെക്രട്ടറിയോട് മേയര്‍ നിര്‍ദ്ദേശിച്ചിട്ടുണ്ട്. പരസ്യങ്ങള്‍ വയ്ക്കുന്നതിനുള്ള ടെന്‍ഡര്‍ വ്യവസ്ഥകളില്‍ വ്യക്തത ഉറപ്പാക്കി ഭേദഗതി കൊണ്ടുവരാനും കര്‍ശനമാക്കാനുമാണ് തീരുമാനം. പെര്‍മിറ്റ് ഉള്ളത് പുതുക്കി എടുക്കാനുമുള്ള നടപടികളും കര്‍ശനമാക്കും. നഗരസഭ പരിധിയില്‍ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങള്‍ക്ക് കൃത്യമായി നികുതി ലഭിക്കുന്നുണ്ടോയെന്നും പെര്‍മിറ്റ് പരിശോധിക്കണമെന്നും പ്രതിപക്ഷവും ആവശ്യപ്പെട്ടിരുന്നു.

### പരിശോധന നടക്കുന്നില്ല

ഹോര്‍ഡിങ്‌സുകളും, പരസ്യബോര്‍ഡുകളും സ്ഥാപിക്കുന്നതിന് അനുമതി നല്‍കി കഴിഞ്ഞാല്‍ പിന്നീട് യാതൊരു പരിശോധനയും നഗരസഭ നടത്താറില്ല. അശാസ്ത്രീയമായി സ്ഥാപിച്ചിരിക്കുന്ന ബോര്‍ഡുകള്‍ അപകട ഭീഷണി ഉയര്‍ത്തുന്നുണ്ട്. കൂടാതെ പരസ്യനികുതി ഇല്ലാത്തതിനാല്‍ ആര്‍ക്കും എവിടേയും പരസ്യങ്ങള്‍ സ്ഥാപിക്കാം എന്ന സ്ഥിതിയാണ്.

### നിര്‍മ്മാര്‍ജ്ജനം വെല്ലുവിളിയാകും

പരസ്യബോര്‍ഡുകള്‍ എങ്ങനെ നീക്കും, ആര് നീക്കും, എവിടെ നിര്‍മാര്‍ജനം ചെയ്യും എന്നതില്‍ സംശയം ബാക്കിയാണ്. പരസ്യം നല്‍കിയ സ്ഥാപനം തന്നെ നീക്കണം എന്ന് ആവശ്യപ്പെട്ടാല്‍ അത് നടപ്പിലാക്കുക പ്രയാസമാകും. മിക്കവാറും ഏജന്‍സികളാണ് സ്ഥാപിച്ചിരിക്കുന്നത്. മാത്രമല്ല പെര്‍മിറ്റും ഇല്ല. ഇനി നഗരസഭ തന്നെ മാറ്റാം എന്ന് വച്ചാല്‍ അതിന്റെ ചെലവ് ആര് വഹിക്കും എന്നതും വ്യക്തമാകേണ്ടതുണ്ട്. നഗരത്തിലെ മാലിന്യക്കൂമ്പാരത്തിലേക്ക് ഇനിയും മാലിന്യം പെരുകും എന്ന ആക്ഷേപവും ശക്തമാണ്. നഗരത്തിലെ പരസ്യബോര്‍ഡുകള്‍ കീറിത്തുടങ്ങിയെന്നും സ്റ്റാന്‍ഡ് ഉള്‍പ്പടെ മാറ്റിയെന്നും ഡെപ്യൂട്ടി മേയര്‍ പറയുന്നു. എന്നാല്‍ ഭൂരിഭാഗവും കീറിയിട്ടുണ്ടെന്നല്ലാതെ മാറ്റിയിട്ടില്ല. മിക്ക പരസ്യബോര്‍ഡുകളും ദിവസം കഴിയുമ്പോള്‍ കീറിക്കളയുകയാണ്. എന്നാല്‍ ഇവയുടെ ഹോര്‍ഡിങ്‌സ് അവിടെത്തന്നെ അവശേഷിക്കുന്നു. അതിലേക്ക് മറ്റുള്ളവര്‍ പുതിയ പരസ്യങ്ങളും സ്ഥാപിക്കുന്നുണ്ട്.

## വവ്വാല്‍ ചത്തുവീണു നാട്ടുകാര്‍ നെട്ടോട്ടമോടി



വീട്ടുമുറ്റത്ത് ചത്തുവീണ വവ്വാലിനെ നഗരസഭ ഹെല്‍ത്ത് വിഭാഗം ജീവനക്കാര്‍ മറവു ചെയ്യുന്നു

**പള്ളുരുത്തി:** പള്ളുരുത്തി കട്ടത്തറ ജയ്‌സിംഗിന്റെ പറമ്പില്‍ വവ്വാല്‍ ചത്തുവീണത് നാട്ടുകാരെ പരിഭ്രാന്തരാക്കി. ഇന്നലെ വൈകിട്ട് മൂന്ന് മണിക്കാണ് സംഭവം. തെങ്ങില്‍ നിന്നാണ് വവ്വാല്‍ വീണത്.

നാട്ടുകാര്‍ വിവരമറിയിച്ചതിനെ തുടര്‍ന്ന് പള്ളുരുത്തി ഹെല്‍ത്ത് ഇന്‍സ്‌പെക്ടറുടെ നേതൃത്വത്തിലെത്തിയ സംഘം വവ്വാലിനെ പറമ്പില്‍ കുഴിച്ചുമൂടിയെങ്കിലും നാട്ടുകാരുടെ ആശങ്കമാറിയില്ല. വിദഗ്ദ പരിശോധനക്കായി വവ്വാലിനെ പരിശോധിക്കണമെന്ന് നാട്ടുകാര്‍ ആവശ്യപ്പെട്ടു. ഇതിടെ ഡിഎംഒ ഓഫീസ് അധികൃതര്‍ വീട്ടുകാരുമായി ബന്ധപ്പെട്ടു. നിപ കൈകാര്യം ചെയ്യുന്ന ടീമിനെ അറിയിക്കണമെന്നാവശ്യപ്പെട്ടു.

കുഴിച്ചിട്ട വവ്വാലിനെ പുറത്തെടുക്കാനുള്ള ശ്രമം നടത്താന്‍ ഒരുങ്ങുന്നതിനിടെ ഡിഎംഒ അധികൃതര്‍ വീട്ടുകാരോട് അടുത്തുള്ള വെറ്ററിനറി ഡോക്ടറെ വിവരം അറിയിക്കാന്‍ പറഞ്ഞു.

നിപ്പ ബാധ കൊണ്ട് വവ്വാല്‍ ചാകില്ലെന്നും ചത്ത വവ്വാലിനെ മറവു ചെയ്തതു കൊണ്ട് പ്രശ്‌നമില്ലെന്ന് വെറ്ററിനറി ഡോക്ടര്‍ പറഞ്ഞതോടെയാണ് നാട്ടുകാരുടെ പരിഭ്രാന്തി ഒഴിഞ്ഞത്.

## കായലില്‍ വീണയാളെ രക്ഷപ്പെടുത്തി

**പള്ളുരുത്തി:** തോപ്പുംപടി ഫിഷറീസ് ഹാര്‍ബറില്‍ കാല്‍ വഴുതി കായലില്‍ വീണയാളെ കോസ്റ്റല്‍ പോലീസ് രക്ഷപ്പെടുത്തി. മട്ടാഞ്ചേരി ചെറളായി സ്വദേശി അനില്‍ ബാബു (54)വിനെയാണ് രക്ഷപ്പെടുത്തിയത്. കായലില്‍ ഒഴുക്കില്‍പ്പെട്ട ബാബുവിനെ ഐലന്റ് ഭാഗത്ത് നിന്നാണ് കോസ്റ്റല്‍ പോലീസ് രക്ഷപ്പെടുത്തി എറണാകുളം ജനറല്‍ ആശുപത്രിയില്‍ എത്തിച്ചു. കോസ്റ്റല്‍ പോലീസ് സ്റ്റേഷന്‍ എഎസ്‌ഐ ജഗതികമാര്‍. സിപിഒ വിജീഷ്, ബോട്ട് ക്രൂസ്മാരായ ദിലീപ്. രാജേഷ്. സുജേഷ്, ഹാപ്പിരാജ്, ജോസി എന്നിവരാണ് രക്ഷാപ്രവര്‍ത്തനം നടത്തിയത്.

## അമിതവേഗത്തിലെത്തിയ കാറിടിച്ച് പോലീസിന് പരിക്ക്

**കളമശേരി:** ത്തില്‍ വന്ന കാറിടിച്ച് ബൈക്ക് യാത്രികനായ എആര്‍ ക്യാമ്പ് പോലീസുകാരന് പരിക്ക്. ഇന്ന് രാവിലെ ഏഴേകാലോടെ കുസാറ്റ് ജംഗ്ഷനിലാണ് അപകടം.

കോട്ടയം തലയോലപറമ്പ് കരിമ്പാടം വലക്കോട് വീട്ടില്‍ ആഷിഷ് ഉപേന്ദ്രനാണ് പരിക്കേറ്റത്.

ആഷിഷ് കളമശേരി പോലീസ് സ്റ്റേഷനടുത്തുള്ള എആര്‍ ക്യാമ്പില്‍ നിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. രണ്ട് കാലുകളും ഒടിഞ്ഞ ആഷിഷിനെ സമീപത്തെ സ്വകാര്യ ആശുപത്രിയില്‍ പ്രവേശിപ്പിച്ചു. കാറ് സിഗ്നല്‍ ശ്രദ്ധിക്കാതെ കാറ് കടന്നതാണ് അപകട കാരണം. ഇടിയുടെ ആഘാതത്തില്‍ മൂന്നടിയോളം ഉയരത്തില്‍ തെറിച്ചുപോയാണ് റോഡിലേക്ക് വീണത്. ഏറെ നേരം ഗതാഗതം തടസ്സപ്പെട്ടു.



അപകടത്തില്‍ തകര്‍ന്ന കാറ്

## മാലിന്യനീക്കത്തിന് വാഹനം വാടകയ്ക്ക് കോര്‍പ്പറേഷന് കോടികള്‍ നഷ്ടം

**മട്ടാഞ്ചേരി:** മാലിന്യനീക്കത്തിന് വാഹനങ്ങള്‍ വാടകയ്‌ക്കെടുക്കുന്നതില്‍ കൊച്ചി കോര്‍പ്പറേഷന് കോടികള്‍ നഷ്ടപ്പെട്ടുന്നു. ഒന്നര വര്‍ഷത്തിനകം അഞ്ച് കോടിയിലെറെ രൂപയാണ് കോര്‍പ്പറേഷന് നഷ്ടമായത്.

മുന്‍ കാലങ്ങളില്‍ വാഹനങ്ങള്‍ ദിവസവാടകയ്ക്കാണ് എടുത്തിരുന്നത്. ഇതിനായി 2005-16 വര്‍ഷം 3.2 കോടിയും 2016-2017ല്‍ 3.65 കോടി രൂപയുമാണ് ചെലവായത്.

2018 മെയ് മുതല്‍ നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ ഭാരം കണക്കാക്കി എന്ന രീതിയിലേയ്ക്ക് മാറിയതോടെ 2019 മാര്‍ച്ച് വരെയായി 11.65 കോടി രൂപയാണ് വാഹനവാടകയായി ചെലവഴിച്ചത്.

5.6 കോടിയില്‍ താഴെമാത്രം വരുന്ന വാടകയാണ് 11.6 കോടിയായി വര്‍ധിച്ചത്. ഇതിലൂടെ 6 കോടി രൂപ അധികമായി ചെലവഴിച്ചത് ഭരണാധികാരികളുടെ വീക്ഷണമില്ലായ്മയാണന്ന് പരാതി ഉയരുന്നുണ്ട്. ഒപ്പം അഴിമതി ആരോപണവും.

ഇതിനെതിരെ ശക്തമായ പ്രതിഷേധമുയര്‍ന്നതോടെ കഴിഞ്ഞ കൗണ്‍സില്‍ യോഗം വീണ്ടും ദിവസ വാടകയ്ക്ക് വാഹനമെടുത്താല്‍ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു. നഗരസഭയുടെ വാഹനങ്ങളെ കട്ടപ്പുറത്താക്കി മാലിന്യനീക്കത്തിനായി വാടകയ്ക്ക് വാഹനങ്ങളെടുക്കുന്നത് വന്‍ വിവാദമുയര്‍ത്തിയിരുന്നു.

കോര്‍പ്പറേഷന് ലഭിച്ച ചെറു ഓട്ടോ വാഹനങ്ങള്‍ നശിച്ചുപോകുന്നത് സംബന്ധിച്ച പരാതിയിന്‍മേലുള്ള അന്വേഷണ റിപ്പോര്‍ട്ട് ഇനിയും വെളിച്ചം കണ്ടില്ല.

കൊച്ചികോര്‍പ്പറേഷന്‍ വന്‍ സാമ്പത്തികപ്രതിസന്ധിയില്‍പ്പെട്ട് നട്ടം തിരിയുമ്പോഴാണ് കോടികള്‍ നഷ്ടമുണ്ടാക്കുന്ന നയവുമായി യുഡിഎഫ് ഭരണനേതൃത്വം മുന്നിട്ടിറങ്ങിയത്.

## വാഹനാപകടത്തില്‍ മൂന്ന് പേര്‍ക്ക് പരിക്ക്

**കാലടി:** മലയാറ്റൂര്‍ സെന്റ് ജോസഫ് എല്‍പി സ്‌കൂളിനു സമീപമുള്ള വളവില്‍ ബൈക്കും കാറും കൂട്ടിയിടിച്ച് ഒരു വീട്ടിലെ മൂന്ന് പേര്‍ക്ക് പരിക്ക്. ചൊവ്വാഴ്ച വൈകിട്ട് 3.30 നാ്ണ് അപകടം. അപകടത്തില്‍ ബൈക്ക് പൂര്‍ണ്ണമായി തകര്‍ന്നു മലയാറ്റൂര്‍ കടപ്പാറ പൈനാടത്ത് മോഹനന്‍ (46), ഭാര്യ റീജ(40) ,മകള്‍ ശ്രീലക്ഷ്മി (8) എന്നിവര്‍ ഗുരുതരമായ പരിക്കുകളോടെ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയില്‍ ചികിത്സയിലാണ്.



അപടകത്തില്‍ തകര്‍ന്ന മോട്ടോര്‍ ബൈക്ക്

## കണ്ടക്കടവ് പാടശേഖരത്തില്‍ പൊക്കാളി കൃഷിക്ക് കളമൊരുങ്ങി

**പള്ളുരുത്തി:** വര്‍ഷങ്ങളുടെ ഇടവേളക്ക് ശേഷം ചെല്ലാനം കണ്ടക്കടവ് പാടശേഖരത്തില്‍ പൊക്കാളി കൃഷിക്ക് കളമൊരുങ്ങി.

'ഒരു നെല്ല് ഒരു മീന്‍' പദ്ധതി പ്രകാരമുള്ള പാടശേഖരമാണെങ്കിലും മീന്‍ കൃഷി തടസമില്ലാതെ നടന്നു വരുന്നുണ്ടെങ്കിലും നെല്‍ക്കൃഷി നടത്താത്ത അവസ്ഥയായിരുന്നു. വര്‍ഷങ്ങളായി തരിശിട്ട പാടശേഖരത്തില്‍ ഗ്രാമ വെളിച്ചം എന്ന കാരുണ്യ സഹായ സംഘത്തിന്റെ നേതൃത്വത്തിലാണ് ഒരു പറ്റം ചെറുപ്പക്കാര്‍ സ്ഥലം പാട്ടത്തിനെടുത്ത് പൊക്കാളി കൃഷി നടത്തുന്നത്.

വിത ഉത്സവം ജസ്റ്റിസ് കെ. സുകുമാരന്‍ ഉദ്ഘാടനം ചെയ്തു. ചെല്ലാനം പഞ്ചായത്ത് പ്രസിഡന്‍റ് മേഴ്‌സി ജോസി, പൊക്കാളി സംരക്ഷണ സമിതി ജനറല്‍ കണ്‍വീനര്‍ ഫ്രാന്‍സിസ് കളത്തിങ്കല്‍ ,ബെനഡിക്ട് ക്രിസ്റ്റോസ്റ്റം ,പഞ്ചായത്തംഗം സാബു തോമസ് ,എന്നിവര്‍ സംസാരിച്ചു.

## വളര്‍ത്തുനായയെ പുലി പിടിച്ചു

**കാലടി:** മലയാറ്റൂര്‍ ഇല്ലിത്തോട് 7-ാം വാര്‍ഡില്‍ വളര്‍ത്തു നായയെ പുലി പിടിച്ചു. ഞായറാഴ്ച രാത്രി ചാലയില്‍ വീട്ടില്‍ എം.സൈനുദീന്റെ വീട്ടില്‍ ചങ്ങലയില്‍ ഇട്ടിരുന്ന വളര്‍ത്തു നായയെ പുലി പിടിച്ചെങ്കിലും ചങ്ങലയില്‍ ആയതിനാല്‍ കൊണ്ടുപോവാന്‍ സാധിച്ചില്ല സമീപത്തെ പല വീടുകളില്‍ നിന്നും നായ്ക്കളെ കാണാതായിട്ടുണ്ട്. ഇവിടെ നിന്ന് പുലിയുടെ എന്ന് സംശയിക്കുന്ന കാല്‍പാടുക്കള്‍ കണ്ടിട്ടുണ്ട്. വാനപാലകര്‍ സ്ഥലം സന്ദര്‍ശിച്ചു.

## ജലക്ഷാമം രൂക്ഷം ജനം നെട്ടോട്ടത്തില്‍

**പറവൂര്‍:** കാലവര്‍ഷം ശക്തിയായപ്പോള്‍ ശുദ്ധജല ക്ഷാമം രൂക്ഷം. വാട്ടര്‍ അതോറിറ്റിക്കെതിരെ പ്രതിഷേധം ശക്തമാകുന്നു. പറവൂര്‍ വാട്ടര്‍ അതോറിറ്റി പറവൂര്‍ സബ്ബ് ഡിവിഷന്‍ അങ്കണത്തിലെ പമ്പ് ഹൗസില്‍ നിന്നാണ് വൈപ്പിന്‍ മേഖലയില്‍ കുടിവെള്ളം വിതരണം ചെയ്യുന്നത്.

പൈപ്പ് വെള്ളത്തെ മാത്രം ആശ്രയിക്കുന്ന ഈ മേഖലയില്‍ പല ദിവസങ്ങളിലും കുടിവെള്ളം മുടങ്ങുകയും മറ്റ് ദിവസങ്ങളില്‍ ഫോഴ്‌സ് വളരെ കുറവാകുന്നതും ജനങ്ങളെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

പമ്പ് ഹൗസിലെ മോട്ടറുകള്‍ പ്രവര്‍ത്തനരഹിതമാകുന്നതും പമ്പ് ഹൗസ് പരിസരത്ത് മണിക്കൂറുകളോളം വൈദ്യുതി നിലക്കുന്നതും കുടിവെള്ളം മുടങ്ങുന്നതിന് കാരണമാണ്. പറവൂര്‍ മേഖലയിലും കുടിവെള്ളം മുടങ്ങുന്നത് നിത്യസംഭവമാണ്.

പമ്പ് ഹൗസിലെ പ്രവര്‍ത്തനരഹിതമായ മോട്ടറുകള്‍ അറ്റകുറ്റപണികള്‍ ചെയ്ത് കുടിവെള്ളം മുടങ്ങുന്നത് തടയണമെന്ന് നാട്ടുകാര്‍ ആവശ്യപ്പെട്ടുന്നു.

### വൈദ്യുതി മുടങ്ങും

**കൊച്ചി:** കോളേജ് സെക്ഷന്‍ പരിധിയില്‍ രാവിലെ ഒമ്പത് മുതല്‍ ഉച്ചയ്ക്ക് ഒന്ന് വരേയും പാര്‍ക്ക് റോഡില്‍ വിവേകനാന്ദ സ്റ്റാച്യു മുതല്‍ സീഇ ഓഫീസുവരേ ഉച്ചക്ക് ഒന്ന് മുതല്‍ വൈകിട്ട് അഞ്ച് വരേയും രാജാജി റോഡില്‍ അംബേദ്കര്‍ സ്റ്റേഡിയം മുതല്‍ ബിജെ ടവര്‍ വരേയും വെണ്ണല സെക്ഷന്‍ പരിധിയില്‍ ഹൈസ്‌കൂള്‍, അംബേദ്കര്‍ റോഡ്, സെഞ്ചറി ക്ലബ്, സൗന്ദര്യ നഗര്‍ എന്നിവിടങ്ങളിലും മട്ടാഞ്ചേരി സെക് ഷന്‍ പരിധിയില്‍ മഹറാളപ്പള്ളി, ഈരവേലി, ചക്കരയിടുക്ക് എന്നിവിടങ്ങളിലും സെന്‍ട്രല്‍ സെക്ഷന്‍ പരിധിയില്‍ കൃഷ്ണസ്വാമി റോഡ്, സിപി ഉമ്മര്‍ റോഡ് എന്നിവിടങ്ങളിലും രാവിലെ ഒമ്പത് മുതല്‍ വൈകിട്ട് അഞ്ച് വരേയും തൃക്കാക്കര സെക്ഷന്‍ പരിധിയില്‍ ഇടച്ചിറ മാര്‍ത്തോമസ്‌കൂള്‍, മങ്കുഴി സ്മാര്‍ട്ട്‌സിറ്റി, കോളനി, ഡിഡി ഡയമണ്ട്, ഗ്രീന്‍പിസ്ത, വൈശാലി ഡിസയര്‍ പരിസരങ്ങളിലും രാവിലെ ഒമ്പത് മുതല്‍ വൈകിട്ട് 05.30വരെ വൈദ്യുതി മുടങ്ങും.

### ഇന്നത്തെ പരിപാടികള്‍

**ദര്‍ബാര്‍ ഹാള്‍ ആര്‍ട്ട് ഗ്യാലറി:** ശ്യാം ബാലകൃഷ്ണന്റെ ചിത്രപ്രദര്‍ശനം 11.00.

**ദര്‍ബാര്‍ ഹാള്‍ ആര്‍ട്ട് ഗ്യാലറി:** ടീച്ച് ആര്‍ട്ട് കൊച്ചിയുടെ ചിത്രപ്രദര്‍ശനം 11.00.

**എറണാകുളം ടിഡിഎം ഹാള്‍:** കഥകളി നളചരിതം ഒന്നാം ദിവസം വൈകിട്ട് 06.30.

**ആലുവ പ്രിയദര്‍ശിനി ടൗണ്‍ ഹാള്‍:** സീനിയര്‍ സിറ്റിസണ്‍സ് സര്‍വീസ് കൗണ്‍സില്‍ സംസ്ഥാന സമ്മേളനം 10.30.

**ആലുവ ടാസ് ഹാള്‍:** സംസ്ഥാന അമേച്വര്‍ നാടകം ദക്ഷിണമേഖല മത്സരം 5.30.

**കലൂര്‍ ശ്രീമഹാദേവ ക്ഷേത്രം:** മഹാരുദ്രം അഞ്ചാംദിവസം- ശ്രീശിവപുരാണ പാരായണം, പ്രഭാഷണം 7.30, അഭിഷേകം 11.45, പ്രസാദ ഊട്ട് 01.00.

**തൃപ്പൂണിത്തുറ താമരകുളങ്ങര ശ്രീ ധര്‍മ്മ ശാസ്താ ക്ഷേത്രം:** ഭാഗവതസപ്താഹയജ്ഞം, കുചേലോപഖ്യാനം 06.30.

**നെട്ടേപ്പാടം റോഡ് ചിന്മയ മിഷന്‍ സത്സംഗ മന്ദിരം:** പ്രശ്‌നോപനിഷദ് ക്ലാസ്, ഭഗവത് ഗീതാ ക്ലാസ് 06.00.

**എറണാകുളം ടൗണ്‍ ഹാള്‍:** അടിയന്തരാവസ്ഥയുടെ ക്രൂരതയിലേക്ക് ഒരെത്തിനോട്ടം 06.00.

**കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി:** അസ്ഥി ബലക്ഷയ നിര്‍ണ്ണയ ക്യാമ്പ് 10.00.

**എറണാകുളം ടൗണ്‍ ഹാള്‍:** ജനാധിപത്യ സംരക്ഷണ വേദിയുടെ നേതൃത്വത്തില്‍ സമ്മേളനവും സമരസേനാനികളെ ആദരിക്കലും,പുസ്തക പ്രകാശനവും 6ന്

## അടിയന്തരാവസ്ഥയുടെ ക്രൂരതയിലേയ്ക്ക് ഒരെത്തിനോട്ടം

**കൊച്ചി:** ജനാധിപത്യ സംരക്ഷണ വേദിയുടെ ആഭിമുഖ്യത്തിൽ അടിയന്തരാവസ്ഥയുടെ ക്രൂരതയിലേക്ക് ഒരെത്തി നോട്ടം ഇന്ന് വൈകിട്ട് ആറിന് എറണാകുളം ടൗൺ ഹാളിൽ. കെ. രാമൻപിള്ള യോഗം ഉദ്ഘാടനം ചെയ്യും. ടി. സതീശൻ അധ്യക്ഷനാകും. പരിപാടിയിൽ സമര സേനാനികളെ ആദരിക്കും, തുടർന്ന് ജനാധിപത്യ സംരക്ഷണ കുടുംബ സംഗമവും, കെ. രാമൻപിള്ളയുടെ കുരുക്ഷേത്രപ്രകാശൻ പ്രസിദ്ധീകരിച്ച 'അടിയന്തരാവസ്ഥയുടെ അന്തർധാരകൾ' എന്ന പുസ്തകം പ്രകാശനം ചെയ്യും. ബിഎംഎസ് ദേശീയ അധ്യക്ഷൻ അഡ്വ. എസ്. സജിനാരായണൻ, കവി എസ്. രമേശൻ നായർ, അഡ്വ.കെ. രാംകുമാർ, അഡ്വ.എ. ജയശങ്കർ, ഇ.എൻ. നന്ദകുമാർ, എസ്.ജെ.ആർ. കുമാർ സംബന്ധിക്കും.

## വായനാവാരാഘോഷം

**വൈപ്പിൻ:** വായനാവാരാഘോഷത്തോടനുബന്ധിച്ച് ആശാൻ സ്മാരക വായനശാല വയോജന വേദിയുടെ നേതൃത്വത്തിൽ രണ്ടു പുസ്തകങ്ങൾ രചയിതാക്കൾ തന്നെ പരിചയപ്പെടുത്തി. മഞ്ഞനാരകം, വീഞ്ഞ് എന്നീ പുസ്തകങ്ങൾ അവയുടെ രചയിതാക്കളായ സേവ്യർ. ജെ, സി.ടി. തങ്കച്ചൻ എന്നിവർ സദസ്സിന് പരിചയപ്പെടുത്തി. പഞ്ചായത്തംഗം പി.എസ്. ഷാജി ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാലാ പ്രസിഡന്റ് സി.വി. പ്രകാശം അധ്യക്ഷനായി. പരിസ്ഥിതി പ്രവർത്തകനായ ജോക്കബ് ലാസർ മോഡറേറ്ററായിരുന്നു. വി.ഡി. അനിൽകുമാർ, പി.കെ. മനോജ്, വിനയചന്ദ്രൻ, ടി.പി. ഉഷാർ, പി.കെ. ലെനിൻ, കനക എന്നിവർ പ്രസംഗിച്ചു.

## അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പതിമൂന്നാമത് ഓർഗൻ ഡൊണേഷൻ അവാർഡുകൾ വിതരണം ചെയ്തു. വാഹനാപകടത്തിൽ മരണപ്പെട്ട ചേരാനെല്ലൂർ സ്വദേശി അജയ് ജോണിയുടെ പിതാവ് എൻ.സി ജോണി, ചെമ്പഴന്തി സ്വദേശി എബി അശോകന്റെ പിതാവ് ആർ. അശോകൻ എന്നിവരെ ആദരിച്ചു. അങ്കമാലി മോണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ് ഹാളിൽ നടന്ന ചടങ്ങിൽ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അവാർഡുകൾ വിതരണം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. സി. റോസിലി എ.വി അധ്യക്ഷനായി. അസ്സി.പ്രൊഫ. ലീന ജോസഫ്, സാജു ചാക്കോ, ഡോ. ജോർജ്ജ് സ്ലീബ, ജേക്കബ് കുരുവിള, ബെന്റ്ലി താടിക്കാരൻ തുടങ്ങിയവർ പ്രസംഗിച്ചു.

## ഉപന്യാസ മത്സരം

**കൊച്ചി:** സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി കൊച്ചി ഐഎംഎ ബ്ലഡ്ബാങ്കിന്റെ നേതൃത്വത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. 'സുരക്ഷിതമായ രക്തദാനം' എന്നതാണ് വിഷയം. രണ്ട് പുറത്തിൽ കവിയാത്ത സ്വന്തം കൈപ്പടയിൽ മലയാളത്തിലോ, ഇംഗ്ലീഷിലോ എഴുതിയ ഉപന്യാസം വിദ്യാഭ്യാസ സ്ഥാപനത്തിലെ മേലധികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ജൂലൈ 31ന് മുൻപായി കൊച്ചി ഐ.എം.എ ബ്ലഡ്ബാങ്കിൽ തപാൽ വഴിയോ നേരിട്ടോ എത്തിക്കണം. വിവരങ്ങൾക്ക് 0484 2361549.

## അനുമോദിച്ചു

**കാലടി:** ചൊവ്വര മാനവ സേവാ സമിതി എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളുടെ വീടുകളിലെത്തി അനുമോദിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു. സമിതി പ്രസിഡന്റ് പി.ആർ.കെ. മോനോൻ സെക്രട്ടറി പി. ശശികുമാർ, വിശ്വഭരൻ, മോഹനൻ, സി.ഡി. ദിലീപ്കുമാർ പങ്കെടുത്തു.





അടിയന്തരാവസ്ഥയുടെ 44-ാം വാർഷികത്തിന്റെ കറുത്ത ദിനങ്ങൾ ഓർമപ്പെടുത്തി ജനാധിപത്യ സംരക്ഷണ വേദിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ടൗൺ ഹാളിൽ തീജ്വാല തെളിയിച്ചപ്പോൾ

## അടിയന്തരാവസ്ഥയുടെ വാർഷികത്തിൽ 'അണയാത്ത തീജ്വാല'

**കൊച്ചി:** അടിയന്തരാവസ്ഥയുടെ 44-ാം വാർഷികത്തിന്റെ കറുത്ത ദിനങ്ങൾ ഓർമയിൽ ചാർത്തി ജനാധിപത്യ സംരക്ഷണ വേദിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ടൗൺ ഹാളിന് മുന്നിൽ 'അണയാത്ത തീജ്വാല' സംഘടിപ്പിച്ചു. സംരക്ഷണ വേദി പ്രവർത്തകരും അടിയന്തരാവസ്ഥയിൽ പീഡിപ്പിക്കപ്പെട്ടവരായ ടി. സതീശൻ, സി.എസ്. മുരളീധരൻ, പി.ആർ.കെ. മേനോൻ, കെ.പി. ഷാജി, എൽ. രാമചന്ദ്രൻ , എം.എ. കൃഷ്ണ കുമാർ, ക്യാപ്റ്റൻ സുന്ദരം എന്നിവർ ചേർന്ന് തീജ്വാല തെളിയിച്ചു. തുടർന്ന് നഗര പ്രദിക്ഷണവും നടന്നു. സി.ജി. രാജഗോപാൽ, കെ.ജി. ബാലഗോപാൽ, കെ. വിശ്വനാഥൻ, മധുകുമാർ കൊല്ലൊത്ത്, സയിലേഷ് പൈ, വി.പി സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. ഇന്ന് വൈകീട്ട് 6ന് എറണാകുളം ടൗൺഹാളിലെ പച്ചാളം വിജയൻ ചേട്ടൻ നഗറിൽ നടക്കുന്ന ചടങ്ങിൽ സമര സേനാനികളെ ആദരിക്കും. തുടർന്ന് ജനാധിപത്യ സംരക്ഷണ കുടുംബസംഗമം, പുസ്തക പ്രകാശനം എന്നീ ചടങ്ങുകൾ നടക്കും.

# കൊച്ചി കായലിൽ അപകടച്ചൂണ്ടയേറ്



**പള്ളുരുത്തി:** കൊച്ചിയിലെ പാലങ്ങളിൽ നിന്നുള്ള ചൂണ്ടയിടൽ അപകടക്കെണിയൊരുക്കുന്നു. പാലത്തിനു കീഴിൽ ചെറുവള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവരാണ് പലപ്പോഴും അപകടത്തിന് ഇരയാകുന്നത്. കഴിഞ്ഞ ദിവസം കുമ്പളങ്ങി-പെരുമ്പടപ്പ് പാലത്തിന് കീഴിൽ വള്ളത്തിൽ മത്സ്യബന്ധനം നടത്തി തിരികെ പോകുകയായിരുന്ന പെരുമ്പടപ്പ് സ്വദേശിയുടെ കഴുത്തിൽ ചൂണ്ടയുടെ കൊളുത്ത് ഉടക്കിയെങ്കിലും അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു.

വെണ്ടുരുത്തിപ്പാലം, വിക്രാന്ത് പാലം, തോപ്പുംപടി ഹാർബർപാലം, ബിഒടി പാലം, ഇടക്കൊച്ചി അരൂർ പാലം, പഷ്ണിതോട് പാലം, കുമ്പളങ്ങി പാലംതുടങ്ങിയ പാലങ്ങളെല്ലാം അവധി ദിനങ്ങളിൽ ചൂണ്ടയിടലുകാരെകൊണ്ട് നിറയും. വെണ്ടുരുത്തി പാലത്തിലൂടെ ഗതാഗതം ഇല്ലാത്തതിനാൽ ഇവിടെ ചൂണ്ടയിടലുകാരുടെ താവളമായി പാലം മാറി.

### കൊച്ചുവള്ളങ്ങളിലുള്ളത് ചെറുജീവിതങ്ങൾ

വിനോദത്തിനും നേരം കൊല്ലാനുമാണ് ഏറുചൂണ്ടയുപയോഗിച്ച് പാലത്തിനു മുകളിൽ നിന്നും കായലിലേക്ക് ചൂണ്ടക്കൊളുത്തിൽ ഇരകോർത്ത്താഴേക്ക് എറിയുന്നത്. പലപ്പോഴും ഇത് വലിയ അപകടങ്ങൾക്ക് വഴിവെക്കുന്നത് പലരും അറിയുന്നില്ല. ദിനംപ്രതി ചൂണ്ടക്കൊളുത്ത് മത്സ്യത്തൊഴിലാളികളുടെ ദേഹത്ത് ഉടക്കി അപകടങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും പരാതികൾ ഇല്ലാത്തതിനാൽ നടപടികളുമുണ്ടാകുന്നില്ല. ഏറു ചൂണ്ട, പന്ത്രണ്ട് കൊളുത്ത്, ഒറ്റക്കൊളുത്ത്, ആയിരംചൂണ്ട ഇതെല്ലാം വ്യത്യസ്തമായ ചൂണ്ടകളുടെ പേരുകളാണ്. നിരവധി മൂർച്ചയേറിയ കൊളുത്തുകളാൽ നിറഞ്ഞ ചൂണ്ടകൾ ഒറ്റനൂലിലാക്കിയാണ് കായലിലേക്ക് ഇടുന്നത്. പാലങ്ങളുടെ മുകളിൽ നിന്നും എല്ലാച്ചൂണ്ടകളും പരീക്ഷിക്കുകയാണ് ചൂണ്ടയേറുകാർ. നിശബ്ദമായ വിനോദമായതിനാൽ ആർക്കും ഇതേപ്പറ്റി പരാതിയുമില്ല.

### പാലത്തിലെ ചൂണ്ടയിടൽ പോലീസ് നിരോധിച്ചത്

പാലങ്ങളിൽ നിന്നും കായലിലേക്ക് ചൂണ്ടയെറിയുന്നത് കൊച്ചിസിറ്റി പോലീസിന്റെ വിലക്കുണ്ട്. രണ്ടുവർഷം മുൻപ് തോപ്പുംപടി ഹാർബർ പാലത്തിൽ നിന്നും ഏറുചൂണ്ട ചുഴറ്റി എറിയുന്നതിനിടയിൽ ബൈക്കിൽ വരികയായിരുന്ന ദമ്പതിമാരുടെ ദേഹത്തും കഴുത്തിലും ഉടക്കി ഗുരുതര പരിക്കേറ്റിരുന്നു. ഏറെനാൾ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞതിനു ശേഷമാണ് ഇവരുടെ പരിക്ക് ഭേദമായത്. നാട്ടുകാരുടെ പരാതിയിൽ കൊച്ചി സിറ്റി പോലീസ് പാലങ്ങളിൽനിന്നും ചൂണ്ടയിടുന്നത് നിരോധിക്കുകയായിരുന്നു.

### ചൂണ്ടയിടുന്നതിനും നിയമങ്ങൾ ബാധകം

ഏതു തരത്തിലുള്ള മത്സ്യബന്ധന രീതിക്ക് എന്നപോലെ കായലിൽ ചൂണ്ടയിടുന്നതിനും ഫിഷറീസ് വകുപ്പിന്റെ വ്യവസ്ഥകളും നിയമങ്ങളുമുണ്ട്.കരയിലെ കൽക്കെട്ടിനു സമീപം നിന്ന് നിശ്ചിത പരിധിയിൽ നിന്നു മാത്രമെ ചൂണ്ടയിടാൻ നിയമം അനുവധിക്കുന്നുള്ളൂ. അല്ലാത്ത എല്ലാ മത്സ്യ ബന്ധന മാർഗ്ഗങ്ങളും നിയമവിരുദ്ധമാണ്.

## പെരുമ്പടപ്പ് പാലത്തിൽ ചൂണ്ടയിടുന്നവരെ പോലീസ് വിലക്കി

**കുമ്പളങ്ങി:** പെരുമ്പടപ്പ് പാലത്തിൽ നിന്നും ചൂണ്ടയിടുന്നവരെ പോലീസെത്തി താക്കീത് നൽകി വിട്ടയച്ചു. ചൊവ്വാഴ്ച രാവിലെയാണ് പാലത്തിൽ ചൂണ്ടയിടുന്നവരെ പോലീസെത്തി പിൻതിരിപ്പിച്ചത്. കഴിഞ്ഞ ദിവസം ചൂണ്ട ദേഹത്ത് കുടുങ്ങി മത്സ്യത്തൊഴിലാളി അത്ഭുതകരമായി രക്ഷപ്പെട്ടിരുന്നു. ഇത് വ്യാപക പരാതിക്കിടയാക്കിയിരുന്നു.

## നാവിക വിമാനത്താവളം തുറന്ന് കൊടുക്കണമെന്ന്

**മട്ടാഞ്ചേരി:** കൊച്ചി അന്താരാഷ്ട്രവിമാനത്താവളം അടച്ചിടുന്ന വേളയിൽ വിമാന സർവീസുകൾക്കായി നാവിക വിമാനത്താവളം തുറന്ന് നല്കണമെന്ന് പ്രൊഫ.കെ.വി.തോമസ് ആവശ്യപ്പെട്ടു.

അറ്റകുറ്റപണികൾക്കായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം നവംബർ 20 മുതൽ 2020 മാർച്ച് 20 വരെ രാവിലെ 10 മുതൽ വൈകിട്ട് വരെ അടച്ചിടാൻ തീരുമാനിച്ചിരിക്കുകയാണ്.

കൊച്ചിയിൽ നിന്ന് സർവീസ് നടത്തുന്ന ആഭ്യന്തര വിമാന സർവീസുകളെ ഇത് രൂക്ഷമായി ബാധിക്കും.

പ്രളയകാലത്ത് കൊച്ചിയിലെ നാവിക വിമാനത്താവളം പ്രവർത്തനസജ്ജമാക്കിയ വിധത്തിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തണമെന്ന് മുൻ എം.പി. പ്രൊഫ.കെ.വി. തോമസ് കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രി രാജ്നാഥ് സിങ്ങ്, വ്യോമയാന വകുപ്പ് മന്ത്രി ഹർദ്ദീപ് എസ് പുരി, സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവർക്കയച്ച കത്തിൽ ആവശ്യപ്പെട്ടു.

## അധ്യാപകരുടെ ശമ്പള കുടിശിക തടഞ്ഞ ഉത്തരവ് റദ്ദാക്കി

**പറവൂർ:** അധ്യാപകരുടെ ശമ്പള കുടിശികയടക്കമുള്ള ആനുകൂല്യങ്ങൾ തടഞ്ഞ വൈപ്പിൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സീനിയർ സൂപ്രണ്ടിന്റെ ഉത്തരവ് റദ്ദാക്കി. ദേശീയ ജനസംഖ്യാ കണക്കെടുപ്പ് (എൻപിആർ) ഡ്യൂട്ടിക്ക് കിട്ടിയ സറണ്ടർ തുക തിരിച്ചടക്കാതെ കുടിശിക നൽകില്ലെന്ന സീനിയർ സൂപ്രണ്ടിന്റെ ഉത്തരവ് മേഖലയിലെ അദ്ധ്യാപകർക്കിടയിൽ ആശങ്ക പടർത്തിയിരുന്നു. നേരത്തെ ഉണ്ടായിരുന്ന എഇഒയും നിലവിലെ എഇഒയും അറിയാതെയായിരുന്നു സീനിയർ സൂപ്രണ്ട് ഉത്തരവ് ഇറക്കിയതെന്നാണ് അദ്ധ്യാപകരുടെ ആരോപണം. സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകരെയും ബാധിക്കുന്ന സറണ്ടർ തിരിച്ചടവ് കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് പോലും ഇതുവരെ ഉത്തരവ് ഒന്നും ഇറക്കിയിട്ടില്ല.

കഴിഞ്ഞ 18ന് ശമ്പള കുടിശിക തടഞ്ഞു വൈപ്പിനിൽ അധ്യാപകർക്ക് പ്രതിഷേധം എന്ന തലക്കെട്ടിൽ 'ജന്മഭൂമി' നൽകിയ വാർത്ത വ്യാപക പ്രതിഷേധത്തിന് ഇടനൽകിയിരുന്നു. ഈ സമ്മർദ്ദത്തിന്റെ ഫലമാണ് വിദ്യാഭ്യാസ വകുപ്പ് അധികൃതരെ തെറ്റായ ഉത്തരവ് റദ്ദാക്കാൻ പ്രേരിപ്പിക്കാൻ ഇടയാക്കിയത്.

## കുന്നത്തുനാട് നിലംനികത്തൽ: ഹർജി മാറ്റിവെച്ചു

**കൊച്ചി**: കുന്നത്തുനാട് വില്ലേജിലെ 5.5 ഹെക്ടർ നിലം നികത്താൻ അനുമതി നൽകികൊണ്ടുള്ള ഉത്തരവ് സർക്കാർ മരവിപ്പിച്ചതിനെതിരെ ഭൂവുടമകളായ സ്പീക്സ് പ്രോപ്പർട്ടീസ് നൽകിയ ഹർജി സമാന വിഷയത്തിലുള്ള പൊതുതാല്പര്യ ഹർജിക്കൊപ്പം പരിഗണിക്കാൻ മാറ്റി. പൊതുപ്രവർത്തകനായ സി.ആർ. നീലകണ്ഠനാണ് നിലം നികത്താനുള്ള ഉത്തരവിനെതിരെ പൊതുതാല്പര്യ ഹർജി നൽകിയത്.

സ്പീക്സ് പ്രോപ്പർട്ടീസിന് നിലം നികത്താൻ ലാൻഡ് റവന്യു കമ്മിഷണർ 2006ൽ അനുമതി നൽകിയെങ്കിലും നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കിയശേഷമാണ് കമ്പനി നിലം നികത്താൻ തുടങ്ങിയത്. ഇതിനെതിരെ എറണാകുളം ജില്ലാ കളക്ടർ നൽകിയ ഉത്തരവ് റദ്ദാക്കിയാണ് റവന്യു അഡി. ചീഫ് സെക്രട്ടറി ജനുവരി 31ന് നിലം നികത്താൻ അനുമതി നൽകിയത്. ഇതു വിവാദമായതോടെ സർക്കാർ ഉത്തരവ് മരവിപ്പിച്ചു. ഇതിനെ ചോദ്യം ചെയ്താണ് കമ്പനി ഹർജി നൽകിയത്.

## വീട്ടമ്മയുടെ ശരീരത്തിൽ തിളച്ചവെള്ളം ഒഴിച്ചു ഭർത്താവിനെതിരെ കേസ്

**കളമശേരി:** ഏലൂരിൽ വീട്ടമ്മയുടെ ശരീരത്തിൽ ഭർത്താവ് തിളച്ച വെള്ളം ഒഴിച്ചു. കഴുത്തിന് താഴേയ്ക്ക് പൊള്ളലേറ്റ വീട്ടമ്മയും കൈയ്ക്ക് പൊള്ളലേറ്റ ഭർത്താവും ഏലൂരിലെ സ്വകാര്യാശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ രാത്രി 11.30 ഓടെയാണ് സംഭവം. ചെല്ലാനം പച്ചാക്കൽ വീട്ടിൽ ബാസ്റ്റിൻ ഭാര്യ മേരി ഡെക്കറോപ്പി(29)നാണ് പൊള്ളലേറ്റത്. ഇൻഡക്ഷൻ കുക്കറിൽ വെള്ളം തിളപ്പിച്ച് കൊണ്ടിരിക്കേ ഭർത്താവ് എടുത്ത് ഒഴിക്കുകയായിരുന്നു. ഭർത്താവിനെതിരെ ഏലൂർ പോലീസ് കേസെടുത്തിട്ടുണ്ട്. വീട്ടമ്മയ്ക്ക് 50 ശതമാനം പൊള്ളലേറ്റിട്ടുണ്ട്. വീട്ടമ്മ തീവ്രപരിചരണ വിഭാഗത്തിലാണ്.

ഏലൂർ ഫാക്ട് ക്വാർട്ടേഴ്സ് നമ്പർ 16 ൽ ഇരുവരും വാടകയ്ക്ക് താമസിക്കുകയാണ്. ഇന്റീരിയർ ഡെക്കറേഷൻ രംഗത്ത് ജോലി ചെയ്യുന്ന ബാസ്റ്റിൻ ഭാര്യയുമായി തർക്കിക്കുന്നതിനിടെയാണ് വെള്ളമൊഴിച്ചത്. സംശയ രോഗമാണ് കാരണമെന്ന് സൂചനയുണ്ട്. ഏഴും നാലും വയസ്സുള്ള രണ്ട് കുട്ടികളുണ്ട്.



രേവതി ടീച്ചറുടെ മൃതദേഹം സ്കൂളിൽ പൊതുദർശനത്തിന് വച്ചപ്പോൾ

## രേവതി ടീച്ചർക്ക് വിട

**മൂവാറ്റുപുഴ:** കാർ തട്ടി ചികിത്സക്കിടയിൽ മരിച്ച അധ്യാപികയ്ക്ക് സ്കൂൾ അങ്കണത്തിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും കണ്ണീരിൽ കുതിർന്ന യാത്രാമൊഴി. കടാതി വിവേകാനന്ദ വിദ്യാലയത്തിലെ അധ്യാപികയും തൊടുപുഴ അരീക്കുഴ പുതുപരിയാരം പാലക്കാട്ട് പുത്തൻപുരയിൽ ദീപുരാജന്റെ ഭാര്യയുമായ രേവതി (26)യാണ് തിങ്കളാഴ്ച രാത്രിയോടെ മരിച്ചത്.

ഇന്നലെ രാവിലെ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ പോസ്റ്റ്മോർട്ടത്തിന് ശേഷം വൈകിട്ട് നാലോടെ ബന്ധുക്കളും സ്കൂൾ അധികൃതരും ചേർന്ന് മൃതദേഹം ഏറ്റുവാങ്ങി. സ്കൂൾ അങ്കണത്തിലെത്തിച്ച മൃതദേഹത്തിൽ സ്കൂൾ സമിതി പ്രസിഡന്റ് എൻ. അജിത്ത് പട്ട് പുതപ്പിച്ചു.

എൽദോ എബ്രഹാം എംഎൽഎ, വിദ്യാനികേതൻ സംസ്ഥാന സെക്രട്ടറിമാരായ ആർ. വിജയകുമാർ, എ.ജി. രാധാകൃഷ്ണൻ, കമ്മറ്റിയംഗം റെജി വെള്ളൂർ, ജില്ലാ സെക്രട്ടറി എം.എ. അയ്യപ്പൻമാസ്റ്റർ, സ്കൂൾ സമിതി പ്രസിഡന്റ് കെ.കെ. ദിലീപ്കുമാർ, ബിജെപി ജില്ലാ വൈസ്പ്രസിഡന്റ് വി.എൻ. വിജയൻ, മണ്ഡലം പ്രസിഡന്റ് എ.എസ്. വിജുമോൻ, മുനിസിപ്പൽ സമിതി പ്രസിഡന്റ് ടി.കെ. രാജൻ, മുനിസിപ്പൽ ചെയർപേഴ്സൺ ഉഷ ശശിധരൻ, ഡിഇഒ പത്മകുമാർ, സൂപ്രണ്ട് ഉല്ലാസ്, കൗൺസിലർമാരായ മേരി ജോർജ്ജ്, അഡ്വ. പി. പ്രേംചന്ദ്, ബിന്ദു സുരേഷ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ രാജി ദിലീപ്, എൻഎസ്എസ് യൂണിയൻ പ്രസിഡന്റ് ആർ. ശ്യാംദാസ് തുടങ്ങിവർ അന്ത്യോപചാരമർപ്പിച്ചു. അരീക്കുഴയിലെ വീട്ടിൽ സംസ്കാരം നടത്തി.

## ഫ്ളക്സ് ബോർഡ് സ്ഥാപിച്ചവർക്കെതിരെ നടപടി വേണമെന്ന്

**കൊച്ചി:** തൃശ്ശൂർ കേരളവർമ്മ കോളേജിൽ ശബരിമല അയ്യപ്പസ്വാമിയെ മോശമായി അവഹേളിച്ച് ഫ്ളക്സ് ബോർഡ് സ്ഥാപിച്ചവർക്കെതിരെ കേസെടുത്ത് നടപടി സ്വീകരിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രചാർ പ്രമുഖ് എൻ.ആർ. സുധാകരൻ ആവശ്യപ്പെട്ടു.

എസ്എഫ്ഐ നടത്തി കൊണ്ടിരിക്കുന്ന മതസ്പർദ്ധ ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ അധികൃതർ തയ്യാറാകാത്തതാണ് വീണ്ടും ഇത്തരം ഹീന കൃത്യങ്ങൾ നടത്താൻ എസ്എഫ്ഐ പോലുള്ള സംഘടനകളെ പ്രേരിപ്പിക്കുന്നതെന്നും കേരളവർമ്മ കോളേജ് ഭീകരവാദ സംഘടനകളുടെയും ഹൈന്ദവ വിശ്വാസങ്ങളേയും തകർക്കുന്ന കേന്ദ്രമായി മാറിയിരിക്കുന്നുവെന്നും സുധാകരൻ കുറ്റപ്പെടുത്തി.

## വിവാഹ അഭ്യർത്ഥന നിരസിച്ച യുവതിക്കെതിരെ അതിക്രമം: മധ്യവയസ്കൻ പിടിയിൽ

**കൊച്ചി:** വിവാഹ അഭ്യർഥന നിരസിച്ച യുവതിക്കെതിരെ അതിക്രമം നടത്തിയ മധ്യവയസ്കൻ പിടിയിൽ. തൃപ്പൂണിത്തുറ സ്വദേശി ചന്ദ്രൻ (48) ആണ് എറണാകുളം നോർത്ത് പോലീസിന്റെ പിടിയിലായത്. വിവാഹ അഭ്യർഥന നിരസിച്ചതിനുള്ള വിരോധം മൂലം പച്ചാളം സ്വദേശിയായ യുവതിയെ നടുറോഡിൽ തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിക്കുകയും അപമാനിക്കുകയും ചെയ്ത കേസിലാണ് അറസ്റ്റ്.

കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യം ശേഖരിക്കുന്ന തൊഴിലാളിയാണ് പ്രതി. മൂന്ന് വർഷം മുമ്പ് പ്രതി മാലിന്യം ശേഖരിക്കാൻ വേണ്ടി യുവതിയുടെ വീട്ടിലെത്തി. പിന്നീട് വിവാഹിതനല്ലെന്നും തന്നെ വിവാഹം കഴിക്കണമെന്നും ചന്ദ്രൻ യുവതിയോട് ആവശ്യപ്പെട്ടു. യുവതി വിവാഹ അഭ്യർഥന നിരസിക്കുകയും മാലിന്യം ശേഖരിക്കുന്ന ജോലിക്ക് മറ്റൊരാളെ ചുമതലപ്പെടുത്തുകയും ചെയ്തു. പിന്നീട് ഈ മാസം 21ന് യുവതി ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ പച്ചാളം പാലത്തിനടിയിൽ കാത്തുനിന്ന ചന്ദ്രൻ യുവതിയോട് വിവാഹഭ്യർഥന നടത്തി. യുവതി താൽപര്യമില്ലെന്ന് പറഞ്ഞതോടെ അതിക്രമം നടത്തുകയായിരുന്നു.

സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ എറണാകുളം നോർത്ത് ഇൻസ്പെക്ടർ സിബി ടോമിന്റെ നേതൃത്വത്തിൽ എസ്ഐ. വി.ബി. അനസാണ് അറസ്റ്റ് ചെയ്തത്. പ്രതിയെ റിമാൻഡ് ചെയ്തു.



*തൊട്ടേനേ ഞാൻ...* ഇന്ത്യൻ ക്ലാസിക്കൽ ഡാൻസ് ഫെസ്റ്റിനോടനുബന്ധിച്ച് എറണാകുളം ടൗൺഹാളിൽ തൃപ്പൂണിത്തുറ വനിതാ കഥകളി സംഘം അവതരിപ്പിച്ച 'ഹംസദമയന്തി' ജന്മഭൂമി

## ബോധവത്ക്കരണ ക്ലാസ്സ്

**കാലടി:** ശ്രീമൂലനഗരം പാലേലി റസിഡൻസ് അസോസിയേഷനും ആലുവ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനും സംയുക്തമായി അസോസിയേഷൻ കുടുബാംഗങ്ങൾക്ക് വേണ്ടി ഫയർ ആൻഡ് റസ്ക്യൂവിനെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം ഡോ.കെ.പി. നാരായണൻ അധ്യക്ഷനായി. ആലുവ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ ഓഫീസർ കെ.വി അശോകൻ ഉദ്ഘാടനം ചെയ്തു. തൃക്കാക്കര സ്റ്റേഷൻ സീനിയർ ഫയർമാൻ എസ്. ഹരികുമാർ ക്ലാസ്സിനു നേതൃത്വം നൽകി.

**പ്ലസ്ടു 6 മാസം കൊണ്ട് കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകാരം**

മഹാരാജാസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ മാനേജ്മെന്റിലുള്ള എറണാകുളം MIIT കോളേജിൽ നാഷണൽ ഓപ്പൺ സ്കൂളിന്റെ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. റെഗുലർ, സൺഡേ, പോസ്റ്റൽ ക്ലാസ്സുകൾ. പ്രിൻസിപ്പാൾ: ഡോ. ഗോപാലകൃഷ്ണൻ നായർ MA., Ph.D. 7356481219, 0484-2382502

**ജന്മഭൂമി**

എഡിറ്റോറിയൽ
0484 2539818
desk@janmabhumidaily.com

കൊച്ചി ബ്യൂറോ
0484 2539819
kochi@janmabhumidaily.com
( വാർത്തകൾ അയയ്ക്കുമ്പോൾ ഫോൺ നമ്പറും വിലാസവും ചേർക്കണം)

മൂവാറ്റുപുഴ ബ്യൂറോ
0485 2810005
mvpa@janmabhumidaily.com
( വാർത്തകൾ അയയ്ക്കുമ്പോൾ ഫോൺ നമ്പറും വിലാസവും ചേർക്കണം)

പരസ്യം
0484 2539820
advtchn@janmabhumidaily.com

സർക്കുലേഷൻ
0484 2539820
circulationchn@janmabhumidaily.com

**അറിയിപ്പ്**

KL-07-AW-3198 രജിസ്ട്രേഷൻ നമ്പറിലുള്ള ബജാജ് പൾസർ ബൈക്കിന്റെ ആർ സി ബുക്ക് ആനവാതിൽ ജംഗ്ഷനിൽ നിന്ന് ചുള്ളിക്കൽ വരെയുള്ള ബസ്സ് യാത്രയിൽ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ താൽപര്യപ്പെടുന്നു. 7 ദിവസത്തിനകം കണ്ടുകിട്ടാത്തപക്ഷം ഡ്യൂപ്ലിക്കേറ്റ് ആർ സി ബുക്കിന് അപേക്ഷിക്കുന്നതാണ്.
എന്ന്
വേണുഗോപാൽ.ബി
VI / 297 ആനവാതിൽ,
മട്ടാഞ്ചേരി, കേരള 682002,
ഫോൺ: 9495180811

**അറിയിപ്പ്**

1979 വർഷത്തെ 342742 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.
എന്ന്
രാജൻ. കെ.പി
കിഴക്കുംതല വീട്
ഒക്കൽ.പി.ഒ, ചേലാമറ്റം.

**LOST**

Notice is hereby given that the following 80 shares of NESTLE INDIA LTD. were misplaced or lost and not traceable standing in the name of JEEVRAJ M JAIN vide certificate no 96060-61 with distinctive numbers 4591314-393 - 80 shares. In case anybody found the same, kindly handover to the undersigned within 15 days
Company NESTLE INDIA LTD.
Folio No. 11745
Mrs. Vasanti Jain
Soupamika apartments
Flat No. D 10
T D Road
Ernakulam, Cochin-682035

**LOST**

Notice is hereby given that the following 100 shares of NESTLE INDIA LTD. were misplaced or lost and not traceable standing in the name of VASANTI JAIN vide certificate no 424205-6 with distinctive numbers 46834265-364 - 100 shares. In case anybody found the same, kindly handover to the undersigned within 15 days.
Company NESTLE INDIA LTD.
Folio No. 250963
Mrs. Vasanti Jain
Soupamika apartments
Flat No. D 10
T D Road Ernakulam, Cochin-682035

ഇന്ന്
ഗ്രീഷ്മ ഋതു
ആഷാഢമാസ നവമി
മിഥുനം-11 രേവതി
രാഹു (12.00-1.30)
ഗുളി (10.30-12.00)
ഉദയം: 6.10
അസ്തമയം: 6.50

നാളെ
ഗ്രീഷ്മ ഋതു
ആഷാഢമാസ ദശമി
മിഥുനം-12 രേവതി
രാഹു (1.30-3.00)
ഗുളി (10.30-12.00)
ഉദയം: 6.10
അസ്തമയം: 6.50



# മനസ്സ് ആത്മാവിൽ ലയിക്കുന്ന സമാധി



## ഹഠയോഗ പ്രദീപിക

വ്യാഖ്യാനം :
കൈതപ്രം വാസുദേവൻ നമ്പൂതിരി

**സലിലേ സൈന്ധവം യദ്വത്**
**സാമ്യം ഭജതി യോഗത:**
**തഥാത്മ മനസോരൈക്യം**
**സമാധിരഭിധീയതേ 4 5**

വെള്ളത്തിൽ ഉപ്പ് അലിഞ്ഞൊന്നാകുന്നതു ( യോഗം ചെയ്യുന്നതു) പോലെ മനസ്സ് ആത്മാവിൽ ലയിക്കുന്നതാണ് സമാധി.

ഉപ്പ്, സിന്ധു ദേശത്തു നിന്നുണ്ടായതാണത്രെ. അതുകൊണ്ട് സൈന്ധവം. സിന്ധു സമുദ്രത്തിൽ നിന്ന് എന്നുമാവാം.

**യദാ സംക്ഷീയതേ പ്രാണോ**
**മാനസം ച പ്രലീയതേ**
**തദാ സമരസത്വം ച**
**സമാധിരഭിധീയതേ 4 6**

പ്രാണൻ ക്ഷീണിക്കുകയും മനസ്സു ലയിക്കുകയും സമരസതയുണ്ടാകുകയും ചെയ്യുമ്പോൾ അതിന് സമാധിയെന്നു പറയുന്നു.

ഇവിടെ പ്രാണന്റെ ക്ഷീണമെന്നത് നിഷേധാർഥത്തിലല്ല. പ്രാണജയം വന്ന യോഗികൾ കുംഭകം ചെയ്യുമ്പോൾ ചിത്തവൃത്തികൾ നിരോധിക്കപ്പെടും. പ്രാണന്റെ പ്രവർത്തനം കുറയും. അപ്പോൾ ക്ഷീണപ്രാണനെന്നു പറയും. ഇവിടെ സംക്ഷീയതേ, വേണ്ടവണ്ണം ക്ഷീണിച്ചത് എന്നാണ് പറഞ്ഞത്.

മനസ്സ് ആത്മാകാരം പ്രാപിക്കുന്നതാണ് ലയം. അപ്പോൾ അവ രണ്ടും ഒരേ ആകാരമാവും. ചെമ്പരത്തിപ്പൂവിന്റെ ഉള്ളിൽ ഒരു സ്ഫടികക്കട്ട വെച്ചാൽ അത് ചെമ്പരത്തിപ്പൂവിന്റെ ആകാരമാവുന്നതു പോലെ. ഇവിടെ സ്ഫടികം ( മനസ്സ്) ശുദ്ധമായി (വൃത്തിരഹിതമായി) ഇരിക്കണമെന്നത് സ്പഷ്ടമാണ്. ആത്മാകാരം നേടാൻ യോഗ്യത നേടിയ മനസ്സായിരിക്കണം

ഇതു തന്നെ പാതഞ്ജലയോഗസൂത്രത്തിൽ വരുന്നുണ്ട്. ' ക്ഷീണവൃത്തേരഭിജാതസ്യേവ മണേർ ഗ്രഹീതൃ ഗ്രഹണ ഗ്രാഹ്യേഷു തത്സ്ഥ തദഞ്ജനതാ സമാപത്തി: ' ( 141) ഇതിലെ മണി സ്ഫടിക മണി തന്നെ.

ച എന്ന അവ്യയം സമരസത്വത്തിലുള്ള സ്ഥിരതയെ കാണിക്കുന്നു. സ്ഥിരമല്ലാത്ത ആത്മഭാവം സമാധി തരില്ല.

ഇക്കഴിഞ്ഞ രണ്ടു ശ്ലോകങ്ങൾ സമ്പ്രജ്ഞാത സമാധിയെയാണ് മനസ്സിലാക്കിത്തന്നത്. സംപ്രജ്ഞാതമെന്നാൽ ഇതുകൊണ്ട് സ്വരൂപത്തെ നന്നായി (സം) സ്പഷ്ടമായി ( പ്ര) അനുഭവപ്പെടുത്തുന്നത് (ജ്ഞായതേ) എന്നർഥം. സംപ്രജ്ഞാത സമാധി എന്നാൽ


സാലംബന സമാധി എന്നും സബീജ സമാധി എന്നും അറിയപ്പെടും.

മനസ്സ് 24 തത്വങ്ങളാൽ നിർമിതമാണ്. അവയെ ക്രമത്തിൽ വേർപെടുത്തണം.

പഞ്ചഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ച ജ്ഞാനേന്ദ്രിയങ്ങൾ, പഞ്ച കർമേന്ദ്രിയങ്ങൾ ഇവയെ ഓരോന്നായി വിടർത്തണം. പിന്നെ മനസ്സിനെ ചിത്തത്തിൽ നിന്ന് വിടർത്തണം. ചിത്തത്തെ ബുദ്ധിയിൽ നിന്ന് വിടർത്തണം. ബുദ്ധിയെ അഹങ്കാരത്തിൽ നിന്നും വിടർത്തണം. അത് ശുദ്ധബോധത്തിൽ ലയിക്കണം. വെള്ളത്തിലേക്ക് വെള്ളമൊഴിച്ച പോലെ.

സമാധി അവസ്ഥയിൽ ജീവാത്മപരമാത്മാക്കൾ സമരസപ്പെടും. മനോവ്യാപാരങ്ങൾ പൂർണമായും നിലയ്ക്കും എന്ന് ഹഠ രത്നാവലി ( 42) പറയുന്നു.

വൃത്തികൾ, വാസനകൾ, കാമനകൾ ഇവ മനസ്സിലുണ്ടാവുമ്പോഴാണ് വ്യക്തിയുണ്ടാ വുന്നത്. അവ ശക്തമാവുമ്പോൾ മനസ്സു പുറത്തേക്ക് വലിക്കപ്പെടും. അവ എത്ര കുറയുന്നുവോ,



അത്രയും മനസ്സ് ഏകാഗ്രമാവും. പൂർണമായും ശുദ്ധമായാൽ മേൽ പറഞ്ഞതുപോലെ ആത്മാകാരമാവും.

**തത്സമം ച ദ്വയോരൈക്യം**
**ജീവാത്മ പരമാത്മനോ:**
**പ്രനഷ്ട സർവ സങ്കല്പ:**
**സമാധി: സോ ള ഭിധീയതേ 4 7**

ആ സമരസപ്പെട്ട ജീവാത്മാ പരമാത്മാക്കളുടെ ഐക്യം എല്ലാ സങ്കല്പങ്ങളെയും ഇല്ലാതാക്കും. അതാണ് സമാധി.

ജീവാത്മാ എന്നാൽ അന്തഃകരണമെന്ന ഉപാധിയോടെയുള്ള ചൈതന്യമാണ്. പരമാത്മാ എന്നത് സത്ചിത്ആനന്ദ ലക്ഷണത്തോടു കൂടിയ ദേശകാല വസ്തു വിഭജനമില്ലാത്ത ചൈതന്യമാണ്. ഇവ ചേരുമ്പോൾ ധ്യാനിക്കുന്നവൻ, ധ്യാനം, ധ്യാനിക്കപ്പെടുന്ന വസ്തു എന്നീ സങ്കല്പങ്ങളെല്ലാം ഇല്ലാതാവും. ഇതാണ് യോഗ ശാസ്ത്ര പ്രസിദ്ധമായ നിർബീജ സമാധി.

'തസ്യാപി നിരോധേ സർവ നിരോധാത് നിർബീജ: സമാധി: ' എന്ന് പതഞ്ജലി. സങ്കല്പങ്ങളുടെയും ( തസ്യ അപി) നിരോധമുണ്ടായാൽ സർവ നിരോധമുണ്ടായി നിർബീജ സമാധി കിട്ടും. ബീജം എന്നാൽ മുളച്ചു വരാവുന്ന വിത്ത് ഇവിടെ സംസ്കാരം, വാസന. അവയില്ലാതാവും. എന്നെന്നേക്കുമായി ലയിക്കും.

ഇവിടെ അസമ്പ്രജ്ഞാത സമാധിയാണ് പറഞ്ഞത്. ധ്യാതൃ ധ്യാന ധ്യേയങ്ങളാൽ സംപ്രജ്ഞാതമാവാത്തതിനാൽ ഈ പേര് അന്വർഥമാണ്. അസംപ്രജ്ഞാത സമാധി നിർബീജ സമാധി, നിരാലംബ സമാധി, രാജയോഗം,നിരോധം ഇവയൊക്കെ പര്യായങ്ങളാണ്

**(കൊച്ചി പതഞ്ജലിയോഗ ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ അധ്യക്ഷനാണ് ലേഖകൻ)**

9447077203

# ശക്തിസ്വരൂപമായി ജഗത്ത്



## ബ്രഹ്മസൂത്രം – 106

സ്വാമി അഭയാനന്ദ
ചിന്മയാമിഷൻ, തിരുവനന്തപുരം



ആരംഭണാധികരണത്തിലെ അവസാന രണ്ട് സൂത്രങ്ങളാണ് ഇനി.

**സൂത്രം പടവച്ച**

വസ്ത്രത്തെപ്പോലെയും ജഗത്തിന്റെ കാരണത്തെപ്പറ്റി ഊഹിക്കാം.

ജഗത്ത് ബ്രഹ്മത്തിലിരിക്കുന്നത് നൂലിൽ വസ്ത്രമിരിക്കുന്നത് പോലെയാണ്. നൂലുകൊണ്ടാണ് വസ്ത്രമുണ്ടാക്കുന്നത്. അത് നെയ്യുന്നതിന് മുമ്പ് നൂലായിരിക്കുമ്പോൾ വസ്ത്രത്തെ കാണാനാകില്ല. എങ്കിലും സൂക്ഷ്മ രൂപത്തിൽ അപ്പോഴും വസ്ത്രമുണ്ട്. അത് പ്രകടമായിട്ടില്ല എന്നു മാത്രം. ഇത് പോലെ പ്രകടമാകാത്ത ജഗത്ത് ബ്രഹ്മത്തിലിരിക്കുന്നുണ്ട്.

വസ്ത്രം നിവർത്തിക്കാണിക്കുമ്പോൾ അത് ഇന്ന വസ്ത്രമാണെന്ന് നാം തിരിച്ചറിയുന്നു.എന്നാൽ അത് ചുരുട്ടി മടക്കി എവിടെയെങ്കിലും വച്ചാൽ ഏത് വസ്ത്രമാണ് അതെന്ന് വ്യക്തമായി അറിയാൻ കഴിയില്ല.

നൂല് വസ്ത്രമായിത്തീരുന്നതിന് മുമ്പ് സൂക്ഷ്മരൂപത്തിലും വസ്ത്രമായതിനു ശേഷം വ്യക്തമായും ഇരിക്കുന്നു.

വസ്ത്രം പ്രകടമാകാതെ ഇരിക്കുന്ന കാലത്തോളും നൂലിൽ അഥവാ പരുത്തിയിൽ അപ്രകടമായി ശക്തി രൂപത്തിൽ ലയിച്ചിരിക്കുകയാണ്. പ്രകടമാകുമ്പോൾ മാത്രമാണ് വസ്ത്രം എന്ന് അറിയപ്പെടുന്നത്. രണ്ട് അവസ്ഥയിലും അത് ശക്തിരൂപത്തിലുള്ള സത്ഭാവമാണ് അസത് അല്ല.

സ്വർണ്ണം സ്വർണ്ണാഭരണങ്ങളായതിനു ശേഷവും സ്വർണ്ണം തന്നെയായിരിക്കും.

ജഗത്ത് പ്രകടമാകാത്ത കാലത്തോളം ശക്തിരൂപത്തിൽ ബ്രഹ്മത്തിലുണ്ട്. ഇല്ലായ്മയില്ല.

ജഗത്തായി മാറിയാലും അത് ബ്രഹ്മം തന്നെ.

**സൂത്രം യഥാ ച പ്രാണാദി**

ഏതു പോലെയാണോ പ്രാണൻ മുതലായത് അത് പോലെ ഇവിടെയും കാണാം.

പ്രാണനും സ്ഥൂല ഇന്ദ്രിയങ്ങളും എങ്ങനെയാണോ അതുപോയ ജഗത്ത് കാരണമായ ബ്രഹ്മത്തിൽ ലയിച്ചിരിക്കുന്നു.

മരിക്കുമ്പോൾ പ്രാണൻ മുതലായ വായുക്കളും ഇന്ദ്രിയങ്ങളും ആത്മാവിനോടു കൂടി ഈ ശരീരം വിട്ട് ജീവന്റെ കൂടെ പോകും. അപ്പോൾ പ്രാണനും ഇന്ദ്രിയങ്ങളും ജീവനും ഇല്ലാവുന്നില്ല. പ്രകടമായി കാണുന്നില്ലെന്ന് മാത്രം. ഇവ പിന്നീട് മറ്റൊരു ശരീരത്തിലൂടെ പ്രകടമാകുമ്പോൾ വീണ്ടും ഉള്ളതായി തോന്നും. പ്രകടമായി കാണാത്ത സമയത്ത് ഇല്ലാതാവുന്നുമില്ല.

ജഗത്ത് ഇതേപോലെ ബ്രഹ്മത്തിൽ ശക്തിസ്വരൂപത്തിൽ ലയിച്ചിരിക്കുന്നു. സൃഷ്ടി സമയത്ത്വീണ്ടും പ്രകടമാകുന്നു. ഈ രണ്ട് തലത്തിലും കാരണം ബ്രഹ്മം തന്നെയാണ്.

ഇതരവ്യപദേശാധികരണം

ഏഴാമത്തെ അധികരണമായ ഇതിൽ മൂന്ന് സൂത്രങ്ങളാണ് ഉള്ളത്.

സൂത്രം ഇതരവ്യപദേശാദ്ധിതാകരണാദിദോഷ പ്രസക്തി:

(ഇതര വ്യപദേശാത് ഹിത കരണാദി ദോഷ പ്രസക്തി:)

ബ്രഹ്മം തന്നെയാണ് ഇതനായ ജീവൻ എന്ന് പറഞ്ഞിട്ടുള്ളതിനാൽ ഹിതം ചെയ്യാതിരിക്കുക മുതലായ ദോഷങ്ങൾ വന്നു ചേരുന്നു.

പൂർവപക്ഷത്തിന്റെ വാദത്തെയാണ് ഈ സൂത്രത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.ഇതിനെ അടുത്ത സൂത്രങ്ങളിൽ നിഷേധിച്ച് സമാധാനം പറയും.

ബ്രഹ്മവും ജീവനും ഒന്നാണെന്ന് ശ്രുതികളിൽ പറയുന്നുണ്ട്. ഇതിനെയാണ് ഹിതകരമല്ലാത്തതായി പൂർവ്വ പക്ഷം ചൂണ്ടിക്കാട്ടുന്നത്.

ഛാന്ദോഗ്യോപനിഷത്തിൽ 'തത്ത്വമസി ശ്വേതകേതോ' ശ്വേതകേതോ നീ അത് തന്നെയാകുന്നു എന്ന് പറഞ്ഞ് ജീവൻ ബ്രഹ്മം തന്നെയെന്ന് ഉപദേശിക്കുന്നു. തൈത്തി രീയത്തിൽ 'തത് സൃഷ്ട്വാ തദേവാനുപ്രാവിശത്' അതിനെ സൃഷ്ടിച്ചിട്ട് അതിൽ അനുപ്രവേശിച്ചു എന്ന് പറഞ്ഞ് ബ്രഹ്മം തന്നെ ജീവനെന്ന് പറയുന്നു. ഛാന്ദോഗ്യത്തിൽ 'അനേന ജീവേ നാത്മനാനുപ്രവിശ്യ നാമരൂപേ വ്യാകരവാണി ' ഈ ജീവാത്മസ്വരൂപത്തിൽ പ്രവേശിച്ച് നാമരൂപങ്ങളെ സ്ഥൂലങ്ങളാക്കിത്തീർക്കുമെന്നും ജീവാത്മാവും പരമാത്മാവും ഒന്നാണെന്നും പറയുന്നു.

ഇങ്ങനെ ജീവനും ബ്രഹ്മവും ഒന്നെന്ന് പറയുമ്പോൾ ജീവന് ചില വിഷമതകളെ കാണുന്നു.

ജീവന് പല ബന്ധനങ്ങളും വന്നു ചേരുന്നുണ്ട്. ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്ന ആത്മാവിന് ഇത്തരം കഷ്ടയുണ്ടാകുന്നതിനാൽ ചേതന ബ്രഹ്മത്തിൽ നിന്നാണ് ജഗത്ത് ഉണ്ടായതെന്ന് പറയാനാവില്ല എന്ന് പൂർവപക്ഷം വാദിക്കുന്നു. മറുപടി തുടർന്നുള്ള രണ്ട് സൂത്രങ്ങളിൽ കാണാം.

9495746977

## കമ്പ രാമായണത്തിൽ നിന്ന്



# യുദ്ധക്കളമായി ലങ്ക

രാവണനുമായുള്ള ദൗത്യം പരാജയപ്പെട്ടതോടെ രാമനും സംഘവും യുദ്ധത്തിനുള്ള തയാറെടുപ്പു തുടങ്ങി. രാമൻ ഓരോരുത്തർക്കുമുള്ള ചുമതലകളും നിർദേശങ്ങളും നൽകി. ' പുറംഗോപുരമോരോന്നിലും പതിനേഴുവള്ളം പടവീതം ഹനുമാൻ, അംഗദൻ, നീലൻ, സുഗ്രീവൻ ഇവരുടെ ഇവരുടെ നേതൃത്വത്തിൽ പ്രതിരോധിക്കുക. ശത്രുക്കളാരും അകത്തേയ്ക്കോ പുറത്തേയ്ക്കോ കടക്കാനിടവരരുത്.

മറ്റു വാനരന്മാരിൽ മുക്കാൽ ഭാഗവും സന്നദ്ധസേനകളായി നിൽക്കട്ടെ. ശേഷിക്കുന്ന വാനരർ ഭക്ഷണമൊരുക്കട്ടെ. ലക്ഷ്മണവിഭീഷണന്മാർ എല്ലായിടത്തും പരിശോധകരായി സഞ്ചരിക്കട്ടെ. എവിടെയെങ്കിലും നമുക്ക് ബലക്ഷയം കണ്ടാൽ ഉടൻ വിവരം ഇവിടെ അറിയിക്കണം. അതിന് പ്രത്യേക ദൂതന്മാരെ കരുതിക്കൊള്ളണം.

രാവണനോ കുംഭകർണനോ മറ്റു പ്രധാനവ്യക്തികളോ യുദ്ധത്തിനെത്തിയാൽ ഉടനടി ഞാനവിടെ എത്തിക്കൊള്ളാം. വിഭീഷണൻ ഒരിക്കലും ശത്രുക്കൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെടരുത്. സൂചനകളും നിർദേശങ്ങളും നൽകിക്കൊണ്ട് ലക്ഷ്മണനൊപ്പം സഞ്ചരിച്ചാൽ മതി. യുദ്ധനിയമങ്ങളിൽ നിന്ന് ആരും വ്യതിചലിക്കരുത്. നിയമലംഘനം മഹാപരാധമാണ്. അതിൽ നിന്ന് വ്യതിചലിക്കരുത്. ' രാമൻ പറഞ്ഞു.

പുറംകോട്ട വാതിലുകൾ നാലും പ്രതിരോധിച്ചിട്ടും ശത്രുക്കളാരും വന്നില്ല. പിറ്റേന്നാൾ മുതൽ രാമന്റെ വാക്കുകളനുസരിച്ച് വാനരസേന കോട്ടകളും കിടങ്ങുകളും തകർത്തു തുടങ്ങി. അതോടെ രാവണന് അടങ്ങിയിരിക്കാനാവാത്ത അവസ്ഥയായി. രാവണൻ തന്റെ സൈന്യാധിപന്മാരെയെല്ലാം യുദ്ധമുഖത്തേക്ക് അയച്ചു. അവരിൽ മഹാബാഹു നീലനോടും മഹാപാർശ്വൻ അംഗദനോടും മഹോദരൻ ഹനുമാനോടും മഹാകായൻ സുഗ്രീവനോടും ഏറ്റുമുട്ടി. മറ്റു രാക്ഷസ മർക്കടന്മാരും തമ്മിലിടഞ്ഞതോടെ യുദ്ധം കനത്തു. അന്ന് സന്ധ്യയോടെ സേനാനായകന്മാർ നാലുപേരും മരിച്ചു.

രാക്ഷസസേനയിൽ ഭൂരിഭാഗവും കാലപുരി പൂകി. ശേഷിച്ച രാക്ഷസന്മാർ ജീവനും കൊണ്ടോടി. രണ്ടാം ദിവസമായപ്പോഴേക്കും യുദ്ധത്തിന്റെ മട്ടു മാറി. മൂന്നു കോട്ടവാതിലുകളിലുമായി മൂന്ന് രാക്ഷസ സേനാനായകന്മാർ സർവ സന്നാഹങ്ങളോടും കൂടി യുദ്ധത്തിനെത്തി. പ്രധാനപ്പെട്ട വടക്കേ ഗോപുരവാതിലിൽ രാവണപുത്രനായ അതികായൻ എല്ലാ യുദ്ധസന്നാഹങ്ങളോടും കൂടി പ്രവേശിച്ചു. അതികായൻ സേനയെ ഒഴിഞ്ഞ ഒരിടത്ത് മാറ്റിനിർത്തി. അനന്തരം വിശ്വസ്തനായ ഒരു ദൂതനെ സന്ദേശവുമായി രാമസന്നിധിയിലേക്ക് അയച്ചു. തനിക്ക് ലക്ഷ്മണനോടാണ് യുദ്ധം ചെയ്യേണ്ടതെന്നായിരുന്നു അതികായൻ സന്ദേശത്തിലൂടെ രാമനെ അറിയിച്ചത്.

(തുടരും)

# പുലയുള്ളപ്പോൾ പാലിക്കേണ്ടവ...



പ്രകൃതിയുടെ അനിവാര്യതയാണ് ജനനവും മരണവും. ഒരു വ്യക്തി മരിക്കുമ്പോൾ ബന്ധുക്കളെ ബാധിക്കുന്നതായി കരുതുന്ന അശുദ്ധിയാണ് പുല. ജനനത്തെ തുടർന്നുണ്ടാകുന്ന അശുദ്ധിയെ വാലായ്മയെന്ന് പറയുന്നു.

പുനർലയിപ്പിക്കുന്നതിനെ പുലയെന്നു നിർവചിക്കാം. ശരീരത്തിലെ പത്തുപ്രാണനിൽ ഒമ്പതും മരണവേളയിൽ ദേഹം വിട്ടു പോകുന്നുവെന്നാണ് സങ്കല്പം. എന്നാൽ ധനഞ്ജയൻ എന്ന പ്രാണൻ സാവധാനത്തിലേ ദേഹം വിട്ടു പോകുകയുള്ളൂ. ധനഞ്ജയൻ സർവവ്യാപിയാണ്. ശരീരം ചിതയിലെരിയുമ്പോൾ ധനഞ്ജയൻ പുറത്തു വരുന്നു. ഈ പ്രാണൻ പിതാവിൽ നിന്നും മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ചു തന്നെ ശിശുവിന് ലഭിക്കുന്നു. അതിനാൽ ധനഞ്ജയനെന്ന പ്രാണന് ഒരു വ്യക്തിയുടെ രക്തബന്ധത്തിലുള്ള എല്ലാവരുമായും ബന്ധമുണ്ടാകും. രക്തബന്ധമുള്ള വ്യക്തി മരിച്ചാൽ അതുകൊണ്ടാണ് പുല ആചരിക്കുന്നത്.

മരണം മൂലം ബന്ധുക്കൾക്കുണ്ടാകുന്ന അശുദ്ധി അഥവാ പുല പത്തുദിവസമാണെന്ന് ഗരുഡപുരാണം പറയുന്നു. എന്നാൽ പുലയുടെ കാലാവധി പല സമുദായക്കാർക്കുമിടയിൽ പല കണക്കിലാണ്.

ഒരാൾ മരിച്ചാൽ സപിണ്ഡീകരണം പൂർത്തിയാകാൻ 16 പിണ്ഡങ്ങൾ വെയ്ക്കണം. പത്തു ദിവസം കൊണ്ട് 16 പിണ്ഡങ്ങൾ പൂർത്തീകരിക്കണമെന്ന വിശ്വാസമാണ് ഇതിന് ആധാരം. പിന്നീടത് പതിനാറു ദിവസത്തെ പുലയായി മാറി.

പുലയുള്ളപ്പോൾ നിഷിദ്ധമായ കർമങ്ങൾ പലതുണ്ട്. വ്രതാനുഷ്ഠാനം,പൂജ, ഹോമം, സന്ധ്യാവന്ദനം ഇവയൊന്നും പുലയുള്ളപ്പോൾ പാടില്ല. ആളുകളെ അഭിവാദനം ചെയ്യുന്നതും ആശീർവദിക്കുന്നതും നിഷിദ്ധമാണ്. മത്സ്യമാംസാദികളും മദ്യവും ഉപേക്ഷിക്കണം. ദാനം വാങ്ങുന്നതും കൊടുക്കുന്നതും ദോഷമാണ്. പിതൃക്രിയകൾ ഈറൻ വസ്ത്രം ധരിച്ചു വേണം ചെയ്യാൻ.

**ഉമ**

## വാക്കും പൊരുളും — തിരുക്കുറൾ 92

**അകനമർ ന്തീതലിൻ നന്റേ മുകനമർ-**
**ന്തിൻചൊലൻ ആക പ്പെറിൻ.**

| | | |
|---|---|---|
| അകനമർന്ത് | - | മനസ്സിൽ സന്തോഷം നിറഞ്ഞ് |
| ഈതലിൻ | - | നൽകുന്നതിനേക്കാൾ |
| നന്റേ | - | നല്ലത് |
| മുകനമർന്ത് | - | മുഖത്ത് സന്തോഷം നിറഞ്ഞ് |
| ഇൻചൊലാനാക | - | മധുര സംഭാഷണത്തോടെ |
| പെറിൻ | - | സ്വീകരിച്ചാൽ |

മനസ്സറിഞ്ഞ് എന്തെങ്കിലും കൊടുക്കുന്നത് നല്ലതു തന്നെ. എന്നാൽ സന്തോഷം നിറഞ്ഞ മുഖത്തോടെ മധുരസംഭാഷണത്തോടെ (അവ) സ്വീകരിക്കുന്നത് അതിലും നല്ലത്.

## ശങ്കരം ലോകശങ്കരം — സൗന്ദര്യലഹരി 29

ശ്രീകുമാരമേനോൻ

**കിരീടം വൈരിഞ്ചം പരിഹരഃ പുരഃ കൈടഭിദഃ**
**കഠോരേ കോടീരേ സ്ഖലസി, ജഹി ജംഭാരിമകുടം**
**പ്രനമ്രേഷ്വേതേഷു പ്രസഭമുപായതസ്യ ഭവനം**
**ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവ്വിജയതേ**

വൈരിഞ്ചം കിരീടം പരിഹര - വിരിഞ്ചന്റെ (ബ്രഹ്മാവിന്റെ) കിരീടത്തെ പരിഹരിച്ചാലും

പുരഃ - അഗ്രത്തിങ്കൽ

കൈടഭിദഃ കഠോരേ കോടീരേ സ്ഖലസി - മഹാവിഷ്ണുവിന്റെ കഠിനമായ രത്നമയമായ കിരീടത്തിൽ തട്ടുന്നു.

ജംഭാരി മകുടം ജഹി - ദേവേന്ദ്രന്റെ കിരീടത്തെ ഉപേക്ഷിച്ചാലും

ഏതേഷു പ്രനമ്രേഷു - ഈ ബ്രഹ്മാവിഷ്ണു മഹേന്ദ്രന്മാർ നമിക്കുന്ന സമയത്തിങ്കൽ


പ്രസഭം ഭവനം ഉപയാതസ്യ ഭവസ്യ അഭ്യുത്ഥാനേ - പെട്ടെന്ന് ഭവനത്തിങ്കലേക്കു വന്ന പരമേശ്വരനെക്കണ്ട് എഴുന്നേറ്റപ്പോൾ

തവപരിജനോക്തിഃ വിജയതേ - അവിടുത്തെ പരിജനങ്ങളുടെ വാക്കുകൾ വിജയിക്കുന്നു.

ദേവീ! ബ്രഹ്മദേവന്റെ കിരീടത്തെ പരിഹരിച്ചാലും മഹാവിഷ്ണുവിന്റെ കഠിനമായ രത്നകിരീടത്തിന്റെ അറ്റത്ത് അവിടുത്തെ പാദങ്ങൾ തട്ടുന്നു. ദേവേന്ദ്രന്റെ കിരീടത്തെ ഉപേക്ഷിച്ചാലും. ഇപ്രകാരം ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർ നിന്തിരുവടിയെ നമസ്കരിക്കുമ്പോൾ ഭവനത്തിലേക്കുവന്ന പരമേശ്വരന് അഭിമുഖമായി അവിടുന്ന് എഴുന്നേറ്റപ്പോൾ അവിടുത്തെ സേവക ജനങ്ങളുടെ വാക്കുകൾ വിജയിക്കുന്നു.

8547108794

വന്ധ്യതാ ചികിത്സാരംഗത്ത് വേറിട്ട പാതയിലൂടെ സഞ്ചരിക്കുന്ന
- വൈദ്യരത്നം നിഷികാന്ത് പാടൂർ



പൊന്നൻ പൂശാരി മെമ്മോറിയൽ വന്ധ്യതാ ചികിത്സാലയം,
പാടൂർ പി.ഒ., ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല.
Ph:04922-237255, 9447277070.
Visit : www.miracleofherbs.wordpress.com

# പാലാരിവട്ടം മേൽപ്പാലം അഴിമതി ബിജെപി ധർണ നടത്തി

**കൊച്ചി:** ഇടതു, വലതു മുന്നണികളുടെ അവിശുദ്ധ കൂട്ടുകെട്ടിന്റെ തിക്താനുഭവമാണ് പാലാരിവട്ടം മേൽപ്പാലമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണൻ. ബിജെപി എറണാകുളം ജില്ലാ കമ്മിറ്റി പാലാരിവട്ടം മേൽപ്പാല നിർമ്മാണ അഴിമതിക്കെതിരെ സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊടക്കമ്പി കൊണ്ടു തീർത്ത അവസ്ഥയിലാണ് പാലം. വെറ്റില, പാലാരിവട്ടം പാലങ്ങളുടെ നിർമ്മാണത്തിന്റെ ആവശ്യകതയെന്ത് എന്ന് ചോദിച്ച ഇ. ശ്രീധരനെ പോലും വകവയ്ക്കാതെ തങ്ങളുടെ കീശ വീർപ്പിക്കുകയെന്ന ഉദ്ദേശ്യമാണ് ഈ കറക്കുമുന്നണികൾക്കുള്ളത്. സ്വദേശികളും വിദേശികളുമായ വ്യാപാരികളെ തങ്ങളുടെ ഇംഗിതത്തിനായി പ്രേരിപ്പിച്ച് ഇടതുപക്ഷം കേരളത്തെ തകർക്കുന്നു. തെരഞ്ഞെടുപ്പ് സമയത്ത് സംഘടിത മതങ്ങളുടെ കൂട്ടുപിടിച്ച് അധികാരത്തിലേറിയ ഇക്കൂട്ടർ കേരളത്തിന്റെ വികസന സ്വപ്നങ്ങളെ തകർക്കുന്നു. കേരളത്തെ വ്യവസായ സൗഹാർദ്ദമാക്കുകയെന്ന ലക്ഷ്യത്തോടെ ബിജെപി പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് എൻ.കെ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. നേതാക്കളായ എൻ.പി. ശങ്കരൻകുട്ടി, നെടുമ്പാശ്ശേരി രവി, എം.എൻ. മധു, കെ.എസ്. ഷൈജു, എം.എൻ ഗോപി, നോബിൾമാത്യു, ജിജി ജോസഫ്, പ്രസന്ന വാസുദേവൻ, ചന്ദ്രിക രാജൻ, എസ്. സജി, സി.ജി. രാജഗോപാൽ തുടങ്ങിയവർ സംസാരിച്ചു.



പാലാരിവട്ടം മേൽപ്പാല നിർമ്മാണ അഴിമതിക്കെതിരെ ബിജെപി എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ധർണ സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടണം: ബ്രാഹ്മണ ഫെഡറേഷൻ

**കായംകുളം:** ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് അഖിലേന്ത്യാ ബ്രാഹ്മണ ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ട് പ്രമേയം പാസ്സാക്കി. പ്രതിനിധി സമ്മേളനം ഫെഡറേഷൻ കേരളഘടകം ജനറൽ സെക്രട്ടറി ബിജു എൻ. പൈ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന വൈസ് പ്രസിഡന്റ് ജെ. പ്രദീപ്കുമാർ അധ്യക്ഷനായി. ശ്രീ വിഠള ദേവസ്വം പ്രസിഡന്റ് മുരളി എസ്. പ്രഭു ബ്രാഹ്മണ ഫെഡറേഷൻ പ്രതിഭാ പുരസ്ക്കാരവും അനുമോദനപത്രവും സമുദായത്തിലെ ഉന്നത വിജയം നേടിയ കുട്ടികൾക്ക് നൽകി. കൊങ്കണി സാഹിത്യ അക്കാദമി മെമ്പർ സെക്രട്ടറി ഡോ. അനിതാ ദേവി പഠനോപകരണ വിതരണം ചെയ്തു. കെ. പ്രസാദ് ഷേണായി, പ്രേംചന്ദ് കിണി, കെ.വി. ലതാഭായി, പി.ജി. രാമകൃഷ്ണൻ പോറ്റി, ആർ. സുബ്രഹ്മണ്യൻ പോറ്റി തിരുവനന്തപുരം തുടങ്ങിയവർ സംസാരിച്ചു. വാസുദേവ ശർമ്മ നന്ദി പറഞ്ഞു.

ടിഡി മെഡിക്കൽ കോളേജിൽ ഉദ്യോഗ നിയമനത്തിലും അഡ്മിഷനിലും ബ്രാഹ്മണ സമുദായത്തിന് പ്രാതിനിധ്യം നൽകുക, കായംകുളം ശ്രീ വിഠോബാ സ്കൂൾ, കൊച്ചി ടിഡി സ്കൂളുകൾക്ക് എയ്ഡഡ് പ്ലസ് ടു അനുവദിക്കുക, നെടുമ്പാശ്ശേരി വിമാനത്താവളത്തിന് ശ്രീ ശങ്കരാചാര്യ സ്വാമികളുടെ നാമം നൽകുക തുടങ്ങിയ ആവശ്യങ്ങളും പ്രതിനിധി സമ്മേളനം സർക്കാരിന് മുന്നിൽവച്ചു.

## റിമാൻഡ് തടവുകാരന്റെ മരണം

# എസ്ഐയ്ക്കും പോലീസുകാർക്കും സസ്പെൻഷൻ

**നെടുങ്കണ്ടം:** പീരുമേട് സബ് ജയിലിൽ റിമാൻഡ് തടവുകാരൻ മരിച്ച സംഭവത്തിൽ നെടുങ്കണ്ടം എസ്ഐ ഉൾപ്പടെ നാല് പോലീസുകാർക്ക് സസ്പെൻഷൻ. എസ്എച്ച്ഒ ഉൾപ്പെടെ അഞ്ച് ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സ്ഥലം മാറ്റി.

നെടുങ്കണ്ടം എസ്ഐ കെ.എസ്. സാബു, എഎസ്ഐ സി.ബി. റെജിമോൻ, ഡ്രൈവർമാരായ നിയാസ്, സജിമോൻ ആന്റണി എന്നിവർക്കാണ് സസ്പെൻഷൻ. എസ്എച്ച്ഒ റെജി എം. കുന്നിപ്പറമ്പിൽ, സിവിൽ പോലീസുകാരായ ബിജു ലൂക്കോസ്, ജോഷി, രാജേഷ്, ഗീതു ഗോപിനാഥ് എന്നിവരെ സ്ഥലംമാറ്റി. കൊച്ചി റെയ്ഞ്ച് ഐജി കാളിരാജ് മഹേഷ്കുമാർ സ്റ്റേഷനിലെത്തി നടത്തിയ അന്വേഷണത്തിനു ശേഷമാണ് നടപടി. കേസിന്റെ തുടരന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തു.

തൂക്കുപാലം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഹരിത ഫിനാൻസ് നടത്തിപ്പുകാരൻ വാഗമൺ കോലാഹലമേട് കസ്തൂരിഭവനിൽ രാജ്കുമാറി (49)ന്റെ മരണത്തിലാണ് നടപടി. 21ന് ആണ് ഇദ്ദേഹം മരിച്ചത്. പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

ഈ മാസം 12ന് ആണ് സംഭവം. സ്വയംസഹായ സംഘങ്ങളിൽ നിന്ന് വായ്പ നൽകാമെന്ന് വാഗ്ദാനം ചെയ്ത് പ്രോസസിങ് ഫീസ് ഇനത്തിൽ ഹരിത ഫിനാൻസ് വൻതോതിൽ പണം ഈടാക്കിയിരുന്നു. ഫീസ് അടച്ചിട്ടും വായ്പ ലഭിക്കാതെ വന്നതോടെ സ്ഥാപനത്തിലെത്തി സംഘാംഗങ്ങൾ ബഹളം വച്ചു. തുടർന്ന് നെടുങ്കണ്ടം പോലീസ് സ്ഥാപനം അടപ്പിച്ചു. രാജ്കുമാർ ഉൾപ്പടെ മൂന്നു പേരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.



മരിച്ച രാജ്കുമാർ

### മൂന്നാംമുറ തുടർന്ന് പോലീസ്

രാജ്കുമാറിന് മർദ്ദമേറ്റതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു. രണ്ട്കാൽമുട്ടിനും താഴെ 32 മുറിവുകൾ കണ്ടെത്തി. കാൽവെള്ള തകർന്ന നിലയിലായിരുന്നു. ഇടത് കാലിന്റെയും കാൽവിരലുകളുടെയും അസ്ഥികൾ പൊട്ടി. രണ്ട് കാലുകളുടെയും തുടയിലെ പേശികൾ വിട്ടുമാറിയിരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് റെയ്ഞ്ച് ഐജി കാളിരാജ് മഹേഷ്കുമാറിന്റെ നേതൃത്വത്തിൽ ഇടുക്കി എസ്പി കെ.ബി. വേണുഗോപാൽ, കട്ടപ്പന ഡിവൈഎസ്പി എൻ.സി. രാജ്മോഹൻ, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി പയസ് ജോർജ്ജ് എന്നിവരടങ്ങിയ സംഘം നെടുങ്കണ്ടം സ്റ്റേഷനിലെത്തി പ്രാഥമിക അന്വേഷണം നടത്തിയത്.

കൂടുതൽ അന്വേഷണം നടത്തി നടപടിയെടുക്കുമെന്ന് ഐജി കാളിരാജ് മഹേഷ്കുമാർ പറഞ്ഞു. വണ്ടിപ്പെരിയാർ എസ്എച്ച്ഒ ജയകുമാറിനും കട്ടപ്പന എസ്ഐ കിരണിനും നെടുങ്കണ്ടത്തിന്റെ താൽക്കാലിക ചുമതല നൽകി.

## പി.കെ. ശ്യാമളയ്ക്ക് ക്ലീൻചിറ്റ്

# കേസ് അട്ടിമറിക്കാൻ നീക്കമെന്നാരോപണം

**കണ്ണൂർ:** പ്രവാസി വ്യവസായി ആന്തൂരിലെ സാജൻ പാറയിൽ ആത്മഹത്യ ചെയ്ത സംഭവത്തിൽ നഗരസഭാ ചെയർപേഴ്സൺ പി.കെ. ശ്യാമളയ്ക്ക് ക്ലീൻ ചിറ്റ് നൽകി പ്രത്യേക അന്വേഷണ സംഘം. ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചെന്നും ലൈസൻസ് നൽകാൻ എഞ്ചിനീയർ ശുപാർശ ചെയ്തിട്ടും നഗരസഭാ സെക്രട്ടറി ലൈസൻസ് നൽകിയില്ലെന്നും അന്വേഷണ സംഘം കണ്ടെത്തി. ശ്യാമളയ്ക്കെതിരെ തെളിവുകൾ ലഭിച്ചിട്ടില്ലെന്നാണ് പോലീസ് വ്യക്തമാക്കുന്നത്.

കഴിഞ്ഞ ദിവസം സാജന്റെ വീട്ടിലെത്തിയ അന്വേഷണ സംഘം വീട്ടിൽ വിശദമായ പരിശോധന നടത്തിയിരുന്നു. സാജന്റെ മുറിയിൽ നിന്ന് ഒരു ഡയറി കണ്ടെത്തിയിരുന്നുവെങ്കിലും ഇതിൽ ആത്മഹത്യാകുറിപ്പ് കണ്ടെത്തിട്ടില്ല. പണമുണ്ടായത് കൊണ്ടു മാത്രം കാര്യമില്ലെന്നും ചുറ്റും വികസന വിരോധികളാണെന്നുമാണ് സാജന്റെ ഡയറിക്കുറിപ്പിലുള്ളത്. നോട്ടുപുസ്തകത്തിൽ എഴുതിയ കുറിപ്പുകളിൽ കുറ്റപ്പെടുത്തുന്ന രീതിയിൽ ആരുടേയും പേരുകൾ എടുത്തു പറയുന്നില്ലെങ്കിലും സഹായിച്ചവരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. വികസന വിരോധികളായ ചിലരാണ് നായനാരുടെ നാട്ടിലുള്ള എന്റെ സ്വപ്ന പദ്ധതി തകർത്തതെന്നും കുറിപ്പിലുണ്ട്.

ഇന്നലെ ആന്തൂർ നഗരസഭാ ഓഫീസിൽ എത്തിയ അന്വേഷണ സംഘം നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും വിശദമായ മൊഴി രേഖപ്പെടുത്തിയിരുന്നു. സാജന്റെ ആത്മഹത്യയിൽ നഗരസഭാ അധ്യക്ഷയ്ക്കും ഉദ്യോഗസ്ഥർക്കും എതിരെ ബന്ധുക്കൾ ശക്തമായ ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. സാജന്റെ ഭാര്യ മുഖ്യമന്ത്രിക്കു പരാതിയും നൽകിയിരുന്നു. ശ്യാമള തെറ്റുകാരിയല്ലെന്നും അതിനാൽ ഇവർക്കെതിരെ നടപടിയെടുക്കേണ്ടതില്ലെന്നും പാർട്ടി സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതിന് പിന്നാലെ അന്വേഷണ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സംഭവത്തിൽ ശ്യാമളയ്ക്ക് പങ്കില്ലെന്ന് വരുത്തി തീർക്കാനുള്ള നീക്കത്തിന്റെ ഭാഗമാണ് അന്വേഷണ സംഘത്തിന്റേതായി പുറത്തു വരുന്ന വാർത്തകളെന്ന് ആരോപണമുണ്ട്.

## കണ്ണൂർ ജയിലിൽ വീണ്ടും പരിശോധന: പത്ത് മൊബൈലുകൾ കൂടി പിടിച്ചു

**കണ്ണൂർ:** സെൻട്രൽ ജയിലിൽ വീണ്ടും നടത്തിയ പരിശോധനയിൽ മൊബൈൽഫോണുകളുൾപ്പെടെ പിടിച്ചു. ഇന്നലെ രാത്രിയും പകലുമായി നടത്തിയ പരിശോധനയിൽ പത്ത് മൊബൈൽ ഫോണുകൾ, നാല് പവർ ബാങ്ക്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയാണ് പിടികൂടിയത്.

ജയിൽ സൂപ്രണ്ട് ടി. ബാബുരാജന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. രണ്ട്, അഞ്ച്, ആറ്, ഏഴ് ബ്ലോക്കുകളിൽ നിന്നാണ് ഇവ പിടിച്ചത്.




ഇവിടത്തെ മേൽക്കൂരയിലും മറ്റും ഒളിപ്പിച്ച നിലയിലായിരുന്നു ഫോണുകളും പവർ ബാങ്കുകളും. അഞ്ചെണ്ണം സ്മാർട്ട് ഫോണുകളാണ്.

കഴിഞ്ഞ ശനിയാഴ്ച ജയിൽ മേധാവി ഋഷിരാജ് സിങ്ങിന്റെ നേതൃത്വത്തിലുള്ള പരിശോധയിൽ മൊബൈൽ ഫോണുകളും ആയുധങ്ങളും കഞ്ചാവും പിടിച്ചിരുന്നു. ഞായറാഴ്ചയും ഫോണുകൾ പിടിച്ചെടുത്തിരുന്നു. പരിശോധനയിൽ ജയിലിനകത്ത് സമാന്തര പാചകപ്പുരകളും കണ്ടെത്തി.

ഇതിനു ശേഷം ചിറ്റാരിപ്പറമ്പിലെ ആർഎസ്എസ് പ്രവർത്തകൻ മഹേഷിനെ കൊലപ്പെടുത്തിയ കേസിൽ ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന സിപിഎം ലോക്കൽ സെക്രട്ടറി രഞ്ജിത്ത് ഉൾപ്പടെ നാലു പേരെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് മാറ്റിയിരുന്നു. മൊബൈൽ ഫോണുകൾ കണ്ണൂർ ടൗൺ പോലീസിന് കൈമാറി. കോൾ ലിസ്റ്റുകൾ പരിശോധിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കുമെന്ന് പോലീസ് വ്യക്തമാക്കി.

## അടിയന്തരാവസ്ഥ പോരാട്ടത്തിന്റെ നാളുകൾ


# ആറുമാസം ജയിലിൽ; ആ ഗാന്ധിയിൽനിന്ന് സുധാകരനെ ഗാന്ധിജി രക്ഷിച്ചു

**കാവാലം ശശികുമാർ**

**കൊച്ചി:** അടിയന്തരാവസ്ഥയുടെ നാൽപ്പത്തിനാലാം വർഷം ഇടപ്പള്ളി കുന്നുംപുറത്തെ വീട്ടിലിരുന്ന് എഴുപതാം വയസിലേക്ക് കടക്കുന്ന സുധാകരൻ സമാധാനിക്കുന്നു, ഇന്നും ജീവനോടെയുണ്ട്.

കെ.ബി. സുധാകരനെ, അധികാരം തലയ്ക്കു പിടിച്ച, ഇന്ദിരാ ഗാന്ധിയുടെ അടിയന്തരാവസ്ഥ ഭരണകാലത്ത് മരണമുഖത്തുനിന്ന് രക്ഷിച്ചത് ഗാന്ധിജിയാണ്, മഹാത്മാ ഗാന്ധി. അന്നത്തെ മർദ്ദന മുറകളുടെ പീഡകൾ ഇന്നും ശരീരത്തുണ്ട്, കാക്കിപ്പോലീസിന്റെ കൈക്രിയകളുടെ ശേഷിപ്പുകൾ.

ഇന്ദിരാഗാന്ധിയിൽനിന്ന് സുധാകരനെ ഗാന്ധിജി രക്ഷിച്ച സംഭവം ഇങ്ങനെയാണ്; അത്രയൊന്നും അറിയപ്പെടാത്ത ചരിത്രം. അധികാരത്തിൽനിന്ന് പുറത്താകുമെന്നുറപ്പായപ്പോൾ 1975 ജൂൺ 25ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ജനാധിപത്യം ഇല്ലാതായി. സ്വേച്ഛാധിപത്യവും ഏകാധിപത്യവും. ഭരണഘടനയും ഭരണകൂടവും മുഴുവൻ ഒരാൾക്ക് മുന്നിൽ നടുവളച്ച് നിന്നു. ഇന്ദിരാ ഗാന്ധിയുടേയും പാർട്ടി കിങ്കരന്മാരുടേയും പ്രീതി നേടാൻ പോലീസ് എതിരാളികളെന്ന് തോന്നിയവരെയെല്ലാം മർദ്ദിച്ചു, അറസ്റ്റ് ചെയ്തു, ജയിലിലാക്കി.



കെ.ബി. സുധാകരൻ

അക്കാലത്ത് അടിയന്തരാവസ്ഥയെ ചെറുക്കാൻ ആർഎസ്എസ്സിന്റെ നേതൃത്വത്തിൽ ദേശസ്നേഹ സംഘടനകൾ ഒരുങ്ങി. രഹസ്യമായ യോഗങ്ങളും കൂടിച്ചേരലുകളും നടന്നു. ജനങ്ങൾ എങ്ങനെ പ്രതികരിക്കുമെന്ന് അറിയാൻ പരീക്ഷണാടിസ്ഥാനത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തു. അങ്ങനെ, ആ വർഷം ഗാന്ധി ജയന്തിദിനത്തിൽ ഗാന്ധി ചിത്രവും സൂക്തങ്ങളും പ്രചരിപ്പിക്കാൻ തീരുമാനിച്ചു.

കെ.ബി. സുധാകരന് അന്ന് പെരുമ്പാവൂർ റയോൺസിൽ ജോലി. അവർ ആറ് ചെറുപ്പക്കാർ- വാസു, ചന്ദ്രൻ, സുകുമാരൻ, രാജേന്ദ്രൻ, രാജപ്പൻ (മരിച്ചു) ഗാന്ധിചിത്രവും ഗാന്ധി സൂക്തങ്ങളും സത്യമേവ ജയതേ തുടങ്ങിയ ആപ്ത വാക്യങ്ങളും ആലുവയിലും പെരുമ്പാവൂരിലും മറ്റുമായി പതിച്ചു. ഏപ്രിൽ 17ന് പോലീസ് പിടിച്ചു, കേസെടുത്തു (ക്രൈം 160/1975). "ചത്ത ഗാന്ധിക്ക് ജയ് വിളിക്കാതെ ജീവിച്ചിരിക്കുന്ന ഗാന്ധിക്ക് വിളിക്കടാ" എന്ന് ആക്രോശിക്കുന്ന പോലീസുകാരുമുണ്ടായിരുന്നു. അവൾ സുധാകരനേയും കൂട്ടരേയും പിടിച്ച് ആലുവ ജയിലിലാക്കി. മർദനം, പീഡനം, ആറു മാസം നീണ്ടു. അതിനിടെ സുധാകരനും മറ്റും വേണ്ടി കോടതിയെ സമീപിക്കാൻ അഭിഭാഷകൻ കെ.വി. മാത്യു ധൈര്യം കാട്ടി.

രാജ്യത്ത് പല കോടതികളും ഇന്ദിരയുടെ താളത്തിനു തുള്ളുന്ന കാലമായിരുന്നു അത്. ആലുവയിലെ ഡിവിഷണൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് ജഡ്ജ് പി. തങ്കപ്പൻ, സുധാകരന്റേയും കൂട്ടുകാരുടേയും കുറ്റം എന്താണെന്ന് ചോദിച്ചു. പോലീസിന് പറയാനുണ്ടായിരുന്നത് രണ്ടു കുറ്റം: ഗാന്ധിജിയുടെ ചിത്രം പ്രചരിപ്പിച്ചു, സത്യമേവ ജയതേ എന്ന് എഴുതിയൊട്ടിച്ചു. വ്യത്യസ്തമായി ചിന്തിച്ച കോടതി വിധിച്ചു: ഗാന്ധി ചിത്രം പ്രചരിപ്പിക്കുന്നത് കുറ്റമല്ലെന്ന് വിധിച്ചു, സുധാകരനും കൂട്ടരും മോചിതരായി.

കുന്നുംപുറത്തെ അമ്പാട്ട് ഹൗസിൽ വിശ്രമ ജീവിതത്തിലായ സുധാകരൻ ഓർമിക്കുന്നു, മർദനവും പീഡനവുമേറ്റ് ജയിലിൽ അന്ത്യം എന്നായിരുന്നു ഭയം. സംഘടനയുടെ തീരുമാനമായിരുന്നു, അത് നടപ്പാക്കി. ഇന്നും സംഘടനയോടൊപ്പം, വിവിധ പരിപാടികളിൽ ആവുമ്പോഴൊക്കെ പങ്കെടുക്കുന്നു. ആ സമരത്തിലൊന്നും പങ്കെടുക്കാത്തവർ സ്വാതന്ത്ര്യത്തിന്റേയും അതിനുള്ള സമരത്തിന്റേയും പേരിൽ ഊറ്റംകൊള്ളുന്നതു കാണുമ്പോൾ ഉള്ളിൽ ചിരിക്കുന്നു.

## നിയമസഭാചോദ്യോത്തരം

### പ്രളയ നഷ്ടപരിഹാരം: തീയതി നീട്ടി

**തിരുവനന്തപുരം:** പ്രളയബാധിതർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷകളും പരാതികളും സമർപ്പിക്കുന്നതിനുള്ള സമയം ജൂൺ 30 വരെ നീട്ടിയതായി റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ. ജനുവരി 31 വരെ സമയം നൽകിയാൽ മതിയെന്നായിരുന്നു ഹൈക്കോടതി നിർദ്ദേശം.

എന്നാൽ, സർക്കാർ അത് ഫെബ്രുവരിയിലേക്കും പിന്നീട് ഏപ്രിലിലേക്കും നീട്ടി. നിരവധി പരാതികൾ ഉയർന്ന സാഹചര്യത്തിലാണ് 30 വരെയാക്കിയത്. പ്രളയത്തിൽ വീടുകൾക്ക് കേടുപാട് പറ്റിയതിന് നഷ്ടപരിഹാരം നൽകുന്നത് അഞ്ച് വിഭാഗങ്ങളാക്കിയാണ്. 15%, 16 മുതൽ 29%, 30 മുതൽ 59%, 60 മുതൽ 74%, 75 മുതൽ 100%. സാങ്കേതികവിദഗ്ധർ പരിശോധിച്ച് സർട്ടിഫൈ ചെയ്ത ശേഷമാണ് വീടുകൾക്ക് നഷ്ടപരിഹാരം നിശ്ചയിച്ചതെന്നും മന്ത്രി അറിയിച്ചു.

### ധനസഹായം അഞ്ചു ലക്ഷമാക്കി

**തിരുവനന്തപുരം:** പ്രളയം ബാധിച്ച ചെറുകിട ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പരമാവധി ധനസഹായം അഞ്ചു ലക്ഷം രൂപയായി നിജപ്പെടുത്തിയെന്ന് റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ. ഇവർക്കുള്ള പലിശ ധനസഹായം ബാങ്കുകളിൽ നിന്ന് എട്ടു ശതമാനം ഇളവിൽ പ്രവർത്തന മൂലധനവായ്പയായി ലഭ്യമാക്കും.

സംസ്ഥാനത്തെ 99 ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ധനസ്ഥിതി മെച്ചപ്പെടുമ്പോൾ ഇവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ, പുനഃസംഘടനയ്ക്കായി കമ്മിറ്റികളെയൊന്നും നിയോഗിച്ചിട്ടില്ല. 2011ലെ സെൻസസ് അനുസരിച്ച് വില്ലേജുകളുടെ ശരാശരി ജനസംഖ്യ 20,000 ആണ്. കഴിഞ്ഞ മൂന്നു വർഷത്തിനിടെ 10 പുതിയ വില്ലേജ് കെട്ടിടങ്ങൾ നിർമിച്ചു. ഇതിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചെന്നും മന്ത്രി പറഞ്ഞു.

### ദേവസ്വം പ്രസിഡന്റിന് അതിഥി മന്ദിരം നിർമിക്കാൻ 60 ലക്ഷം രൂപ

**തിരുവനന്തപുരം:** സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ദേവസ്വം ബോർഡ് അതിഥി മന്ദിരം നിർമിക്കാൻ ചെലവിടുന്നത് അരക്കോടയിലധികം രൂപ. പ്രസിഡന്റിനും അംഗങ്ങൾക്കുമായി മൂന്ന് അതിഥി മന്ദിരങ്ങൾ നിർമിക്കുന്നതിന് 59,40,000 രൂപ ചെലവിടുന്നവെന്ന് ഒ. രാജഗോപാൽ എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിയമസഭയിൽ പറഞ്ഞു.

ക്ഷേത്രങ്ങളിൽ കാണിക്കയായി ലഭിച്ച സ്വർണവും വെള്ളിയും കാണാനില്ലെന്ന് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടില്ല. ശബരിമല ദേവസ്വത്തിലെ സ്വർണം, വെള്ളി വകകൾ ആറന്മുള സ്ട്രോങ് റൂമിലാണ് സൂക്ഷിച്ചിട്ടുള്ളത്. പരിശോധിക്കണമെന്ന് ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തത് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ തിരുവാഭരണം കമ്മിഷണറെ ചുമതലപ്പെടുത്തിയെന്നും മന്ത്രി പറഞ്ഞു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള 526 ദേവസ്വങ്ങളിലെ 494 ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായി വി.എസ്. ശിവകുമാറിന്റെ ചോദ്യത്തിന് മന്ത്രി മറുപടി നൽകി. ഭൂസംരക്ഷണ നിയമ പ്രകാരം 44 ഏക്കറോളം ഭൂമിയിലെ കൈയേറ്റം ഒഴിപ്പിച്ചു. ഹൈക്കോടതി നിർദ്ദേശ പ്രകാരം ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കാൻ നടപടി തുടങ്ങിയെന്നും മന്ത്രി പറഞ്ഞു.

### ക്ഷേത്രങ്ങളിൽ ഷർട്ടിട്ട് കയറണമെന്ന് ആവശ്യം

**തിരുവനന്തപുരം:** ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുവാൻ അനുവാദം വേണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനം കിട്ടിയിട്ടുണ്ടെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. മലബാർ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞതിൽ ക്ഷേത്രങ്ങളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുന്നത് അനുവദിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ ഉത്തരവുള്ളതിനാൽ അഭിപ്രായം തേടിയില്ലെന്നും മന്ത്രി പറഞ്ഞു.

### ഖാദർ കമ്മിറ്റി റിപ്പോർട്ട്: പ്രചാരണം അടിസ്ഥാനരഹിതം

**തിരുവനന്തപുരം:** ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകൾ സംയോജിപ്പിക്കുന്നുവെന്ന തരത്തിലുള്ള പ്രചാരണം അടിസ്ഥാനരഹിതമെന്ന് മന്ത്രി സി. രവീന്ദ്രനാഥ്. റിപ്പോർട്ടിന്റെ രണ്ടാം ഭാഗം ഇതുവരെ സമർപ്പിച്ചിട്ടില്ല. ഒന്നാം ഭാഗം കാബിനറ്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്.

ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർ ഹയർ സെക്കൻഡറിയിലും, ഹൈസ്കൂൾ അധ്യാപകർ ഹൈസ്കൂളിലും തുടർന്നും പഠിപ്പിക്കും. അധ്യാപകനിയമന രീതിയിൽ മാറ്റമുണ്ടാകില്ലെന്നും മന്ത്രി പറഞ്ഞു.

സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കുടിക്കുന്നതിന് തിളപ്പിച്ചാറ്റിയ വെള്ളം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി. സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി പുസ്തകം മൂന്ന് ഭാഗങ്ങളായി വിതരണം ചെയ്തു, ചെറിയ നോട്ട്ബുക്കുകൾ ഉപയോഗിക്കുന്നതിന് ബോധവത്കരണം നടത്തി. അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ നേരിടുന്ന തൊഴിൽചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുമായി കേരള പേയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ ബിൽ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

### 101 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റില്ല

**തിരുവനന്തപുരം:** 101 ഹോമിയോ ഡിസ്പെൻസറികൾ ഫാമർസിസ്റ്റ് ഇല്ലാതെ പ്രവർത്തിക്കുന്നെന്ന് മന്ത്രി കെ.കെ. ശൈലജ. ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കും. അർഹമായ ഒഴിവുകൾ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന് മൂന്ന് വർഷത്തിനിടെ 1244 കേസുകൾ രജിസ്റ്റർ ചെയ്തതായും മന്ത്രി അറിയിച്ചു. 451 കേസുകളിലായി 1.29 കോടി രൂപ പിഴ ചുമത്തി.

മർച്ചന്റ് നേവിയിൽ സുവർണ്ണാവസരം
വിദ്യാഭ്യാസ യോഗ്യത: 10 -ാം ക്ലാസ്സ്/ 12 -ാം ക്ലാസ്സ് / ഡിഗ്രി
വയസ്സ് : 17 – 28
ശമ്പളം : 25000 – 40000
emeraldapplication@gmail.com
Ph: 07357275341

വൻ തൊഴിൽ സാധ്യത
B.Sc.ഫോറൻസിക് സയൻസ്
(ഗവ: യൂണിവേഴ്സിറ്റിയിൽ പഠനത്തിന് അവസരം)
വൈദ്യവും നിയമവും സംവദിക്കുന്ന മേഖലയാണ് ഫോറൻസിക് സയൻസ്. ഇന്ത്യയിലാകെ 20 ലക്ഷത്തോളം കേസുകൾ ഫോറൻസിക് വിഭാഗത്തിൽ ജോലിക്കാരുടെ അഭാവംമൂലം തീർപ്പാവാതെ കിടക്കുന്ന സാഹചര്യത്തിലാണ് ഫോറൻസിക് സയൻസ് ബിരുദത്തിന് പ്രതീക്ഷയേറുന്നത്.
തൊഴിൽ മേഖല: Forensic Science Lab, Police Department, Defence, Army, Court, Quality Control Bureau, Narcotics Department, Universities, Hospitals എന്നിവിടങ്ങളിൽ ഉയർന്ന ശമ്പളത്തോടെ സമൂഹത്തിലുന്നത പദവിയുള്ള ജോലി നേടാം.
എല്ലാവിധ ലാബ് സൗകര്യത്തോടും അംഗീകാരത്തോടും കൂടി B.Sc. ഫോറൻസിക് സയൻസ് കോഴ്സ് അഡ്മിഷന് ബന്ധപ്പെടുക. Eligibility: Plus 2 (PCB/PCM)
For Admissions : Aditya Educational Institutions -Regional Office, Kochi-18
70251 77555, 70251 77666, 70251 77999

ജന്മഭൂമി
യതോ ധർമ്മസ്തതോ ജയഃ

# രാജ്യം മറക്കാത്ത ഭീകര ദിനങ്ങൾ

ഇരുണ്ട രണ്ടുവർഷക്കാലത്തെ ഓർമകളിലേയ്ക്കുള്ള തിരിച്ചുപോക്കിന്റെ ദിവസമാണ് ഇന്ത്യയെ സംബന്ധിച്ച് ഇന്ന്. കസേര കൈവിട്ടുപോകാതിരിക്കാൻ ഒരു ഭരണാധികാരി, രാജ്യത്തേയാകെ കൈവിലങ്ങിട്ടുനിർത്തിയ നാളുകളുടെ ഓർമ. അടിയന്തരാവസ്ഥ എന്ന ആ വാക്ക് ഇന്നത്തെ തലമുറയിലെ പലർക്കും കേട്ടുകേൾവി മാത്രമാണെങ്കിലും അതിന്റെ കയ്പുനീർ നേരിട്ടനുഭവിച്ചവരും കണ്ടും കേട്ടറിഞ്ഞവരും ഇന്നും ജീവിച്ചിരിപ്പുണ്ട്. എതിർത്തുനിന്നവർ പലരും ക്രൂരപീഡനങ്ങളേറ്റു ജീവച്ഛവങ്ങളായി. ആ ഇരുളിന്റെ മറവിൽ ജീവിതവും അധികാരവും ആസ്വദിച്ചവരും പലരുണ്ട്. അവരൊക്കെ പിന്നീടും അധികാരത്തിന്റെ ശീതളച്ഛായ ആസ്വദിച്ചു. ആരുടെയോ രക്തത്തിന്, മെയ്യനങ്ങാതെ പങ്കുപറ്റുന്നതുപോലെ. ഇന്ത്യൻ രാഷ്ട്രീയം അന്ന് അങ്ങനെയൊക്കെയായിരുന്നു.

കോടതി വിധിയേത്തുടർന്ന് അധികാരം ഒഴിയേണ്ടിവന്ന ഇന്ദിരാഗാന്ധി എന്ന പ്രധാനമന്ത്രി, അതിനെ മറികടക്കാൻ കണ്ട മാർഗമായിരുന്നു രാജ്യത്തിന്റെ കണ്ണുമൂടിക്കെട്ടിയ അടിയന്തരാവസ്ഥ പ്രഖ്യാപനം. തനിക്കുവഴങ്ങാത്ത രാഷ്ട്രീയപ്രതിയോഗികളെ മുഴുവൻ ജയിലിലടച്ചു. എതിർക്കുന്നവരെ ഒതുക്കാൻ പൊലീസ് സേനയെ സ്വന്തം സ്വാകര്യസേനയെപ്പോലെ ഉപയോഗിച്ചു. മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടി. രാജ്യതാത്പര്യമെന്നാൽ എന്റെ താത്പര്യം എന്ന മട്ടിൽ രാജ്യഭരണം കൈയാളി. ഇന്ദിരയാണ് ഇന്ത്യ എന്ന് അനുചരവൃന്ദം പാടിനടന്നു. അത് ഏറ്റുപാടിക്കൊണ്ട്, അനുസരണയോടെ പല മാധ്യമങ്ങളും വാലാട്ടിനിന്നു. വിപ്ളവപ്പാർട്ടികൾപോലും പേടിച്ചു മാളത്തിലൊളിച്ചു. ഇരുമ്പുമറയ്ക്കപ്പുറം ആരോരുമറിയാതെ അവകാശധ്വംസനങ്ങളും കൊടുംപീഡനങ്ങളും മുറയ്ക്കുനടന്നു. പക്ഷേ, ആ അധികാരമുഷ്കിനും കീഴടക്കാനാവാത്തതായിരുന്നു ഈ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവാഞ്ഛ. രാഷ്ട്രപാരമ്പര്യത്തെ മുറുകെപ്പിടിച്ചു പൊരുതാൻ മുന്നിട്ടിറങ്ങിയത് രാഷ്ട്രീയ സ്വയംസേവക സംഘം എന്ന സന്നദ്ധപ്രസ്ഥാനവും അതിന്റെ പരിവാരങ്ങളും മാത്രം. അവർക്ക് അതൊന്നും പുത്തരിയല്ലായിരുന്നല്ലോ. കിരാതവാഴ്ചയുടെ വികൃതമുഖം ജനങ്ങളിലെത്തിച്ചതും പൊതുസമൂഹത്തിന്റെ വികാരത്തെ ഏകോപിപ്പിച്ചതും അവരായിരുന്നു. രാഷ്ട്രമനസ്സു തൊട്ടറിഞ്ഞവർക്കല്ലേ ആ വേദനയും അറിയാനാവൂ. ആ പോരാട്ടം അനിവാര്യമായ വിജയം കണ്ടപ്പോഴാണ് അതിന്റെ അവകാശവാദവുമായി പലരും മാളത്തിൽനിന്നു പുറത്തിറങ്ങിയത്.

രാജ്യം മറക്കില്ല ആ കാലവും അനുഭവവും. രാഷ്ട്രമനസ്സിൽ കരുവാളിച്ചുകിടക്കുന്ന ആ വേദന, എത്ര തലമുറ മാറിയാലും, ഉണങ്ങാത്ത മുറിവായി അവശേഷിക്കും. അതിന്റെ സജീവമായ തെളിവാണ് അന്നു പൊരുതിപ്പിടിച്ചുനിന്നവരും പൊരുതിവീണവരുടെ പിൻമുറക്കാരും ഇന്നു രാഷ്ട്രത്തിന്റെ ഭാവിനിർണയിക്കുന്നത്. അവർക്കു മുന്നിലേയ്ക്കാണ്, അന്ന് അതിനുമുന്നിൽ വാലാട്ടിയ പലരും ഇന്നത്തെ സർക്കാരിനുനേരേ കിരാതഭരണത്തിന്റെ പേരും പറഞ്ഞു വിരൽ ചൂണ്ടുന്നത്. നൂറുകണക്കിന് പേരെ കൊന്നൊടുക്കിയപ്പോഴും അംഗഹീനരാക്കിയപ്പോഴും ചലിക്കാത്ത നാവുകൾ ഇന്നു ചലിക്കുന്നു. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും മാധ്യമസ്വാതന്ത്ര്യത്തിന്റെയും പേരിൽ ഇന്നുകേൾക്കുന്ന മുറവിളികളും പോർവിളികളുമൊന്നും ഇവരിൽനിന്ന് അന്നു കേട്ടിരുന്നില്ല.

ഇന്നുകാണുന്നത് കിരാതഭരണമല്ല, ജനമനസ്സുതൊട്ട ഭരണമാണ്. ജനസമൂഹത്തിന്റെ മനസ്സറിഞ്ഞുള്ള ഭരണം. ഇന്ത്യൻ രാഷ്ട്രീയ സംസ്കാരം മാറിയിരിക്കുന്നു. തെറ്റിനെ തെറ്റെന്നുപറയാനും കള്ളനെ കള്ളനെന്നു വിളിക്കാനും തടയേണ്ടതിനെ തടയാനും ഭരണകൂടം കാണിക്കുന്ന തന്റേടത്തിനു ജനമനസ്സിന്റെ കരുത്തും അടിത്തറയുമുണ്ട്. വാക്കുകൾകൊണ്ടുള്ള വൃഥാവ്യായാമംകൊണ്ട് അതിനെ തകർക്കാനാവില്ല. പിടിച്ചെടുക്കാനുമാവില്ല. അധികാരക്കുത്തകയുടെ കറുത്ത കൈകൾക്കുമുന്നിൽ താണുവണങ്ങിയ പ്രസ്ഥാനങ്ങൾക്കും നേതാക്കൾക്കും യാഥാർഥ്യം ഈ ഉൾക്കൊള്ളാൻ നാളുകൾ കുറെ വേണ്ടിവന്നെന്നു വരും. ഇനി വരാതിരിക്കട്ടെ ആ ഭീകര ദിനങ്ങൾ.

## കത്തുകൾ

### കൊടും ക്രൂരത

കേരളത്തിലിപ്പോൾ എന്ത് കൊടും ക്രൂരത നടന്നാലും അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമെന്നാണ് മുഖ്യമന്ത്രി മുതൽ കീഴോട്ടുള്ള സർവ്വ മന്ത്രിമാരുടെയും അഭിപ്രായം. ആന്തൂരിൽ പ്രവാസി വ്യവസായി സാജൻ പാറയലിനെ ആത്മഹത്യയിലേക്ക് തള്ളിവിട്ടതും മന്ത്രി എ.സി. മൊയ്തീന്റെ അഭിപ്രായത്തിൽ ഒറ്റപ്പെട്ട സംഭവം മാത്രം. ഏതുകാര്യത്തിലും മുഖ്യമന്ത്രിയുടെ പ്രതികരണവും ഇതുതന്നെ. എന്തു തന്നെയായാലും കുടുംബത്തിനുണ്ടായ നഷ്ടം നികത്താനാകുമോ.

**എം. ശ്രീധരൻ,** വരവൂർ

### ഹിന്ദുമതത്തിന്റെ ശാപം

തട്ടിപ്പുകാരായ ചില മതപുരോഹിതന്മാരുടെയും സംന്യാസിവേഷക്കാരുടെയും പേരുപറഞ്ഞ് ഹൈന്ദവ ജനതയെ അടച്ചാക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു. ഹിന്ദുസമൂഹത്തിലെ ഒരു വിഭാഗത്തിന്റെ വഴിതെറ്റിയ പോക്കിനെതിരെ പ്രതികരിക്കേണ്ടത് വിശ്വഹിന്ദു പരിഷത്, ഹിന്ദു ഐക്യവേദി തുടങ്ങിയ പ്രസ്ഥാനങ്ങളാണ്. ഹിന്ദുക്കളിൽ ഭൂരിപക്ഷംപേരും കപടസ്വാമിമാർക്കും സിദ്ധന്മാർക്കും എതിരാണ്. ന്യൂനപക്ഷംവരുന്ന ചില അപക്വമനസ്സുകൾ മാത്രമാണ് ഇത്തരം തട്ടിപ്പുകാരുടെ ആരാധകരും പ്രചാരകരും ആകുന്നത്. ഇവരെ തിരിച്ചറിവിന്റെ മാർഗത്തിലേക്ക് കൊണ്ടുവരാൻ ആരും ശ്രമിക്കുന്നുമില്ല. ആധുനികകാലത്ത് കുടുംബത്തിന്റെ അസ്വാരസ്യങ്ങളെയാണ് കള്ളസംന്യാസിമാർ മുതലെടുക്കുന്നത്. ദിശാബോധം നഷ്ടപ്പെട്ട ഹിന്ദുജനതയെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വളരെവേഗം സ്വാധീനിക്കാൻ കഴിയും.

അങ്ങനെയുള്ള ഒരു കാലഘട്ടത്തെ കണ്ടുകൊണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയമാണെന്ന് പറഞ്ഞത്. അടുത്ത കാലത്തായി കേരളത്തിൽ കാവിവസ്ത്രധാരികൾ പെരുകിവരികയാണ്. അത്യാവിശത്തിന് നാല് സംസ്കൃതശ്ലോകങ്ങൾ, പത്തുരൂപയ്ക്ക് കിട്ടുന്ന ഹസ്തരേഖ, മുഖലക്ഷണ പുസ്തകങ്ങൾ, ഇരിക്കാൻ ഒരു വാടകകെട്ടിടം. ഇത്രയും കൊണ്ടുതന്നെ ബിസിനസ് തുടങ്ങാവുന്നതാണ്. വീട്ടുകാർക്കും നാട്ടുകാർക്കും ഭാരമായി കള്ളുകുടിച്ചും കഞ്ചാവടിച്ചും കറങ്ങിനടക്കുന്ന വീരന്മാർ ഒരുദിവസം രാവിലെ കാഷായവുമണിഞ്ഞ് സ്വാമിയാകും. പിന്നെ ഒരു കളിയാണ്. ആശ്രമമാകും, അനുയായികളാകും, സ്ഥാപനങ്ങളാകും. ഈ വിഷയത്തിൽ സ്വാമിമാരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഹിന്ദുക്കളുടെ യഥാർഥ മതബോധമില്ലായ്മയേയും കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. വിരുതന്മാരായ കള്ളസ്വാമികൾ ഹിന്ദുമതത്തിന്റെ ശാപമാണെന്ന് പറയാതിരിക്കാൻ കഴിയുന്നില്ല.

**വി.എസ്. ബാലകൃഷ്ണപിള്ള,** തൊടുപുഴ

പത്രാധിപർ, ജന്മഭൂമി കോട്ടയം-17
*vicharam6@gmail.com*

അടിയന്തരാവസ്ഥയ്ക്ക് 44 വയസ്സ്

# ഇനി വരാതിരിക്കട്ടെ ആ കറുത്ത ദിനങ്ങൾ




**അഡ്വ. കെ. രാംകുമാർ**




വീണ്ടും ഒരു ജൂൺ 26 വന്നെത്തി. ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികൾ ഒരിക്കലും ഓർമ്മിക്കാൻ ആഗ്രഹിക്കാത്ത കരിദിനം: 1975, ജൂൺ 26.

സ്വേച്ഛാധിപതിയും കൗശലക്കാരിയുമായ ഒരു രാഷ്ട്രീയനേതാവ് നഗ്നമായ അധികാരദുർവിനിയോഗം നടത്തി എങ്ങനെയും അധികാരസ്ഥാനത്ത് കടിച്ചുതൂങ്ങാൻവേണ്ടി രാജ്യത്തെ ജനങ്ങളെ അന്നു കൊടുംഭീകരതയ്ക്ക് വശംവദരാക്കി.

ഏറ്റവും അത്ഭുതം അവർ ചെയ്തതിലല്ല. ആ ചെയ്തതിന് ചില വിഭാഗങ്ങളിൽനിന്നും രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽനിന്നുപോലും ലഭിച്ച പിന്തുണ ആലോചിക്കുമ്പോഴാണ് ലജ്ജതോന്നുന്നത്. ആഗോള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രാതിനിധ്യം അവകാശപ്പെടുന്ന ചില അൽപ്പന്മാർ അടിയന്തരാവസ്ഥയെ പ്രകീർത്തിച്ചുവെന്ന് മാത്രമല്ല, അടിയന്തരാവസ്ഥ ജനനന്മക്കെന്ന് എല്ലാ ചുമരുകളിലും എഴുതുകയും ചെയ്തു. ആ കക്ഷിയുടെ പെരുമാറ്റത്തിൽ ആർക്കും അത്ഭുതമുണ്ടായില്ല. കാരണം കിറ്റ് ഇന്ത്യാ സമരത്തെ എതിർത്തും പാക്കിസ്ഥാൻ രൂപീകരണത്തെ അനുകൂലിച്ചും നിലപാടെടുത്ത കക്ഷിയാണത്. ഇസ്രായേലിന്റെ രൂപീകരണത്തിൽ സ്റ്റാലിൻ വഹിച്ച പങ്ക് അഭിമാനത്തോടുകൂടി ഉയർത്തിപ്പിടിക്കുന്ന വിചിത്ര വിരോധാഭാസമാണ് ആ പാർട്ടി. ഭാഗ്യവശാൽ ആ പ്രസ്ഥാനം കേരളത്തിന്റെ ചില കടലോരങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുന്നു. ലജ്ജ എന്ന വികാരം രാഷ്ട്രീയ പ്രവർത്തനത്തിൽ തൊട്ടുതീണ്ടിയിട്ടില്ലാത്ത ആ പ്രസ്ഥാനത്തിന് ഈ മണ്ണിൽ ഒരിക്കലും വേരോടാൻ കഴിയുകില്ല. മറ്റൊരു കമ്യൂണിസ്റ്റ് പ്രസ്ഥാനമായ സിപിഎമ്മും തണുത്ത മട്ടിലാണ് അടിയന്തരാവസ്ഥയ്ക്കെതിരായി പ്രതകരിച്ചത്. എകെജി തുടങ്ങിയ സമുന്നത ജനകീയ നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടുവെന്നത് സത്യമാണ്. പക്ഷെ ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയ്ക്ക് അതിന്റെ പ്രഖ്യാപിത നയങ്ങൾക്കനുസൃതമായി ജനങ്ങളെ എതിർപ്പിന്റെ സമരരംഗത്തിറക്കുന്നതിൽ ആ കക്ഷിയും പരിപൂർണ്ണ പരാജയമായിരുന്നു.

അപ്പോൾ തികച്ചും ജനവിരുദ്ധമായ അടിയന്തരാവസ്ഥ എന്ന ഭീകരതയെ ചെറുത്തത് അതാണ്? നിസംശയം പറയാം, ഈ രാജ്യത്തെ ദേശീയ പ്രസ്ഥാനങ്ങൾ മാത്രമാണെന്ന്. കൂട്ടത്തിൽ ഒരുപക്ഷെ നക്സൽവാദികളും അകാലിദൾ സജീവമായി പഞ്ചാബിലും ദൽഹിയിലും സാന്നിധ്യമറിയിച്ചിരുന്നു. എന്നാൽ ജീവിതം മുഴുവൻ നഷ്ടപ്പെടുത്തിക്കൊണ്ട്, രാജ്യത്ത് നിഷേധിക്കപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാൻ കുടുംബത്തെയും സ്വന്തം താത്പര്യങ്ങളെയും വിസ്മരിച്ചുകൊണ്ട് രംഗത്തിറങ്ങിയത് ഉപജീവനമാർഗ്ഗം ഉപേക്ഷിക്കൽ, നീണ്ട ജയിൽവാസം എന്നിവ തുറന്ന മനസ്സോടെ പുഞ്ചിരിയോടുകൂടി സ്വീകരിച്ചത് ഈ വിഭാഗം മാത്രമായിരുന്നു. ഇന്നും ആ വിഭാഗത്തിൽപ്പെട്ടവർ ജീവച്ഛവങ്ങളായി തുടരുന്നുണ്ട്. അവരെ സ്വാതന്ത്ര്യസമരസേനാനികളെപ്പോലെ ആദരിച്ച് പെൻഷൻ നൽകാനുള്ള നടപടികൾ എത്രയും വേഗം പ്രാവർത്തികമാക്കേണ്ടതാണ്. ആ രീതിയിലെങ്കിലും അവരോട് നന്ദിപ്രകടിപ്പിക്കാനുള്ള ബാധ്യത ഇന്ന് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു അനുഭവിക്കുന്ന ജനങ്ങൾക്കുണ്ട്.


INDIAN HERALD
NATIONAL ENGLISH DAILY
Founder & Editor: THAKUR V. HARI PRASAD
SPECIAL SUPPLEMENT
EMERGENCY DECLARED
JP, Morarji, Advani, Asoka Mehta & Vajpayee arrested

പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന് വിശ്വസിക്കുന്ന ജനതയാണ് ഭാരതത്തിലുള്ളത്. വ്യക്തി സ്വാതന്ത്ര്യം എല്ലാക്കാലത്തും ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യമാണ് നമ്മുടേത്. അതുകൊണ്ടാണ് ഒരു സാധാരണ അലക്കുകാരന് രാജപത്നിയെപോലും വിമർശിക്കാനുള്ള സ്വാതന്ത്ര്യം മര്യാദാപുരുഷോത്തമൻ എന്നറിയപ്പെട്ടിരുന്ന രാജാവിന്റെ കാലത്ത് നൽകപ്പെട്ടത്. രജസ്വലയായ പാഞ്ചാലിയുടെ സ്ത്രീത്വത്തെ അപമാനിക്കാൻ കുൽസിത ശ്രമമുണ്ടായപ്പോൾ ഭഗവാൻതന്നെ രംഗത്തിറങ്ങിയെന്ന് വിശ്വസിക്കുന്നവരാണ് ഭാരതത്തിലുള്ളത്.

ആ നാട്ടിലാണ് ഒരു വ്യക്തിയുടെ സ്വാർത്ഥലാഭത്തിനുവേണ്ടി, അധികാരമോഹത്തിനുവേണ്ടി സർവ്വസ്വാതന്ത്ര്യങ്ങളും അടിച്ചമർത്തപ്പെട്ടത്. എന്നിട്ടും പ്രതികരിച്ചത് ഒരു ചെറിയ വിഭാഗം മാത്രം. എൽ.കെ. അദ്വാനി പറഞ്ഞതുപോലെ കുനിയാൻ പറഞ്ഞാൽ ഇഴയാൻ തയ്യാറുള്ളവരായിരുന്നു ഭൂരിപക്ഷവും. പത്രസ്വാതന്ത്ര്യം എന്ന് ഇപ്പോൾ മുറവിളികൂട്ടുകയും വീമ്പിളക്കുകയും ചെയ്യുന്നവർ അന്ന് നിശ്ശബ്ദരായിരുന്നു. എന്ന് മാത്രമല്ല പരോക്ഷമായി അധികാരവർഗ്ഗത്തെ സഹായിക്കുന്ന നിലപാടെടുക്കുകയും ചെയ്തു. കോടതികൾപോലും ഭയചകിതരായി. നമ്മുടെ മണ്ണായിരുന്ന പാക്കിസ്ഥാനിൽപോലും സുപ്രീംകോടതി പട്ടാളനിയമം അസാധുവാണെന്ന് പ്രഖ്യാപിച്ചപ്പോൾ നമ്മുടെ സുപ്രീംകോടതി ലജ്ജാവഹമായ രീതിയിൽ അടിയന്തരാവസ്ഥയെ ശരിവെച്ചു. ആ വിധിയുടെ ഉപജ്ഞാതാവായിരുന്ന ജഡ്ജി പിന്നീട് തുറന്നുസമ്മതിച്ചു പേടിച്ചിട്ടാണ് താനാവിധിയെഴുതിയതെന്ന്. അദ്ദേഹത്തിന്റെ മകൻതന്നെ സുപ്രീംകോടതി ജഡ്ജിയായി വന്നപ്പോൾ ആ വിധി ശരിയല്ലെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

ചുരുക്കത്തിൽ രാജ്യത്തെ എല്ലാ ഭരണഘടനാ സ്ഥാപനങ്ങളേയും ഭയപ്പെടുത്തി നിർത്തുകയും പൗരസ്വാതന്ത്ര്യങ്ങൾ നിഷേധിക്കുകയും പത്രമാധ്യമങ്ങളെ നിശ്ശബ്ദരാക്കുകയും ആത്മാഭിമാനമുള്ള ഇന്ത്യക്കാരനെന്ന നിലയിൽ ജീവിക്കാനുള്ള പൗരന്റെ അവകാശങ്ങൾ പൂർണ്ണമായി എടുത്തുകളയുകയും ചെയ്തു, അടിയന്തരാവസ്ഥയുടെ മറവിൽ. ഭാഗ്യവശാൽ അഗ്നിപർവ്വതംപോലെ പുകഞ്ഞുകൊണ്ടിരുന്ന ഈ രാജ്യത്തെ ജനങ്ങൾ 1977ൽ ആദ്യ അവസരം കിട്ടിയപ്പോൾത്തന്നെ ശക്തമായി പ്രതികരിച്ചു. ഉത്തരേന്ത്യ മുഴുവൻ ഒറ്റക്കെട്ടായി അതിനെതിരെ വോട്ടുചെയ്തു. അടിയന്തരാവസ്ഥയുടെ സൃഷ്ടാവ്തന്നെ റായ്ബറേലിയിൽ നിലംപരിശായി. ഇത്രയും നരകതുല്യമായ ഒരനുഭവം അടിയന്തരാവസ്ഥക്കാലത്തല്ലാതെ ഈ രാജ്യത്തുണ്ടായിട്ടില്ല. എന്നിട്ടും ചില രാഷ്ട്രീയകക്ഷികൾ അതിനെ പ്രകീർത്തിക്കാൻ മുന്നോട്ടുവന്നു. പക്ഷെ ജനങ്ങൾ അവരെ തിരിച്ചറിഞ്ഞുകഴിഞ്ഞു. അടിയന്തരാവസ്ഥയെ അനുകൂലിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്ത് നാമമാത്ര സാന്നിധ്യമുള്ള ഒരു കമ്യൂണിസ്റ്റ് കക്ഷിയുടെ തലവൻ സുപ്രീംകോടതിക്കെതിരായി നീക്കങ്ങൾ നടത്തിയ ഒരു ജഡ്ജിയെ നേരിട്ട് കാണുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനം പകരുകയും ചെയ്തു. പിന്നീട് അവരാണ് ഭരണഘടനാ സ്ഥാപനങ്ങളെ നിലവിലുള്ള സർക്കാർ തകിടംമറിക്കുകയാണെന്ന അർത്ഥശൂന്യമായ കുറ്റാരോപണം നടത്തിയത്. അവരോടൊട്ടിച്ചേർന്ന് നിൽക്കുന്ന, സാംസ്കാരിക നായകന്മാരെന്ന് സ്വയംവിശേഷിപ്പിക്കുന്ന ചിലർ, പശ്ചിമബംഗാൾ സർക്കാരും കേരള സർക്കാരും മാധ്യമങ്ങളെ നിശബ്ദമാക്കാൻ ശ്രമിച്ചപ്പോൾ മൂകരായി നിലകൊണ്ടു. ഇക്കൂട്ടരുടെ ഇരട്ടത്താപ്പ് പകൽപോലെ പ്രകടമായി. മമതാ ബാനർജിയെ ഒരു പ്രത്യേക വേഷത്തിൽ അവതരിപ്പിച്ച പ്രിയങ്ക ചൗധരിയോട് മാപ്പുപറയാൻ നിർദ്ദേശിച്ച ജസ്റ്റിസ് ഇന്ദിരാ ബാനർജി, യോഗി ആദിത്യനാഥിനെതിരായി മ്ലേച്ഛമായ പരാമർശങ്ങൾ നടത്തിയപ്പോൾ മാപ്പുപറയാനൊന്നും കൽപ്പിക്കുകയുണ്ടായില്ല.

പട്ടിണിപ്പാവങ്ങളാണെങ്കിലും പാർപ്പിടമോ, ചികിത്സാസൗകര്യങ്ങളോ, കുടിവെള്ളമോ നിഷേധിക്കപ്പെടുന്നവരാണെങ്കിലും രാജ്യതാത്പര്യം മുറുകെപ്പിടിക്കുന്നവരാണ് ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളെന്ന് ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലൂടെ ജനം വ്യക്തമാക്കിക്കഴിഞ്ഞു. സമാനമായൊരു അടിയന്തരാവസ്ഥ ഈ രാജ്യത്ത് ദേശസ്നേഹികളായ ജനങ്ങൾ ഇനി അനുഭവിക്കേണ്ടിവരുമെന്നു തോന്നുന്നില്ല.

> പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന് വിശ്വസിക്കുന്ന നാട്ടിലാണ്, ഒരു വ്യക്തിയുടെ സ്വാർത്ഥലാഭത്തിനുവേണ്ടി സർവ്വ സ്വാതന്ത്ര്യങ്ങളും അടിച്ചമർത്തപ്പെട്ടത്. എന്നിട്ടും പ്രതികരിച്ചത് ഒരു ചെറിയ വിഭാഗം മാത്രം. എൽ.കെ. അദ്വാനി പറഞ്ഞതുപോലെ കുനിയാൻ പറഞ്ഞാൽ ഇഴയാൻ തയ്യാറുള്ളവരായിരുന്നു ഭൂരിപക്ഷവും. പത്രസ്വാതന്ത്ര്യം എന്ന് ഇപ്പോൾ മുറവിളികൂട്ടുന്നവർ അന്ന് നിശ്ശബ്ദരായിരുന്നു.

# മാപ്പു കൊടുക്കരുത്, ഈ രാഷ്ട്രീയ തമ്പുരാന്മാർക്ക്

**കാരൂർ സോമൻ**

ആന്തൂർ നഗരസഭയുമായി ബന്ധപ്പെട്ട സാജൻ എന്ന പ്രവാസി വ്യവസായിയുടെ ആത്മഹത്യ ഒരു ഞെട്ടലോടെയാണ് പ്രവാസികൾ കേട്ടത്. ദാരുണമായ ഈ മരണം പ്രവാസികളുടെ ഹൃദയത്തിനേറ്റ മുറിവും നൊമ്പരവുമാണ്. പ്രശ്നത്തിൽ കോടതി ഇടപെട്ടതുപോലെ ലോകമെങ്ങുമുള്ള പ്രവാസികൾ കുറ്റവാളികൾ രക്ഷപ്പെടുമോയെന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇരുപതോളം വർഷങ്ങൾ നൈജീരിയയിൽ ജീവിതം പടുത്തുയർത്താൻ കഷ്ടപ്പെട്ട സത്യസന്ധനായ ഒരു പ്രവാസിയുടെ ആത്മഹത്യ ആരുടെ സൃഷ്ടിയാണ്? നൈജീരിയ എന്ന രാജ്യത്തു ഓരോ മലയാളിയും ഭയന്നുതന്നെയാണ് ഓരോദിനങ്ങളും പിന്നിടുന്നത്. കാടന്മാരായ ഭീകരരുടെ വെടിയുണ്ടകൾ ഓരോനിമിഷവും അവിടെയെല്ലാം ചീറിപ്പാഞ്ഞുകൊണ്ടിരിക്കുന്നു. കേരളത്തിലെ ശീതീകരിച്ച ആഡംബര മുറികളിലിരുന്ന് ഉല്ലസിക്കുന്നവർ പ്രവാസികളുടെ നൊമ്പരങ്ങൾ അറിയണമെന്നില്ല. കേരളത്തിൽ നടക്കുന്ന ചില സംഭവങ്ങൾ ബുദ്ധിശൂന്യനേപ്പോലെ കാണുന്ന മനുഷ്യരെ ആൾക്കൂട്ടത്തിനിടയിൽ കാണാം.

ഒരു ഭരണകൂടത്തെ ജനങ്ങൾ വിലയിരുത്തുന്നത് സത്യവും നീതിയും മാത്രമല്ല, അവരുടെ വാക്കും നോക്കും കൂടി മുൻനിർത്തിയാണ്. അധികാരസമ്പത്തിനേക്കാൾ ജ്ഞാനസമ്പത്തുള്ളവരാകണം ഭരണാധികാരികൾ. ഒരാവശ്യവുമായി ഒരാൾ സർക്കാർ സ്ഥാപനത്തിൽ ചെന്നാൽ അവിടെ നടക്കേണ്ടത് ജന്മികുടിയാൻ സിദ്ധാന്തമോ? ഭരണാധികാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ തീറ്റിപ്പോറ്റുന്നത് ജനങ്ങളുടെ നികുതിപ്പണം കൊണ്ടാകുമ്പോൾ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കേണ്ട ബാധ്യതയുണ്ട്. നീതിനിഷേധങ്ങൾ നടന്നാൽ ലോകത്തിന്റ എല്ലാ ഭാഗത്തുനിന്നും ചോദ്യങ്ങളുയരും. ചൂഷകർക്കെതിരെ പടപൊരുതേണ്ടവർ അവരുടെ സംരക്ഷകരായി മാറാൻ പാടില്ല.

ഇരുപത് വർഷം മുൻപ് രാഷ്ട്രീയ-സാംസ്കാരിക രംഗത്ത് ഇത്രമാത്രം ജീർണ്ണതകൾ മലയാളികൾ കണ്ടുകാണില്ല. രാഷ്ട്രീയ കുത്തകമുതലാളിമാരെയും കണ്ടിട്ടില്ല. ഇന്നുകാണുന്ന പ്രവണതകൾ ജന്മി-കുടിയാൻ വ്യവസ്ഥിതി വീണ്ടും വരുമോയെന്ന് ആശങ്കപ്പെടുത്തുന്നു. ജനങ്ങൾ കുടിയാന്മാരും അധികാരത്തിലുള്ളവർ ജന്മിമാരുമായി മാറുന്നു. ഒരാൾ രാഷ്ട്രീയനേതാവായാൽ അയാളുടെ കുടുംബത്തിലുള്ളവരും ബന്ധുക്കളും, അവർക്ക് ഓശാനപാടുന്നവരും അധികാരത്തിലെത്തുന്നത് വളരെ വേഗത്തിലാണ്. നീതിലഭിക്കാതെ ഒരുകൂട്ടർ മറുഭാഗത്തു നിൽക്കുന്നത് ഇവർ മറക്കുന്നു. ഒരൊറ്റ കുറ്റത്താലാണ് അവരെ അകറ്റുക-പാർട്ടി അനുഭാവിയല്ല. മരണംവരെ അധികാരത്തിൽ കടിച്ചുതൂങ്ങിക്കിടക്കുക, മക്കൾ രാഷ്ട്രീയം, അധികാരധാർഷ്ട്യം, ധൂർത്ത്, അധികാരത്തെ തൻകാര്യത്തിനായി ഉപയോഗിക്കുക, രാഷ്ട്രീയം നോക്കി പുരസ്കാര-പദവികൾ നൽകുക, സ്ഥലംമാറി പോകാതെ രാഷ്ട്രീയക്കാർക്ക് സമ്മാനപ്പൊതികൾ നൽകി വർഷങ്ങളായി ഒരേ കസേരയിലിരിക്കുക, കൈക്കൂലിവാങ്ങി രക്ഷപ്പെടുക... ഇങ്ങനെ എണ്ണിയാൽ തീരാത്ത അധികാര ദുർവിനിയോഗമാണ് കേരളത്തിൽ നടക്കുന്നത്. ഒരൽപം മനുഷ്യത്വവും വിവേകവും സേവനചിന്തയും ഇവരുടെ മനസ്സിലുണ്ടായിരുന്നെങ്കിൽ ഒരു പ്രവാസി തന്റെ സമ്പാദ്യമെല്ലാം ചെലവാക്കിയിട്ട് ആത്മഹത്യ ചെയ്യേണ്ടിവരില്ലായിരുന്നു.

> ജനാധിപത്യത്തിന്റെ പേരുംപറഞ്ഞ് മരണംവരെ അധികാരത്തിലിരിക്കുന്ന ഇവിടുത്തെ ഭരണവർഗ ജന്മി-മുതലാളി-തമ്പുരാന്മാർ നിത്യവും മലയാളികളെ നാടുകടത്തിക്കൊണ്ടിരിക്കുന്നു. കർഷകരെയെന്നപോലെ പ്രവാസികളെയും ആത്മഹത്യയിലേക്ക് തള്ളിവിടുന്നു. പ്രവാസിസമൂഹം ആവശ്യപ്പെടുന്നത് ആത്മഹത്യ ചെയ്ത സാജന്റെ കുടുംബത്തിന് നീതി കിട്ടണമെന്നാണ്. പുനലൂരിലെ സുഗതന്റെ മക്കൾക്ക് നീതി കിട്ടണമെന്നാണ്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നാണ്.


മലയാളക്കരയെ പട്ടിണിയിൽനിന്ന് രക്ഷപ്പെടുത്തിയ പ്രവാസികളെ കാലാകാലങ്ങളായി എങ്ങനെ കാണുന്നു എന്നുള്ളതിന്റെ തെളിവാണ് സാജൻ തന്റെ ഭാര്യയോട് പറഞ്ഞ മരണമൊഴികൾ. കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ കൈക്കൂലി കൊടുത്തില്ലെങ്കിൽ മനുഷ്യരുടെ മനസ്സിലും ശരീരത്തും റേഡിയേഷൻ കൊടുക്കുന്ന മനുഷ്യയന്ത്രങ്ങൾ എല്ലായിടവുമുണ്ട്. കൈക്കൂലി കൊടുത്തില്ലെങ്കിൽ യന്ത്രരാജൻ പണിമുടക്കും. കൈക്കൂലി കൊടുത്തിട്ടുള്ളവർക്ക് അറിയാവുന്ന കാര്യമാണത്. മരണപ്പെട്ടു കഴിഞ്ഞാൽ യന്ത്രരാജൻ റീത്തുമായിട്ടെത്തും. ഇക്കാര്യത്തിൽ അചഞ്ചലമായ മനോധൈര്യം അവർക്കുണ്ട്. ഇതുപോലെ ആത്മഹത്യചെയ്ത പുനലൂർക്കാരൻ സുഗതന്റെ മകനും പരാതികളുണ്ട്. ഇന്ത്യയിൽ പണിയെടുക്കാതെ ജീവിക്കാനുള്ള ഏകമാർഗ്ഗം രാഷ്ട്രീയ കൃഷിയാണ്. കഷ്ടപ്പെട്ടും കടമെടുത്തും പഠിച്ചവർക്ക് ഒരു തൊഴിലും ലഭിക്കാതിരിക്കുമ്പോഴാണ്, കുറെ മടിയൻമാർ അധികാരികളായി മാറി സമൂഹത്തിന് ഒന്നും ചെയ്യാതെ സുഖഭോഗികളായി മദിച്ചുജീവിക്കുന്നത്. ഇവരെ മാലോകരറിയുന്നത് ഏതെങ്കിലും പദവികളിൽ വരുമ്പോഴാണ്.

സത്യത്തിൽ പ്രവാസികൾക്ക് നമ്മുടെ ഏതെങ്കിലും സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ? വിദേശ രാജ്യങ്ങളിൽ പലവിധത്തിൽ ദുരിതദുഃഖങ്ങൾ അനുഭവിക്കുന്ന ധാരാളം പ്രവാസികളുണ്ട്. പ്രവാസം കഴിഞ്ഞു നാട്ടിൽ മടങ്ങിചെന്നാലും സർക്കാരിന് അവരുടെ ഭാവിയെപ്പറ്റി ഒരു ഉത്കണ്ഠയുമില്ല. പ്രവാസികളെ വെറും കറവപ്പശുക്കളായി കാണുന്ന ദയനീയ അവസ്ഥ. സാജന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ചില പ്രവാസി സംഘടനകൾ രംഗത്തുവന്നെങ്കിലും ഉപരിവർഗ്ഗത്തോട് വിധേയത്വമുള്ള പല സംഘടനകളും അനങ്ങുന്നില്ല. സർക്കാർ തലത്തിൽ പ്രവാസികൾക്കായി നടത്തുന്ന പല പേരിലുള്ള ഷോകൾ, മെഗാഷോകൾ കാണാറുണ്ട്. ഇതിലൂടെ പ്രവാസികൾക്ക് എന്തെങ്കിലും ഗുണം ലഭിച്ചോ? കേരളത്തിൽ മറ്റൊരു സുഹൃത്ത് അവരുടെ വില്ലേജ് ഓഫീസിൽ കുട്ടികളുടെ പേരിലേക്ക് വീട് എഴുതിവയ്ക്കാൻ പതിനഞ്ചുദിവസത്തെ അവധിക്കുപോയി. ഇതിന് കുറഞ്ഞത് മൂന്ന് മാസമെടുക്കും. പെട്ടെന്ന് ചെയ്യണമെങ്കിൽ കൈക്കൂലി കൊടുക്കണം. സുഹൃത്തു ശപിച്ചുകൊണ്ട് നല്ലൊരു തുക കൈക്കൂലി കൊടുത്തിട്ടാണ് വീട് കുട്ടികളുടെ പേരിലാക്കിയത്. ഈ കൈക്കൂലിപ്പണം കൊണ്ടാണല്ലോ ഇവർ സ്വന്തം മക്കൾക്ക് ആഹാരം കൊടുക്കുന്നതെന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു.

എല്ലാവരും അഴിമതിക്ക് ബിരുദമെടുത്ത് പാലം പണിയാനും പൊളിക്കാനും, അത് പുതിയ പാർട്ടിക്ക് കൊടുത്ത് കമ്മീഷൻ വാങ്ങാനും ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്നവരാണ്. പഠനരംഗത്തെല്ലാം ഒന്നാം റാങ്ക് വാങ്ങിയ ഉന്നതനായ രാജു നാരായണസ്വാമി, ഒരിക്കലും കൈക്കൂലി വാങ്ങാത്ത ഐഎഎസ് ഉദ്യോഗസ്ഥൻ ലോകത്തോട് പറഞ്ഞത് ഇതിനൊക്കെ അടിവരയിടുന്ന കാര്യങ്ങളാണ്. ആയിരക്കണക്കിന് അഴിമതി കഥകൾ അദ്ദേഹത്തിനറിയാം. അഴിമതി വീരന്മാരായ രാഷ്ട്രീയ ജന്മിമാർ അദ്ദേഹത്തെ മാനസികമായി പീഡിപ്പിക്കുന്ന കഥകൾ കേൾക്കുമ്പോൾ നമ്മൾ അന്തംവിട്ടുപോകുന്നു. അണിയറയിലും അരങ്ങത്തും നടക്കുന്ന ഈ അഴിമതി ദൈവത്തിന്റ സ്വന്തം നാടിന് എത്ര അപമാനകരമാണ്? യുവാക്കൾ ഇതൊന്നും കാണുന്നില്ലേ?

പ്രവാസിയെ, പാവങ്ങളെ, കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന, വിദ്യാസമ്പന്നരെ നാടുകടത്തുന്ന ഈ തട്ടിപ്പു ജനാധിപത്യം വേണമോയെന്നത് ചിന്തിക്കേണ്ട കാര്യമാണ്. ഭരണഘടനയിൽ എടുത്തുപറയുന്ന കാര്യമാണ് പൗരന് തൊഴിൽ ലഭിക്കണമെന്നത്. ഓരോ മലയാളിയെയും പ്രവാസികളാക്കുന്നത് ഭരണത്തിലുള്ളവരാണ്. ജനാധിപത്യത്തിന്റെ പേരുംപറഞ്ഞ് മരണംവരെ അധികാരത്തിലിരിക്കുന്ന ഇവിടത്തെ ഭരണവർഗ ജന്മി-മുതലാളിമാർ നിത്യവും മലയാളികളെ നാടുകടത്തിക്കൊണ്ടിരിക്കുന്നു. ഒടുവിൽ കർഷകരെപ്പോലെ പ്രവാസികളെയും ആത്മഹത്യയിലേക്ക് തള്ളിവിടുന്നു. പ്രവാസി സമൂഹം ആവശ്യപ്പെടുന്നത് ആത്മഹത്യ ചെയ്ത സാജന്റെ കുടുംബത്തിന് നീതി കിട്ടണമെന്നാണ്. പുനലൂരിലെ സുഗതന്റെ മക്കൾക്ക് നീതി കിട്ടണമെന്നാണ്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നാണ്.

# മദൻലാൽ സെയ്നിക്ക് അന്ത്യാഞ്ജലി



മദൻലാൽ സെയ്നി

**ന്യൂദൽഹി:** ബിജെപിയുടെ രാജസ്ഥാൻ സംസ്ഥാന അധ്യക്ഷൻ മദൻലാൽ സെയ്നിക്ക് (75) രാജ്യം ആദരാഞ്ജലികളർപ്പിച്ചു. മുതിർന്ന നേതാക്കളെല്ലാവരും സെയ്നിക്ക് അന്ത്യാഞ്ജലികളർപ്പിക്കാനെത്തി.

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ദൽഹിയിലെ എയിംസിലെത്തിയാണ് പുഷ്പചക്രമർപ്പിച്ചത്. രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട്, ഉപ മുഖ്യമന്ത്രി സച്ചിൻ പൈലറ്റ്, ഗതാഗത മന്ത്രി പ്രതാപ് സിങ് ഖചാര്യവാസ്, ആരോഗ്യവകുപ്പ് മന്ത്രി രഘുശർമ, റവന്യൂ മന്ത്രി ഹരീഷ് ചൗധരി തുടങ്ങിയ കോൺഗ്രസ് നേതാക്കൾ രാജസ്ഥാനിലെ ബിജെപി ആസ്ഥാനത്തെത്തി സെയ്നിക്ക് അന്ത്യാഞ്ജലികളർപ്പിച്ചു.

തിങ്കളാഴ്ച രാവിലെയാണ് ദൽഹിയിലെ എയിംസിൽ വച്ച് സെയ്നി ലോകത്തോട് വിട പറഞ്ഞത്. ശ്വാസകോശത്തിലുണ്ടായ അണുബാധയെത്തുടർന്ന് ജയ്പൂരിലെ ആശുപത്രിയിൽ ഏറെ നാളുകളായി ചികിത്സയിലായിരുന്നു. ആരോഗ്യനില മോശമായതിനെ തുടർന്ന് ശനിയാഴ്ചയാണ് ദൽഹിയിലെ എയിംസിലേക്ക് മാറ്റിയത്.

രാജസ്ഥാൻ മുൻ മുഖ്യമന്ത്രി വസുന്ധര രാജെ, പ്രതിപക്ഷ ഉപനേതാവ് രാജേന്ദ്ര റാത്തോരെ, മുൻ സംസ്ഥാന അധ്യക്ഷൻ അശോക് പർണിയ തുടങ്ങി ബിജെപി നേതാക്കളുടെ വലിയൊരു നിര തന്നെ അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു.

അദ്ദേഹത്തിന്റെ വേർപാട് നിർഭാഗ്യകരമാണ്. ജയ്പൂരിൽ നിന്ന് ദൽഹിയിലേക്ക് മാറ്റിയപ്പോഴും ഞങ്ങൾ സംസാരിച്ചിരുന്നു. ദൽഹിയിൽ അദ്ദേഹത്തിന്റെ ചികിത്സക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് അവിടുത്തെ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നു. രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട് പറഞ്ഞു.

രാഷ്ട്രീയത്തിൽ മാത്രമാണ് അദ്ദേഹം പ്രതിപക്ഷത്ത്. അതിനപ്പുറം ഞങ്ങൾ പരസ്പരം ബഹുമാനിക്കുന്നവരാണ്. കുടുംബത്തിന്റെ ദുഃഖത്തിൽ ഞങ്ങൾ പങ്കുചേരുന്നു, സച്ചിൻ പൈലറ്റ് പ്രതികരിച്ചു. നികത്താൻ പറ്റാത്ത നഷ്ടമാണ് സെയ്നിയുടെ വേർപാട് നൽകിയിരിക്കുന്നതെന്നാണ് വസുന്ധര രാജെ പറഞ്ഞത്.

പാർട്ടി ആസ്ഥാനത്തെ പൊതുദർശനത്തിന് വച്ച ശേഷം മൃതദേഹം സംസ്കരിച്ചു.



മദൻലാൽ സെയ്നിക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അന്ത്യോപചാരമർപ്പിക്കുന്നു

## ആരോഗ്യ സൂചിക: കേരളം ഒന്നാമത്

**ന്യൂദൽഹി:** നിതി ആയോഗിന്റെ രണ്ടാം ആരോഗ്യ സൂചികയിൽ കേരളം ഒന്നാമത്. ആന്ധ്രാപ്രദേശ് രണ്ടാമതും മഹാരാഷ്ട്ര മൂന്നാമതും എത്തി.

രാജ്യത്തെ 28 സംസ്ഥനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും മൂന്ന് തട്ടുകളായി വിഭജിച്ചാണ് ആരോഗ്യ സൂചിക തയാറാക്കിയത്. വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിങ്ങനെയാണ് തരംതിരിവുകൾ.

പട്ടികയിലെ നാല്, അഞ്ച്, ആറ് സ്ഥാനങ്ങളിൽ യഥാക്രമം ഗുജറാത്ത്, പഞ്ചാബ്, ഹിമാചൽപ്രദേശ് സംസ്ഥാനങ്ങളും ഇടംപിടിച്ചു. ഉത്തർപ്രദേശ്, ബിഹാർ, ഒഡീഷ എന്നിവയാണ് പട്ടികയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾ.

## ഗുജറാത്ത് രാജ്യസഭാ തെരഞ്ഞെടുപ്പ്

# ഹർജി സുപ്രീംകോടതി തള്ളി; കോൺഗ്രസ്സിന് തിരിച്ചടി

സ്വന്തം ലേഖകൻ

**ന്യൂദൽഹി:** ഗുജറാത്തിൽ രണ്ട് സീറ്റുകളിലേക്കുള്ള രാജ്യസഭാ തെരഞ്ഞെടുപ്പ് ഒരുമിച്ച് നടത്തണമെന്ന കോൺഗ്രസ്സിന്റെ ഹർജി സുപ്രീംകോടതി തള്ളി. തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചത് ചൂണ്ടിക്കാട്ടിയ ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ബി.ആർ. ഗവായ് എന്നിവരുൾപ്പെട്ട അവധിക്കാല ബെഞ്ച് നടപടികളിൽ ഇടപെടാനില്ലെന്ന് വ്യക്തമാക്കി. തെരഞ്ഞെടുപ്പിന് ശേഷം കമ്മീഷന്റെ തീരുമാനത്തിനെതിരെ കോൺഗ്രസ്സിന് തെരഞ്ഞെടുപ്പ് ഹർജി നൽകാമെന്നും കോടതി പറഞ്ഞു.

കേന്ദ്ര മന്ത്രിമാരായ അമിത് ഷായും സ്മൃതി ഇറാനിയും ലോക്സഭയിലേക്ക് ജയിച്ചതോടെയാണ് ഗുജറാത്തിൽനിന്നും രാജ്യസഭയിലേക്ക് ഒഴിവുവന്നത്. അമിത് ഷായുടെ ഗാന്ധിനഗറിലെ വിജയം വോട്ടെണ്ണിയ മെയ് 23നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചത്. വോട്ടെണ്ണൽ നീണ്ടതോടെ സ്മൃതി ഇറാനി മത്സരിച്ച അമേഠിയിലെ ഫലപ്രഖ്യാപനം പിറ്റേ ദിവസത്തേക്ക് നീണ്ടു. ഇക്കാരണത്താലാണ് രണ്ട് ഘട്ടങ്ങളിലായി രാജ്യസഭാ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചത്.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിനെതിരെ കോൺഗ്രസ് എംഎൽഎ പരേഷ്ഭായ് ധനാണിയാണ് കോടതിയെ സമീപിച്ചത്. ഒരുമിച്ച് തെരഞ്ഞെടുപ്പ് നടന്നാൽ ഒരു സീറ്റ് കോൺഗ്രസ്സിന് ലഭിക്കും. മറിച്ചാണെങ്കിൽ രണ്ട് സീറ്റും ബിജെപി ജയിക്കും. രണ്ട് തവണയായി തെരഞ്ഞെടുപ്പ് നടത്തുന്നത് നിയമവിരുദ്ധമല്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ അറിയിച്ചു. 1957 മുതൽ തുടരുന്ന രീതിയാണിത്. കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കറും സംസ്ഥാനത്തെ പാർട്ടിയുടെ പിന്നോക്ക നേതാവ് ജുഗൽജി മാതൂർജിയുമാണ് ബിജെപിയുടെ സ്ഥാനാർത്ഥികൾ.

# സ്വാമി സത്യമിത്രാനന്ദ് ഗിരി സമാധിയായി



സ്വാമി സത്യമിത്രാനന്ദ് ഗിരി

**ഡെറാഡൂൺ:** ഭാരത്മാതാ മന്ദിറിലെ ആചാര്യൻ മഹാമണ്ഡലേശ്വർ സ്വാമി സത്യമിത്രാനന്ദ് ഗിരി (87) സമാധിയായി. ഉത്തരാഖണ്ഡിലെ ഹരിദ്വാറിലുള്ള ആശ്രമത്തിൽ ഇന്നലെ രാവിലെയായിരുന്നു അന്ത്യം. 2015ൽ രാജ്യം ഇദ്ദേഹത്തെ പദ്മഭൂഷൺ നൽകി ആദരിച്ചിരുന്നു.

ശ്വാസതടസ്സത്തെത്തുടർന്ന് കഴിഞ്ഞയാഴ്ച ഡെറാഡൂണിലെ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. കഴിഞ്ഞ ദിവസമാണ് ആശുപത്രി വിട്ട് ഹരിദ്വാറിലെ ആശ്രമത്തിലെത്തിയത്. അവസാന നാളുകൾ ഗംഗയുടെ തീരത്ത് താമസിക്കണമെന്ന ആഗ്രഹത്തെത്തുടർന്നായിരുന്നു തിരിച്ചുവരവ്.

സ്വാമിജിയുടെ വിയോഗത്തിൽ ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമടക്കമുള്ള നേതാക്കൾ അനുശോചിച്ചു. സ്വാമിജിയുടെ വിയോഗവാർത്ത അതീവ ദുഃഖമുണ്ടാക്കുന്നുവെന്ന് ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു ട്വിറ്ററിൽ കുറിച്ചു. അറിവിന്റെയും ആത്മീയതയുടെയും സംക്ഷിപ്ത രൂപമാണ് സ്വാമിജിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അടിച്ചമർത്തപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയും ഉന്നമനത്തിനായി അദ്ദേഹം ജീവിതം നീക്കിവച്ചു. രാജ്യത്തിന്റെ സംസ്കാരത്തിലും ചരിത്രത്തിലും അദ്ദേഹം അത്യധികം അഭിമാനം കൊണ്ടിരുന്നു. ആ പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു. ഓം ശാന്തി, മോദി ട്വിറ്ററിൽ കുറിച്ചു. കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തര മന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ അമിത് ഷാ തുടങ്ങിയവരും സ്വാമിജിയുടെ വേർപാടിൽ അനുശോചിച്ചു.

1932 സപ്തംബർ 19ന് ഉത്തർപ്രദേശിലെ ആഗ്രയിൽ ബ്രാഹ്മണ കുടുംബത്തിലാണ് സ്വാമി സത്യാമിത്രാനന്ദ് ഗിരി ജനിച്ചത്. അംബിക പ്രസാദ് പാണ്ഡെ എന്നായിരുന്നു അദ്ദേഹത്തിന്റെ പൂർവാശ്രമത്തിലെ പേര്. ഇരുപത്തേഴാം വയസ്സിൽ സംന്യാസം സ്വീകരിച്ചു.

# ബലാക്കോട്ടിൽ തിരിച്ചടി നൽകിയത് '90' സെക്കൻഡിൽ

**ഗ്വാളിയാർ:** പുൽവാമ ആക്രമണത്തിന് തിരിച്ചടിയായി പാക്കിസ്ഥാനിലെ ബലാക്കോട്ടിൽ ഇന്ത്യ തിരിച്ചടി നൽകിയത് 90 സെക്കൻഡിൽ. തങ്ങളുടെ അടുത്ത സുഹൃത്തുക്കൾക്കും, വീട്ടുകാർക്കും ഇതിനെക്കുറിച്ച് അറിവില്ലായിരുന്നുവെന്നും വ്യോമസേന പൈലറ്റ് വെളിപ്പെടുത്തി. ആക്രമണത്തിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിന് പദ്ധതിയ്ക്ക് നൽകിയ പേര് 'ബന്ദർ' എന്നായിരുന്നുവെന്ന് മുൻപ് വ്യക്തമാക്കിയിരുന്നു.

ഭീകരക്യാമ്പുകൾ തകർത്ത് മടങ്ങാൻ വേണ്ടിവന്നത് 90 സെക്കൻഡാണ്. എന്നാൽ, പദ്ധതി പ്ലാൻ ചെയ്യാനും ലക്ഷ്യത്തിൽ എത്തിച്ചരോനുമായി രണ്ടര മണിക്കൂർ വേണ്ടിവന്നു. ഉപഗ്രഹത്തിന്റെ സഹായത്തോടെയാണ് ബോംബാക്രമണം നടത്തിയത്.

സാറ്റലൈറ്റ് ഗൈഡഡ് ബോംബുകളായ സ്പൈസ് ഘടിപ്പിച്ച മിറാഷ് 2000 പോർവിമാനങ്ങളിൽ നിന്നായിരുന്നു ആക്രമണം. ക്രിസ്റ്റൽ മേസ് ആയുധങ്ങൾ ഉപയോഗിക്കാനായിരുന്നു തീരുമാനം. എന്നാൽ, കാർമേഘങ്ങൾ പ്രത്യക്ഷപ്പെട്ടതോടെ ആ പദ്ധതി ഉപേക്ഷിച്ചു. പിന്നീട് മിറാഷ് 2000 ഉപയോഗിക്കാൻ തീരുമാനിച്ചു.

ആറ് ബോംബുകളായിരുന്നു ലോഡ് ചെയ്തിരുന്നത്. ഇതിൽ അഞ്ചു ബോംബുകളും ഉപയോഗിച്ചു. ബോംബുകൾ വർഷിക്കാൻ വേണ്ടിവന്നത് 90 സെക്കൻഡ് മാത്രമായിരുന്നു. ലക്ഷ്യത്തിലെത്തിച്ചേരാൻ മാനസിക പിരിമുറുക്കം നേരിട്ടിരുന്നു. ആദ്യം പറന്നത് കശ്മീരിലേക്കായിരുന്നു. ആക്രമണത്തിന് മുൻപായി പാക്കിസ്ഥാൻ തങ്ങളെ ആക്രമിക്കാൻ ശ്രമം നടത്തിയിരുന്നു. ഇതിനെ പ്രതിരോധിച്ചായിരുന്നു പാക്കിസ്ഥാന് തിരിച്ചടി നൽകിയത്. ഇതോടെ ദൗത്യം വൻ വിജയമായി മാറുകയായിരുന്നു, പൈലറ്റുമാർ വ്യക്തമാക്കി.

## ചന്ദ്രബാബു നായിഡുവിനും കുടുംബത്തിനുമുള്ള സുരക്ഷ വെട്ടിക്കുറച്ചു

**ഹൈദരാബാദ്:** അധികാരത്തിലേറിയതിനു പിന്നാലെ മുൻമുഖ്യമന്ത്രിയുടെ സുരക്ഷ വെട്ടിക്കുറച്ച് ആന്ധ്രപ്രദേശിലെ വൈ.എസ്. ജഗൻമോഹൻ റെഡ്ഡി സർക്കാർ. മുൻ മുഖ്യമന്ത്രിയും ടിഡിപി നേതാവുമായ എൻ. ചന്ദ്രബാബു നായിഡുവിനും കുടുംബത്തിനുള്ള പ്രത്യേക സുരക്ഷയാണ് സർക്കാർ റദ്ദാക്കിയത്.

നായിഡുവിനുണ്ടായിരുന്ന ഇസഡ് പ്ലസ് കാറ്റഗറി സുരക്ഷയും മകൻ നര ലോകേഷിന്റെ ഇസഡ് കാറ്റഗറി സുരക്ഷയുമാണ് സർക്കാർ കുറച്ചത്. ലോകേഷിന് നേരത്തെ 5+5 സുരക്ഷയുണ്ടായിരുന്നത് ഇപ്പോൾ 2+2 ആക്കി. മറ്റ് കുടുംബാംഗങ്ങൾക്കുള്ള സുരക്ഷയും ആനുകൂല്യങ്ങളും ജഗൻ സർക്കാർ കുറച്ചിട്ടുണ്ട്.

കഴിഞ്ഞ വെള്ളിയാഴ്ച ഗന്നാവാരം എയർപോർട്ടിൽ ചന്ദ്രബാബു നായിഡുവിനെ ദേഹപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നു. വിഐപി ലിസ്റ്റിൽ നിന്ന് ഇദ്ദേഹത്തിന്റെ പേര് നീക്കിയതോടെയാണിത്. വിഐപി വാഹനത്തിൽ വിമാനത്തിന് അടുത്തുവരെ പോകാനുള്ള അനുവാദവും റദ്ദാക്കി. 2003ൽ തിരുപ്പതിയിൽ ഇദ്ദേഹത്തിനു നേരെയുണ്ടായിരുന്ന മാവോയിസ്റ്റ് ആക്രമണത്തിനു ശേഷമാണ് നായിഡുവിന് 24 മണിക്കൂറും 23 സുരക്ഷാ ഉദ്യോഗസ്ഥരടങ്ങുന്ന ഇസഡ് പ്ലസ് സുരക്ഷ നൽകിത്തുടങ്ങിയത്.

## തമിഴ്നാടിന് കർണാടകം വെള്ളം നൽകണം

**ന്യൂദൽഹി:** കടുത്ത ജലക്ഷാമം നേരിടുന്ന തമിഴ്നാടിന് ജലം നൽകാൻ കർണാടക സർക്കാരിനോട് കാവേരി ജല അതോറിറ്റി. ജൂണിൽ തമിഴ്നാടിന് അനുവദിച്ച ജലം നൽകാത്തതിനും അതോറിറ്റി കർണാടകത്തെ വിമർശിച്ചു.

കടുത്ത ജലക്ഷാമം നേരിടാൻ തമിഴ്നാട് ജലം ആവശ്യപ്പെട്ടതിനെത്തുടർന്നാണ് നിർദേശം. കാവേരി ജല അതോറിറ്റിയുടെ നിയന്ത്രണം ഏറ്റെടുക്കണമെന്നും, തമിഴ്നാടിന് ജലം കിട്ടുന്നെന്ന് ഉറപ്പാക്കണമെന്നും കേന്ദ്ര സർക്കാരിനു നൽകിയ നിവേദനത്തിൽ എഐഎഡിഎംകെ അഭ്യർത്ഥിച്ചിരുന്നു.

## മിസോറാമിൽ 20 കോൺഗ്രസ് കൗൺസിലർമാർ ബിജെപിയിൽ

**ഐസ്വാൾ:** മിസോറാമിലെ സ്വയംഭരണാവകാശമുള്ള മാരാ കൗൺസിലിന്റെ ഭരണം ബിജെപിക്ക് ലഭിച്ചേക്കും. മാരാ കൗൺസിലിലെ 20 കോൺഗ്രസ് പ്രതിനിധികളെ സ്വന്തമാക്കിയാണ് ബിജെപി കൗൺസിലിൽ സ്വാധീനമുറപ്പിച്ചത്. എൻഡിഎയുമായി സഖ്യത്തിലേർപ്പെട്ടിരിക്കുന്ന സംസ്ഥാന സർക്കാരായ മിസോ നാഷണൽ ഫ്രണ്ട് (എംഎൻഎഫ്), മാരാ കൗൺസിൽ പിരിച്ചു വിടാൻ ശ്രമം നടത്തിയെങ്കിലും അതൊഴിവാക്കാൻ കോൺഗ്രസ് പ്രതിനിധികൾ ബിജെപിയിൽ ചേരാൻ തീരുമാനിക്കുകയായിരുന്നുവെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ ജെ.വി ഹലൂന പറഞ്ഞു.

മുൻ കോൺഗ്രസ് നേതാവും ചീഫ് എക്സിക്യൂട്ടീവ് മെമ്പറുമായ എൻ. സക്കായിയുടെ അധ്യക്ഷതയിൽ പുതിയ സമിതി ഉണ്ടാക്കിയിട്ടുണ്ട്. പുതിയ ഭരണ സമിതിക്ക് അംഗീകാരം നൽകണമെന്ന് ഗവർണർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. 25 അംഗങ്ങളുള്ള സമിതിയിൽ 20 കൗൺസിലർമാർ എത്തിയതോടെ ബിജെപിക്ക് 22 അംഗങ്ങളുടെ പിന്തുണയായി. നേരത്തെ എംഎൻഎഫിന്റെ രണ്ട് കൗൺസിലർമാർ ബിജെപിയിൽ ചേർന്നിരുന്നു. മിസോറാമിലെ സ്വയം ഭരണാവകാശമുള്ള മൂന്ന് കൗൺസിലുകളിൽ ഒന്നാണ് മാരാ കൗൺസിൽ.

# 2000കോടിയുടെ ഐഎംഎ നിക്ഷേപ തട്ടിപ്പ്: മൻസൂറിന്റെ ഭീഷണിയിൽ പേടിച്ച് ധാരണയിലെത്താൻ കോൺഗ്രസ്

പി.എൻ. സതീഷ്

**ബെംഗളൂരു:** ഹലാൽ നിക്ഷേപത്തിലൂടെ 2000 കോടിയുടെ തട്ടിപ്പ് നടത്തിയ ഐഎംഎ കമ്പനി എംഡി മൻസൂർ മുഹമ്മദ് ഖാന്റെ ഭീഷണിക്കു മുന്നിൽ മുട്ടുമടക്കി കോൺഗ്രസ്. ബിസിനസ്സ് പങ്കാളികളായ ചില വമ്പന്മാരുടെ പേരുകൾ പുറത്തുവിടുമെന്ന മൻസൂർ ഖാന്റെ വീഡിയോ സന്ദേശം പുറത്തുവന്നതോടെ കേസ് ധാരണയിലെത്താനുള്ള നീക്കവുമായി കോൺഗ്രസ്.

മൻസൂർഖാനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചാൽ കോൺഗ്രസ് നേതാക്കളുടെ നീണ്ട നിര തന്നെ പ്രതിപ്പട്ടികയിലുണ്ടാകുമെന്ന് ബോധ്യമായതോടെയാണ് ഏതു വിധേനയും ധാരണയിലെത്താൻ നീക്കം നടത്തുന്നത്.

ബിനാമി പേരിൽ ഐഎംഎയിൽ വൻ തുക നിക്ഷേപിച്ചവരും തന്നിൽ നിന്ന് വൻ തുക വാങ്ങിയതുമായ നേതാക്കൾ, ബിസിനസ്സുകാർ, മത നേതാക്കൾ എന്നിവരുടെ പേരുകൾ പറത്തുവിടുമെന്ന വജ്രായുധമാണ് മൻസൂർ പ്രയോഗിച്ചിരിക്കുന്നത്.

വീഡിയോ സന്ദേശത്തിന് പിന്നാലെ മൻസൂറിനെ പിന്തുണച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി സമീർ അഹമ്മദ് എത്തിയത് ഇതിന്റെ സൂചനയാണ്. വഞ്ചിച്ചവരുടെ പേരുകൾ നൽകിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കാമെന്നും തിരിച്ചെത്തുന്ന മൻസൂർഖാന് എല്ലാവിധ സംരക്ഷണവും നൽകുമെന്നും സമീർ പറഞ്ഞു.

2000 കോടിരൂപയുടെ തട്ടിപ്പാണ് ഇതുവരെ വെളിപ്പെട്ടിരിക്കുന്നത്. എന്നാൽ, 1350 കോടി തിരികെ നൽകാമെന്നാണ് മൻസൂർ പറഞ്ഞിരിക്കുന്നത്. മൻസൂർ ലിസ്റ്റ് നൽകിയാൽ പാവപ്പെട്ട നിക്ഷേപകരെ സർക്കാർ സഹായിക്കുമെന്ന വിചിത്ര നിർദേശവും സമീർ മുന്നോട്ടുവച്ചിട്ടുണ്ട്.

വീഡിയോ സന്ദേശത്തിനു ശേഷമാണ് ചില വമ്പന്മാരുടെ പേരുകൾ കൂടി പുറത്തുവിടുമെന്ന് മൻസൂർ പറഞ്ഞിരിക്കുന്നത്. ഇതോടെയാണ് കോൺഗ്രസ് നേതാക്കൾ അനുനയ നീക്കവുമായി രംഗത്തെത്തിയത്. കമ്പനിയുമായി മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ അടക്കമുള്ള നേതാക്കൾക്ക് ബന്ധമുള്ളതായി ബിജെപി ആരോപിച്ചു. അതിനാലാണ് ഇത്രയും വലിയ സാമ്പത്തിക തട്ടിപ്പ് നടന്ന കേസ് സിബിഐക്ക് കൈമാറാത്തത്.

സിദ്ധരാമയ്യ സർക്കാരിന്റെ ഭരണകാലത്ത് ഐഎംഎയുടെ നിക്ഷേപ പദ്ധതിക്കെതിരെ ആർബിഐ സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഇതെല്ലാം അവഗണിച്ച് സംസ്ഥാന സർക്കാർ ഐഎംഎക്ക് ക്ലീൻ ചിറ്റ് നൽകി.

ഐഎംഎയുടെ വേദികളിൽ നിറസാന്നിദ്ധ്യമായിരുന്നു സിദ്ധരാമയ്യയെന്നും ബിജെപി നേതാക്കൾ ആരോപിച്ചു. കോൺഗ്രസിലെ മറ്റു സംസ്ഥാന, ദേശീയ നേതാക്കൾക്ക് അടക്കം കമ്പനിയുടെ തട്ടിപ്പിൽ പങ്കുണ്ടെന്നും ബിജെപി നേതാക്കൾ പറഞ്ഞു.

സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമായി അൻപതിനായിരത്തിൽ അധികം ആൾക്കാരാണ് ഐഎംഎ കമ്പനിയിൽ പണം നിക്ഷേപിച്ചിരുന്നത്. കമ്പനിയുടെ പ്രധാന സ്ഥാപനം ശിവാജി നഗറിലെ ഐഎംഎ ജ്വല്ലറിയായിരുന്നു. ചില തീവ്രവാദ സംഘടനകളുമായും ഐഎംഎ കമ്പനിക്ക് ബന്ധമുള്ളതായുള്ള ആരോപണങ്ങളും ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം പ്രധാന ഓഫീസിൽ നടത്തിയ പരിശോധനയിൽ ഒരു തോക്കും 50 വെടിയുണ്ടകളും പിടിച്ചെടുത്തിരുന്നു. പ്രത്യേക അന്വേഷണ സംഘവും (എസ്ഐടി) ആദായനികുതി വകുപ്പുമാണ് കേസ് അന്വേഷിക്കുന്നത്.

# മൊറട്ടോറിയം നീട്ടൽ; വീണ്ടും റിസർവ് ബാങ്കിലേക്ക്

## പ്രശ്നം പരിഹരിക്കാൻ ഉപസമിതി

**തിരുവനന്തപുരം:** വായ്പകൾക്കുള്ള മൊറട്ടോറിയം കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് റിസർവ് ബാങ്കിനെ വീണ്ടും സമീപിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ബാങ്കേഴ്സ് സമിതി യോഗം തീരുമാനിച്ചു. സർഫാസി പ്രശ്നങ്ങൾ പരിശോധിക്കാൻ ഉപസമിതിയെ നിയോഗിക്കാനും കൃഷിഭൂമി നിർവചനത്തിലെ പ്രശ്നങ്ങൾ പരിശോധിക്കാനും യോഗത്തിൽ തീരുമാനമായി.

കാർഷിക വായ്പകളിൽ മൊറട്ടോറിയം കാലാവധി ഡിസംബർ 31 വരെ നീട്ടണമെന്ന് ആർബിഐയോട് ആവശ്യപ്പെടാനാണ് ഇന്നലെ ചേർന്ന ബാങ്കേഴ്സ് സമിതിയോഗത്തിൽ തീരുമാനമായത്. പ്രശ്നപരിഹാരത്തിന് ഉപസമിതി രൂപീകരിക്കാനും തീരുമാനമായി. ബാങ്കേഴ്സ് സമിതി, സംസ്ഥാന സർക്കാർ, റിസർവ് ബാങ്ക് പ്രതിനിധികൾ എന്നിവർ ഉപസമിതിയിൽ അംഗങ്ങളായിരിക്കും. സർഫാസി നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നും യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

സാങ്കേതികത്വം പറഞ്ഞ് മാറി നിൽക്കാനാകില്ലെന്നും ആർബിഐ ഗവർണറെ കാണാൻ സംസ്ഥാന സർക്കാർ തയാറാണെന്നും യോഗത്തിൽ കൃഷി മന്ത്രി വി.എസ്. സുനിൽ കുമാർ വ്യക്തമാക്കി. വായ്പകളിൽ വേഗത്തിൽ നടപടിയുണ്ടാകണമെന്ന ചീഫ് സെക്രട്ടറിയുടെ ആവശ്യം സമിതി അംഗീകരിച്ചു. എന്നാൽ വിമർശനങ്ങൾക്കിടയാക്കിയ പത്രപരസ്യം മൊറട്ടോറിയത്തിലെ വസ്തുത ബോധ്യപ്പെടുത്താനാണെന്നായിരുന്നു ബാങ്കേഴ്സ് സമിതി കൺവീനർ ജി.കെ. മായയുടെ പ്രതികരണം.

2019 ജൂലൈ 31വരെയുള്ള ഒരു വർഷത്തേക്കാണ് വായ്പകൾക്ക് സർക്കാർ ആദ്യം മൊറട്ടോറിയം പ്രഖ്യാപിച്ചത്. ഇത് റിസർവ് ബാങ്ക് അംഗീകരിച്ചിരുന്നു. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ ആത്മഹത്യ ചെയ്തതിനെത്തുടർന്നു മൊറട്ടോറിയം ഡിസംബർ 31വരെ നീട്ടി സർക്കാർ മാർച്ചിൽ ഉത്തരവിറക്കി. എന്നാൽ റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചില്ല. സംസ്ഥാന ബാങ്കേഴ്സ് സമിതി ഇക്കാര്യം ചൂണ്ടിക്കാട്ടി റിസർവ് ബാങ്കിന് കത്തു നൽകി. മൊറട്ടോറിയം നീട്ടാൻ അനുമതി ലഭിച്ചാൽ സംസ്ഥാനത്തെ 1.25 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും.

# കെവിൻ കേസ്: ഒന്നാംഘട്ട വിചാരണ പൂർത്തിയായി

## ■ പ്രതി ഷാനുമായുള്ള സംഭാഷണം മുൻ എഎസ്ഐ വീണ്ടും തിരിച്ചറിഞ്ഞു

**കോട്ടയം:** കെവിൻ വധക്കേസിൽ ഒന്നാംഘട്ട വിചാരണ പൂർത്തിയായി. അടുത്തഘട്ടം കോടതി 29ന് തീരുമാനിക്കും. പ്രതികളെ വിസ്തരിക്കുക, അവർക്കെന്തെങ്കിലും തെളിവ് ഹാജരാക്കാനുണ്ടെങ്കിൽ പരിശോധിക്കുക എന്നിവയാണ് ഇനിയുള്ളത്.

കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ ഡിവൈഎസ്പി ഗിരീഷ് പി. സാരഥിയെ വിചാരണ നടക്കുന്ന കോട്ടയം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ നാല് ദിവസം വിസ്തരിച്ചു. മുൻ ഗാന്ധിനഗർ എഎസ്ഐ ബിജുവിനെ ഇന്നലെ കോടതി വീണ്ടും വിളിപ്പിച്ചു. വിസ്താരത്തിൽ പ്രതി ഷാനു ചാക്കോയുമായുള്ള മൊബൈൽ ഫോൺ സംഭാഷണത്തിൽ തന്റെയും പ്രതിയുടെയും ശബ്ദം ബിജു തിരിച്ചറിഞ്ഞു. നേരത്തെ ഈ സംഭാഷണം കോടതിയിൽ കേൾപ്പിച്ചപ്പോൾ ബിജു തിരിച്ചറിഞ്ഞിരുന്നു.

എന്നാൽ, ഈ സംഭാഷണം മൊബൈലിൽ നിന്ന് പെൻഡ്രൈവ് വഴി പകർത്തി ലാപ്ടോപ്പ് വഴി കേൾപ്പിച്ചപ്പോൾ കൃത്രിമം കാണിച്ചെന്ന് പ്രതിഭാഗം വാദിച്ചു. ഈ വാദം തള്ളുന്നതിനാണ് പ്രോസിക്യൂഷൻ മൊബൈൽ ഫോണിൽത്തന്നെ സംഭാഷണം വീണ്ടും കേൾപ്പിച്ചത്. ഇതിനായാണ് ബിജുവിനെ വീണ്ടും വിളിപ്പിച്ചത്.

ഫോണിൽ റെക്കോഡ് ചെയ്തത് പരിശോധിക്കാൻ കോടതി പ്രോസിക്യൂഷനൊപ്പം പ്രതിഭാഗത്തിനും അനുമതി നൽകി. ഇത് സാക്ഷിയുടെ സാന്നിധ്യത്തിൽ പരിശോധിച്ചപ്പോൾ ആ ഫോൾഡറിൽ നാല് ശബ്ദരേഖകളുണ്ടെന്ന് കണ്ടെത്തി. ഇതിൽ രണ്ടെണ്ണത്തിൽ മാത്രമാണ് വ്യക്തമായ ശബ്ദമുള്ളത്. ഒന്നിൽ ഔട്ട് ഓഫ് കവറേജ് ഏരിയ എന്ന മൊബൈൽ കമ്പനിയുടെ അറിയിപ്പാണ് കേട്ടത്. മറ്റൊന്നിൽ ശബ്ദം വ്യക്തമല്ല.

കെവിനെ തട്ടിക്കൊണ്ടുപോയ 2018 മെയ് 27ന് പുലർച്ചെ ഷാനുവും ബിജുവും തമ്മിലുള്ള സംഭാഷണമാണ് കേട്ടത്. ഈ ഫോൾഡർ ദിവസം രേഖപ്പെടുത്തിയത് മെയ് 29 എന്നാണെന്ന് കാണാമെന്ന് ചൂണ്ടിക്കാട്ടിയാണ് കൃത്രിമമെന്ന് പ്രതിഭാഗം വാദിച്ചത്. എന്നാൽ, ഫോൾഡർ ഉണ്ടാക്കിയ ദിവസമെന്ന് മാത്രമാണ് അതിന് അർത്ഥമെന്നും അത് തുറന്നാൽ കാണുന്നത് 27ലെ സംഭാഷണ വിവരങ്ങളാണെന്നും പ്രോസിക്യൂഷൻ വാദിച്ചു.

# കേരളവും ലക്ഷദ്വീപും വിശദീകരണം നൽകണം

**കൊച്ചി:** സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് സേനയിലെ ഒഴിവുകൾ നികത്തുന്ന നടപടികളിൽ ഹൈക്കോടതി സംസ്ഥാന സർക്കാരിനോടും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനോടും വിശദീകരണം തേടി. ഈ നിയമനങ്ങൾ ഹൈക്കോടതികൾ നിരീക്ഷിക്കണമെന്ന സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി സ്വമേധയായാണ് നടപടി സ്വീകരിച്ചത്.

സുപ്രീംകോടതിയിൽ സംസ്ഥാനം നൽകിയ സത്യവാങ്മൂലമനുസരിച്ച് കേരളത്തിൽ 19 പോലീസ് ജില്ലകളും ഏഴ് ഫീഡർ ബറ്റാലിയനുകളുമാണുള്ളതെന്ന് വ്യക്തമാക്കിയിരുന്നു. ബറ്റാലിയനിൽ നിന്നുള്ളവർക്ക് സ്ഥലംമാറ്റം നൽകിയും സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ നൽകിയുമാണ് ഒഴിവുകൾ നികത്തുന്നത്. ബറ്റാലിയനുകളിലേക്കുള്ള എൻട്രി കേഡർ, എസ്ഐ റിക്രൂട്ട്മെന്റുകൾ പിഎസ്‌സി മുഖേന നടത്തുന്നുണ്ടെന്നും സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നു. ഹൈക്കോടതി പരിഗണിക്കുന്ന ഹർജിയിൽ കേരളം, ലക്ഷദ്വീപ് പ്രദേശങ്ങളിലെ ഒഴിവുകൾ നികത്താനുള്ള നടപടി വിശദീകരിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഹർജി മൂന്നാഴ്ച കഴിഞ്ഞു വീണ്ടും പരിഗണിക്കും.

# ഓപ്പോ റെനോ 10 എക്സ് വിറ്റു തീർന്നു

**കൊച്ചി:** സ്മാർട്ട്ഫോൺ കമ്പനിയായ ഓപ്പോയുടെ ഓപ്പോ റെനോ 10 എക്സ് ആദ്യ മാസം തന്നെ വിറ്റുതീർന്നു. വൈകാതെ വീണ്ടും വിപണിയിലെത്തിക്കുമെന്നും റെനോ ശ്രേണിക്ക് നല്ല സ്വീകരണമാണെന്നും ഓപ്പോ ഇന്ത്യ സിഇഒ ചാൾസ് വോങ് പറഞ്ഞു.
കേരളവിപണി ശക്തമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണെന്ന് കമ്പനി. സംസ്ഥാനത്ത് 3000 വിൽപ്പനകേന്ദ്രങ്ങളുണ്ട്, 300 എണ്ണം കൊച്ചിയിലാണ്. ഓപ്പോയുടെ ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്ന ക്യാമറ സവിശേഷതകൾ തന്നെയാണ് പുതിയ സീരീസിന്റെയും പ്രത്യേകത. മൂന്നു പിൻക്യാമറകളുണ്ട്. എട്ട് ജിബി റാമിന്റെ ഫോണിന് 49,990 രൂപയാണ് വില. കൂടുതൽ സമയത്തേക്കുള്ള ബാറ്ററി ശേഷിയും അതിവേഗ ചാർജിങ് സംവിധാനവുമുണ്ട്.

## കെട്ടിട നിർമ്മാണാനുമതി

# അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം

**തിരുവനന്തപുരം:** കെട്ടിട നിർമ്മാണ അനുമതിക്കായി ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം ഒഴിവാക്കി നടപടി സ്വീകരിക്കാൻ സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചു. കെട്ടിക്കിടക്കുന്ന എല്ലാ അപേക്ഷകളിലും ജൂലായ് പത്തിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉചിത തീരുമാനമെടുക്കണം.
എല്ലാ വിവരങ്ങളും ജൂലായ് 15ന് വൈകിട്ട് മൂന്നിനു മുമ്പ് directorofpanchayatcsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. മുൻഗണനാക്രമം തെറ്റിക്കാതെയും 15 ദിവസത്തിൽ കൂടുതൽ കാലതാമസമുണ്ടാക്കാതെയും കെട്ടിട നിർമ്മാണ അനുമതികൾ നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്നും സർക്കാർ നിർദേശിച്ചു.
തീർപ്പാക്കാത്ത കേസുകളിൽ ജൂലായ് 31നകം അദാലത്തുകൾ സംഘടിപ്പിക്കണം. 2019 മെയ് 31 വരെ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതും നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും കെട്ടിട വിനിയോഗാനുമതി, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്തതുമായ അപേക്ഷകളാണ് അദാലത്തിന് പരിഗണിക്കേണ്ടത്. ദേശീയപാത, സംസ്ഥാനപാത, ജില്ലാ റോഡുകളോട് ചേർന്നുള്ള ഭൂമിയിൽ റോഡ് അതിർത്തിയിൽ നിന്ന് മൂന്ന് മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിട നിർമാണം കർശനമായി നിരോധിക്കണം. ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈൻ ആപ്ലിക്കേഷൻ 'സങ്കേതം' വഴി മാത്രമേ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സ്വീകരിക്കാവൂ. തുടർനടപടി സ്വീകരിക്കുമ്പോൾ ക്ലാർക്ക് മുതൽ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ ആവശ്യമായ ഫയൽ കുറിപ്പ് രേഖപ്പെടുത്തണം.
എല്ലാ മാസവും ഒന്നു മുതൽ 15 വരെയും 16 മുതൽ 31 വരെയും ലഭിക്കുന്ന കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചു.

# പാതിരിക്ക് മുൻകൂർ ജാമ്യം

**കൊച്ചി:** വിവാഹിതയായ യുവതിയെ കുടുംബത്തർക്കം തീർക്കാനെന്നു പറഞ്ഞ് പള്ളി ഓഫീസിൽ വിളിച്ചു വരുത്തി പീഡിപ്പിച്ചെന്ന കേസിൽ പാതിരിക്ക് മുൻകൂർ ജാമ്യം. കായംകുളം പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ റാന്നി അങ്ങാടിയിലെ ഹോളി ട്രിനിറ്റി ആശ്രമത്തിലെ ഫാ. ബിനു ജോർജിനാണ് ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയത്.

ജൂലായ് ഒന്നിന് മുമ്പ് അന്വേഷണ ഉദ്യോഗസ്ഥനു മുന്നിൽ ഹാജരാകണം. അന്ന് ചോദ്യം ചെയ്യൽ പൂർത്തിയായില്ലെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന് അടുത്ത ദിവസമോ സൗകര്യപ്രദമായ മറ്റൊരു ദിവസമോ ചോദ്യം ചെയ്യൽ തുടരാം. അറസ്റ്റ് ചെയ്താൽ 40,000 രൂപയുടെ ബോണ്ടിലും തുല്യതുകയ്ക്കുള്ള രണ്ടുപേരുടെ ജാമ്യത്തിലും വിട്ടയയ്ക്കണം. വിചാരണ പൂർത്തിയാകും വരെ പരാതിക്കാരി താമസിക്കുന്ന ജില്ലയിൽ പ്രവേശിക്കരുത്. തുടങ്ങിയ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2014ലാണ് സംഭവം. ഭർത്താവിന്റെ അമ്മയുമായുള്ള തർക്കം കേസായതോടെ ഒത്തുതീർപ്പുണ്ടാക്കാനെന്നു പറഞ്ഞാണ് പാതിരി വിളിച്ചുവരുത്തി പീഡിപ്പച്ചത്. ഭീഷണി തുടർന്ന സാഹചര്യത്തിൽ വിദേശത്തുള്ള ഭർത്താവിനെ വിവരമറിയിച്ച് ഭർത്താവുമായി ചേർന്ന് ഭദ്രാസനാധിപന് പരാതി നൽകി. പിന്നീട് ആത്മഹത്യ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി പാതിരി പരാതി പിൻവലിപ്പിച്ചു. എന്നാൽ, ഇയാൾ തുടർന്നും അപവാദ പ്രചരണം നടത്തുകയും മറ്റു സ്ത്രീകളുമായി അവിഹിത ബന്ധം തുടരുകയും ചെയ്ത സാഹചര്യത്തിൽ 2018 ജൂലായ് ഒമ്പതിനാണ് പോലീസിൽ പരാതി നൽകിയത്.

# പമ്പ പൂർവസ്ഥിതിയിലാക്കൽ: ഹൈക്കോടതി വിശദീകരണം തേടി

**കൊച്ചി:** പ്രളയത്തെത്തുടർന്ന് അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കി പമ്പാ നദി പൂർവസ്ഥിതിയിലാക്കാൻ ഹ്രസ്വ, ദീർഘകാലാടിസ്ഥാനത്തിൽ നടപടി വേണമെന്ന ശബരിമല സ്പെഷ്യൽ കമ്മീഷണറുടെ റിപ്പോർട്ടിൽ ഹൈക്കോടതി സർക്കാരിനോടു വിശദീകരണം തേടി.

മണ്ണും ചെളിയും നീക്കുന്ന ജോലികൾ ഹ്രസ്വകാല അടിസ്ഥാനത്തിലും പാലം നിർമ്മാണമടക്കം ദീർഘകാലാടിസ്ഥാനത്തിലും വേണമെന്നാണ് കമ്മീഷണറുടെ ശുപാർശ. ചക്കുപാലം-പമ്പ-ത്രിവേണി-ഞുണങ്ങാർ വരെയുള്ള തീരത്തിന്റെ പുനരുജ്ജീവനത്തിന് കെഎസ്ഇബി, ഡാം സുരക്ഷാ കമ്മീഷൻ, ഇറിഗേഷൻ വകുപ്പ്, വനം വകുപ്പ്, സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ശബരിമല ഉന്നതാധികാര സമിതി എന്നീ വിഭാഗങ്ങളുടെ ഏകോപനം അനിവാര്യമാണ്. നദിയിലെ നീരൊഴുക്ക് തടയുംവിധം അടിഞ്ഞ മാലിന്യങ്ങൾ നീക്കം ചെയ്യണമെന്നും പമ്പ-ത്രിവേണി മേഖലയിൽ പുതിയ പാലം പണിയണമെന്നും ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ റിപ്പോർട്ടിൽ ശുപാർശയുണ്ട്. പമ്പയിലേക്ക് ഖര, ദ്രവ മാലിന്യങ്ങൾ തള്ളുന്നത് തടയണമെന്നും തീർത്ഥാടകരിൽ നിന്നുള്ള വരുമാനത്തിൽ നിന്നൊരു വിഹിതം പമ്പയുടെ പുനരുജ്ജീവനത്തിനായി വിനിയോഗിക്കാനും റിപ്പോർട്ടിൽ കമ്മീഷണർ നിർദ്ദേശിക്കുന്നു.

# കൂടുതൽ വായ്പ നൽകാൻ ഐസിഐസിഐ

**കൊച്ചി:** കേരളത്തിലെ ചെറുകിട ഉപഭോക്താക്കളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വായ്പാ വിതരണം രണ്ടു വർഷത്തിനുള്ളിൽ 3100 കോടി രൂപയാക്കാൻ ഐസിഐസിഐ ബാങ്ക്. 20 ശതമാനം വർധനയാണ് ലക്ഷ്യമെന്ന് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ അനൂപ് ബാഗ്ചി പറഞ്ഞു. വ്യക്തിഗത വായ്പകളും വാഹന വായ്പകളും 22% വളർന്ന് വിതരണം 2,200 കോടിയിലെത്തിക്കുകയാണ് ലക്ഷ്യം.

നിക്ഷേപകർക്കുള്ള വിശ്വാസത്തിൽ ഇടിവുണ്ടായാലേ മാന്ദ്യം സംഭവിക്കൂയെന്നും ഇത് വൻകിട നിക്ഷേപകർക്കിടയിലേ ഉണ്ടാകൂയെന്നും ബാഗ്ചി പ്രതികരിച്ചു. പണമില്ലായ്മയല്ല, നിക്ഷേപകരുടെ വിശ്വാസമാണ് പ്രധാനം. കേരളത്തിൽനിന്ന് നിക്ഷേപത്തിന്റെ 87% വായ്പ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും ബാങ്കുകളെ ഏറ്റെടുക്കാൻ പദ്ധതിയില്ല, പണമിടപാടുള്ളിടത്ത് ബാങ്കിന്റെ ബ്രാഞ്ചുകൾ കൂടുതൽ തുറക്കാനാണ് ആസൂത്രണമെന്നും ബാഗ്ചി പറഞ്ഞു.

## കമ്പോളം

സ്വർണം പവന് 25680 രൂപ

| | | | |
|---|---|---|---|
| വെളിച്ചെണ്ണ മില്ലിങ് | 14,500 | കടല | 5800-6000 |
| വെളിച്ചെണ്ണ | 13,000 | മുതിര | 4500 |
| കൊപ്ര | 8700-9000 | എള്ള് | 10,000 |
| പിണ്ണാക്ക് | | മല്ലി | 8500-19,000 |
| എക്സ്പെല്ലർ | 2100 | പച്ചരി നമ്പർ 2 | 2900 |
| പിണ്ണാക്ക് റോട്ടറി | 2900 | പുഴുക്കലരി (ജയ) | 3200-3300 |
| കുരുമുളക് | | ജാതിക്ക തൊണ്ടൻ | 180-220 |
| അൺഗാർബിൾഡ് | 34,400 | ജാതിക്ക | |
| പുതിയ കുരുമുളക് | 32,800 | തൊണ്ടില്ലാത്തത് | 350-400 |
| കുരുമുളക് | | ജാതിപത്രി മഞ്ഞ, | |
| ഗാർബിൾഡ് | 36,400 | ചുവപ്പ് | 725-800 |
| പുതിയ ചുക്ക് | 25,000-30,000 | ഗ്രാമ്പൂ | 650 |
| ചുക്ക് മീഡിയം | 22,500 | ഏലം - കൂടിയ വില | 2203 |
| ചുക്ക് ബെസ്റ്റ് | 26,500 | ശരാശരി വില | 1642.48 |
| മഞ്ഞൾ നാടൻ | ഇല്ല | റബർ ആർഎസ്എസ് | |
| സേലം-ഈറോഡ് | 7500-8000 | 5 ഗ്രേഡ് | 14,300-14,800 |
| കാഞ്ഞിരക്കുരു | 1850 | റബർ ആർഎസ്എസ് | |
| അടയ്ക്ക ന്യൂ | 20,000-21,000 | 4 ഗ്രേഡ് | 15,100 |
| അടയ്ക്ക ഓൾഡ് | ഇല്ല | ഒട്ടുപാൽ | 9400 |
| പഞ്ചസാര | 3620 | ലാറ്റക്സ് | 9100 |
| മുളക് | 11,000-13000 | സ്വർണം | 25,680 |
| ഉഴുന്ന് | 7500-8800 | സ്വർണം ഗ്രാമിന് | 3210 |
| ചെറുപയർ | 7500-8500 | പാം ഓയിൽ | 5800 |

## വിനിമയ നിരക്ക്

| | കറൻസി | കറൻസി |
|---|---|---|
| ഡോളർ | 69.40 | 69.31 |
| യൂറോ | 78.99 | 78.90 |
| പൗണ്ട് | 88.42 | 88.32 |
| സ്വിസ് ഫ്രാങ്ക് | 71.04 | 70.94 |
| സിംഗപ്പൂർ ഡോളർ | 51.28 | 51.19 |
| ആസ്ട്രേലിയൻ ഡോളർ | 48.37 | 48.32 |
| കനേഡിയൻ ഡോളർ | 52.69 | 52.60 |
| ബഹറിൻ ദിനാർ | 183.93 | |
| കുവൈറ്റ് ദിനാർ | 228.62 | |
| ഒമാനി റിയാൽ | 180.10 | |
| സൗദി റിയാൽ | 18.49 | |
| യുഎഇ ദിർഹം | 18.87 | |
| ഖത്തർ റിയാൽ | 19.04 | |

## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: 0471-2305230, 2305193, 2301740
www.kerala.gov.in www.keralalotteries.com

സ്ത്രീ ശക്തി SS-163 നറുക്കെടുപ്പ് ഫലം 25/06/2019

ഒന്നാം സമ്മാനം 60 ലക്ഷം രൂപ SB 285530

സമാശ്വാസ സമ്മാനം 8000 രൂപ
SA 285530 SC 285530 SD 285530 SE 285530
SF 285530 SG 285530 SH 285530 SJ 285530
SK 285530 SL 285530 SM 285530

2-ാം സമ്മാനം 5 ലക്ഷം രൂപ
SB 457064

3-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0357 | 2315 | 2598 | 2798 | 3057 | 4346 | 4933 | 5758 | 7379 | 7549 |
| 7985 | 9423 | | | | | | | | |

4-ാം സമ്മാനം 2000 രൂപ

| | | | | | | | |
|---|---|---|---|---|---|---|---|
| 0499 | 1791 | 2921 | 5641 | 5785 | 6157 | 6271 | 8606 |

5-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0722 | 1290 | 1298 | 1595 | 2290 | 2420 | 2957 | 3417 | 3982 | 4008 |
| 4786 | 5830 | 6278 | 6406 | 6531 | 7169 | 8881 | 8978 | 9220 | 9905 |

6-ാം സമ്മാനം 500 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0021 | 0921 | 1230 | 2226 | 2429 | 3077 | 3166 | 3421 | 3896 | 3952 |
| 3981 | 4242 | 4339 | 4435 | 4915 | 5332 | 5421 | 5527 | 5961 | 6438 |
| 6456 | 6518 | 6637 | 6971 | 7242 | 7456 | 7823 | 8335 | 8437 | 8503 |
| 8768 | 9271 | 9401 | 9829 | 9911 | 9981 | | | | |

7-ാം സമ്മാനം 200 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0150 | 0258 | 0358 | 0359 | 0550 | 0557 | 0675 | 0872 | 0937 | 1288 |
| 1428 | 2043 | 2509 | 2602 | 3327 | 3440 | 3628 | 3925 | 4196 | 4217 |
| 4679 | 4986 | 5116 | 5154 | 5203 | 5211 | 5783 | 5891 | 5896 | 6292 |
| 6296 | 6341 | 6477 | 6501 | 6714 | 7001 | 7197 | 7577 | 7771 | 7987 |
| 8187 | 8222 | 8372 | 9106 | 9851 | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0078 | 0159 | 0196 | 0207 | 0209 | 0215 | 0252 | 0542 | 0699 | 0744 |
| 0777 | 0825 | 0843 | 0881 | 0934 | 1110 | 1127 | 1632 | 1922 | 1973 |
| 2012 | 2215 | 2372 | 2377 | 2471 | 2533 | 2687 | 2728 | 2741 | 2789 |
| 2897 | 3091 | 3120 | 3121 | 3246 | 3263 | 3285 | 3347 | 3486 | 3505 |
| 3528 | 3549 | 3574 | 3635 | 3733 | 3895 | 3926 | 3942 | 4238 | 4288 |
| 4362 | 4488 | 4500 | 4546 | 4755 | 5032 | 5351 | 5374 | 5465 | 5470 |
| 5498 | 5813 | 5991 | 6166 | 6274 | 6454 | 6455 | 6517 | 6596 | 6612 |
| 6970 | 6986 | 7078 | 7114 | 7150 | 7178 | 7303 | 7340 | 7353 | 7358 |
| 7384 | 7517 | 7821 | 8119 | 8204 | 8342 | 8604 | 8640 | 8903 | 9115 |
| 9243 | 9304 | 9381 | 9430 | 9523 | 9667 | 9669 | 9817 | 9855 | 9944 |

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി ചാനലുകളിൽ

## ചാനൽ സിനിമ

**ഏഷ്യാനെറ്റ് മൂവീസ്**
7.00 പ്രജാപതി
10.00 ബാഗമതി
12.55 ഓംശാന്തി ഓശാന
3.50 വിസ്മയം
7.00 വെള്ളിമൂങ്ങ
9.55 വന്ദനം

**ഏഷ്യാനെറ്റ് പ്ലസ്**
7.00 ശിപായി ലഹള
10.00 ചിന്താവിഷ്ടയായ ശ്യാമള
1.00 ലവകുശ

**സൂര്യ മൂവീസ്**
7.00 അപരന്മാർ നഗരത്തിൽ
10.00 നക്ഷത്രക്കണ്ണുള്ള രാജകുമാരൻ, അവനുണ്ടൊരു രാജകുമാരി
1.00 എന്നെന്നും കണ്ണേട്ടന്റെ
4.00 ബ്ലാക്ക് ഡാലിയ
7.00 മേക്കപ്പ് മാൻ
10.00 ഡമാർ പഡാർ

**കൈരളി**
12.00 രജ്നി മുരുകൻ
11.00 വചനം

**വീ**
9.00 വെള്ളാനകളുടെ നാട്
3.00 ജന

**STAR MOVIES**
6.49 AIR FORCE ONE
9.09 PREDATOR 2
11.07 FANTASTIC FOUR
1.07 BLACK PANTHE
6.16 CAPTAIN AMERICA: THE FIRST AVENGER
8.50 ONG BAK
11.05 MONSTER HUNT

**MOVIES NOW**
6.50 WALKING TALL: THE PAYBACK
8.45 THE ANIMAL
10.25 CLOUDY WITH A CHANCE OF MEATBALLS
12.15 SPIDER-MAN: HOMECOMING
2.25 GUARDIANS OF THE GALAXY VOL. 2
4.55 MONSTERS, INC
6.50 CARS 2
9.00 THE 36TH CHAMBER OF SHAOLIN

**HBO**
6.00 CARRIERS
7.00 WITHOUT A PADDLE: NATURE'S CALLING
8.24 ESCAPE TO VICTORY
10.27 MEGAMIND
12.0 8IT

2.14 THE OTHER GUYS
4.03 OCEAN'S EIGHT
5.58 RAMPAGE
8.00 MISSION: IMPOSSIBLE - FALLOUT
10.49 DESPERADO



**SONY PIX**
6.00 THE GIRL ON THE TRAIN
8.48 DRUNKEN MASTER II
11.17 THE JUDGE
12.58 BLADE: TRINITY
3.00 ERASER
6.00 SULLY
9.00 THE FAST AND THE FURIOUS
11.23 10,000 BC

അഡ്മിഷൻ
BDS, MBBS, BAMS, Agriculture BSc & Msc, Bpharm, MD, PharmD, BHMS, Forestry Bsc & Msc, Nursing Bsc & Msc, BNYS, BTech, PCBSC, MLT, Mtech, GNM MHA, BPT, BSc MSc, BHA MBA
ഡോ. അലിൻ കൽപ്പറ്റ
അലിൻസ് അസോസിയേറ്റ്സ് കൽപ്പറ്റ
Ph: 04936 202030, 8590773040, 9207773040, 9074005608
2003 മുതൽ അഡ്മിഷൻ

JB Classifieds WindoW
ക്ലാസിഫൈഡ് പരസ്യങ്ങൾക്കായി
പുതിയ ജാലകം

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
9846187811, 9048784815
പത്തനംതിട്ട, കോഴഞ്ചേരി, തിരുവല്ല, പന്തളം, കോട്ടയം, ചങ്ങനാശ്ശേരി, ചിങ്ങവനം, ആലപ്പുഴ, ചേർത്തല, ചെങ്ങന്നൂർ കൂടാതെ കുറഞ്ഞ ചെലവിൽ ജില്ലയിൽ എവിടെയും.

അന്തർദേശീയതലത്തിൽ ഏറ്റവും ആകർഷകമായ ജോലി നേടുവാൻ
B.Sc. HOSPITAL ADMINISTRATION | MBA IN HOSPITAL ADMINISTRATION
BHARAT
EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE
NEW CAMPUS - ANDOOR (PALA-VAIKOM ROUTE), PALA, KOTTAYAM
Phone: 04822 214234, 04822212822, 9447507858

എയർപിസ്റ്റോൾ, എയർ റൈഫിൾസ് സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ വിൽപനശാല
കൊച്ചിൻ എയർഗൺസ്
കച്ചേരിപ്പടി, ചിറ്റൂർ റോഡ്, സുധീന്ദ്ര ഹോസ്പിറ്റലിന് സമീപം, എറണാകുളം.
ഫോൺ: 9061987450

ശ്രീമുരുക ശില്പശാല കൊട്ടാരക്കര
ക്ഷേത്രനിർമ്മാണം | വാസ്തുശാസ്ത്രം
ശില്പങ്ങൾ, മ്യൂറൽ ചിത്ര-ശില്പങ്ങൾ, പെയിന്റിംഗ്, മുതലായവ ഓർഡർ അനുസരിച്ച് ചെയ്തു കൊടുക്കപ്പെടുന്നു.
ക്ഷേത്രങ്ങളുടെയും കെട്ടിടങ്ങളുടെയും വാസ്തുശാസ്ത്രപരമായ പരിഹാരങ്ങൾക്ക് സമീപിക്കുക...
Ph :9747902995 | 9745508726
ശില്പി & സ്ഥപതി ടി.അനിൽകുമാർ (Fine arts)
വിഷ്ണുജിത്ത്.എ Managing director (MBA)

യാത്രകൾ
2019 ജൂലൈ 7 ന് : തിരുപ്പതി, കാളഹസ്തി.
2019 ജൂലൈ 10 ന് : പഴനി, മധുരൈ, രാമേശ്വരം.
2019 ജൂലൈ 20 ന് : അമർനാഥ്.
2019 ആഗസ്റ്റ് 2 ന് : മൂകാംബിക, ഗോകർണം, ധർമ്മസ്ഥല, ഉഡുപ്പി.
SAPTHAGIREES TOURS & TRAVELS
S.R.M Road Ernakulam
Ph: 9447542338, 9746713898, 8078584877
Email: sapthagirees@gmail.com

പാർക്കിൻസൺസ് (PARKINSON'S DISEASE)
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in
Website:www.viams.in
Ph: 0466 2270142, 09846362442, 09446456442

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/ റൈഫിൾ
• മാഗസിനിൻ • 18 ബിബി. 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും, റിപ്പയറിംഗിനും, ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം,
ഫോൺ: 0484 – 2371598, 2353589, 9388619684

ഉടൻ ഫലം
ജ്യോതിഷ, താന്ത്രിക, മാന്ത്രിക കർമ്മങ്ങളാൽ നിങ്ങളുടെ എല്ലാവിധ പ്രശ്നങ്ങൾക്കും. ജാതകം, ഏലസ്സുകൾ നേരിട്ടും തപാലിലും.
ബ്രഹ്മശ്രീ സുഭാഷ് കാളിദാസ ശർമ്മ, കാളിദാസമഠം
ഉഴവൂർ ഈസ്റ്റ്, കോട്ടയം ജില്ല.
: 9446942424, 9946220200

മുന്നറിയിപ്പ്
ജന്മഭൂമി പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് മുമ്പായി ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങൾ ശരിയാണെന്ന് ജന്മഭൂമിയുടെ പ്രസാധകരായ മാതൃകപ്രചരണാലയം ലിമിറ്റഡ് ഉറപ്പു നൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ട നഷ്ടങ്ങൾ സംഭവിച്ചാലോ ജന്മഭൂമിയുടെ പ്രിന്ററോ പബ്ലിഷറോ എഡിറ്ററോ മറ്റു ജീവനക്കാരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല.



# സിപിഎമ്മിന്റെ വികസന വിരുദ്ധത; നീതി തേടി കൈരളി ചാനൽ ജീവനക്കാരനും

**കുവൈറ്റ്/കോഴിക്കോട്:** സിപിഎമ്മിന്റെ വാർത്താ ചാനലായ കൈരളിയുടെ റിപ്പോർട്ടറും പ്രവാസിയുമായ യുവാവിന്റെ സ്വപ്ന പദ്ധതിക്ക് ഇടങ്കോലിട്ട് പാർട്ടിയുടെ ജില്ലാ നേതാക്കൾ. കുവൈറ്റിൽ 25 വർഷമായി പ്രവാസജീവിതം നയിക്കുന്ന റജി ഭാസ്കറാണ് പാർട്ടിക്കാരുടെ പകപോക്കലിന് ഇരയായത്. സിപിഎമ്മിന്റെ കടുത്ത അനുഭാവിയാണ് കോഴിക്കോട് സ്വദേശിയായ റജി.

നീണ്ട പ്രവാസി ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് തിരികെ എത്തുന്നതിന് മുന്നോടിയായാണ് കോഴിക്കോട് വേങ്ങരി തണ്ണീർ പന്തലിൽ സർവീസ് സ്റ്റേഷൻ നിർമ്മാണം തുടങ്ങിയത്. കുവൈറ്റിലെ ഗൾഫ് ബാങ്കിൽ 60 ലക്ഷം രൂപ വായ്പയെടുത്താണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ, പണി ആരംഭിച്ചതോടെ സ്ഥലത്തെ സിപിഎം-ഡിവൈഎഫ്ഐ പ്രവർത്തകർ പണം ആവശ്യപ്പെട്ടു. ഇത് നൽകാൻ റജി തയാറാകാത്തതോടെ പദ്ധതി പ്രദേശത്ത് കൊണ്ടുവന്ന് കൊടി കുത്തി. തുടർന്ന് രാത്രിയിൽ സിപിഎമ്മുകാർ സംഘം ചേർന്നെത്തി സർവീസ് സ്റ്റേഷൻ തല്ലിത്തകർക്കുകയും തൊഴിലാളികളെ ഭീഷണിപ്പെടുത്തി ആക്രമിച്ചോടിക്കുകയും ചെയ്തുവെന്ന് റജിയുടെ കുടുംബം പറയുന്നു.



റജി

തുടർന്ന് റജി സിപിഎം ജില്ലാ സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും നേരിട്ടു പരാതി നൽകിയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. ഇതോടെ കൈരളി ചാനലിന്റെ കുവൈറ്റ് ബ്യൂറോയിലെ മാധ്യമ പ്രവർത്തകനായ റെജി ഭാസ്കർ ഔദ്യോഗിക പദവി രാജി വെച്ച് നീതിക്കായി ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കോർപ്പറേഷന്റെയും ടൗൺ പ്ലാനിങ് വിഭാഗത്തിന്റെയും അനുമതിയും നിയമങ്ങളും പാലിച്ചിട്ടും സിപിഎമ്മാണ് പദ്ധതിക്ക് ഉടക്കിട്ടിരിക്കുന്നത്. ഇതിനെതിരെ നിയമത്തിലൂടെ പേരാടാനാണ് റെജി തീരുമാനിച്ചിരിക്കുന്നത്.

റജിയുടെ സ്ഥാപനത്തിന് മുന്നിൽ സിപിഎം, ഡിവൈഎഫ്ഐക്കാർ കൊടി നാട്ടിയപ്പോൾ

## നറുക്ക് വീണില്ല; ശബരിമല ബിൽ ചർച്ചയ്ക്കെടുക്കില്ല

**ന്യൂദൽഹി:** ശബരിമലയുമായി ബന്ധപ്പെട്ട് എൻ.കെ. പ്രേമചന്ദ്രൻ അവതരിപ്പിച്ച സ്വകാര്യ ബിൽ ലോക്സഭയിൽ ചർച്ചയ്ക്കെടുക്കില്ല. ചർച്ചയ്ക്കെടുക്കേണ്ട സ്വകാര്യ ബില്ലുകൾ ഇന്നലെ നറുക്കെടുത്തപ്പോൾ പ്രേമചന്ദ്രന്റെ ബില്ലിന് നറുക്ക് വീണില്ല. കഴിഞ്ഞ വെള്ളിയാഴ്ച അവതരിപ്പിച്ച ബില്ലിന് നറുക്ക് വീണിരുന്നെങ്കിൽ അടുത്ത മാസം ആദ്യവാരം ചർച്ച നടക്കേണ്ടതായിരുന്നു.

ഒമ്പത് അംഗങ്ങൾ 32 സ്വകാര്യ ബില്ലുകളാണ് കഴിഞ്ഞ ദിവസം അവതരിപ്പിച്ചത്. ഇതിൽ ഏതൊക്കെ ചർച്ചയ്ക്ക് എടുക്കണം എന്നു തീരുമാനിക്കാനാണ് ഇന്നലെ നറുക്കെടുപ്പ് നടന്നത്. എന്നാൽ, ശബരിമല ഉൾപ്പെടെ പ്രേമചന്ദ്രൻ അതവതരിപ്പിച്ച നാലു ബില്ലുകൾക്കും നറുക്ക് വീണില്ല. പ്രേമചന്ദ്രൻ അവതരിപ്പിച്ച സ്വകാര്യ ബിൽ നിയമം ആകാനുള്ള സാധ്യതയും തീർത്തും വിരളമായിരുന്നു. ഇനിവരുന്ന നറുക്കെടുപ്പുകളിലും ബിൽ ഉൾപ്പെടുത്തുമെങ്കിലും ചർച്ചയ്ക്ക് വരാനുള്ള സാധ്യത കുറവാണ്.

## ബിനോയ് കോടിയേരിയെ ഇസ്ലാമിലേക്ക് ക്ഷണിച്ച് ഒ. അബ്ദുള്ള

**കൊച്ചി:** പീഡനപരാതി നേരിടുന്ന ബിനോയ് കോടിയേരിയെ ഇസ്ലാം മതത്തിലേക്ക് ക്ഷണിച്ച് മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ഒ. അബ്ദുള്ള. ബിനോയ്യുടെ പ്രശ്നത്തിന് പരിഹാരം കാണുവാൻ ഇസ്ലാം മതത്തിനേ കഴിയൂവെന്നും അബ്ദുള്ള വ്യാഖ്യാനിക്കുന്നു. ഫേസ് ബുക്കിലൂടെ പുറത്ത് വിട്ട ഓഡിയോ ക്ലിപ്പിലൂടെയാണ് അബ്ദുള്ള ഇക്കാര്യം വ്യക്തമാക്കിയത്.

ബിനോയ് കോടിയേരിക്ക് എത്രകാലം ഒളിച്ചുനടക്കാനാകും എന്നും അദ്ദേഹം ചോദിക്കുന്നു. ബിനോയ് കോടിയേരിയുടേതിന് സമാനമായ മാനസിക പ്രശ്നങ്ങൾ നേരിടുന്ന എല്ലാവർക്കും സ്വീകരിക്കാവുന്ന മതമാണ് ഇസ്ലാമെന്നും അബ്ദുള്ള പറഞ്ഞു. ഒന്നിലധികം വിവാഹങ്ങൾ കഴിക്കുന്നതിനു വേണ്ടിയല്ല ബിനോയ്യെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നത്. മുമ്പ് കഴിഞ്ഞ ജീവിതം മാറ്റിയെടുക്കുന്നതിനുള്ള അവസരമാണ് ഇസ്ലാംമതം. വിശാലവും മനോഹരവുമായ ജീവിത ദർശനം നൽകുന്ന മതമാണ് ഇസ്ലാം മതമെന്നും അദ്ദേഹം പറയുന്നു.

ഫേസ് ബുക്ക് പോസ്റ്റിനെ പ്രതികൂലിച്ച് മറുപടികൾ വന്നിരുന്നെങ്കിലും പോസ്റ്റ് പിൻവലിക്കാൻ തയാറല്ലെന്നും, ബോധപൂർവമാണ് താൻ ബിനോയ്യിയെ മതത്തിലേക്ക് ക്ഷണിച്ചതെന്നും മറ്റൊരു പോസ്റ്റിലൂടെ അബ്ദുള്ള വ്യക്തമാക്കി.

## കല്ലട ബസിന്റെ പെർമിറ്റ് റദ്ദാക്കി

**തൃശൂർ:** യാത്രക്കാരെ മർദ്ദിച്ച സംഭവത്തിൽ കല്ലട ബസിന്റെ പെർമിറ്റ് റദ്ദാക്കി. ഒരു വർഷത്തേക്കാണ് പെർമിറ്റ് റദ്ദാക്കിയത്. തൃശൂർ ആർടിഎ സമിതിയാണ് നടപടിയെടുത്തത്. ഇന്നലെ രാവിലെ ജില്ലാ കളക്ടർ ടി.വി. അനുപമയുടെ ചേംബറിൽ ചർച്ച നടന്നെങ്കിലും തീരുമാനമാകാതെ പിരിഞ്ഞിരുന്നു. ബസിന്റെ പെർമിറ്റ് റദ്ദാക്കണമെങ്കിൽ ഏറെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്നായിരുന്നു ബന്ധപ്പെട്ടവർ അറിയിച്ചത്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കടുത്ത തീരുമാനമെടുത്താൽ കോടതിയിൽ നിന്ന് വിമർശനം ഏൽക്കേണ്ടിവരുമോയെന്ന ഭയമായിരുന്നു ഉദ്യോഗസ്ഥർക്ക്.

വിശദമായ പരിശോധനകൾക്ക് ശേഷം നടപടിയെടുത്താൽ മതിയെന്ന തീരുമാനമായിരുന്നു യോഗം കൈക്കൊണ്ടത്. എന്നാൽ വൈകിട്ടോടെ നിയമോപദേശം കിട്ടിയതിന് ശേഷം ആർടിഎ സമിതി പെർമിറ്റ് റദ്ദാക്കാൻ നടപടിയെടുത്തു. നാല് ഉദ്യോഗസ്ഥർ തമ്മിലുള്ള അവസാനവട്ട ചർച്ചയ്ക്ക് മുമ്പ് കല്ലട ബസിന്റെ അഭിഭാഷകനുമായി ഉദ്യോഗസ്ഥർ സംസാരിച്ചിരുന്നു. ബസ് ഉടമ സുരേഷ് കല്ലടയോട് യോഗത്തിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടിരുന്നതെങ്കിലും ഹാജരായില്ല.

## കുസാറ്റ് നേവൽ ആർക്കിടെക്ചർ ഫെബിൻ ടോമിന് ഒന്നാം റാങ്ക്



ഫെബിൻ ടോം, നാജിത്ത്, അഞ്ജിത

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഏപ്രിലിൽ നടത്തിയ ബിടെക്ക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിങ് എട്ടാം സെമസ്റ്റർ പരീക്ഷയുടെ (40-ാമത് ബാച്ച്) ഫലം പ്രഖ്യാപിച്ചു.

കോട്ടയം പാലാ സ്വദേശി ഫെബിൻ ടോം ഒന്നാം റാങ്ക് കരസ്ഥമാക്കി. പാലാ വാതല്ലൂർ ടോമി സെബാസ്റ്റ്യന്റെയും പ്രീമ ടോമിയുടെയും മകനാണ്. മലപ്പുറം സ്വദേശി അബ്ദുൾ ഖാദറിന്റെയും ഹസീനയുടെയും മകൻ നാജിത്ത് സി.എച്ച് രണ്ടാം റാങ്ക് നേടി. കൊല്ലം സ്വദേശി അനിൽ കുമാറിന്റെയും സജിതയുടെയും മകൾ അഞ്ജിത അനിലാണ് മൂന്നാം റാങ്ക്.

## വിക്ടർ ജോർജ് സ്മാരക അവാർഡ്: എൻട്രികൾ ക്ഷണിച്ചു

**കോട്ടയം:** അന്തരിച്ച പത്രഫോട്ടോഗ്രാഫർ വിക്ടർ ജോർജിന്റെ സ്മരണാർത്ഥം വിക്ടർ ജോർജ് സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ വിക്ടർ ജോർജ് സ്മാരക അവാർഡിന് എൻട്രികൾ ക്ഷണിച്ചു. പ്രളയകാലം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മികച്ച ചിത്രത്തിനാണ് അവാർഡ്. 10,001 രൂപയും ഫലകവും അടങ്ങുന്ന അവാർഡ് വിക്ടർ ജോർജിന്റെ ചരമവാർഷിക ദിനമായ ജൂലായ് ഒമ്പതിന് കോട്ടയം പ്രസ് ക്ലബ്ബിലെ അനുസ്മരണ ചടങ്ങിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സമ്മാനിക്കും.

2018 ജൂലൈ ഒന്നു മുതൽ 2019 ജൂൺ ഒന്നുവരെയുള്ള കാലയളവിൽ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച ചിത്രങ്ങളാണ് പരിഗണിക്കുക. മത്സരാർഥികൾക്ക് രണ്ട് എൻട്രികൾ വരെ അയയ്ക്കാം. 12 X 8 വലിപ്പത്തിലുള്ള പ്രിന്റുകളാണ് അയയ്ക്കേണ്ടത്. അടിക്കുറിപ്പും ഫോട്ടോഗ്രാഫറുടെ വിലാസവും, ഫോൺ നമ്പറും വ്യക്തമായി രേഖപ്പെടുത്തണം. ചിത്രം പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒരു കോപ്പി സഹിതം ജൂലായ് മൂന്നിനകം സെക്രട്ടറി, പ്രസ് ക്ലബ്, കോട്ടയം എന്ന വിലാസത്തിലാണ് എൻട്രികൾ അയയ്ക്കേണ്ടത്.

## ആദ്ധ്യാത്മിക സാധനാ ശിബിരം

**കൊച്ചി:** തിരുവനന്തപുരം ചിന്മയ മിഷൻ ആദ്ധ്യാത്മിക സാധനാ ശിബിരം നടത്തുന്നു. ആഗസ്ത് 14 മുതൽ 18 വരെ കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിലാണ് ശിബിരം. ജനനീ നവരത്ന മഞ്ജരി, ജ്ഞാനസാരം എന്നീ പുസ്തകങ്ങളെ അടിസ്ഥാനമാക്കി പിറവം ചിന്മയ അന്തർദേശീയ കേന്ദ്രത്തിലെ സ്വാമി ശാരദാനന്ദ, തിരുവനന്തപുരം ചിന്മയമിഷനിലെ സ്വാമി അഭയാനന്ദ എന്നിവർ ക്ലാസെടുക്കും. ധ്യാനം, ജപം, പ്രാണയാമം, ഭജന, സത്സംഗം, സൂര്യോദയ-സൂര്യാസ്തമയ ദർശനം, കന്യാകുമാരി ദേവി ക്ഷേത്രം, വിവേകാനന്ദ പാറ എന്നിവിടങ്ങളിൽ സന്ദർശനം, ഗുരുപാദുക പൂജ, അർച്ചന എന്നിവയും ശിബിരത്തിന്റെ ഭാഗമായുണ്ടാകും. വിവരങ്ങൾക്ക്: 9447304865, 9495746977.

# എസ്ഡിപിഐക്ക് മുസ്ലിംലീഗിന്റെ ഉപകാരസ്മരണ

സ്വന്തം ലേഖകൻ

**മലപ്പുറം:** ജില്ലാ വിഭജനത്തിനുള്ള മുസ്ലിംലീഗിന്റെ നീക്കം എസ്ഡിപിഐയുടെ സഹായങ്ങൾക്കുള്ള പ്രത്യുപകാരം. തിരൂർ ആസ്ഥാനമായി ജില്ല രൂപീകരിച്ച് മലപ്പുറത്തെ വിഭജിക്കണമെന്ന ആവശ്യം ഏറെക്കാലമായി ഉന്നയിക്കുന്നത് എസ്ഡിപിഐയാണ്. ആദ്യമൊക്കെ ഈ ആവശ്യത്തോട് മുഖംതിരിച്ചെങ്കിലും ലീഗിന് ഇപ്പോൾ എസ്ഡിപിഐയെ തള്ളാനാകാത്ത സ്ഥിതി.

തീവ്രനിലപാടുകളുടെ പേരിൽ പൊതുസമൂഹവും നിയമസംവിധാനങ്ങളും സംശയത്തിന്റെ നിഴലിൽ നിർത്തിയ ഈ സംഘടന ഇന്ന് ലീഗ് നേതൃത്വത്തിന് ഏറെ വേണ്ടപ്പെട്ടവർ. തെരഞ്ഞെടുപ്പുകളിലും മതകാര്യങ്ങളിലും ലീഗിനെ അകമഴിഞ്ഞു പിന്തുണയ്ക്കുന്ന രീതിയാണ് കുറച്ചുകാലമായി എസ്ഡിപിഐ സ്വീകരിക്കുന്നത്. ജില്ലാ വിഭജന വിഷയം നിയമസഭയിലെത്തിയതിലൂടെ ഇവർ തമ്മിലുള്ള അവിശുദ്ധബന്ധത്തിന്റെ ആഴം വ്യക്തമായി. കോൺഗ്രസ്സിന്റെ ആശീർവാദത്തോടെയാണ് ലീഗ് എസ്ഡിപിഐയെ ചങ്ങാതിയാക്കിയത്.

ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് ഇ.ടി. മുഹമ്മദ് ബഷീറും പി.കെ. കുഞ്ഞാലിക്കുട്ടിയും എസ്ഡിപിഐ നേതാക്കളുമായി രഹസ്യചർച്ച നടത്തിയത് വിവാദമായിരുന്നു. സൗഹൃദ സംഭാഷണമെന്ന് ലീഗ് ആവർത്തിച്ചപ്പോഴും തെരഞ്ഞെടുപ്പായിരുന്നു വിഷയമെന്ന കാര്യത്തിൽ എസ്ഡിപിഐ ഉറച്ചുനിന്നു. പൊന്നാനിയിൽ മുഹമ്മദ് ബഷീറിനെ എസ്ഡിപിഐ അകമഴിഞ്ഞ് സഹായിച്ചുവെന്നത് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു. 2014ൽ 26,640 വോട്ടുകളുണ്ടായിരുന്ന എസ്ഡിപിഐക്ക് ഇത്തവണ അത് വെറും 18,124 ആയി ചുരുങ്ങി. ഇതിനുള്ള പ്രത്യുപകാരമാണ് ലീഗിന്റെ നടപടി.

പൊന്നാനിയിൽ സഹായിക്കുന്നതിന് പകരം തിരൂർ ജില്ല രൂപീകരിക്കണമെന്ന് എസ്ഡിപിഐ ആവശ്യപ്പെട്ടിരുന്നു. മുസ്ലിം ആധിപത്യമുള്ള രണ്ട് ജില്ലകളുണ്ടെങ്കിൽ കേരളം കൈപ്പിടിയിലൊതുക്കാമെന്നാണ് ഇരുകൂട്ടരുടെയും കണക്കുകൂട്ടൽ. പാർട്ടി അണികൾക്കും പൊതുജനങ്ങൾക്കും സംശയമുണ്ടാകാതിരിക്കാൻ ലീഗ് രംഗത്തിറക്കിയത് കെ.എൻ.എ. ഖാദറിനെയാണ്. ജനകീയ മുഖമായ ഖാദറിനെ രംഗത്തിറക്കുന്നതോടെ വിമർശനങ്ങളും ആക്രമണങ്ങളും ഒരുപരിധിവരെ കുറയുമെന്ന് ലീഗ് പ്രതീക്ഷിച്ചു. കോൺഗ്രസ്സിൽ നിന്ന് ലീഗിന്റെ നീക്കത്തിനെതിരെ സംസാരിച്ചത് ആര്യാടൻ മുഹമ്മദ് മാത്രമാണ്. ലീഗിന്റെ അപ്രമാദിത്വത്തിൽ സ്ഥാനങ്ങൾ നഷ്ടപ്പെട്ട അദ്ദേഹത്തിന്റെ വാക്കുകൾ കോൺഗ്രസ് നേതൃത്വം പോലും മുഖവിലയ്ക്കെടുക്കുന്നില്ലെന്നതാണ് വസ്തുത.

## മലപ്പുറം ജില്ല വിഭജിക്കണമെന്ന് ലീഗ്

**തിരുവനന്തപുരം:** മലപ്പുറം ജില്ല വിഭജിച്ച് മറ്റൊരു ജില്ല കൂടി രൂപീകരിക്കണമെന്ന് നിയമസഭയിൽ മുസ്ലിം ലീഗിന്റെ ആവശ്യം. കെ.എൻ.എ. ഖാദറാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഈ ആവശ്യം സഭയ്ക്കു മുന്നിൽ വച്ചത്.

ജനസംഖ്യയിൽ മലപ്പുറം മുന്നിൽ നിൽക്കുന്നു. 44 ലക്ഷമാണ് ജനസംഖ്യ. ഇതനുസരിച്ച് ജില്ലയിൽ വികസനങ്ങൾ നടക്കുന്നില്ല. കളക്ടറേറ്റിൽ എത്തണമെങ്കിൽ 70 കിലോമീറ്റർ സഞ്ചരിക്കണം. ഇടശ്ശേരിയും, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനും ജനിച്ച നാടാണ്. ജില്ലയിൽ ഒരു മെഡിക്കൽ കോളേജേയുള്ളൂ. ജനസംഖ്യ അനുസരിച്ച് മൂന്നെണ്ണം വേണം. പഞ്ചായത്ത്, താലൂക്ക് വിഭജനം പോലെ ഇതിനെ കണ്ടാൽ മതിയെന്നും ഖാദർ പറഞ്ഞു.

ശാസ്ത്രീയമായി പുതിയ ജില്ല രൂപീകരിക്കാൻ സാധിക്കില്ലെന്ന് മുഖ്യമന്ത്രിക്കു വേണ്ടി മന്ത്രി ഇ.പി. ജയരാജൻ മറുപടി നൽകി. അധികാര വികേന്ദ്രീകരണത്തിലൂടെ ജില്ലയിൽ വികസനം മികച്ച രീതിയിൽ പുരോഗമിക്കുന്നു. അധികാരത്തിലിരുന്നപ്പോൾ ലീഗിന് തോന്നാത്ത കാര്യം ഇപ്പോൾ ഉന്നയിക്കുന്നതിന്റെ ഉദ്ദേശ്യശുദ്ധിയെന്തെന്നും മന്ത്രി ചോദിച്ചു. പുതിയ ജില്ല രൂപീകരിക്കുന്നതിനോട് യോജിപ്പില്ലെന്നും മന്ത്രി വ്യക്തമാക്കി.

## പ്രളയദുരന്തം: ദുബായിൽ നിന്ന് എത്ര രൂപ കിട്ടിയെന്ന് അറിയില്ലെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** പ്രളയദുരന്തത്തിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ദുബായിൽ നിന്ന് എത്ര രൂപ കിട്ടിയെന്ന് അറിയില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുബായിലെ ഒരു സ്ഥാപനം കോടികൾ വാഗ്ദാനം ചെയ്തു. എത്രയെന്ന് ഓർക്കുന്നില്ല. 300 കോടി തരുമെന്നാണ് പ്രതീക്ഷ. ഇപ്പോഴും തരുന്നു, മുഖ്യമന്ത്രി പറഞ്ഞു.

പ്രളയാനന്തര പ്രവർത്തനങ്ങളിൽ സർക്കാരിന്റെ വീഴ്ച നിയമസഭയിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് വി.ഡി. സതീശൻ നൽകിയ അടിയന്തര പ്രമേയ നോട്ടീസിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. ദുബായിൽ നിന്ന് എത്ര കിട്ടിയെന്ന് പ്രതിപക്ഷത്തിന്റെ ആവർത്തിച്ചുള്ള ചോദ്യത്തിന് വിദേശത്തു നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 94 കോടി ലഭിച്ചെന്നും ഇതിൽ 54 കോടി ഗൾഫ് മേഖലയിലാണെന്നുമായിരുന്നു മറുപടി.

പത്തു മാസം കഴിഞ്ഞിട്ടും പ്രളയത്തിലകപ്പെട്ടവർക്ക് സഹായം ലഭിച്ചില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. ദുരിതത്തിനിരയായവർ വീടുകളിൽ കഴിയാതെ പാറകളിലും ടൗൺഹാളിലും താമസിക്കുമ്പോൾ റീ ബിൽഡ് കേരളയുടെ ഓഫീസ് മോടിപിടിപ്പിക്കാൻ 88 ലക്ഷം വിനിയോഗിച്ചു, 1.25 ലക്ഷം രൂപ വാടകയും നൽകുന്നു. പുനർനിർമ്മാണത്തിന് മുപ്പതിനായിരം കോടി വേണമെന്നിരിക്കെ കേന്ദ്രത്തിന് 5616 കോടി രൂപയുടെ നാശനഷ്ടക്കണക്കാണ് നൽകിയത്. സ്കൂൾ വിദ്യാർത്ഥികളാണ് വീടുകൾ തകർന്നതിന്റെ പരിശോധന നടത്തി റിപ്പോർട്ട് നൽകിയതെന്നും സതീശൻ ആരോപിച്ചു.

എന്നാൽ, നവകേരളനിർമ്മാണം പരാജയമെന്ന് പറയുന്നവർ പ്രത്യേക മനസ്ഥിതിയുള്ളവരാണെന്നാണ് മുഖ്യമന്ത്രിയുടെ മറുപടി. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള വീഴ്ചയുമുണ്ടായിട്ടില്ല. പ്രളയാനന്തര പുനർനിർമ്മാണത്തിന് മൂന്ന് വർഷമെങ്കിലും വേണ്ടിവരും. വീടുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഗഡുക്കളായി സഹായം നൽകും. വീടുകൾ തകർന്നവർക്ക് സഹായം ലഭിച്ചില്ലെങ്കിൽ ഇനിയും അപേക്ഷ നൽകാമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ഭാര്യയെയും മകനെയും വെട്ടിപ്പരിക്കേൽപ്പിച്ച് യുവാവ് ജീവനൊടുക്കി

**ബത്തേരി:** ഭാര്യയെയും അഞ്ചുവയസുള്ള മകനെയും വെട്ടിപ്പരിക്കേൽപ്പിച്ച് യുവാവ് ജീവനൊടുക്കി. നൂൽപ്പുഴ പഞ്ചായത്തിലെ ഉള്ളിലം പണിയ കോളനിയിലെ മോഹനൻ (35) ആണ് ആത്മഹത്യ ചെയ്തത്. ഗുരുതരമായി പരിക്കേറ്റ മോഹനന്റെ ഭാര്യ ശോഭ (30), മകൻ ആദിദേവ് എന്നിവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



മോഹനൻ

ഇന്നലെ രാവിലെ എട്ട് മണിയോടെയാണ് സംഭവം. വീടിനുള്ളിൽ വച്ച് മോഹനൻ, ശോഭയെയും ആദിദേവിനെയും അരിവാൾ കൊണ്ട് വെട്ടി. കഴുത്തിന് വെട്ടേറ്റ ആദിദേവ് ആദ്യം നിലവിളിച്ച് പുറത്തേക്ക് ഓടി. തലയ്ക്കും കൈകകൾക്കും വെട്ടേറ്റ ശോഭയും പിന്നാലെയെത്തി. ഇരുവരുടെയും നിലവിളികേട്ടാണ് സമീപവാസികൾ സംഭവം അറിയുന്നത്. ബഹളം കേട്ടെത്തിയവർ ഇരുവരെയും ആദ്യം ബത്തേരിയിലെ സ്വകാര്യആശുപത്രിയിലെത്തിച്ചു.

സംഭവത്തിനു ശേഷം വീട് വിട്ടിറങ്ങിയ മോഹനൻ രാവിലെ 10 മണിയോടെ കോളനിക്ക് ഒരു കിലോമീറ്റർ മാറി തേലംപറ്റ കുമ്പളക്കല്ല് പുഴയോരത്തെ മരത്തിൽ തൂങ്ങിമരിച്ചു. ഭാര്യയെയും മകനെയും വെട്ടിപരിക്കേൽപ്പിച്ച വിവരം സഹോദരങ്ങളെ വിളിച്ചറിയിച്ച ശേഷമാണ് ആത്മഹത്യ. കുടുംബ പ്രശ്നമാണ് കാരണമെന്നാണ് സൂചന. എട്ടാം ക്ലാസ് വിദ്യാർത്ഥിയായ ദേവാനന്ദ് മറ്റൊരു മകനാണ്.

## ഏഴര വയസ്സുകാരന്റെ മരണം: കുറ്റപത്രം സമർപ്പിച്ചു

സ്വന്തം ലേഖകൻ

**തൊടുപുഴ:** അമ്മയുടെ സുഹൃത്തിന്റെ മർദ്ദനമേറ്റ് ഏഴര വയസ്സുകാരൻ മരിച്ച സംഭവത്തിൽ കുറ്റപത്രം സമർപ്പിച്ചു. മുട്ടം ജില്ലാ കോടതിയിലാണ് തൊടുപുഴ ഡിവൈഎസ്പി കെ.പി. ജോസ് ഇന്നലെ മുദ്രവച്ച കവറിൽ കുറ്റപത്രം കൈമാറിയത്. തിരുവനന്തപുരം നന്ദൻകോട് സ്വദേശി അരുൺ ആനന്ദ് (36) ഒന്നാം പ്രതിയും കുട്ടിയുടെ അമ്മ ഉടുമ്പന്നൂർ ഇഞ്ചിയാനി സ്വദേശിയുമായ യുവതി രണ്ടാം പ്രതിയുമാണ്. സംഭവത്തിൽ അരുണിനെതിരെ കൊലക്കുറ്റം, വിവരം മറച്ചുവെയ്ക്കൽ, ചികിത്സ വൈകിപ്പിക്കൽ അടക്കമുള്ള വകുപ്പുകൾ ചേർത്തു.

അമ്മയ്ക്കെതിരെ വിവരം മറച്ചുവച്ചതിനാണ് കേസെടുത്തത്. മാർച്ച് 28ന് പുലർച്ചെയാണ് പരിക്കേറ്റ കുട്ടിയെ തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുന്നത്. തലച്ചോറിന് ഗുരുതരമായി പരിക്കേറ്റ കുട്ടി പത്താം ദിവസം പ്രതീക്ഷകൾ പാഴാക്കി മരണത്തിന് കീഴടങ്ങി. ഏറെ വിവാദമായ കേസിൽ ജനകീയ പ്രതിഷേധം ശക്തമായിരുന്നു.

ഇളയ കുട്ടിയെ ലൈംഗികമായി ഉപദ്രവിച്ച കേസിൽ അരുൺ ആനന്ദിനെതിരെ 21ന് പോക്സോ കോടതിയിൽ തൊടുപുഴ മുൻ സിഐ അഭിലാഷ് ഡേവിഡ് കുറ്റപത്രം സമർപ്പിച്ചിരുന്നു. ഇരു കേസുകളിലും വിചാരണ ഉടൻ ആരംഭിക്കാനാണ് നീക്കം. ഇതിന്റെ ഭാഗമായി കുറ്റപത്രങ്ങളുടെ പകർപ്പ് പ്രതിക്ക് കൈമാറും.

## സർക്കാർ നിലപാട് വ്യക്തമാക്കണം

**കൊച്ചി:** തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സർവീസ് ചട്ടത്തിൽ അന്തിമ വിജ്ഞാപനമിറക്കും മുമ്പ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ട്രാവൻകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് ഫ്രണ്ട് നൽകിയ ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസേഴ്സ് ആൻഡ് സെർവന്റ്സ് സർവീസ് ചട്ടം 2018ന്റെ കരട് പ്രസിദ്ധീകരിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെയെന്നാണ് ഹർജിക്കാരുടെ വാദം. അസാധാരണ ഗസറ്റായാണ് കരട് പ്രസിദ്ധീകരിച്ചത്. കരട് ചട്ടത്തെക്കുറിച്ച് ദേവസ്വം ബോർഡിലെ അംഗീകൃത സംഘടനയായ ഹർജിക്കാരോട് ചർച്ച ചെയ്യാതെയും ജീവനക്കാരുടെ അഭിപ്രായ രൂപീകരണത്തിനു നൽകാതെയും നടപ്പാക്കുന്നത് നിയമവിരുദ്ധമെന്നും ഹർജിയിൽ പറയുന്നു. അന്തിമ വിജ്ഞാപനത്തിനു മുമ്പ് ഇത്തരം നടപടിക്രമങ്ങൾ പാലിക്കാൻ ദേവസ്വം ബോർഡിന് നിർദേശം നൽകണമെന്നാണ് ഹർജിയിലെ ആവശ്യം.

## മക്കളുടെ ആഡംബര ജീവിതത്തിന് പരോക്ഷ വിമർശനം

# ബിനോയ് കോടിയേരി തെറ്റ് ചെയ്തെന്ന് പി. ജയരാജന്റെ പോസ്റ്റ്

സ്വന്തം ലേഖകൻ

**കണ്ണൂർ:** സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനോയ്ക്കെതിരായ പീഡന പരാതി ശരിവെച്ച് സിപിഎം മുൻ കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജന്റെ പോസ്റ്റ്. മക്കൾ ചെയ്ത കുറ്റത്തിന്റെ പേരിൽ പാർട്ടി നേതാവായ അച്ഛനെയും അച്ഛന്റെ പാർട്ടിയേയും ആക്രമിക്കുന്നത് തുടരുകയാണെന്നാണ് തന്റെ ഫേസ്ബുക് പോസ്റ്റിൽ പരാമർശിച്ചിരിക്കുന്നത്.

സമൂഹമാധ്യങ്ങളിലെ പ്രതികരണങ്ങളുടെ കാര്യത്തിൽ തന്റെ അനുയായികൾ സ്വയം നിയന്ത്രണത്തിന് തയാറാവണമെന്ന തരത്തിൽ കഴിഞ്ഞ ദിവസം ജയരാജൻ തന്റെ ഫേസ്ബുക്കിലിട്ട പോസ്റ്റിലാണ് മക്കൾ ചെയ്ത കുറ്റത്തിന് പാർട്ടിയേയും അച്ഛനേയും ആക്രമിക്കുകയാണെന്ന് ജയരാജൻ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. പാർട്ടിയെ പ്രതിരോധത്തിലാക്കിയ സമീപകാല സംഭവങ്ങളിൽ ജയരാജൻ പാർട്ടിക്കതീതമായി നടത്തിയ ഇടപെടലിന്റെ പേരിൽ സംസ്ഥാന സെക്രട്ടറിയായ കോടിയേരി, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുൾപ്പെടെയുള്ളവർ ജയരാജനുമായി അഭിപ്രായ ഭിന്നതയിലാണെന്ന വാർത്തകൾക്ക് പിന്നാലെ ജയരാജന്റേതായി സംസ്ഥാന സെക്രട്ടറിയുടെ മകൻ കുറ്റക്കാരനെന്ന രീതിയിൽ വന്നിരിക്കുന്ന പരാമർശത്തിന് ഏറെ രാഷ്ട്രീയ പ്രാധാന്യമുള്ളതായി അഭിപ്രായം ഉയർന്നിട്ടുണ്ട്.

നേതാക്കന്മാരുടെ മക്കളുടെ ജോലിയും മറ്റും ചൂണ്ടിക്കാണിച്ച് നേതാക്കളെ വ്യത്യസ്ത തട്ടുകളിലാക്കാൻ നവമാധ്യമങ്ങളിലൂടെയും മറ്റും ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായി എന്റെ ഒരു മകൻ ഏതോ ഒരവസരത്തിൽ കല്ലു ചുമന്നതും മറ്റൊരു മകൻ ഹോട്ടൽ ജോലി ചെയ്യുന്നതും അവരുടെ സുഹൃത്തുക്കൾ തമാശയായി ഫോട്ടോ എടുത്ത് പോസ്റ്റ് ചെയ്തത് ഉപയോഗപ്പെടുത്തിക്കൊണ്ട് നേതാക്കളുടെ മക്കൾ വ്യത്യസ്ത തട്ടുകളിലാണെന്ന് പ്രചരിപ്പിക്കുന്നുണ്ടെന്നും ജയരാജൻ പോസ്റ്റിൽ കുറിച്ചിട്ടുണ്ട്. ഇതും തന്നോട് അപ്രിയമുള്ള മറ്റ് നേതാക്കൾക്കുള്ള ഒളിയമ്പാണെന്ന ചർച്ചകളും ഉയർന്നിട്ടുണ്ട്. മറ്റ് നേതാക്കളുടെ മക്കളെപോലെയല്ല തന്റെ മക്കളെന്ന് ഓർമ്മിപ്പിക്കുകയാണ് ഇതിലൂടെയെന്ന് പാർട്ടിക്കാർക്കിടയിൽതന്നെ അഭിപ്രായം ഉയർന്നിട്ടുണ്ട്.

കോടിയേരിയുടെ മക്കളുടെ ആഡംബര ജീവിതരീതിയെ പ്രത്യക്ഷമായും പരോക്ഷമായും വിമർശിച്ച് സിപിഎമ്മിന്റെ സൈബർ ഗ്രൂപ്പുകളിൽ നിരവധി പോസ്റ്റുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. ഇതിന് മറുപടിയാണ് തന്റെ മക്കൾ അങ്ങനെയല്ലെന്നറിയിക്കാനുള്ള ശ്രമമാണ് പോസ്റ്റിന് പിന്നിലെന്നും പറയപ്പെടുന്നു. ചുരുക്കത്തിൽ പാർട്ടിക്കുള്ളിലെ ഗ്രൂപ്പ് സൈബർ പോരാളികളെ നിയന്ത്രിക്കാനിട്ട പോസ്റ്റ് പാർട്ടിക്കുള്ളിൽ പുതിയ ചർച്ചകൾക്ക് വഴി തുറന്നിരിക്കുകയാണ്.



**മല്ലിക**

**പറവൂര്‍:** തത്തപ്പിള്ളിയില്‍ തേക്കുംപറമ്പില്‍ വീട്ടില്‍ നന്ദപ്പന്റെ ഭാര്യ മല്ലിക (63) അന്തരിച്ചു. മക്കള്‍: സുജി, സുനില്‍. മരുമക്കള്‍: വിനീത, സീന.

**സുശീലാമ്മ**

**പറവൂര്‍:** വടക്കുംപുറം പടിഞ്ഞാറേക്കുന്നത്ത് ജയവിഹാറില്‍ പരേതനായ അരവിന്ദാക്ഷ മേനോന്റെ ഭാര്യ സുശീലാമ്മ (95) അന്തരിച്ചു. മക്കള്‍: പത്മജ, ഷൈലജ, ജയകുമാര്‍, പരേതയായ ജലജ. മരുമക്കള്‍: ശങ്കരനാരായണപിള്ള, രാജന്‍പിള്ള, മീന, പരേതനായ ടി.ജി. ബാലകൃഷ്ണപിള്ള.



**നാരായണി**

**വടകര:** തിരുവള്ളൂരിലെ പരേതനായ ഉണിച്ചാറക്കണ്ടി ഗോവിന്ദന്റെ ഭാര്യ നാരായണി(70) അന്തരിച്ചു. മക്കള്‍: സുധ, സുനില്‍, സുനിത.



**മത്തായി ദേവസ്യ**

**മുണ്ടക്കയം:** പുതുച്ചിറ മത്തായി ദേവസ്യ (90) അന്തരിച്ചു. സംസ്‌കാരം ഇന്ന് 11ന്. ഭാര്യ: പരേതയായ ത്രേസ്യാമ്മ. മക്കള്‍: ആനിയമ്മ, ഗ്രേസി, മേരിക്കുട്ടി, സിസിലി, മോളി, ഷേര്‍ലി, റോയി, ലിസി, പരേതനായ റോജോ.



**അല്ലി**

**പറവൂര്‍:** തത്തിപ്പിള്ളില്‍ കളത്തില്‍ വീട്ടില്‍ പരേതനായ കേശവന്റെ ഭാര്യ അല്ലി (94) അന്തരിച്ചു. മക്കള്‍: രവി, ഉഷ, ലളിത, ബേബിയ മരുമക്കള്‍:രാജേശ്വരി, ഷണ്‍മുഖന്‍, ശശി, ശശി.



**കമലമ്മ**

**ചേവായൂര്‍:** തൊണ്ടയാട് മനത്താനത്ത് കൊടാച്ചാലില്‍ കമലമ്മ (83) അന്തരിച്ചു. ഭര്‍ത്താവ്: പരേതനായ കണ്ണമ്പത്ത് മീത്തല്‍ പത്മനാഭന്‍ നായര്‍. മക്കള്‍: രവീന്ദ്രന്‍, ജയകുമാരി, ജയലക്ഷ്മി, പരേതനായ സുരേന്ദ്രന്‍. മരുമക്കള്‍: രാജേഷ്‌കുമാര്‍, വിനോദ്കുമാര്‍, രേഖ, ശാലിനി. സഞ്ചയനം: വെള്ളി.



**അമ്മുക്കുട്ടി അമ്മ**

**ബാലുശ്ശേരി:** നിര്‍മ്മല്ലൂര്‍ കാട്ടാംവള്ളി പഴകുന്നത്ത് അമ്മുക്കുട്ടി അമ്മ (90) അന്തരിച്ചു. മക്കള്‍: കേശവന്‍ നായര്‍, മോഹന്‍ദാസ്, രാജന്‍. മരുമക്കള്‍: സീമന്തിനി, വത്സല, രജനി. സഞ്ചയനം: വ്യാഴം.

**കമല അന്തര്‍ജനം**

**കളമശേരി:** ചങ്ങമ്പുഴനഗര്‍ എല്‍116ല്‍ പരേതനായ നാരായണന്‍ എമ്പ്രാന്തിരിയുടെ ഭാര്യ കമല അന്തര്‍ജനം (83) അന്തരിച്ചു.



**കുഞ്ഞു ബീപാത്തു**

**ആലങ്ങാട്:** മാളികപീടിക മണത്താട്ട് വീട്ടില്‍ പരേതനായ അടിമക്കുട്ടിയുടെ ഭാര്യ കുഞ്ഞു ബീപാത്തു (76) അന്തരിച്ചു. മക്കള്‍: ബഷീര്‍ (കുഞ്ഞുമോന്‍), മുഹമ്മദലി, അഷറഫ് ഷംസുദ്ദീന്‍, റഷീദ്, സുനിത ബീവി. മരുമക്കള്‍: ഷൈല, ഷംല, റാബിയ, കുല്‍സം ഷെഹനാസ്, സെയ്ത് മുഹമ്മദ്.



**പങ്കജാക്ഷി നാരായണന്‍**

**കോഴ:** വാഴക്കല്‍ പരേതനായ നാരായണന്റെ ഭാര്യ പങ്കജാക്ഷി നാരായണന്‍ (78) അന്തരിച്ചു. സംസ്‌കാരം ഇന്ന് 2ന് വീട്ടുവളപ്പില്‍. പരേത നീഴൂര്‍ കല്ലുംത്തോട്ടത്തില്‍ കുടുംബാംഗം. മക്കള്‍: കോമളവല്ലി ഉദയന്‍ (റിട്ട. ടീച്ചര്‍), ശ്രീനിവാസന്‍. മരുമക്കള്‍: ഉദയന്‍ (റിട്ട. സിഐ), ജയശ്രീ (അമനകര).




**ലിറ്റി റോയി**

**ചങ്ങനാശേരി:** പാറേല്‍ പള്ളിയ്ക്കു സമീപം മാലിത്തറ റോയി ജേക്കപ്പിന്റെ ഭാര്യ ലിറ്റി റോയി (49) അന്തരിച്ചു. സംസ്‌കാരം ഇന്ന് 11.30ന് പാറേല്‍ സെന്റ്. മേരീസ് ദേവാലയ സെമിത്തേരിയില്‍. പരേത പാറേല്‍ പള്ളി കുന്നേല്‍ കുടുംബാംഗമാണ്. മക്കള്‍: അലന്‍ റോയി, എമില്‍ റോയി.



**മര്‍ത്ത**

**കോടികുളം:** കളപുരക്കല്‍ പരേതനായ ജോസഫിന്റെ ഭാര്യ മര്‍ത്ത (91) അന്തരിച്ചു. സംസ്‌കാരം നാളെ 10.30ന് കോടിക്കുളം സെന്റ് ആന്‍സ് പള്ളിയില്‍. മക്കള്‍: ജോസ്, ജോര്‍ജ്ജ്, ഗ്രേസി, സിസ്റ്റര്‍ റോസിലി (ബാംഗ്ലൂര്‍), മേരി, തോമസ്, ഫാ. ഫ്രാന്‍സിസ് ജോസഫ് (യുഎസ്എ), പരേതനായ ജെയിംസ്. മരുമക്കള്‍: ആനീസ്, ജെസ്സി, മേഴ്‌സി, രാജു, ജിനി, പരേതനായ ഫ്രാന്‍സിസ്.



**കെ.എം. രാധാകൃഷ്ണ പൈ**

**ചോറ്റാനിക്കര:** അമ്പാടി മലയില്‍ കളപറമ്പത്ത് പരേതനായ മാധവ് പൈ മകന്‍ കെ.എം. രാധാകൃഷ്ണ പൈ (70) അന്തരിച്ചു. ഭാര്യാ പരേതയായ വത്സല ദേവി. മക്കള്‍ : സന്ദീപ്, രാജേഷ്.



**പി.കെ. രാമന്‍ നായര്‍**

**പള്ളിക്കത്തോട്:** പുളിക്കമംഗലത്ത് പി.കെ. രാമന്‍ നായര്‍ (80) അന്തരിച്ചു. സംസ്‌കാരം ഇന്ന് 3ന്. ഭാര്യ: അംബുജാക്ഷിയമ്മ (മാടപ്പാട്ട് മുണ്ടപ്ലാക്കല്‍ കുടുംബാംഗം). മക്കള്‍: ആര്‍. രാജേഷ് (ആര്‍എസ്എസ് കോട്ടയം ജില്ലാ സേവാപ്രമുഖ് , ശാസ്താ കേറ്ററിംഗ്), ആര്‍. രതീഷ് (സുന്ദരം ഫിനാന്‍സ്, കോട്ടയം).



**മറിയാമ്മ**

**പുഞ്ചവയല്‍:** പുതുപ്പറമ്പില്‍ പരേതനായ ജോസഫിന്റെ ഭാര്യ മറിയാമ്മ (85) അന്തരിച്ചു. സംസ്‌കാരം ഇന്ന് 3ന് മുണ്ടക്കയം സിഎസ്‌ഐ ട്രിനിറ്റി പള്ളിയില്‍. മക്കള്‍: തോമസ്, സാജന്‍, ബേബി, കുഞ്ഞുമോള്‍, വല്‍സമ്മ, സാലി, മിനി, പരേതനായ ജോര്‍ജ്. മരുമക്കള്‍: ജോര്‍ജ് (ചെങ്കല്ലേപ്പളളി), വി.എല്‍. ജോണിക്കുട്ടി (കൂട്ടിക്കല്‍), ജെയിംസ് ചാക്കോ (ബംഗളരു), ഷാന്റി, മിനി, സിനി, പരേതരായ ചാക്കോ തോമസ് (പുളിക്കല്‍ കവല), ബേബി (കോരുത്തോട്).



**സുദേവന്‍ വി.വി.**

**എടത്വ:** നിരണം വടക്കുംഭാഗം സ്വാമിമഠത്തില്‍ സുദേവന്‍ വി.വി. (63) അന്തരിച്ചു. സംസ്‌കാരം ഇന്ന് 3ന് വീട്ടുവളപ്പില്‍. ഭാര്യ: വത്സമ്മ. മക്കള്‍: സ്മിത, സുധീഷ്. മരുമക്കള്‍: രാജേഷ്, സംഗീത.



**എല്‍സി**

**കുമ്പളങ്ങി:** കുഴിമല വീട്ടില്‍ സേവ്യറിന്റെ ഭാര്യ എല്‍സി (65) അന്തരിച്ചു. മക്കള്‍: ബിജു, ഷിബു. മരുമക്കള്‍: സെല്‍ജി, ബിയോയ്‌സ്. സംസ്‌ക്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് പഴങ്ങാട് സെന്റ് ജോര്‍ജ്ജ് പള്ളി സെമിത്തേരിയില്‍.



**രാമകൃഷ്ണന്‍**

**പായിപ്പാട്:** പൊടിപ്പാറ പരിയാത്ത് രാമകൃഷ്ണന്‍ (85) അന്തരിച്ചു. സംസ്‌കാരം ഇന്ന് 3ന് വീട്ടുവളപ്പില്‍. ഭാര്യ: അമ്മിണി തെങ്ങണ ചള്ളക്കുഴി കുടുംബാംഗം. മക്കള്‍: സുകുമാരന്‍, സുശീല, ബാബു. മരുമക്കള്‍: കൃഷ്ണന്‍കുട്ടി, ഉഷ, സിന്ധു.



**ഓമന കുഞ്ഞുകുട്ടി**

**അടൂര്‍:** പഴകുളം തെങ്ങുംതാര മാവിളയില്‍ പരേതനായ കുഞ്ഞുകുട്ടിയുടെ ഭാര്യ ഓമന (66) അന്തരിച്ചു. സംസ്‌കാരം ഇന്ന് 11.30 ന് പഴകുളം, ശാരോണ്‍ ചര്‍ച്ച് സെമിത്തേരിയില്‍. പഴകുളം മുകളുവിളയില്‍ കുടുംബാംഗമാണ് പരേത. മക്കള്‍: ലാലി (സൗദി), ലൗലി (മസ്‌കറ്റ്), ലൈജു (മസ്‌ക്കറ്റ്), ലിജു (സൗദി). മരുമക്കള്‍: റെജി (സൗദി), അലക്‌സ് (മസ്‌കറ്റ്), ഫെബി.



**മറിയം**

**ശങ്കരപ്പിള്ളി:** എറപുറത്ത് പരേതനായ കോരയുടെ ഭാര്യ മറിയം (94) അന്തരിച്ചു. സംസ്‌കാരം നാളെ 10ന് തലയനാട് ലൂര്‍ദ്ദ് മാതാ പള്ളിയില്‍. മക്കള്‍: തോമസ്, ഏലി, ചിന്നമ്മ, കുര്യാച്ചന്‍, ജോര്‍ജ്, മത്തായി, മേരി, ലൂസി, ലില്ലി, ബേബിച്ചന്‍, ബെറ്റി. മരുമക്കള്‍: മേരി, കുര്യന്‍, മോളി, പെണ്ണമ്മ, ബ്രജീത്ത, വിജയന്‍, ബോബന്‍, ആലീസ്, സുരേഷ്, പരേതരായ ജോണ്‍, ജോര്‍ജ്കുട്ടി.




**ദിലീപ്**

**മരട്:** തോട്ടുങ്കല്‍ ഗോപാലന്റെ മകന്‍ ദിലീപ് (54) അന്തരിച്ചു. ഭാര്യ: ഉദയം പേരൂര്‍ പത്താം മൈല്‍ കൊല്ലംപറമ്പ് വെളിയില്‍ ലേഖ.



**ചാത്തു**

**കല്ലാച്ചി:** വിഷ്ണുമംഗലം കിഴക്കേ പറമ്പത്ത് കെ.വി.ചാത്തു (62) അന്തരിച്ചു. ഭാര്യ: രാധ. മക്കള്‍: രജിഷ. രജിലേഷ് (ഇലക്ട്രിഷ്യന്‍, പാറക്കടവ്). മരുമകന്‍: മനോജന്‍. സഹോദരങ്ങള്‍: പരേതനായ കുഞ്ഞിരാമന്‍, കേളപ്പന്‍, ഗോപാലന്‍, കുമാരന്‍.



**ജാനു**

**പുന്നശ്ശേരി:** മാഞ്ചോട്ടില്‍ എള്ളുംപുറയില്‍ പരേതനായ പാച്ചൊട്ടിയുടെ ഭാര്യ ജാനു (82) അന്തരിച്ചു. മക്കള്‍: ലീല, ബാബു. മരുമക്കള്‍: നാരായണന്‍, ഷീന.




**പ്രഭാകരന്‍**

**മലാപ്പറമ്പ്:** മാസ് കോര്‍ണര്‍ നാറമ്പത്ത് പ്രഭാകരന്‍ (ബാബു 71) അന്തരിച്ചു. ഭാര്യ: ഉള്ളാട്ടില്‍ ശ്യാമള. മക്കള്‍: ബബിത, സരിത. മരുമക്കള്‍: വിനയന്‍, പരേതനായ സുജിത്ത് കുമാര്‍. സഞ്ചയനം: ബുധന്‍.



**കദീസുമ്മ**

**കണ്ണഞ്ചേരി:** കോഴിക്കോട് കസ്റ്റംസ് റോഡ് ബിലാല്‍ ഹൗസില്‍ പരേതനായ കലന്തന്റെ ഭാര്യ ചേക്രായിന്‍ വളപ്പില്‍ കദീസുമ്മ (91) അന്തരിച്ചു. മക്കള്‍: ആയിശബി, റസിയ, ഷംസു, സെക്കീന, മുസ്തഫ.



**എം.ടി. ജോസഫ്**

**മരട്:** വി.പി.പീറ്റര്‍ റോഡ് മാനുള്ളില്‍ വീട്ടില്‍ എം.ടി.ജോസഫ് (ഔസേപ്പച്ചന്‍-80) അന്തരിച്ചു. ഭാര്യ: ബേബി. മക്കള്‍: ഷൈജന്‍, സൂസി, ജിമ്മി, ബ്രിജിത്ത്, യേശുദാസ്. മരുമക്കള്‍: സീന, ബാബു, ആന്‍റണി, പ്രിന്‍സി.


**കൃഷ്ണന്‍കുട്ടി**

**കോലഞ്ചേരി:** ഗ്രന്ഥകാരനും ഫെഡറല്‍ ബാങ്ക് റിട്ട. അസിസ്റ്റന്റ് മാനേജരുമായ പരിയാരം പടിഞ്ഞാറേപാലത്തിങ്കല്‍ എഴുപ്രം കൃഷ്ണന്‍കുട്ടി (69) അന്തരിച്ചു. ഭാഷാവൃത്ത വിചിന്തനം, ചിന്താ പഥങ്ങളിലൂടെ, മലയാളത്തിന്റെ മണ്ണില്‍ നിന്നും, ഒരു ആത്മാവിന്റെ യാത്ര എന്നിവ ഉള്‍പ്പെടെ 12 കൃതികള്‍ രചിച്ചിട്ടുണ്ട്. മക്കള്‍: സുമേഷ് (സോഫ്റ്റ്‌വെയര്‍ മാനേജര്‍, ഇന്‍ഫോപാര്‍ക്ക്, കൊച്ചി), സുമലത (അസി. സ്‌റ്റേറ്റ് ടാക്‌സ് ഓഫിസര്‍, തേവര). മരുമക്കള്‍: പവിത്രന്‍ (സര്‍വേ, ഭൂരേഖ വകുപ്പ്, ഇടുക്കി), അനീഷ.



**സോമന്‍**

**മൂവാറ്റുപുഴ:** കടാതി കണ്ണന്‍പറമ്പില്‍ കെ.യു. സോമന്‍ (70) അന്തരിച്ചു. സംസ്‌കാരം നടത്തി. ഭാര്യ: ഓമന. മക്കള്‍: സുധീഷ്, സുമേഷ്. മരുമക്കള്‍: ധന്യ, അനീഷ.



**തങ്കമ്മ**

**ഇടക്കുന്നം:** കുഴിവേലില്‍ വീട്ടില്‍ കെ.കെ. ശ്രീധരന്റെ ഭാര്യ തങ്കമ്മ (76) അന്തരിച്ചു. സംസ്‌കാരം ഇന്ന് 11ന് വീട്ടുവളപ്പില്‍. മക്കള്‍: രാജു, രാജപ്പന്‍, രജി, ഷീല. മരുമക്കള്‍: ഷൈലജ (ഇടക്കുന്നം), സിജി (ചേര്‍ത്തല), നിഷ (അമലഗിരി), രാജു.

**സാവിത്രി**

**പാലാരിവട്ടം:** കരിമാലിപ്പറമ്പില്‍ പരേതനായ അപ്പുവിന്റെ ഭാര്യ സാവിത്രി (76) അന്തരിച്ചു. മക്കള്‍: ആനന്ദന്‍, സുരേഷ്, ബിന്ദു.



**കുഞ്ഞപ്പന്‍**

**വൈപ്പിന്‍:** ചെറായി വാരിശ്ശേരി ക്ഷേത്രത്തിന് സമീപം മഠത്തില്‍ കുഞ്ഞപ്പന്‍ (83) അന്തരിച്ചു. ഭാര്യ: വത്സല. മക്കള്‍: ലേഖ, ലത, കല, കവിത, ദിലീപ്, സലി, സന്തോഷ്. മരുമക്കള്‍: രവീന്ദ്രന്‍, സന്തോഷ്, ഷൈമോന്‍, ഷാജി, മജ്ജു, ശ്രീദേവി.

**എന്‍. ഗോപാലപിള്ള**

**ഇടപ്പള്ളി ടോള്‍:** കൊല്ലംമുറി റോഡ് ശ്രീനിലയത്തില്‍ എന്‍. ഗോപാലപിള്ള (86) അന്തരിച്ചു.




**പരീത്**

**പെരുമ്പാവൂര്‍:** വല്ലം കൊച്ചങ്ങാടി പുത്തരി വീട്ടില്‍ പരീത് (66) അന്തരിച്ചു. സംസ്‌കാരം ഇന്ന് ഉച്ചയ്ക്ക് 12ന് സൗത്ത് വല്ലം ജുമാ മസ്ജിദ് ഖബര്‍സ്ഥാനില്‍. ഭാര്യ: പരേതയായ സുബൈദ. മക്കള്‍: ഷാന്‍, ഷാജു, സജ്‌ന. മരുമക്കള്‍: ഷൈന, ഷെമീന, സലീം.

**കെ.എ. സൗഭദ്രന്‍**

**ആരക്കുന്നം:** പങ്ങാരപ്പിള്ളി കല്ലുമടയില്‍ കെ.എ. സൗഭദ്രന്‍ (63) അന്തരിച്ചു.

## ബൈക്കില്‍ ലോറിയിടിച്ച് യുവാവ് മരിച്ചു



ബിബിന്‍ ഔസേഫ്

**മൂവാറ്റുപുഴ:** വിനോദയാത്ര കഴിഞ്ഞ് മടങ്ങുകയായിരുന്ന യുവാക്കളുടെ ബൈക്കില്‍ തടിലോറിയിടിച്ച് യുവാവ് മരിച്ചു. സുഹൃത്തിന് ഗുരുതരമായി പരിക്കേറ്റു. ചേര്‍ത്തല ചാലിപ്പിള്ളി മുട്ടത്തിപ്പറമ്പ് കണ്ടത്തില്‍ വീട്ടില്‍ ഔസേഫ്-ലീനമ്മ ദമ്പതികളുടെ മകന്‍ ബിബിന്‍ ഔസേഫ് (19) ആണ് മരിച്ചത്.

സുഹൃത്ത് വാദ്ധ്യാട്ടുകാരി വീട്ടില്‍ ആരോമല്‍ (19)നെ കോലഞ്ചേരി മെഡിക്കല്‍ കോളേജില്‍ പ്രവേശിപ്പിച്ചു. തിങ്കളാഴ്ച രാത്രി 11ഓടെ മൂവാറ്റുപുഴ-കൂത്താട്ടുകുളം എംസി റോഡില്‍ ഉന്നക്കുപ്പ വളവിലായിരുന്നു അപകടം. തിങ്കളാഴ്ച പുലര്‍ച്ചെ നാലോടെ രണ്ടു ബൈക്കുകളിലായി നാലുപേരടങ്ങുന്ന സംഘം മൂന്നാറിലേക്ക് വിനോദയാത്രയ്ക്ക് പോയി തിരിച്ചുവരുന്നവഴി കോട്ടയത്ത് നിന്ന് പെരുമ്പാവൂരിലേക്ക് തടികയറ്റി പോകുകയായിരുന്ന ലോറി ഇടിക്കുകയായിരുന്നു. റോഡില്‍ തെറിച്ചുവീണ ഇരുവരേയും സഹപാഠികളും നാട്ടുകാരും ചേര്‍ന്ന് മൂവാറ്റുപുഴ ജനറല്‍ ആശുപത്രിയിലും തുടര്‍ന്ന് കോലഞ്ചേരി മെഡിക്കല്‍ കോളേജിലും എത്തിച്ചെങ്കിലും ബിബിന്റെ ജീവന്‍ രക്ഷിക്കാനായില്ല. വെല്‍ഡിംഗ് തൊഴിലാളിയായിരുന്നു ബിബിന്‍. സഹോദരന്‍: നിധിന്‍. പോലീസ് നടപടികള്‍ക്കും പോസ്റ്റ്‌മോര്‍ട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കള്‍ ഏറ്റുവാങ്ങി.

## വാഹനാപകടത്തില്‍ പരിക്കേറ്റ ഗൃഹനാഥന്‍ മരിച്ചു



ഇസ്മയില്‍

**കോഴിക്കോട്:** പാലക്കാട് വടക്കന്‍ചേരിയില്‍ പിക്കപ്പ് വാനിടിച്ച് ഗുരുതര പരിക്കേറ്റ് ചികിത്സയിലായിരുന്ന കാല്‍നടയാത്രികന്‍ മരിച്ചു. തോപ്പയിലിലെ തോപ്പയില്‍ വീട്ടില്‍ പരേതനായ അബൂബക്കറിന്റെ മകന്‍ ഇസ്മയില്‍(42)ആണ് മരിച്ചത്. പുതിയാപ്പ തിരുവണ്ണൂര്‍ റൂട്ടിലോടുന്ന 'സനം'ബസ്സിലെ ജീവനക്കാരനാണ്. ഞായറാഴ്ച വൈകീട്ട് മൂന്ന് മണിയ്ക്കാണ് അപകടമുണ്ടായത്. റോഡ് മുറിച്ചുകടക്കവെ പിക്കപ്പ് വാന്‍ ഇടിക്കുകയായിരുന്നു. നട്ടെല്ല് തകര്‍ന്ന് ഗുരുതരാവസ്ഥയിലായ ഇസ്മയില്‍ കോഴിക്കോട് ഗവ. മെഡിക്കല്‍ കോളേജ് ആശുപത്രിയില്‍ ചികിത്സയിലായിരുന്നു. മാതാവ്: ജമീല. ഭാര്യ: മൈമുന. മക്കള്‍: ആയിഷ മുഫീദ, ഇര്‍ഷാദ്.

## അംഗന്‍വാടി വര്‍ക്കര്‍ കുഴഞ്ഞുവീണു മരിച്ചു



ഷൈമ

**കൊയിലാണ്ടി:** അംഗന്‍വാടി വര്‍ക്കര്‍ കുഴഞ്ഞുവീണു മരിച്ചു. മേലൂര്‍ സെന്റര്‍ അഞ്ചാം നമ്പര്‍ അംഗന്‍വാടി വര്‍ക്കര്‍ വലിയ വീട്ടില്‍ ഷൈമ (45) ആണ് അംഗന്‍വാടിയില്‍ കുഴഞ്ഞു വീണു മരിച്ചത്. ഇന്നലെ രാവിലെ പത്തരയോടെയാണ് സംഭവം. ഭര്‍ത്താവ്: ശശിധരന്‍. മക്കള്‍: ജിതിന്‍, ജിന്‍സി. മരുമകന്‍: അഖിലേഷ്. പരേതനായ ശങ്കരക്കുറുപ്പിന്റെയും ചന്ദ്രമതിയുടെയും മകളാണ്.

## വൈദ്യുതാഘാതമേറ്റ് യുവാവ് മരിച്ചു



ആര്‍. രാമദാസ്

**ബെംഗളൂരു:** വെള്ളം ശേഖരിക്കുന്നതിനിടെ വൈദ്യുതാഘാതമേറ്റ് മലയാളി യുവാവ് മരിച്ചു. പാലക്കാട് കൊല്ലകോട് ചാത്തംപാറ ആലുംകോട് രാമകൃഷ്ണന്റെ മകന്‍ ആര്‍. രാമദാസ് (29) ആണ് മരിച്ചത്. ബെംഗളൂരു കോട്ടണ്‍പേട്ടില്‍ ബാഗ് കടയിലെ ജീവനക്കാരനായ രാമദാസ്, മൈസൂരു റോഡ് വിനായക ടാക്കീസിന് സമീപമുള്ള വീട്ടില്‍ കുടുംബ സമേതമായിരുന്നു താമസിച്ചിരുന്നത്.

ചൊവ്വാഴ്ച പുലര്‍ച്ചെ മൂന്നുമണിയോടെയാണ് അപകടമുണ്ടായത്. വാട്ടര്‍ ലൈനില്‍ നിന്ന് മോട്ടോര്‍ ഉപയോഗിച്ച് വെള്ളം ടാങ്കിലേക്ക് നിറക്കുന്നതിനിടയിലാണ് വൈദ്യുതാഘാതമേറ്റത്. ഭാര്യ: രാധ. രണ്ടു മക്കളുണ്ട്. സംസ്‌കാരം വ്യാഴാഴ്ച ഉച്ചക്ക് ആലുംകോട് വീട്ടുവളപ്പില്‍.

## താരസംഘടനയുടെ ഭരണഘടന മാറ്റുന്നു

**കൊച്ചി:** മലയാളത്തിലെ താരസംഘടന (എ. എം. എം.എ) ഭരണഘടന മാറ്റത്തിനൊരുങ്ങുന്നു. സംഘടനയില്‍ വനിതാ താരങ്ങള്‍ക്ക് കൂടുതല്‍ പ്രാധാന്യം നല്‍കുന്ന തരത്തിലുള്ള ഭരണഘടനാ ഭേദഗതി നിര്‍ദേശങ്ങള്‍ 30ന് കൊച്ചിയില്‍ രാവിലെ പത്തു മുതല്‍ ചേരുന്ന വാര്‍ഷിക ജനറല്‍ ബോഡി ചര്‍ച്ച ചെയ്യും. യോഗ നടപടികള്‍ക്ക് ശേഷമായിരിക്കും ഭരണഘടനാ ഭേദഗതിയുടെ കാര്യത്തില്‍ അന്തിമ തീരുമാനമുണ്ടാവുകയെന്ന് അമ്മ ജനറല്‍ സെക്രട്ടറി ഇടവേള ബാബു പറഞ്ഞു. സുപ്രീം കോടതി നിര്‍ദേശങ്ങളടക്കം പരിഗണിച്ചാണ് ഭരണഘടന ഭേദഗതി. ഭേദഗതിക്ക് യോഗത്തിന്റെ അംഗീകാരം ലഭിച്ചാല്‍ രജിസ്‌ട്രേഷന്‍ അടക്കമുള്ള മറ്റു നടപടികളിലേക്ക് നീങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീകള്‍ക്കായി ആഭ്യന്തര പരാതി സെല്‍ രൂപീകരിക്കല്‍, എക്‌സിക്യൂട്ടീവ് കമ്മിറ്റിയില്‍ കുറഞ്ഞത് നാലു വനിതകളുടെ പ്രാതിനിധ്യം, സംഘടനയുടെ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകള്‍ക്ക് നല്‍കല്‍ തുടങ്ങിയ നിര്‍ദേശങ്ങള്‍ ഭേദഗതിയിലുണ്ടെന്നാണ് സൂചന.

## ഭക്ഷ്യകമ്മീഷന്‍ ചെയര്‍മാനും അംഗങ്ങളും ചുമതലയേറ്റു

**തിരുവനന്തപുരം:** സംസ്ഥാന ഭക്ഷ്യ കമ്മീഷന്‍ ചെയര്‍മാനും അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. സെക്രട്ടേറിയറ്റ് ദര്‍ബാര്‍ ഹാളില്‍ ചെയര്‍മാന്‍ കെ.വി. മോഹന്‍കുമാറിനും മറ്റ് അംഗങ്ങള്‍ക്കും ഭക്ഷ്യമന്ത്രി പി. തിലോത്തമന്‍ സത്യവാചകം ചൊല്ലിക്കൊടുത്തു.

വി. രമേശന്‍, എം. വിജയലക്ഷ്മി, അഡ്വ. ബി. രാജേന്ദ്രന്‍, കെ. ദിലീപ്കുമാര്‍, പി. വസന്തം എന്നിവരാണ് കമ്മീഷനിലെ അംഗങ്ങള്‍. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമമാണ് എല്ലാ സംസ്ഥാനങ്ങളിലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനായി ഭക്ഷ്യ കമ്മീഷനെ നിയോഗിക്കണമെന്ന് അനുശാസിക്കുന്നത്. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി മിനി ആന്റണി, സിവില്‍ സപ്ലൈസ് കമ്മീഷണര്‍ സി. എ. ലത, ഡയറക്ടര്‍ നരസിംഹുഗാരി ടി. എന്‍. റെഡ്ഡി തുടങ്ങിയവര്‍ സംബന്ധിച്ചു

### ഓച്ചിറയില്‍ വന്‍ ലഹരിവേട്ട

## ഒരുകോടിയുടെ ഉത്പന്നങ്ങള്‍ പിടിച്ചെടുത്തു



പിടിച്ചെടുത്ത ലഹരി വസ്തുക്കള്‍

**ഓച്ചിറ:** നഴ്‌സറിയുടെ മറവില്‍ നിരോധിത പുകയില ഉത്പന്നങ്ങള്‍ വില്‍പ്പന നടത്തിയ കേന്ദ്രത്തില്‍ നിന്ന് ഒരു കോടിയില്‍പരം രൂപയുടെ ലഹരിവസ്തുക്കള്‍ പിടികൂടി. വവ്വാക്കാവിന് സമീപം കരിശ്ശേരില്‍ നഴ്‌സറി അഗ്രോബസാര്‍ എന്ന സ്ഥാപനത്തില്‍ നിന്നാണ് ഒരു കോടിയില്‍പരം രൂപ വിലവരുന്ന ഒരു ലോഡ് നിരോധിത പുകയില ഉത്പന്നങ്ങള്‍ പോലീസ് പിടിച്ചത്.

രഹസ്യവിവരത്തെ തുടര്‍ന്ന് കരുനാഗപ്പള്ളി എസിപി വിദ്യാധരന്‍, ഓച്ചിറ എസ്‌ഐ ആര്‍. പ്രകാശ്, കരുനാഗപ്പള്ളി എസ്‌ഐ ശിവകുമാര്‍ എന്നിവരുടെ നേതൃത്വത്തില്‍ ഇന്നലെ രാത്രിയില്‍ നടന്ന പരിശോധനയിലാണ് ലഹരിവസ്തുക്കള്‍ പിടിച്ചത്. കടത്തൂര്‍ കരിശ്ശേരില്‍ വീട്ടില്‍ അബ്ദുല്‍ മനാഫ്, ആലങ്കട കിഴക്കതില്‍ അജി എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണിത്.

അഞ്ചു രൂപ വിലയുള്ള ഒരു പാക്കറ്റിന് 50 രൂപയില്‍ കൂടുതല്‍ ഈടാക്കിയാണ് വില്‍ക്കുന്നത്. റെയ്ഡിനെ തുടര്‍ന്ന് ഉടമകളായ അബ്ദുള്‍ മനാഫും അജിയും ഒളിവില്‍ പോയി. സ്ഥാപനത്തിലുണ്ടായിരുന്ന ബംഗാള്‍ സ്വദേശി ഷിയാസുദീനെ പോലീസ് കസ്റ്റഡിയിലെടുത്തു. ഉടമകള്‍ക്കായി തെരച്ചില്‍ ഊര്‍ജ്ജിതമാക്കി.

## ഖാദര്‍ കമ്മിറ്റി റിപ്പോര്‍ട്ട്: സ്റ്റേ നീക്കണമെന്ന് സര്‍ക്കാര്‍

**കൊച്ചി:** ഖാദര്‍ കമ്മിറ്റി റിപ്പോര്‍ട്ട് നടപ്പാക്കാനുള്ള സര്‍ക്കാര്‍ ഉത്തരവിന്മേലുള്ള സ്റ്റേ നീക്കണമെന്ന ആവശ്യവുമായി സര്‍ക്കാര്‍ ഹൈക്കോടതിയെ സമീപിച്ചു.

സ്‌കൂളുകളുടെ ഏകീകരണത്തിന് നടപടികള്‍ തുടങ്ങിയ ശേഷമാണ് ഹൈക്കോടതി സ്റ്റേ അനുവദിച്ചതെന്നും ഇക്കാരണത്താല്‍ തന്നെ ഏകീകരണവുമായി ബന്ധപ്പെട്ട തുടര്‍നടപടികള്‍ തടസ്സപ്പെടുത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് പൊതു വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അജി ഫിലിപ്പ് അപേക്ഷ നല്‍കിയിരിക്കുന്നത്.

2019 ലെ ദേശീയ വിദ്യാഭ്യാസ നയത്തെ മറികടന്നുള്ള ധൃതിപിടിച്ചുള്ള നീക്കമാണിതെന്ന ആരോപണം ശരിയല്ല. ഖാദര്‍ കമ്മിറ്റി റിപ്പോര്‍ട്ട് ഘട്ടംഘട്ടമായാണ് നടപ്പാക്കുന്നത്. ഇതിനായി കേരള വിദ്യാഭ്യാസ ചട്ട ഭേദഗതി ഇ ഉടന്‍ കൊണ്ടുവരുമെന്നും സര്‍ക്കാര്‍ പറയുന്നു.

ഹൈസ്‌കൂള്‍, ഹയര്‍ സെക്കന്‍ഡറി, വൊക്കേഷണല്‍ ഹയര്‍ സെക്കന്‍ഡറി സ്‌കൂളുകളുടെ ലയനം വിദ്യാഭ്യാസ മേഖലയെ തകര്‍ക്കുമെന്നും മതിയായ ഒരുക്കങ്ങളില്ലാതെയാണ് നടപടിയെന്നും ആരോപിച്ച് എയ്ഡഡ് ഹയര്‍ സെക്കന്‍ഡറി സ്‌കൂള്‍ ടീച്ചേഴ്‌സ് അസോസിയേഷന്‍, എന്‍എസ്എസ് തുടങ്ങിയവര്‍ നല്‍കിയ ഹര്‍ജിയില്‍ ജൂണ്‍ 17 നാണ് സിംഗിള്‍ബെഞ്ച് ഏകീകരണ നടപടികള്‍ ഹൈക്കോടതി രണ്ടു മാസത്തേക്ക് സ്റ്റേ ചെയ്തത്.

### സിഎസ്ആര്‍ ഫണ്ട്: കമ്പനികള്‍ക്കെതിരെ കേസെടുക്കാന്‍ അനുമതി

**ന്യൂദല്‍ഹി:** സാമൂഹികപ്രതിബദ്ധതാ ഫണ്ട് (സിഎസ്ആര്‍) ചെലവിടുന്നതില്‍ വീഴ്ചവരുത്തിയ 366 കമ്പനികള്‍ക്കെതിരേ കേസെടുക്കാന്‍ അനുമതി ലഭിച്ചതായി കേന്ദ്ര സര്‍ക്കാര്‍. അതില്‍ 66 കമ്പനികള്‍ ഒത്തുതീര്‍പ്പിന് അപേക്ഷ നല്‍കിയിട്ടുണ്ടെന്നും ധനമന്ത്രി നിര്‍മലാ സീതാരാമന്‍ രാജ്യസഭയില്‍ അറിയിച്ചു.

കമ്പനി നിയമപ്രകാരം കോര്‍പ്പറേറ്റ് സ്ഥാപനങ്ങള്‍ അവരുടെ ബോര്‍ഡിന്റെ റിപ്പോര്‍ട്ടില്‍ സിഎസ്ആര്‍ വിവരങ്ങള്‍ വെളിപ്പെടുത്തണം. അതില്‍ ക്രമക്കേട് കണ്ടെത്തിയാല്‍ കമ്പനിക്കെതിരേ കുറ്റവിചാരണയ്ക്ക് അനുമതി തേടും. കമ്പനി നിയമപ്രകാരമുള്ള ഓഡിറ്റില്‍ സ്ഥാപനങ്ങളുടെ സിഎസ്ആര്‍ ചെലവിന്റെ കണക്കെടുപ്പ് കൂടി ഉള്‍പ്പെടുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

### കേരളത്തിലെ പുരാതന ക്ഷേത്രങ്ങള്‍ക്ക് സംരക്ഷണം

**ന്യൂദല്‍ഹി:** കേരളത്തില്‍ പുരാവസ്തു ഗവേഷണ വകുപ്പിന്റെ (എഎസ്‌ഐ.) കീഴിലുള്ള പതിമൂന്നു ക്ഷേത്രങ്ങളും മികച്ച രീതിയില്‍ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് കേന്ദ്ര സര്‍ക്കാര്‍ അറിയിച്ചു. ക്ഷേത്രങ്ങളുള്‍പ്പെടെ 3,691 സ്മാരകങ്ങളാണ് രാജ്യത്ത് പുരാവസ്തു ഗവേഷണ വകുപ്പിന്റെ കീഴിലുള്ളത്. ഇവയുടെ സംരക്ഷണത്തിനായി 2018-19-ല്‍ 406.37 കോടി രൂപ നീക്കിവെച്ചതില്‍ 393.65 കോടിയും ചെലവഴിച്ചതായും സാംസ്‌കാരിക വകുപ്പ് മന്ത്രി പ്രഹ്ലാദ് സിങ് പട്ടേല്‍ രാജ്യസഭയില്‍ അറിയിച്ചു. പുരാവസ്തു ഗവേഷണ കേന്ദ്രത്തിന്റെ സംരക്ഷണത്തില്‍ ഏറ്റവുമധികം ക്ഷേത്രങ്ങളും സ്മാരകങ്ങളുമുള്ളത് കര്‍ണാടകയിലാണ്-242.

### ബാലഭാസ്‌കറിന്റെ മരണം

## അന്വേഷണ വിവരങ്ങള്‍ അറിയിക്കണമെന്ന് ഹൈക്കോടതി

**കൊച്ചി :** ബാലഭാസ്‌കറിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണ വിവരങ്ങള്‍ രണ്ടു ദിവസത്തിനുള്ളില്‍ അറിയിക്കണമെന്ന് ഹൈക്കോടതി ക്രൈംബ്രാഞ്ചിന് നിര്‍ദേശം നല്‍കി. തിരുവനന്തപുരം എയര്‍പോര്‍ട്ട് വഴി സ്വര്‍ണ്ണക്കടത്തു നടത്തിയ കേസില്‍ പ്രതികളായ അഡ്വ. എം. ബിജു, സെറീന ഷാജി, സുനില്‍ കുമാര്‍, പി.കെ. റാഷിദ്, പോള്‍ ജോസ് എന്നിവര്‍ നല്‍കിയ ജാമ്യാപേക്ഷ പരിഗണിച്ച സിംഗിള്‍ബെഞ്ചിന്റെ ഉത്തരവ്.

ബാലഭാസ്‌കറിന്റെ മരണത്തിനു പിന്നില്‍ വിഷ്ണു സോമസുന്ദരം, പ്രകാശ് തമ്പി എന്നിവര്‍ക്ക് പങ്കുണ്ടോ, അന്വേഷണത്തില്‍ കണ്ടെത്തിയ വിവരങ്ങള്‍ എന്താണ് തുടങ്ങിയ കാര്യങ്ങളാണ് ക്രൈംബ്രാഞ്ച് അറിയിക്കേണ്ടത്. സ്വര്‍ണ്ണക്കടത്തുമായി ബന്ധപ്പെട്ട കേസിലെ വാദങ്ങള്‍ക്കിടെയാണ് ബാലഭാസ്‌കറിന്റെ മരണം കോടതിയുടെ ചര്‍ച്ചയ്ക്ക് വിഷയമായത്. സ്വര്‍ണ്ണക്കടത്തു കേസിലെ പ്രതികളില്‍ ചിലരും ബാലഭാസ്‌കറും ഒരുമിച്ചു നില്‍ക്കുന്ന ചിത്രങ്ങള്‍ ഡിആര്‍ഐ കോടതിയുടെ ശ്രദ്ധയില്‍ കൊണ്ടു വന്നിരുന്നു. തുടര്‍ന്നാണ് അന്വേഷണ വിവരങ്ങള്‍ അറിയിക്കാന്‍ സിംഗിള്‍ബെഞ്ച് നിര്‍ദേശിച്ചത്. ഹര്‍ജി രണ്ടു ദിവസത്തിനു ശേഷം വീണ്ടും പരിഗണിക്കും.



കായംകുളത്തുനിന്ന് പിടിച്ചെടുത്ത പഴകിയ മത്സ്യം

## കായംകുളത്ത് ഒന്നര ടണ്‍ പഴകിയ മത്സ്യം പിടികൂടി

**കായംകുളം:** ഓപ്പറേഷന്‍ സാഗര്‍റാണി പരിശോധനയില്‍ കായംകുളത്ത് 1,500 കിലോ പഴകിയ മത്സ്യം പിടികൂടി. പ്രമുഖ മൊത്തവിതരണ കേന്ദ്രത്തില്‍ എത്തിച്ച പഴകിയതും രാസവസ്തുക്കള്‍ ചേര്‍ത്തതുമായ ട്യൂണ (ചൂര) ഇനത്തില്‍പ്പെട്ട മത്സ്യമാണ് പിടിച്ചത്.

നാല്‍പ്പത് ബോക്‌സുകളിലായാണ് മത്സ്യം സൂക്ഷിച്ചിരുന്നത്. ആന്ധ്രയിലെ കാക്കിനാഡയില്‍ നിന്നാണ് ഇതെത്തിച്ചത്. പഴകിയതോ, രാസവസ്തുക്കള്‍ ചേര്‍ത്തതോയെന്ന് തിരിച്ചറിയാന്‍ സാധിക്കാത്ത വിധം ഐസിട്ട് സുരക്ഷിതമെന്ന രീതിയിലാണ് വില്‍പ്പന സ്ഥലങ്ങളില്‍ എത്തിക്കുന്നത്.

ഇവിടെ നിന്ന് ചെറുകച്ചവടക്കാര്‍ വഴി വില്‍ക്കും. നല്ല മത്സ്യത്തില്‍ പഴകിയ മത്സ്യം കൂടുതല്‍ കൂട്ടിച്ചേര്‍ത്താണ് വില്‍പ്പന. പിടിച്ചെടുത്ത ഒന്നര ടണ്‍ മത്സ്യവും അധികൃതരുടെ സാന്നിദ്ധ്യത്തില്‍ കുഴിച്ചുമൂടി. ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവര്‍ ചേര്‍ന്നാണ് പരിശോധന നടത്തിയത്. മത്സ്യസാമ്പിളുകള്‍ വിദഗ്ധ പരിശോധനയ്ക്ക് തിരുവനന്തപുരം അനലിറ്റിക്കല്‍ ലാബിലേക്ക് അയച്ചു.

## തദ്ദേശ സ്വയംഭരണ ഉപതെര. നാളെ; ജനവിധി തേടുന്നത് 130 പേര്‍

**തിരുവനന്തപുരം:** പതിമൂന്നു ജില്ലകളിലെ 44 തദ്ദേശസ്വയംഭരണ വാര്‍ഡുകളില്‍ നാളെ നടക്കുന്ന ഉപതിരഞ്ഞെടുപ്പില്‍ 130 പേര്‍ ജനവിധി തേടും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂര്‍, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂര്‍ ജില്ലകളിലെ 33 ഗ്രാമപഞ്ചായത്ത് വാര്‍ഡുകളിലും ആലപ്പുഴ, തൃശൂര്‍ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാര്‍ഡുകളിലും കോട്ടയം, ഇടുക്കി ജില്ലകളില്‍ രണ്ട് വീതം ബ്ലോക്ക് പഞ്ചായത്ത് വാര്‍ഡുകളിലും ആലപ്പുഴ ജില്ലയില്‍ രണ്ട് നഗരസഭാ വാര്‍ഡുകളിലും ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളില്‍ ഓരോ നഗരസഭാ വാര്‍ഡിലെയും ഉപതെരഞ്ഞെടുപ്പാണ് നാളെ.

വോട്ടെടുപ്പ് രാവിലെ ഏഴു മണിക്ക് ആരംഭിച്ച് വൈകിട്ട് അഞ്ചിന് അവസാനിക്കും. വോട്ടെണ്ണല്‍ 28ന് രാവിലെ 10ന്.

# സെഞ്ചുറി ഫിഞ്ച്



ഭുവനേശ്വർ കുമാർ നെറ്റ് പരിശീലനത്തിനിടയിൽ

## ഭുവനേശ്വർ കുമാർ പരിശീലനത്തിനിറങ്ങി

**ലണ്ടൻ:** പാക്കിസ്ഥാനെതിരായ ലോകകപ്പ് മത്സരത്തിനിടെ പരിക്കേറ്റ ഭുവനേശ്വർ കുമാർ ഇന്നലെ ഇന്ത്യൻ ടീമിനൊപ്പം പരിശീലനത്തിനിറങ്ങി . നാളെ വിൻഡീസിനെതിരായ മത്സരത്തിൽ ഭുവി കളിക്കുമെന്ന പ്രതീക്ഷയിലാണ് ആരാധകർ.

ഓൾഡ് ട്രാഫോഡിലെ ഇൻഡോർ സ്‌റ്റേഡിയത്തിൽ ഭുവി പന്തെറിയുന്ന വീഡിയോ ഇന്നലെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പുറത്തുവിട്ടു.

മാഞ്ചസ്റ്ററിൽ മഴ തുടരുന്നതിനാലാണ് ഇന്ത്യൻ ടീം ഇൻഡോർ സ്‌റ്റേഡിയത്തിൽ പരിശീലനം നടത്തിയത്. നാളെ ഓൾഡ് ട്രാഫോഡിലാണ് ഇന്ത്യ-വിൻഡീസ് മത്സരം. ജയിച്ചാൽ ഇന്ത്യക്ക് സെമിഫൈനലിനരികിലെത്താം.

ഭുവിയുടെ അഭാവത്തിൽ മുഹമ്മദ് ഷമി അഫ്ഗാനിസ്ഥാനെതിരായ മത്സരത്തിൽ കളിച്ചു. ഹാട്രിക്ക് നേടി ഇന്ത്യക്ക് പതിനൊന്ന് റൺസ് വിജയവും സമ്മാനിച്ചു. ലോകകപ്പിൽ ഹാട്രിക്ക് നേടുന്ന രണ്ടാമത്തെ ഇന്ത്യൻ ബൗളറാണ് മുഹമ്മദ് ഷമി.

## ഇന്ത്യക്കെതിരായ തോൽവി; ആത്മഹത്യ ചെയ്യാൻ തോന്നിയെന്ന് പാക് കോച്ച്

**സതാംപ്ടൺ:** ലോകകപ്പിൽ ഇന്ത്യയോട് തോറ്റതിനെ തുടർന്ന് ആത്മഹത്യ ചെയ്യാൻ തോന്നിയതെന്ന് പാക്ക് ക്രിക്കറ്റ് ടീമിന്റെ പരിശീലകൻ മിക്കി ആർതർ. 89 റൺസിന്റെ ദയനീയ പരാജയം ഏറ്റുവാങ്ങിയ പാക്ക് ടീമിനെതിരെ നിരവധി ആരാധകരാണ് രംഗത്തെത്തിയത്. ഇന്ത്യക്കെതിരായ തോൽവി വല്ലാതെ വേദനിപ്പിച്ചു. ആത്മഹത്യ ചെയ്യാൻ തോന്നി. പക്ഷേ അതൊരു മത്സരം മാത്രമാണ്, വളരെ പെട്ടെന്നാണ് സംഭവിച്ചത്, കളി തോറ്റു, മീഡിയയുടെ വിമർശനം, ജനങ്ങളുടെ പ്രതീക്ഷ എല്ലാം കൂടി വല്ലാത്തൊരു അവസ്ഥയിലായിരുന്നു. എല്ലാവരും ഇത് അനുഭവിച്ചിട്ടുണ്ട്' അദ്ദേഹം പറഞ്ഞു.

**ലോർഡ്‌സ്:** മുന്നിൽ നിന്ന് പടനയിച്ച ക്യാപ്റ്റൻ ആരോൺ ഫിഞ്ചിന്റെ സെഞ്ചുറിയിൽ ഓസീസിന് മികച്ച സ്‌കോർ. ലോകകപ്പിലെ ക്ലാസിക്ക് പോരാട്ടത്തിൽ അവർ ആതിഥേയരായ ഇംഗ്ലണ്ടിനെതിരെ 50 ഓവറിൽ ഏഴു വിക്കറ്റിന് 285 റൺസ് എടുത്തു.

ഫിഞ്ച് 116 പന്തിൽ പതിനൊന്ന് ഫോറും രണ്ട് സിക്‌സറും അടക്കം 100 റൺസ് കുറിച്ചു. ഈ ലോകകപ്പിൽ ഫിഞ്ചിന്റെ രണ്ടാം സെഞ്ചുറിയാണിത്. സഹ ഓപ്പണറായ ഡേവിഡ് വാർണർ ഫിഞ്ചിന് മികച്ച പിന്തുണ നൽകി. 61 പന്തിൽ ആറു ഫോറുകളുടെ അകമ്പടിയിൽ 53 റൺസ് നേടി. ആദ്യ വിക്കറ്റിൽ 123 റൺസിന്റെ കൂട്ടുകെട്ട പടുത്തുയർത്തി ഇവർ ഓസീസിന് ഉശിരൻ തുടക്കം സമ്മാനിച്ചു. ഈ ലോകകപ്പിൽ ഇത് തുടർച്ചയായ അഞ്ചാം തവണയാണ് ഈ ഓപ്പണിങ് സഖ്യം അമ്പതിൽ കൂടുതൽ റൺസ് നേടുന്നത്.

മൂന്നാമനായി ക്രീസിലെത്തിയ ഉസ്മാൻ ഖവാജയ്ക്ക് തിളങ്ങാനായില്ല. 29 പന്തിൽ 23 റൺസുമായി മടങ്ങി. മുൻ നായകൻ സ്മിത്ത് അടിച്ചു കളിച്ചു. 34 പന്തിൽ 38 റൺസ് നേടി.

മധ്യനിരയിലെ കരുത്തനായ മാക്‌സ്‌വെൽ എട്ട് പന്തിൽ ഒരു ഫോറും ഒരു സിക്‌സറും ഉൾപ്പെടെ 12 റൺസ് എടുത്തു.

അവസാന ഓവറുകളിൽ അലക്‌സ് ക്യാറി തകർത്തടിച്ചു. 27 പന്തിൽ അഞ്ചു ബൗണ്ടറിയടിച്ച ക്യാറി 38 റൺസുമായി അജയ്യനായി നിന്നു.

ഇംഗ്ലീഷ് പേസർ ക്രിസ് വോക്‌സ് പത്ത് ഓവറിൽ 46 റൺസിന് രണ്ട് വിക്കറ്റുകൾ വീഴ്ത്തി. ജോഫ്ര ആർച്ചർ, മാർക്ക് വുഡ് ,ബെൻ സ്‌റ്റോക്‌സ്, മൊയിൻ അലി എന്നിവർ ഓരോ വിക്കറ്റ് എടുത്തു.

ടോസ് നേടിയ ഇംഗ്ലണ്ട് ഫീൽഡിങ് തെരഞ്ഞെടുക്കുകയായിരുന്നു.



സെഞ്ചുറി നേടിയ ആരോൺ ഫിഞ്ച് കാണികളെ അഭിവാദ്യം ചെയ്യുന്നു

### സ്‌കോർബോർഡ്

ഓസ്‌ട്രേലിയ: ആരോൺ ഫിഞ്ച് സി വോക്‌സ് ബി ആർച്ചർ 100, ഡേവിഡ് വാർണർ സി റൂട്ട് ബി അലി 53, ഉസ്മാൻ ഖവാജ ബി സ്‌റ്റോക്‌സ് 23, സ്റ്റീവ് സ്മിത്ത് സി ആർച്ചർ ബി വോക്‌സ് 38, മാക്‌സ്‌വെൽ സി ബട്‌ലർ ബി വുഡ് 12, മാർക് സ്‌റ്റോയ്‌നിസ് റൺഔട്ട് 8, അലക്‌സ് ക്യാരി നോട്ടൗട്ട് 38 , പാറ്റ് കമ്മിൻസ് സി ബട്‌ലർ ബി വോക്‌സ് 1, സ്റ്റാർക്ക് നോട്ടൗട്ട് 4, എക്‌സ്ട്രാസ് 8, ആകെ 50 ഓവറിൽ ഏഴു വിക്കറ്റിന് 285.

വിക്കറ്റ് വീഴ്ച 1-123, 2-173, 3-185, 4-213, 5-228, 6-250, 7-259.

ബൗളിങ്: ക്രിസ് വോക്‌സ് 10-0-46-2, ജോഫ്ര ആർച്ചർ 9-0-56-1, മാർക്ക് വുഡ് 9-0-59-1, ബെൻ സ്‌റ്റോക്‌സ് 6-0-29-1, മൊയിൻ അലി 6-0-42-1, ആഡിൽ റഷീദ് 10-0-49-0.

## ഇന്ത്യയെ വീഴ്ത്താൻ ഷാക്കിബ്

**സതാംപ്ടൺ:** അഫ്ഗാനിനെതിരെ തകർത്തുകളിച്ച് ബംഗ്ലാദേശിന് വിജയം സമ്മാനിച്ച ഓൾ റൗണ്ടർ ഷാക്കിബ് അൽ ഹസൻ ലോകകപ്പിൽ ഇന്ത്യയെ അട്ടിമറിക്കുമെന്ന് മുന്നറിയിപ്പ് നൽകി. ജൂലൈ രണ്ടിനാണ് ഇന്ത്യ- ബംഗ്ലാദേശ് പോരാട്ടം.

കോഹ്‌ലിപ്പടയെ കുഴപ്പത്തിലാക്കാൻ തന്റെ ടീമിന് കഴിയുമെന്ന ആത്മവിശ്വാസത്തിലാണ് ഷാക്കിബ്. 2007 ലെ ലോകകപ്പിൽ ഇന്ത്യക്കെതിരെ നേടിയതുപോലൊരു വിജയം ഇത്തവണയും ലക്ഷ്യമിടുകയാണ്. കിരീട സാധ്യത കൽപ്പിക്കപ്പെടുന്ന ശക്തമായ ടീമാണ് ഇന്ത്യ. അവരെ തോൽപ്പിക്കുക പ്രയാസമാണ്. എന്നിരുന്നാലും വിജയത്തിനായി മികച്ച പ്രകടനം തന്നെ കാഴ്ചവയ്ക്കുമെന്ന് ഷാക്കിബ് പറഞ്ഞു.

ഒറ്റയ്ക്ക് കളിയുടെ ഗതി മാറ്റാൻ കഴിയുന്ന ലോക നിലവാരമുള്ള കളിക്കാരുടെ ടീമാണ് ഇന്ത്യ. പക്ഷെ മികച്ച കളി പുറത്തെടുത്താൽ ഇന്ത്യയെ വീഴ്ത്താനാകുമെന്ന് ഷാക്കിബ് കൂട്ടിച്ചേർത്തു.

ബാറ്റും പന്തും കൊണ്ട് ഷാക്കിബ് നടത്തിയ മിന്നുന്ന പ്രകടനമാണ് ബംഗ്ലാദേശിന് അഫ്ഗാനിസ്ഥാനെതിരെ 62 റൺസ് വിജയമൊരുക്കിയത്. ഇതോടെ ബംഗ്ലാ കടുവകളുടെ സെമിഫൈനൽ സാധ്യതകൾ സജീവമായി. ഏഴു മത്സരങ്ങളിൽ ഏഴു പോയിന്റുമായി ബംഗ്ലാദേശ് അഞ്ചാം സ്ഥാനത്താണ്. നാലാം സ്ഥാനത്തുള്ള ഇംഗ്ലണ്ടിനെക്കാൾ ഒരു പോയിന്റിന് പിന്നിൽ. 11 പോയിന്റുമായി ന്യൂസിലൻഡാണ് ഒന്നാം സ്ഥാനത്ത്. ഓസ്‌ട്രേലിയ(10), ഇന്ത്യ(9) എന്നിവയാണ് രണ്ട് മൂന്ന് സ്ഥാനങ്ങളിൽ.

51 റൺസ് നേടിയ ഷാക്കിബ് പത്ത് ഓവറിൽ 29 റൺസിന് അഞ്ചു വിക്കറ്റും സ്വന്തമാക്കി. ഈ ലോകകപ്പിലെ മികച്ച ബൗളിങ് ഫിഗറാണിത്. ഏകദിനത്തിൽ ഷാക്കിബിന്റെ മികച്ച പ്രകടനവും ഇതു തന്നെ.

ലോകകപ്പിന്റെ ചരിത്രത്തിൽ ഒരു മത്സരത്തിൽ അമ്പത് റൺസും അഞ്ചു വിക്കറ്റും നേടിയ രണ്ടാമത്തെ താരമാണ് ഷാക്കിബ്. ഇന്ത്യയുടെ യുവരാജ് സിങ്ങാണ് ഈ നേട്ടം കൈവരിച്ച ആദ്യ താരം. 2011 ലെ ലോകകപ്പിൽ അയർലൻഡിനെതിരെയാണ് യുവരാജ് ഈ നേട്ടം സ്വന്തമാക്കിയത്.

ബംഗ്ലാദേശ് മുന്നോട്ടുവെച്ച 263 റൺസ് വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാനിസ്ഥാൻ 47 ഓവറിൽ 200 റൺസിന് പുറത്തായി.



ലോകകപ്പിൽ അഫ്ഗാനിസ്ഥാനെതിരായ മത്സരത്തിൽ അഞ്ചു വിക്കറ്റ് വീഴ്ത്തിയ ഷാക്കിബിന്റെ ആഹ്ലാദം

## സെമി സാധ്യത ഇങ്ങനെ

**ലണ്ടൻ:** ലോകകപ്പ് സെമിയിലെ നാലു സ്ഥാനങ്ങൾക്കായി പൊരുതാൻ എട്ട് ടീമുകൾ രംഗത്ത്. പ്രാഥമിക റൗണ്ടിൽ ഇതുവരെ തോൽവിയറിയാത്ത ഇന്ത്യയും ന്യൂസിലൻഡും അനായാസം സെമിയിലെത്തുമെന്നാണ് പ്രതീക്ഷ. മുൻ ചാമ്പ്യന്മാരായ ദക്ഷിണാഫ്രിക്ക, അഫ്ഗാനിസ്ഥാൻ ടീമുകൾ ലോകകപ്പിൽ നിന്ന് പുറത്തായിക്കഴിഞ്ഞു.

ആറു മത്സരങ്ങളിൽ പതിനൊന്ന് പോയിന്റുമായി ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ന്യൂസിലൻഡിന് അവസാന മൂന്ന് മത്സരങ്ങളിൽ ഒരെണ്ണത്തിൽ വിജയിച്ചാൽ സെമി ഉറപ്പാകും. മൂന്ന് മത്സരങ്ങളിൽ തോറ്റാലും അവർക്ക് നേരിയ സാധ്യതയുണ്ട്. പക്ഷെ ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ശ്രീലങ്ക ടീമുകളുടെ പ്രകടനത്തെ ആശ്രയിച്ചായിരിക്കും ന്യൂസിലൻഡിന്റെ സെമി പ്രവേശം. പാക്കിസ്ഥാൻ, ഇംഗ്ലണ്ട്, ഓസ്‌ട്രേലിയ ടീമുകളെയാണ് ഇനി ന്യൂസിലൻഡിന് നേരിടേണ്ടത്.

കളിച്ച അഞ്ചു മത്സരങ്ങളിൽ നാലു വിജയവുമായി ഇന്ത്യ ഒമ്പത് പോയിന്റുമായി മൂന്നാം സ്ഥാനത്താണ്. ഇന്ത്യ അവസാന നാലു മത്സരങ്ങളിൽ വിൻഡീസ്, ഇംഗ്ലണ്ട്, ശ്രീലങ്ക, ബംഗ്ലാദേശ് ടീമുകളെ നേരിടും. ഇതിൽ രണ്ടെണ്ണത്തിൽ വിജയിച്ചാൽ ഇന്ത്യ സെമിയിലെത്തും. ഒരു മത്സരത്തിൽ മാത്രം വിജയിച്ചാലും സാധ്യതയുണ്ട്. പക്ഷെ ഇംഗ്ലണ്ട്, ശ്രീലങ്ക ടീമുകളുടെ പ്രകടനം നിർണായകമാകും. ഇംഗ്ലണ്ട് അവസാന മൂന്ന് മത്സരത്തിൽ ഒരെണ്ണത്തിലും ശ്രീലങ്ക രണ്ടെണ്ണത്തിലും വിജയിച്ചാലേ ഇന്ത്യക്ക് സെമിയിലെത്താനാകൂ.





ആറു മത്സരങ്ങളിൽ പത്ത് പോയിന്റുള്ള ഓസ്‌ട്രേലിയ രണ്ടാം സ്ഥാനത്താണ്. ഇംഗ്ലണ്ട്, ന്യുസിലൻഡ്, ദക്ഷിണാഫ്രിക്ക ടീമുകളെയാണ് ഇനി നേരിടാനുള്ളത്. ഇതിൽ ഒന്നിൽ വിജയിച്ചാൽ ഓസീസിന് സെമി ഉറപ്പാകും. മൂന്ന് മത്സരം തോറ്റാലും പ്രതീക്ഷയ്ക്ക് വകയുണ്ട്. പക്ഷെ ശ്രീലങ്ക അവസാന രണ്ട് മത്സരങ്ങളിൽ തോൽക്കണം . കൂടാതെ ബംഗ്ലാദേശും പാക്കിസ്ഥാനും ഓരോ മത്സരങ്ങളിൽ പരാജയപ്പെടുകയും വേണം.

ആറു മത്സരങ്ങളിൽ എട്ട് പോയിന്റുള്ള ഇംഗ്ലണ്ട് നാലാം സ്ഥാനത്താണ്. അവസാന മത്സരങ്ങളിൽ ഇന്ത്യ, ന്യൂസിലൻഡ് , ഓസ്‌ട്രേലിയ ടീമുകളാണ് ഇംഗ്ലണ്ടിന്റെ എതിരാളികൾ. മിന്നുന്ന ഫോം നിലനിർത്തുന്ന ഈ ടീമുകളോട് തോറ്റാൽ ഇംഗ്ലണ്ട് സെമി കാണാതെ പുറത്താകും. ചുരുങ്ങിയത് രണ്ട് മത്സരങ്ങളിൽ വിജയിച്ചാലേ ആതിഥേയർക്ക് സാധ്യത നിലനിർത്താനാകൂ.

ഏഴു മത്സരങ്ങളിൽ ഏഴു പോയിന്റുള്ള ബംഗ്ലാദേശ് അഞ്ചാം സ്ഥാനത്താണ്. അവസാന മത്സരങ്ങളിൽ അവർ ഇന്ത്യ, പാക്കിസ്ഥാൻ ടീമുകളെ നേരിടും. ഈ രണ്ട് മത്സരങ്ങളിൽ വിജയിച്ചാൽ പതിനൊന്ന് പോയിന്റുമായി അവർ സെമിയിലെത്തും.

ശ്രീലങ്ക ആറു മത്സരങ്ങളിൽ ആറു പോയിന്റുമായി ആറാം സ്ഥാനത്താണ്. ഇന്ത്യ, ദക്ഷിണാഫ്രിക്ക, വിൻഡീസ് ടീമുകളെയാണ് ഇനി നേരിടാനുള്ളത്. മൂന്ന് മത്സരങ്ങളും വിജയിച്ചാൽ ശ്രീലങ്കയ്ക്ക് 12 പോയിന്റുമായി സെമിയിൽ കടക്കാം.രണ്ട് മത്സരങ്ങളിൽ മാത്രമാണ് വിജയിക്കുന്നതെങ്കിൽ മറ്റ മത്സരങ്ങളുടെ ഫലത്തെ ആശ്രയിച്ചായിരിക്കും ശ്രീലങ്കയുടെ സാധ്യത.

വിൻഡീസിന് ആറു മത്സരങ്ങളിൽ മൂന്ന് പോയിന്റാണുള്ളത്. അവസാന മത്സരങ്ങളിൽ ഇന്ത്യ, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ ടീമുകളെ നേരിടും. മൂന്ന് മത്സരങ്ങളിൽ വിജയിച്ചാലും മറ്റ് മത്സരങ്ങളുടെ ഫലത്തെ ആശ്രയിച്ചായിരിക്കും വിൻഡീസിന്റെ സെമി സാധ്യത. ഇംഗ്ലണ്ട് മൂന്ന് മത്സരങ്ങളും തോൽക്കണം. ബംഗ്ലാദേശും ശ്രീലങ്കയും ഒരു മത്സരത്തിൽ കൂടുതൽ വിജയിക്കരുത്. പാക്കിസ്ഥാൻ രണ്ടു മത്സരങ്ങളിൽ തോൽക്കുകയും വേണം. എന്നാലേ വിൻഡീസിന് സാധ്യതയുള്ളൂ.

പാക്കിസ്ഥാന്റെ സ്ഥിതി 1992 ലെ ലോകകപ്പിലേതുപോലെയാണ്. ആറ് മത്സരങ്ങളിൽ അഞ്ചു പോയിന്റുണ്ട്. അവസാന മത്സരങ്ങളിൽ ന്യൂസിലൻഡ്, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ ടീമുകളെ തോൽപ്പിച്ചാൽ അവർക്ക് 11 പോയിന്റാകും. ഇംഗ്ലണ്ട് ഒന്നിൽ കൂടുതൽ മത്സരങ്ങളിൽ വിജയിക്കാതിരിക്കുകയും ബംഗ്ലാദേശും ശ്രീലങ്കയും ഓരോ മത്സരങ്ങളിൽ തോൽക്കുകയും ചെയ്താൽ പാക്കിസ്ഥാന് സെമിയിലെത്താം.



ദേശീയ പഞ്ചഗുസ്തിയിൽ ഓവറോൾ ചാമ്പ്യന്മാരായ കേരളാ ടീം

## ദേശീയ പഞ്ചഗുസ്തി: കേരളം ചാമ്പ്യന്മാർ

**ഭിലായി:** ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ കേരളം ഓവറോൾ ചാമ്പ്യൻമാരായി. പുരുഷവിഭാഗത്തിൽ 424 പോയിന്റും വനിതാ വിഭാഗത്തിൽ 293 പോയിന്റും നേടിയാണ് കേരളം കിരീടം നിലനിർത്തിയത്. പുരുഷവിഭാഗത്തിൽ 28-ാമത് തവണയും വനിതാവിഭാഗത്തിൽ 8-ാമത് തവണയുമാണ് കേരളം ചാമ്പ്യൻമാരാകുന്നത്. പുരുഷവിഭാഗത്തിൽ 210 പോയിന്റ് നേടിയ മിസോറാമും വനിതാവിഭാഗത്തിൽ 123 പോയിന്റും നേടിയ മണിപ്പൂരുമാണ് റണ്ണേഴ്‌സ് അപ്പ്.

## നെഞ്ചുവേദന: ബ്രയാൻ ലാറ ആശുപത്രിയിൽ

**മുംബൈ:** നെഞ്ചുവേദനയെ തുടർന്ന് മുൻ വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് താരം ബ്രയാൻ ലാറയെ മുംബൈയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചയോടെയാണ് അദ്ദേഹത്തെ പരേലിലെ ഗ്ലോബൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആഞ്ചിയോഗ്രാം പരിശോധനയ്ക്ക് വിധേയനായ അദ്ദേഹത്തിന് കുഴപ്പമില്ലെന്ന് മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു. സ്റ്റാർ സ്‌പോർട്‌സിനായി ലോകകപ്പ് മത്സരങ്ങളുടെ കമന്ററി പറയുന്നതിനാണ് ലാറ മുംബൈയിലെത്തിയത്.

ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മികച്ച കളിക്കാരിലൊരാളാണ് ബ്രയാൻ ലാറ. 131 ടെസ്റ്റുകളിൽ 11,953 റൺസും 299 ഏകദിനങ്ങളിൽ 11,405 റൺസും നേടിയിട്ടുണ്ട്. 2007ലാണ് അദ്ദേഹം ക്രിക്കറ്റിൽ നിന്നും വിരമിച്ചത്.

## കോപ്പ അമേരിക്ക

## ചിലിയെ അട്ടിമറിച്ച് ഉറുഗ്വെ

**റിയോ ഡിജനീറോ(ബ്രസീൽ):** അവസാന നിമിഷങ്ങളിൽ എഡിസൺ കവാനി ഹെഡ്ഡറിലൂടെ നേടിയ ഗോളിൽ ഉറുഗ്വെ കോപ്പ അമേരിക്കയിലെ നിലവിലെ ചാമ്പ്യന്മാരായ ചിലിയെ അട്ടിമറിച്ചു. ഏകപക്ഷീയമായ ഒരു ഗോളിനാണ് ഉറുഗ്വെ വിജയിച്ചത്.

ഈ വിജയത്തോടെ ഉറുഗ്വെ ഗ്രൂപ്പ് സിയിൽ മൂന്ന് മത്സരങ്ങളിൽ ഏഴു പോയിന്റോടെ ഒന്നാം സ്ഥാനക്കാരായി. ക്വാർട്ടർ ഫൈനലിൽ ഉറുഗ്വെ ഗ്രൂപ്പ് എ യിലെ മൂന്നാം സ്ഥാനക്കാരായ പെറുവിനെ നേരിടും. ശനിയാഴ്ചയാണ് ഈ മത്സരം.

ഗ്രൂപ്പ് സിയിൽ രണ്ടാം സ്ഥാനക്കാരായ ചിലി ക്വാർട്ടർ ഫൈനലിൽ കൊളംബിയയുമായി ഏറ്റുമുട്ടും. ടൂർണമെന്റിലെ മൂന്ന് ഗ്രൂപ്പ് മത്സരങ്ങളിലും വിജയിച്ച ഏക ടീമാണ് കൊളംബിയ. ഗ്രൂപ്പ് ബിയിൽ ഒമ്പത് പോയിന്റുമായി അവർ ഒന്നാം സ്ഥാനത്തെത്തി.

ഗ്രൂപ്പ് സിയിലെ മറ്റൊരു മത്സരത്തിൽ ജപ്പാൻ ഇക്വഡോറിനെ സമനിലയിൽ തളച്ചു. ഇരു ടീമുകളും ഓരോ ഗോൾ നേടി. മത്സരം സമനിലയായതോടെ ഇരു ടീമുകളും ക്വാർട്ടർ കാണാതെ പുറത്തായി. നോക്കൗട്ടിലെത്താൻ ജപ്പാനും ഇക്വഡോറിനും വിജയം അനിവാര്യമായിരുന്നു.

മത്സരം സമനിലയായതോടെ ഗ്രൂപ്പ് ബിയിൽ നിന്ന് പരാഗ്വെ മികച്ച മൂന്നാം സ്ഥാനക്കാരായി ക്വാർട്ടർ ഫൈനലിലെത്തി.



കോപ്പ അമേരിക്കയിൽ ഉറുഗ്വെയുടെ എഡിസൺ കവാനിയുടെ നീക്കം തടയുന്ന ചിലിയുടെ ചാൾസും പാവ്‌ലോ ഡിയസും

## വാർണർ- ഫിഞ്ച് സഖ്യത്തിന് റെക്കോഡ്

**ലണ്ടൻ:** സ്ഥിരതയാർന്ന പ്രകടനം കാഴ്ചവച്ചുവരുന്ന ഓസ്‌ട്രേലിയയുടെ ഡേവിഡ് വാർണർ- ആരോൺ ഫിഞ്ച് ഓപ്പണിങ് സഖ്യം ലോകകപ്പിൽ പുത്തൻ ചരിത്രമെഴുതി. ലോകകപ്പിൽ തുടർച്ചയായി അഞ്ചുതവണ അമ്പതിൽ കൂടുതൽ റൺസ് നേടുന്ന ആദ്യ ഓപ്പണിങ്ങ് സഖ്യമായി ഈ ഓസീസ് ജോഡി.

ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ ആദ്യ വിക്കറ്റിൽ 123 റൺസ് അടിച്ചെടുത്തതോടെയാണ് വാർണർ- ഫിഞ്ച് സഖ്യത്തിന് റെക്കോഡ് സ്വന്തമായത്.

നേരത്തെ നാലു ഓപ്പണിങ് ജോഡികൾ നാലു തവണവീതം അമ്പതിൽ കൂടുതൽ റൺസ് നേടിയിട്ടുണ്ട്. ഇംഗ്ലണ്ടിന്റെ ഗ്രേം ഫ്ളവർ- ക്രിസ് ടാവരെ (1983), ഓസ്‌ട്രേലിയയുടെ ഡേവിഡ് ബൂൺ- ജെഫ് മാർഷ് (1987, 92), പാക്കിസ്ഥാന്റെ അമീർ സോഹയ്ൽ - സയ്യദ് അൻവർ (1996), ഓസീസിന്റെ ആദം ഗിൽക്രിസ്റ്റ് -മാത്യു ഹൈഡൻ (2003, 07).

## പാക്കിസ്ഥാന് ഇന്ന് നിർണായകം

**ബിർമിങ്ഹാം:** മുൻ ചാമ്പ്യന്മാരായ പാക്കിസ്ഥാൻ ലോകകപ്പിലെ നിർണായക മത്സരത്തിൽ ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഇന്ത്യൻ സമയം മൂന്നിന് എഡ്ജ്ബാസ്റ്റണിൽ കളി തുടങ്ങും.

വിജയം നേടിയാലേ പാക്കിസ്ഥാന് സെമി പ്രതീക്ഷ നിലനിർത്താനാകൂ. ആറു മത്സരങ്ങളിൽ അഞ്ചു പോയിന്റുള്ള പാക്കിസ്ഥാൻ ഏഴാം സ്ഥാനത്താണ്. അതേസമയം ആറു മത്സരങ്ങളിൽ പതിനൊന്ന് പോയിന്റുമായി ന്യൂസിലൻഡ് ഒന്നാം സ്ഥാനത്താണ്. പാക്കിസ്ഥാനെ തോൽപ്പിച്ചാൽ അവർക്ക് സെമി ഫൈനൽ ഉറപ്പാകും.

ന്യൂസിലൻഡിനായി പാഡുകെട്ടുന്ന ഓപ്പണർ മാർട്ടിൻ ഗുപ്റ്റിൽ മറ്റൊരു റെക്കോഡിനരികിലെത്തി നിൽക്കുകയാണ്. 58 റൺസ് കൂടി നേടിയാൽ ലോകകപ്പിൽ ആയിരം റൺസ് തികയ്ക്കുന്ന രണ്ടാമത്തെ ന്യൂസിലൻഡ് ബാറ്റ്‌സ്മാനെന്ന റെക്കോഡ് ഗുപ്റ്റിലിന് സ്വന്തമാകും. സ്റ്റീഫൻ ഫ്‌ളെമിങ്ങാണ് ലോകകപ്പിൽ ആദ്യം ആയിരം റൺസ് നേടിയ ആദ്യ കിവീസ് ബാറ്റ്‌സ്മാൻ.

മറ്റൊരു റെക്കോഡ് കൂടി ഗുപ്റ്റിലിനെ കാത്തിരിക്കുന്നുണ്ട്. 53 റൺസ് നേടിയാൽ ഏകദിനത്തിൽ പാക്കിസ്ഥാനെതിരെ ആയിരം റൺസ് നേടുന്ന മൂന്നാമത്തെ ന്യൂസിലൻഡ് താരമാകും. സ്റ്റീഫൻ ഫ്‌ളെമിങ്ങും റോസ് ടെയ്‌ലറുമാണ് പാക്കിസ്ഥാനെതിരെ ആയിരം തികച്ച ന്യൂസിലൻഡ് താരങ്ങൾ.

## കേരളത്തിൽ പ്രച്ഛന്ന അടിയന്തരാവസ്ഥ: അഡ്വ. പി.എസ്. ശ്രീധരൻപിള്ള

**കോഴിക്കോട്:** കേരളത്തിൽ പ്രച്ഛന്ന അടിയന്തരാവസ്ഥ നടപ്പാക്കുകയാണെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് അഡ്വ.പി. എസ്. ശ്രീധരൻപിള്ള. വിജിൽ ഹ്യൂമൻ റൈറ്റ്സ് സംഘടിപ്പിച്ച അടിയന്തരാവസ്ഥ ഒരു ഓർമ്മപ്പെടുത്തൽ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അധികാരം കൈവന്നതിന്റെ ധാർഷ്ട്യമാണ് കേരളത്തിൽ നടപ്പാക്കുന്നത്. പെർമിഷൻ രാജ് നടപ്പാക്കി ആന്തൂരിലും പുനലൂരിലും ആത്മഹത്യകളുണ്ടായതിന്റെ ഉത്തരവാദിത്തം സർക്കാരിനാണ്. പ്രസംഗിച്ചതിന്റെയും നാമം ജപിച്ചതിന്റെയും പേരിൽ കേസെടുത്തിരിക്കുന്നു. സാങ്കേതികമായി അടിയന്തരാവസ്ഥ നിലവിലില്ലെങ്കിലും ഭരണകൂട അടിച്ചമർത്തലാണ് വിപ്ലവ കക്ഷിയുടെ പേരിൽ കേരളത്തിൽ നടപ്പാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അടിയന്തരാവസ്ഥയുടെ ചരിത്രവും പാഠവും പുതുതലമുറ ഉൾക്കൊള്ളണമെന്ന് ആർഎസ്എസ് പ്രാന്തകാര്യവാഹ് പി. ഗോപാലൻകുട്ടി മാസ്റ്റർ പറഞ്ഞു. മരണത്തെ മുഖാമുഖം കണ്ട് സ്വാതന്ത്ര്യം നിലനിർത്താൻ പോരാടിയവരാണ് അടിയന്തരാവസ്ഥ ഇല്ലാതാക്കിയത്. പോലീസിന്റെ രഹസ്യ സംവിധാനങ്ങൾക്കു പോലും കണ്ടെത്താൻ കഴിയാത്ത തരത്തിൽ ഒളിപ്രവർത്തനങ്ങൾ നടത്തി സമൂഹത്തിൽ ജനാധിപത്യ ബോധമുളവാക്കി. കേരളത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന കാലയളവിൽ 650 ശാഖകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ അത് 1350 ആയി ഉയർന്നത് അടിയന്തരാവസ്ഥ കാലഘട്ടത്തിലെ നിസ്വാർത്ഥ പ്രവർത്തനത്തെ സമൂഹം അംഗീകരിച്ചതിന്റെ ഫലമാണെന്നും അദ്ദേഹം പറഞ്ഞു.

അഡ്വ.ജോസഫ് പി. തോമസ് അധ്യക്ഷത വഹിച്ചു. അഡ്വ. ഫിലിപ്പ് എം. പ്രസാദ്, എൻ.പി. ചെക്കൂട്ടി, ചേറ്റൂർ ബാലകൃഷ്ണൻ, ടി.പി. ജയചന്ദ്രൻ, ഒഞ്ചിയം ശിവശങ്കരൻ, എളമ്പിലാശ്ശേരി ഗോവിന്ദൻ, ശ്യാം ടി. സുകുമാരൻ, വത്സൻ നെല്ലിക്കോട്, പി. വേലായുധൻ, ശശിധരൻ അയനിക്കാട്, ടി.എം. ശ്യാമപ്രസാദ്, സുനിൽപാട്ടത്തിൽ എന്നിവർ സംസാരിച്ചു. ജയ ജയ്റ്റ്ലിയുടെ സന്ദേശം ടി.പി. സുധാകരൻ വായിച്ചു.



വിജിൽ ഹ്യൂമൻ റൈറ്റ്സ് സംഘടിപ്പിച്ച അടിയന്തരാവസ്ഥ ഒരു ഓർമ്മപ്പെടുത്തൽ ചടങ്ങിൽ അഡ്വ. പി.എസ്. ശ്രീധരൻപിള്ള മുഖ്യപ്രഭാഷണം നടത്തുന്നു

## അടിയന്തരാവസ്ഥ പോരാളികളെ പ്രണമിച്ച് രാജ്യം

**ന്യൂദൽഹി:** രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ 44–ാം വാർഷികത്തിൽ ജനാധിപത്യം പുനഃസ്ഥാപിക്കാൻ പോരാടിയവരെ പ്രണമിച്ച് രാജ്യം. അടിയന്തരാവസ്ഥയ്ക്കെതിരെ നിർഭയം പോരാടിയ മഹത് വ്യക്തികൾക്ക് രാജ്യം ആദരമർപ്പിച്ചു.

അധികാരി വർഗത്തെ പിന്നിലാക്കുന്നതിൽ ജനാധിപത്യം വിജയം കൈവരിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വിറ്ററിൽ കുറിച്ചു. ചരിത്രത്തിലെ കറുത്ത അധ്യായമാണ് അടിയന്തരാവസ്ഥയെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് ട്വീറ്റ് ചെയ്തു. രാജ്യത്തിന്റെയും ഭരണഘടനയുടെയും ഐക്യം ഉയർത്തിക്കാട്ടേണ്ടതിന്റെ പ്രാധാന്യം ഓരോ ഇന്ത്യക്കാരനും ഈ ദിവസം തീർച്ചയായും ഓർക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രീയ താൽപര്യങ്ങൾക്കായി ജനാധിപത്യത്തെ കൊലയ്ക്കു കൊടുത്ത ദിവസമാണിതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി അധ്യക്ഷനുമായ അമിത് ഷാ പറഞ്ഞു. പൗരന്മാരുടെ മൗലികാവകാശങ്ങൾ നിഷേധിച്ചു, മാധ്യമങ്ങളെ നിശ്ശബ്ദരാക്കി. രാജ്യത്ത് ജനാധിപത്യം പുനഃസ്ഥാപിക്കാൻ ലക്ഷക്കണക്കിനാളുകൾ പോരാടിയെന്നും അമിത് ഷാ ട്വിറ്ററിൽ കുറിച്ചു.

രാജ്യത്തിന്റെ ഇരുണ്ട കാലഘട്ടത്തിന് തുടക്കം കുറിച്ച ഈ ദിനത്തിൽ ജനാധിപത്യത്തിന് വേണ്ടി പോരാടിയവർക്ക് പ്രണാമങ്ങളർപ്പിക്കുന്നുവെന്ന് കേന്ദ്ര വനിത ശിശുക്ഷേമ, ടെക്സ്റ്റൈൽസ് വകുപ്പ് മന്ത്രി സ്മൃതി ഇറാനിയും ട്വീറ്റ് ചെയ്തു.

## ആന്തൂർ നഗരസഭാ സെക്രട്ടറിയുടെ ആവശ്യം തള്ളി

**കൊച്ചി:** പ്രവാസി വ്യവസായി സാജൻ ആത്മഹത്യ ചെയ്ത കേസിൽ മുൻകൂർ ജാമ്യം തേടി ആന്തൂർ നഗരസഭാ സെക്രട്ടറി എം.കെ. ഗിരീഷ് നൽകിയ ഹർജിയിൽ അറസ്റ്റ് തടയണമെന്ന ഇടക്കാല ആവശ്യം ഹൈക്കോടതി നിരസിച്ചു. സാജന്റെ ഭാര്യയെ ഹർജിയിൽ കക്ഷി ചേർക്കാനും സിംഗിൾ ബെഞ്ച് നിർദേശിച്ചു. ഇന്നലെ ജാമ്യാപേക്ഷ പരിഗണിച്ചപ്പോൾ ജാമ്യം അനുവദിക്കുന്നതിനെ പ്രോസിക്യൂഷൻ ശക്തമായി എതിർത്തു. ഹർജിക്കാരന് മുൻകൂർ ജാമ്യം നൽകിയാൽ അന്വേഷണത്തെ ബാധിക്കുമെന്നും പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി. തുടർന്നാണ് സാജന്റെ ഭാര്യയെ കക്ഷി ചേർക്കാൻ കോടതി നിർദേശിച്ചത്.

## വിവാദ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചത് എസ്എഫ്ഐ തന്നെ

### യൂണിറ്റ് സെക്രട്ടറിയുടെ സ്ഥിരീകരണം

**തൃശൂർ:** ശ്രീകേരളവർമ്മ കോളേജിൽ ശബരിമല അയ്യപ്പസ്വാമിയെ വികലമായി ചിത്രീകരിച്ച് ബോർഡ് സ്ഥാപിച്ചത് എസ്എഫ്ഐ തന്നെയെന്നു തെളിഞ്ഞു. അയ്യപ്പനെ അവഹേളിച്ച് ബോർഡ് വെച്ചത് എസ്എഫ്ഐയാണെന്ന് പോലീസിന്റെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറി പരസ്യമായി സമ്മതിച്ചു.

ടൗൺ വെസ്റ്റ് സിഐ സലീഷിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ കോളേജ് യൂണിറ്റ് സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഹസൻ മുബാറക്കാണ് ഇക്കാര്യം സമ്മതിച്ചത്. കോളേജ് പ്രതിനിധികളും എബിവിപിയും കെഎസ്‌യുവും ഉൾപ്പെടെയുള്ള വിദ്യാർഥി യൂണിയൻ ഭാരവാഹികൾ പങ്കെടുത്ത യോഗത്തിലായിരുന്നു ഏറ്റുപറച്ചിൽ. ബോർഡ് സ്ഥാപിച്ചത് തങ്ങളല്ലെന്നായിരുന്നു എസ്എഫ്ഐയുടെ മുൻ നിലപാട്.

വിവാദ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഹസൻ മുബാറക് തന്റെ ഫോണിൽ മറ്റൊരു എസ്എഫ്ഐ നേതാവിനോട് സംസാരിക്കുന്ന ഓഡിയോ ക്ലിപ്പ് പുറത്തായി. ബോർഡ് സ്ഥാപിച്ചത് എസ്എഫ്ഐ തന്നെയാണെന്ന് ഫോൺ സംഭാഷണത്തിൽ ഹസൻ മുബാറക് സമ്മതിക്കുന്നുണ്ട്. കോളേജിൽ നിന്ന് പഠിച്ചിറങ്ങിയ എസ്എഫ്ഐയുടെ സജീവ പ്രവർത്തകരായ നാലംഗ സംഘമാണ് സ്വാമി അയ്യപ്പനെ വികലമായി ചിത്രീകരിച്ച ബോർഡ് വരച്ചതെന്നാണ് സൂചന.

അയ്യപ്പനെ വികലമായി ചിത്രീകരിച്ച ബോർഡിനു സമീപം ശിവ ഭഗവാനെ നീചമായി ചിത്രീകരിച്ചുള്ള മറ്റൊരു ഫ്ളക്സ് ബോർഡും സ്ഥാപിച്ചിരുന്നു. വിവാദ ബോർഡിനെതിരെ എബിവിപിയും ബിജെപിയും ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തുകയും പോലീസിൽ പരാതിപ്പെടുകയും ചെയ്തതോടെയാണ് ബോർഡുകൾ നീക്കിയത്. വിവാദ ബോർഡിന്റെ ഫോട്ടോ തിങ്കളാഴ്ച രാവിലെ മുതൽ വിദ്യാർഥികളുടെ മൊബൈൽ ഫോണുകളിൽ സ്റ്റാറ്റസായി പ്രചരിച്ചിരുന്നു. എന്നാൽ ബോർഡ് സ്ഥാപിച്ചതിന്റെ ഉത്തരവാദിത്വം എസ്എഫ്ഐ ഏറ്റെടുത്തിരുന്നില്ല.

പിന്നീട് പോലീസെത്തിയപ്പോൾ ഹസൻ മുബാറകും കോളേജിലെ ഫൈൻ ആർട്സ് സെക്രട്ടറി ഷാഹിദും അടക്കമുള്ള എസ്എഫ്ഐ ഭാരവാഹികൾ ചേർന്ന് ബോർഡ് എടുത്തു മാറ്റുകയും ചെയ്തു. വിവാദ ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ബിജെപിയും എബിവിപിയും നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തതായി ടൗൺ വെസ്റ്റ് സിഐ സരീഷ് അറിയിച്ചു.

രക്തം ഒലിച്ചിറങ്ങുന്ന കാലുകൾക്ക് നടുവിൽ അയ്യപ്പന്റേതെന്ന് തോന്നിപ്പിക്കുന്ന തലകീഴായുള്ള ചിത്രം വരച്ചിട്ടുള്ള ബോർഡാണ് കോളേജ് കാമ്പസിൽ കഴിഞ്ഞ ദിവസം എസ്എഫ്ഐ സ്ഥാപിച്ചത്. നഗ്നയായ സ്ത്രീയുടെ സ്വകാര്യ ഭാഗത്ത് നിന്ന് അയ്യപ്പ സ്വാമിയുടെ വിഗ്രഹം പുറത്ത് വരുന്ന ചിത്രം വരച്ച് ശബരിമല സ്ത്രീ പ്രവേശനത്തിന് പിന്തുണ പ്രഖ്യാപിച്ചുള്ള വിവരണത്തോടെ നവാഗതരെ സ്വാഗതം ചെയ്തുള്ളതായിരുന്നു ഫ്ളക്സ് ബോർഡ്.

### വ്യാജ പ്രചാരണം: എബിവിപി പരാതി നൽകി

ശ്രീകേരളവർമ്മ കോളേജ് എബിവിപി യൂണിറ്റ് വൈസ് പ്രസിഡന്റിന്റേതായി സാമൂഹിക മാധ്യമങ്ങളിൽ വ്യാജ സന്ദേശം. അയ്യപ്പസ്വാമിയെ അവഹേളിച്ച് കോളേജിൽ പോസ്റ്ററുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നതിനിടെയാണ് വ്യാജ സന്ദേശം പ്രചരിക്കുന്നത്. പ്രണവ് ജി കൃഷ്ണൻ എന്നയാൾ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത സന്ദേശം എഡിറ്റ് ചെയ്ത് വാട്സ് ആപ് ഗ്രൂപ്പ് വഴിയാണ് വ്യാപക പ്രചരണം.

പ്രണവ് ജി. കൃഷ്ണൻ എന്ന പേരിൽ കോളേജിൽ എബിവിപി അംഗമോ, യൂണിറ്റ് മെമ്പറോ ഇല്ലെന്നും എബിവിപി യൂണിറ്റിന്റെ അറിവില്ലാതെ വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് സന്ദേശത്തിലുള്ളതെന്നും എബിവിപി ഭാരവാഹികളായ പി. അക്ഷയ്, അനഘ സന്തോഷ്കുമാർ, ഐ.ആർ. രാഹുൽ, എം.പി. അഖിൽ എന്നിവർ പറഞ്ഞു. ഇന്നലെ രാവിലെ മുതലാണ് വാട്സ് ആപ്പിൽ വ്യാജ സന്ദേശം പ്രചരിച്ച് തുടങ്ങിയത്. ഫേസ്ബുക്കിൽ ഇത്തരത്തിലൊരു പ്രൊഫൈലോ, പോസ്റ്റോ കാണാനില്ല. എബിവിപി യൂണിറ്റ് വൈസ് പ്രസിഡന്റ് പദവിയെ അപകീർത്തിപ്പെടുത്തിയാണ് തെറ്റായ സന്ദേശം പ്രചരിക്കുന്നത്. വ്യാജ സന്ദേശത്തിന്റെ ഉറവിടവും സന്ദേശം സൃഷ്ടിച്ചവരെയും പ്രചരിപ്പിക്കുന്നവരെയും കണ്ടെത്തി നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ടൗൺ വെസ്റ്റ് സിഐയ്ക്ക് എബിവിപി പരാതി നൽകി.

## ആനന്ദ് പട്വർദ്ധന്റെ ഡോക്യുമെന്ററിക്ക് അനുമതി

**കൊച്ചി:** സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഡോക്യുമെന്ററി ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ആനന്ദ് പട്വർദ്ധൻ സംവിധാനം ചെയ്ത വിവേക് (റീസൺ) എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കാൻ ഉപാധികളോടെ ഹൈക്കോടതി അനുമതി നൽകി. സെൻസർ സർട്ടിഫിക്കറ്റ് ഇളവു നൽകാത്ത കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ നടപടിക്കെതിരെ ചലച്ചിത്ര അക്കാദമിയും ആനന്ദ് പട്വർദ്ധനും നൽകിയ ഹർജിയിലാണ് സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്.

ഷുഗർ ഉള്ളവർക്ക് മരുന്നില്ലാതെ ജീവിക്കാം

ഷുഗർ എത്ര കൂടുതൽ ഉണ്ടെങ്കിലും എത്ര പഴകിയതാണെങ്കിലും ദോഷഫലങ്ങളില്ലാത്ത ആയുർവേദ മരുന്നുകൊണ്ട് നോർമലാക്കാം. നോർമലായാൽ പിന്നീട് ഒരു മരുന്നുമില്ലാതെ ജീവിക്കാം. ആഹാരനിയന്ത്രണം മാത്രം മതി. ഏതു മരുന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നവർക്കും ഈ മരുന്ന് ഉപയോഗിക്കാം. മരുന്ന് നേരിട്ട് വന്നോ തപാൽ വഴിയോ വാങ്ങാം. ബന്ധപ്പെടുക.

അയ്യപ്പാ ഫാർമസി
കൊട്ടാരത്തിന് സമീപം, പന്തളം–689 501
ഫോൺ: 9562087255




Vol: 43 No. 65 RNI No.7974/66, Printed and Published by P.Sivadasan for Mathruka Pracharanalayam Ltd., Kochi-682026, printed at Ayodhya Printers Ltd., Kochi-682026 and published from building No: 35/114, Perandoor Road, Elamakkara, Kochi-682026. Managing Editor: K.R.Umakanthan, Editor: Arun Kumar.T (responsible for selection of news under the PRB Act). Phone 0484 2539819, 2539818, 2539820 E-mail:desk@janmabhumidaily.com

# സിപിഎമ്മിലെ വിഭാഗീയത; നഗരസഭയിൽ അവിശ്വാസത്തിന് നീക്കം

## ബിജെപി നിർണ്ണായക ശക്തിയാകും

**പെരുമ്പാവൂർ:** ലോക്‌സഭാ തെരഞ്ഞെടുപ്പിലെ ദയനീയപരാജയത്തെതുടർന്ന് തുടങ്ങിയ പെരുമ്പാവൂരിലെ സിപിഎമ്മിലെ വിഭാഗീയത നഗരസഭരണത്തെയും ബാധിക്കുന്നു. സിപിഎമ്മിലെ ചേരിതിരിവ് മുതലെടുത്ത് സതി ജയകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഇടത് ഭരണത്തിനെതിരെ അവിശ്വാസംകൊണ്ടുവരാൻ കോ ൺഗ്രസ് ശ്രമം തുടങ്ങി.

ഇടത്മുന്നണി തകർച്ചയിൽനിൽക്കുന്ന സാഹചര്യത്തിൽ അവിശ്വാസംകൊണ്ടുവന്നാൽ പെരുമ്പാവൂർ നഗരസഭയിൽ ഭരണംനഷ്ടപ്പെടുമെന്ന് തന്നെയാണ് സിപിഎമ്മിലെ ചില കൗൺസിലർമാർ പറയുന്നത്. ആകെയുള്ള 27 സീറ്റിൽ സിപിഎം 12, കോൺഗ്രസ് 9, ബിജെപി 3, സിപിഐ 1, പിഡിപി 1, സ്വതന്ത്രൻ 1 എന്നിങ്ങനെയാണ് ഇപ്പോഴത്തെ കക്ഷിനില. ഇതിൽ സിപിഐക്ക് വൈസ്ചെയർപേഴ്സൺ പദവി നൽകിയാണ് ഒപ്പം നിർത്തിയിരിക്കുന്നത്.

സിപിഎമ്മിനെ പിന്തുണയ്ക്കുന്ന സ്വതന്ത്രഅംഗത്തിന് അവസാന ഒന്നരവർഷം വൈസ് ചെയർമാൻ സ്ഥാനം നൽകാമെന്നവാഗ്ദാനം നൽകിയിരുന്നു. എന്നാൽ ഇത് നൽകാത്തതിനാൽ അദ്ദേഹമിപ്പോൾ ഇടതുപക്ഷത്തിൽനിന്ന് അകന്ന് കഴിഞ്ഞു. കോൺഗ്രസ് വിമതനായി വിജയിച്ച്‌വന്ന കെ. എം. അലി ലോക്‌സഭാ തെരഞ്ഞെടുപ്പ്സമയത്ത് കോൺഗ്രസിലേക്ക് തിരികെപോകുകയും ചെയ്തു.

കഴിഞ്ഞദിവസം നടന്ന പെരുമ്പാവൂർ സഹകരണബാങ്ക് തെരഞ്ഞെടുപ്പിൽ സിപിഐ സ്ഥാനാർത്ഥികൾ കോൺഗ്രസിനോടൊപ്പംചേർന്ന് സിപിഎമ്മിനെതിരെ മത്സരിച്ച് വിജയിക്കുകയും ചെയ്തു. ഈസാഹചര്യത്തിൽ പെരുമ്പാവൂ ർ നഗരസഭയുടെ ഭരണം ഇടത്പക്ഷത്തിന് നഷ്ടമാകാനാണ് സാധ്യത. സതിജയകൃഷ്ണൻ ചെയർപേഴ്സണായി തുടരുന്ന ഭരണസമിതിക്ക് അധികാരമേറ്റ് മൂന്നരവർഷം പിന്നിടുമ്പോൾ കാര്യമായ വികസനപ്രവർത്തനങ്ങളൊന്നും നടത്താനായില്ലെന്ന് സിപിഎം കൗൺസിലർമാരിൽ നിന്ന്തന്നെ ആക്ഷേപമുണ്ട്.

ഉദ്യോഗസ്ഥരുടെയും ചില പാർട്ടിനേതാക്കളുടേയും തന്നിഷ്ടമാണ് നഗരസഭയിൽ നടക്കുന്നതെന്ന് ഭരണസമിതി കൗൺസിലർമാർ തുറന്നടിച്ച സന്ദർഭങ്ങളുമുണ്ട്. ബസ്ഷെൽട്ടർ നിർമാണമുൾപ്പെടെയുള്ളവയി ൽ ലക്ഷങ്ങളുടെ അഴിമതിയാരോപണങ്ങളാണ് ഉയർന്നിട്ടുള്ളത്. വാർഡുകളിലെ വികസനത്തിന് തുക അനുവദിക്കുന്നതിൽ തരംതിരിവുണ്ടെന്നാണ് മറ്റൊരുപരാതി. സ്ഥിരമായി പാ ർട്ടിപ്രവർത്തനം നടത്തുന്ന കൗൺസിലർമാർക്ക് കൂടുതൽതുക അനുവദിക്കുന്നതിൽ ജനകീയരായ പലഅംഗങ്ങൾക്കും അതൃപ്തിയുണ്ട്. ഇത് ചോദ്യംചെയ്യുന്ന വനിത അംഗങ്ങളെ അടിച്ചിരുത്തുന്ന മറുപടിയാണ് ചില പാർട്ടിനേതാക്കൾ നൽകുന്നത്. ഈ സാഹചര്യമെല്ലാം പരിഗണിച്ചാണ് പ്രതിപക്ഷം അവിശ്വാസത്തിന് നീക്കംനടത്തുന്നത്. അവിശ്വാസപ്രമേയം വന്നാൽ നേരിടുന്നതിനെകുറിച്ച് സിപിഎം പാളയത്തിലും കൂടിയാലോചനകൾ ആരംഭിച്ച് കഴിഞ്ഞു.

13 അംഗങ്ങൾ ഭരണപക്ഷത്തിന് അനുകൂലമായുണ്ടെങ്കിലും അവിശ്വാസംവന്നാൽ ചിലർ വോട്ടെടുപ്പ് സമയത്ത് വിട്ടുനിൽക്കാനാണ് സാദ്ധ്യത. അങ്ങിനെവന്നാൽ സ്വതന്ത്രനും പിഡിപിയും എല്ലാമടങ്ങുന്ന എതിർചേരിയും തുല്യശക്തിയായിമാറും. ഈസാഹചര്യത്തിൽ പി. മനോഹരൻ, ലിഷ രാജേഷ്, ഓമന സുബ്രഹ്മണ്യൻ എന്നി മൂന്നംഗങ്ങളുള്ള ബിജെപി നിർണ്ണായക ശക്തിയാകും.

## ബിജെപി കൃഷിഭവൻ മാർച്ച് നടത്തി



ബിജെപി കുട്ടമ്പുഴ പഞ്ചായത്ത് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കൃഷിഭവനിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും നിയോജകമണ്ഡലം പ്രസിഡന്റ് ഇ.ടി. നടരാജൻ ഉദ്ഘാടനം ചെയ്യുന്നു

**കോതമംഗലം:** കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി കിസാൻ സമ്മാൻനിധിയുടെ ആനുകൂല്യങ്ങൾ കേരളത്തിലെ കർഷകർക്ക് നിഷേധിക്കുന്ന സംസ്ഥാനസർക്കാരിന്റെയും കൃഷിവകുപ്പിന്റെയും നിലപാടുകളിൽ പ്രതിഷേധിച്ചും, ആനുകൂ ല്യങ്ങൾ എല്ലാ കർഷകർക്കും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ബിജെപി നടത്തിവരുന്ന സമര പരിപാടികളുടെ ഭാഗമായി ബിജെപി കുട്ടമ്പുഴ പഞ്ചായത്ത് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കുട്ടമ്പുഴ കൃഷിഭവനിലേക്ക് മാർച്ചും ധർണ്ണയും നടത്തി.

ബിജെപി നിയോജകമണ്ഡലം പ്രസിഡന്റ് ഇ.ടി. നടരാജൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി മനോജ് ഇഞ്ചൂർ മുഖ്യപ്രഭാഷണം നടത്തി. ജയൻ വടാട്ടുപാറ, വിഷ്ണു എന്നിവർ സംസാരിച്ചു.

## പുത്തൻകാവ് ഭഗവതിക്ഷേത്രത്തിൽ കുമാരീപൂജ

**പുത്തൻകുരിശ്:** പുത്തൻകാവ് ഭഗവതിക്ഷേത്രത്തിൽ നടന്നുവരുന്ന ശ്രീമദ്ദേവീഭാഗവത നവാഹയജ്ഞത്തോടനുബന്ധിച്ച് നടന്ന കുമാരിപൂജ ഭക്തിനിർഭരമായി. ആചാര്യൻ ടി.കെ. രാജഗോപാലമേനോൻ നേതൃത്വം നൽകി.

രണ്ട് വയസ്സിനും ഒമ്പത് വയസ്സിനുമിടയിൽ പ്രായമുള്ള പെൺകുട്ടികളെ ദേവിയായി സങ്കൽപ്പിച്ച് കുട്ടികളുടെ കാൽ കഴുകി, മന്ത്രോച്ചാരണങ്ങളോടെ അർച്ചനടത്തി, ആരതി ഉഴിഞ്ഞ്, പഴവും മധുരപലഹാരങ്ങളും നൽകി നമസ്ക്കരിച്ചു. നിരവധി ഭക്തജനങ്ങൾ സന്നിഹിതരായിരുന്നു.

നവാഹയജ്ഞം ഇന്ന് സമാപിക്കും.



പുത്തൻകാവ് ഭഗവതി ക്ഷേത്രത്തിൽ ഭാഗവത നവാഹയജ്ഞത്തോടനുബന്ധിച്ച് ആചാര്യൻ ടി.കെ. രാജഗോപാല മേനോന്റെ നേതൃത്വത്തിൽ നടന്ന കുമാരീ പൂജ

## അനധികൃത നിർമ്മാണത്തിനെതിരെ പ്രതിഷേധമുയരുന്നു

**പെരുമ്പാവൂർ:** രായമംഗലം പഞ്ചായത്തിലെ 19-ാം വാർഡിൽ ഇരിങ്ങോൾ പീച്ചനാംമുകൾ പാടശേഖരത്തിൽ പാടം മണ്ണിട്ട് നികത്തിയ ഭാഗത്ത് അനധികൃതമായി ഷെഡ് നിർമ്മിച്ചതായി പരാതി. ഇതിനെതിരെ പ്രദേശവാസികളുടെ പ്രതിഷേധം വ്യാപകമായി.

പീച്ചനാംമുകൾ നെൽവയൽ തണ്ണീർത്തടപദ്ധതിയിൽ ഉൾപ്പെട്ടതാണ് ഈപാടശേഖരം. ഇവിടെ കഴിഞ്ഞ കുറെനാളുകളായി സ്ഥലമുടമ കല്ലും മണ്ണും ഉപയോഗശൂന്യമായ മരക്കഷണങ്ങളും ഉപയോഗിച്ച് നികത്തുകയും ചെയ്തു. ഇവിടെയാണ് ഇപ്പോൾ 1500 ചതുരശ്ര അടി വിസ്തീർണമുള്ള ഷെഡ് നിർമ്മിച്ചിരിക്കുന്നത്. തിങ്കളാഴ്ച ഒറ്റ രാത്രിയിലാണ് ഇവിടെ കെട്ടിടം നിർമ്മിച്ചത്.



ഇരിങ്ങോൾ പീച്ചനാംമുകൾ പാടശേഖരത്തിൽ അനധികൃതമായി നിർമ്മിച്ച ഷെഡ്

പ്ലൈവുഡ് കമ്പനി സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈനിർമ്മാണമെന്ന് വാർഡംഗം പറഞ്ഞു. പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോയി വെള്ളാഞ്ഞിയിൽ, റവന്യൂ ഉദ്യോഗസ്ഥർ അടക്കമുള്ളവർ ഇവിടം സന്ദർശിച്ചു.

ഇത്തരം അനധികൃതനിർമ്മാണങ്ങൾക്ക് പഞ്ചായത്ത് കൂട്ടുനിൽക്കില്ലെന്നും വൈസ് പ്രസിഡന്റ് വ്യക്തമാക്കി. എന്നാൽ പാടം നികത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സ്ഥലം ഉടമയ്ക്ക് നേരത്തെ തന്നെ അനുമതിയുണ്ടെന്നാണ് ലഭ്യമായവിവരം.

## വൈദ്യപരിശോധന ക്യാമ്പ്



കൂവപ്പടി ബിആർസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വൈദ്യപരിശോധന ക്യാമ്പ്

**പെരുമ്പാവൂർ:** കൂവപ്പടി ബിആർസിയുടെ പരിധിയിലുള്ള സ്കൂളുകളിലെ ഒന്നുമുതൽ 12വരെ ക്ലാസുകളിലെ ശാരീരികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സൗജന്യ വൈദ്യപരിശോധനക്യാമ്പ് സംഘടിപ്പിച്ചു.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 70 കുട്ടികളും രക്ഷിതാക്കളും പങ്കെടുത്തു. ഇതിൽ 15 കുട്ടികളെ വിദഗ്ദ്ധചികിത്സക്ക് അയച്ചു. 40 കുട്ടികൾക്ക് കണ്ണടകൾ സൗജന്യമായി വിതരണം ചെയ്തു.

ബിപിഒ ഷീന .കെ.പുന്നൂസ്, റിസോഴ്സ് അദ്ധ്യാപകരായ ഷൈജോപോൾ, ഹിമ കുരുവിള, പി.പി. കൊച്ചുറാണി, ഷൈനി തോമസ്, ആർ. രാജേഷ്, ജെയ്നി ദേവസ്യ, സിമി വർഗീസ്, കെ. ബിനിഷ എന്നിവർ നേതൃത്വം നൽകി.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച അസം സ്വദേശി പിടിയിൽ

**പെരുമ്പാവൂർ:** പ്രായപൂർത്തിയാകാത്ത ഇതരസംസ്ഥാന പെൺകുട്ടിയെ തട്ടിക്കൊണ്ട് പോയി ബലാത്സംഗം ചെയ്ത ഇതരസംസ്ഥാന തൊഴിലാളി അറസ്റ്റിൽ. അസം നക്ഖഗാവ് ജില്ലയിലെ, ജൂരിയാ സ്വദേശി മുഹമ്മദ്നസ്റുള്ള ഇസ്ലാം (27)ആണ് പിടിയിലായത്.

പോഞ്ഞാശ്ശേരിയിലെ പ്ലൈവുഡ് കമ്പനിയിൽ മാതാപിതാക്കൾക്കൊപ്പം താമസിച്ചുകൊണ്ടിരുന്ന 13 വയസ്സുള്ള പെൺകുട്ടിയെ അതേ കമ്പനിയിൽ പണിയെടുക്കുന്ന പ്രതി വിവാഹം കഴിക്കാമെന്ന് വാഗ്ദാനം നൽകി തട്ടിക്കൊണ്ട് പോയി ബലാത്സംഗം ചെയ്യുകയായിരുന്നു. പെൺകുട്ടിയുടെ മാതാപിതാക്കളുടെ പരാതിയിൽ പെരുമ്പാവൂർ പോലീസ് കേസെടുത്തു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പെൺകുട്ടിയേയും പ്രതിയേയും കണ്ടെത്തുകയായിരുന്നു. പ്രതിക്ക് ഭാര്യയും രണ്ട് കുട്ടികളുമുള്ളതായി ചോദ്യം ചെയ്യലിൽ പ്രതി സമ്മതിച്ചു.



പ്രതി മുഹമ്മദ് നസ്റുള്ള ഇസ്ലാം

പെരുമ്പാവൂർ ഡിവൈഎസ്പി ബിജുമോന്റെ നിർദ്ദേശപ്രകാരം സിഐ ഫൈസൽ, എസ്ഐമാരായ ലൈസാദ് മുഹമ്മദ്, കെ.പി. എൽദോസ്, മീനാകുമാരി, എഎസ്ഐ ഇന്ദുചൂഡൻ, സിപിഒ സുനിൽ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടി പെൺകുട്ടിയെ രക്ഷപ്പെടുത്തിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ കാക്കനാട് ജയിലിലേക്ക് റിമാന്റ് ചെയ്തു.

## ഉദ്ഘാടനം ചെയ്തു

**പെരുമ്പാവൂർ:** വെങ്ങോല പഞ്ചായത്ത് എട്ടാം വാർഡിൽ ത്രിതല പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് പണി പൂർത്തീകരിച്ച ലക്ഷം വീട് കോളനി ആഡിറ്റോറിയം, മഞ്ചേരിമുക്ക് കളത്തിപ്പാലം റോഡ് എന്നിവയുടെ ഉദ്ഘാടനം എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് സ്വാതി റജികുമാർ അദ്ധ്യക്ഷയായി. പി.എ മുക്താർ, ജോളി ബേബി, സി.കെ. മുംതാസ്, മെർലി റോയി, ഷമിത ഷരീഫ്, എന്നിവർ സംസാരിച്ചു.

## നഗരസഭ കൗൺസിൽ വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകി

**മൂവാറ്റുപുഴ:** നഗരസഭ കൗൺസിൽ വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകി. കുളിക്കടവുകൾ അറ്റകുറ്റപണികൾക്കായി 25ലക്ഷം, അങ്കണവാടികൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനും 30 ലക്ഷം, എല്ലാ വാർഡുകളിലേയും റോഡുകളുടെ അറ്റകുറ്റപണികൾക്ക് 2.50 കോടി രൂപ, തകർന്ന് തരിപ്പണമായ ആസാദ്-റോട്ടറി ജനശക്തി റോഡുകൾക്ക് 1കോടി രൂപ, ആധുനിക മത്സ്യമാർക്കറ്റിലേക്ക് പുതിയറോഡ് ടാർ ചെയ്യുന്നതിന് 19ലക്ഷം എന്നിവയ്ക്ക് കൗൺസിൽ അംഗീകാരം നൽകി. കൂടാതെ ഹോമിയോ-ആയുർവേദ ആശുപത്രികളിൽനിന്ന് മരുന്ന് വാങ്ങുന്നതിനും താലൂക്ക് ആശുപത്രിയിൽ എൻസിഡി പ്രോജക്ടിൽ പെടുത്തി പാലിയേറ്റീവ് പദ്ധതിക്ക് 10ലക്ഷവും ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പിന് 15ലക്ഷം, ഉപകരണം വാങ്ങുന്നതിന് 5ലക്ഷം, വിവിധ സർക്കാർ സ്കൂളുകളിൽ സൗകര്യം മെച്ചപ്പെടുത്താൻ 15ലക്ഷം, കൃഷി ഉത്പാദനത്തിന് 1കോടി, ശുചീകരണമേഖലയ്ക്ക് 40ലക്ഷവും കഴിഞ്ഞദിവസം ചേർന്ന കൗൺസിൽ അനുവദിച്ചതായി മുനിസിപ്പൽ ചെയർപേഴ്സൺ ഉഷ ശശിധരൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എം.എ. സഹീർ എന്നിവർ അറിയിച്ചു.

## പട്ടിമറ്റം കവലയിലെ വെള്ളക്കെട്ട് പരിഹരിക്കണം




കഴിഞ്ഞദിവസം പെയ്ത മഴയിൽ പട്ടിമറ്റം കവലയിൽ രൂപപ്പെട്ട വെള്ളക്കെട്ട്

**കോലഞ്ചേരി:** മഴക്കാലമായാൽ പട്ടിമറ്റം കവലയും പരിസരവും ചെളിവെള്ളത്താൽ നിറയുന്നത് ജനങ്ങൾക്ക് ദുരിതമാകുന്നു. നാലുവശത്തുനിന്നും ഒഴുകിയെത്തുന്ന മഴവെള്ളം കാനയിലേക്ക് വീഴാതെ കുളംപോലെ തോന്നിക്കുന്ന രീതിയിൽ റോഡിൽ കെട്ടിനിൽക്കുകയാണ്.

കോടികൾ ചെലവഴിച്ച് പട്ടിമറ്റം കവലയിൽ വികസനം നടത്തിയെങ്കിലും അടിസ്ഥാന പ്രശ്നമായ ഇരുവശങ്ങളിലുമുള്ള കാനയുടെ നിർമാണരീതി അശാസ്ത്രീയമാണെന്ന ആരോപണം ശരിവയ്ക്കുന്ന തരത്തിലാണ് ഇവിടുത്തെ അവസ്ഥ. വെള്ളത്തോടൊപ്പം ഒഴുകിയെത്തുന്ന ചെളിയും മറ്റു മാലിന്യങ്ങളും മഴക്കുശേഷം റോഡിൽ കൂടിക്കിടക്കുകയും പൊടിശല്യം രൂക്ഷമാക്കുന്നതായും നാട്ടുകാർ പറഞ്ഞു.

വളരെ തിരക്കേറിയ ഈ ഭാഗത്ത് മഴക്കാലത്ത് ഗതാഗതതടസ്സം ഉണ്ടാകുന്നതായും പറയുന്നു. മഴക്കുശേഷമുണ്ടാകുന്ന ദുരവസ്ഥ എത്രയുംവേഗം പരിഹരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



മഹാത്മഗാന്ധി സർവകലാശാലയിൽ നിന്ന് ഫാർമസിയിൽ ഡോക്ടറേറ്റ് നേടിയ പി.ജി. സിന്ധുമോൾ. കോട്ടയം മെഡിക്കൽ കോളേജിലെ അസി. പ്രൊഫസറാണ്. പാലക്കുഴ പൊന്നിടത്തുപറമ്പിൽ പരേതരായ പി.സി. ഗോപാലന്റെയും ലക്ഷ്മി ഗോപാലന്റെയും മകളും മേതല മോളത്തുകുടിയിൽ ഡോ. കൃഷ്ണകുമാറിന്റെ ഭാര്യയുമാണ്.

## വൈദ്യുതി മുടങ്ങും

**കോതമംഗലം:** കോതമംഗലം 66 കെവി സബ്സ്റ്റേഷൻനിന്നുള്ള ടൗൺ, പുതുപ്പാടി, കീരമ്പാറ, നെല്ലിക്കുഴി എന്നി ഫീഡറുകളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 6 വരെ കോതമംഗലം ടൗൺ, പുതുപ്പാടി, കീരമ്പാറ, നെല്ലിക്കുഴി എന്നി ഫീഡറുകളിൽ നിന്നുള്ള വൈദ്യുതി വിതരണം ഭാഗികമായി മുടങ്ങും.

## ഇന്നത്തെ പരിപാടികൾ

**പെരുമ്പാവൂർ:** മർച്ചന്റ്സ് അസോസിയേഷൻ തെക്കെ വാഴക്കുളത്തെ വ്യാപാരഭവൻ ഉദ്ഘാടനം രാവിലെ 9.30ന്.

## പിറവം വള്ളംകളി ആഗസ്റ്റ് 31ന്

**പിറവം:** പിറവം വള്ളംകളി മത്സരം ആഗസ്റ്റ് 31 നടത്തുവാൻ തീരുമാനമായതായി അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു. പിറവം പാലത്തിന്താഴെ പുഴയുടെ കുത്തൊഴുക്കിനെതിരെയുള്ള വള്ളംകളി മത്സരം സാമ്പത്തികബുദ്ധിമുട്ടുകൾ മൂലം നിർത്തിവച്ചിരിക്കുകയായിരുന്നു. പിറവത്തെ ജനപ്രതിനിധികളുടെ നിവേദനത്തെതുടർന്നാണ് പിറവം വള്ളംകളി മത്സരം വിനോദസഞ്ചാരവകുപ്പിന്റെ ചാമ്പ്യൻസ്ബോട്ട് ലീഗിൽ ഉൾപ്പെടുത്തി ഇക്കുറി മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. 31ന് വൈകിട്ട് 4ന് നടക്കുന്ന മത്സരത്തിൽ അമ്പത്മിനിറ്റോളം നീണ്ട് നിൽക്കുന്ന ചുണ്ടൻവള്ളങ്ങളുടെ മത്സരവും ജലമേളകളും ചെറുവള്ളങ്ങളുടെ മത്സരവും ഉണ്ടാകും. വള്ളംകളി മത്സരത്തിന്റെ നടത്തിപ്പിനെകുറിച്ച് ആലോചിക്കുന്നതിനായി ജൂൺ 29ന് വിപുലമായ യോഗം വിളിച്ച് ചേർക്കുമെന്നും എംഎൽഎ അറിയിച്ചു.

## പരാതി നൽകാം

**കോതമംഗലം:** മഹാപ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചവരും നാളിതുവരെ ധനസഹായം ലഭിക്കാത്തവരുമായ ആളുകൾക്ക് ജൂൺ 30 വൈകിട്ട് 5വരെ പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പരാതി നൽകാം. നിർദിഷ്ടഫോറം പഞ്ചായത്തിൽനിന്ന് സൗജന്യമായി ലഭിക്കുന്നതാണ്. പ്രളയദുരിതാശ്വാസത്തിന് നാളിതുവരെ അപേക്ഷ നൽകാത്തവരും പ്രളയദുരിതാശ്വാസത്തിനായുള്ള പട്ടികയിൽ ഉൾപ്പെടാത്തവരും വീടുകൾക്ക് 30ശതമാനത്തിൽ താഴെ മാത്രമേ കേടുപാടുകൾ സംഭവിച്ചുവെന്ന് റിപ്പോർട്ടായ കേസുകളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാത്തവർക്കുമാണ് ഇപ്പോൾ പരാതി നൽകാൻ അർഹത. പരാതിയോടൊപ്പം റേഷൻകാർഡിന്റെ പകർപ്പ്, വീട്ടുടമയുടെ ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്, വീടിന് കേടുപാടുകൾ കാണിക്കുന്ന ഫോട്ടോ (ലഭ്യമെങ്കിൽ) എന്നിവ ചേർക്കേണ്ടതാണ്.

## പ്രവേശനോത്സവം

**മൂവാറ്റുപുഴ:** നിർമലകോളേജിൽ ഒന്നാംവർഷ ബിരുദക്ലാസ്സുകൾക്ക് വർണാഭമായ തുടക്കം. കോളേജ് ഡയമണ്ട് ജൂബിലി സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടനസമ്മേളനത്തിൽ കോളേജ് മാനേജർ മോൺ.ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അദ്ധ്യക്ഷനായി. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഔദ്യോഗികഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ജയിംസ് മാത്യു, കോളേജ് ബർസാർ ഫാ. ഫ്രാൻസിസ്കണ്ണാടൻ, വൈസ്പ്രിൻസിപ്പൽമാരായ ഡോ.ജെ. ജോർജി നീറനാൽ, പ്രൊഫ. സജി ജോസഫ്, അഡ്മിഷൻ കമ്മറ്റി ചേയർമാൻ ഡോ. നിബു തോംസൺ എന്നിവർ സംസാരിച്ചു.

## വായനാപക്ഷാചരണോദ്ഘാടനം

**കോതമംഗലം:** പരീക്കണ്ണി വികൂറി ലൈബ്രറി ആൻഡ് റീഡിഗ് മിന്റെ വിദ്യാഭ്യാസ അവാർഡ്‌വിതരണവും വായനാ പക്ഷാചരണോദ്ഘാടനവും 30ന് നടക്കും. വൈകിട്ട് 4ന് നടക്കുന്ന പരിപാടിയിൽ പ്രസിഡന്റ് കെ.വി. പൗലോസ് അദ്ധ്യക്ഷനാകും. കവളങ്ങാട് പഞ്ചായത്ത് പ്രിസിഡന്റ് ബീന ബെന്നി വിദ്യഭ്യാസ അവാർഡ്ദാനവും പല്ലാരിമംഗലം പഞ്ചായത്ത് പ്രസിഡന്റ് പി.കെ. മൊയ്തു വായനാപക്ഷാചരണോദ്ഘാടനവും നിർവ്വഹിക്കും. അക്ഷരോത്സവ -വായനാമത്സരങ്ങളിലെ വിജയികൾക്കുള്ള അവാർഡ്ദാനം ജില്ലാ പഞ്ചായത്ത് അംഗം സൗമ്യ ശശി നിർവ്വഹിക്കും.

## പരിശോധന ക്യാമ്പ്

**മൂവാറ്റുപുഴ:** നഗരസഭയുടേയും വയോമിത്രം പദ്ധതിയുടേയും സംയുക്താഭിമുഖ്യത്തിൽ അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ നേത്ര-രക്തപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഇരുനൂറോളംപേർ പങ്കെടുത്തു. ക്യാമ്പിൽ 45ഓളം നിർദ്ധനരായ വയോജനങ്ങൾക്ക് സൗജന്യമായി തിമിരശസ്ത്രക്രിയ ചെയ്യുന്നതിനുള്ള സൗകര്യമേർപ്പെടുത്തി. നഗരസഭ ചെയർപേഴ്സൺ ഉഷ ശശിധരൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എം.എ. സഹീർ, വയോമിത്രം കോ-ഓർഡിനേറ്റർ നിഖിൽ.വി., വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ. ബിജീഷ് എന്നിവർ സംസാരിച്ചു.

## ഫിലിം ഫെസ്റ്റിവൽ

**മൂവാറ്റുപുഴ:** മൂവാറ്റുപുഴ ഫിലിംസൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പുതുപ്പാടി എൽദോമാർ ബസേലിയോസ് കോളേജിൽ സംഘടിപ്പിച്ച ഫിലിംഫെസ്റ്റിവൽ കോളേജ് ഡീൻ ഡോ. എം.കെ. മോഹനൻ ഉദ്ഘാടനം ചെയ്തു. ഫിലിം സൊസൈറ്റി സെക്രട്ടറി പ്രകാശ് ശ്രീധർ മുഖ്യപ്ര ാഷണം നടത്തി. പ്രൊഫ.എസ്.കെ. രാധാകൃഷ്ണൻ, പ്രൊഫ. വിനീത്.വി, ദേവകി വാര്യർ എന്നിവർ സംസാരിച്ചു. ചലച്ചിത്രമേളയിൽ നോമാൻസ്ലാൻഡ്, പ്രളയം, രാമുകാര്യാട്ട്, ദേവനായകൻ പ്രേംനസീർ എന്നി ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

## ടോയ്‌ലറ്റ് സമുച്ചയോദ്ഘാടനം

**പെരുമ്പാവൂർ:** കൂവപ്പടിബ്ലോക്ക് വാർഷികപദ്ധതിയിലുൾപ്പെടുത്തി ശുചിത്വഫണ്ടുപയോഗിച്ച് നിർമ്മിച്ച ടോയ്‌ലറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് ഡിവിഷൻ മെമ്പർ ബിന്ദു ഗോപാലകൃഷ്ണൻ നിർവഹിച്ചു. മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. കുഞ്ഞുമുഹമ്മദ്, ഡയറ്റ് പ്രിൻസിപ്പൽ കെ.എം. കൃഷ്ണദാസ്, സീനിയർ ലക്ചറർമാരായ എം.എൻ. ജയ, മിനി, പിടിഎ വൈസ്പ്രസിഡന്റ് സന്തോഷ് പനച്ചിക്കുടി, മുൻ പിടിഎ പ്രസിഡന്റ് പൈലി യാക്കോബ്, സിഡിഎസ് അംഗം സാലി ബോബി എന്നിവർ സംബന്ധിച്ചു.

## വീടിന് തീപിടിച്ചു

**മൂവാറ്റുപുഴ:** വാളകം പഞ്ചായത്തിലെ മേക്കടമ്പ് ഗണപതി കടവ് ഭാഗത്ത് തറയംകണ്ടത്തിൽ മാധവൻനായരുടെ ഉടമസ്ഥതയിലുള്ള വാടകവീട് കത്തിനശിച്ചു. ചൊവ്വാഴ്ച്ച രാത്രി എട്ടോടെയാണ് സംഭവം. കടാതി കണ്ണിയ്ക്ക തടത്തിൽ അനീഷും കുടുംബവുമാണ് ഇവിടെ വാടകയ്ക്ക് താമസിച്ചിരുന്നത്. വീടിന് തീപിടിച്ചതോടെ ഇവർ പുറത്തിറങ്ങി. വീട്ടുപകരണങ്ങളും രേഖകളും കത്തിനശിച്ചു. മൂവാറ്റുപുഴ ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി തീയണച്ചു.

## സെമിനാർ ആരംഭിച്ചു

**മൂവാറ്റുപുഴ:** നിർമല ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾക്കായി ജീവിതമാർഗദർശന സെമിനാർ ആരംഭിച്ചു.പ്രിൻസിപ്പൽ റവ.ഡോ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. ഫാ.സെബാസ്റ്റ്യൻ പോത്തനാമൂഴി അദ്ധ്യക്ഷനായി. മാജിക്കിലൂടെനടക്കുന്ന സെമിനാർ മജീഷ്യൻ ജോയ്സ് മുക്കുടമാണ് നയിക്കുന്നത്. സെമിനാർ അടുത്തമാസം 2ന് സമാപിക്കും.

## അഭിമുഖം

**കോതമംഗലം:** മാർഅത്തനേഷ്യസ് കോളേജിൽ ഫിസിക്സ് (ഇലക്ട്രോണിക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സ് ആയിട്ടുള്ളത്), കെമിസ്ട്രി ഡിപ്പാർട്ട്മെന്റുകളിലേക്ക് യോഗ്യതയുള്ള ലാബ് അസിസ്റ്റന്റിന്റേയും ഒരു സ്വീപ്പറുടെയും ഡ്രൈവറുടെയും താൽക്കാലികഒഴിവുകളുണ്ട്. താല്പര്യമുള്ളവർ 28ന് രാവിലെ 10.30ന് അസോസിയേഷൻ ഓഫീസിൽ ഹാജരാകണം.

## അദ്ധ്യാപക ഒഴിവ്

**മൂവാറ്റുപുഴ:** മണ്ണത്തൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഇക്കണോമിക്സ്, കെമസ്ട്രി വിഭാഗത്തിൽ സീനിയർ അദ്ധ്യാപകന്റെ താൽക്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുമായി 27ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## മാവിൻതൈകൾ വിൽപ്പനയ്ക്ക്

**പെരുമ്പാവൂർ:** വാഴക്കുളം കൃഷിഭവനിൽ വിവിധ ഇനത്തിലുള്ള ബഡ് ചെയ്ത മാവിൻതൈകൾ 110 രൂപക്ക് വില്പനക്കുണ്ടെന്ന് കൃഷിഓഫീസർ അറിയിച്ചു.